# അത്യുന്നതനായ അല്ലാഹു



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വന്ദ്യസ്ഥാപകർ ഹദ്‌റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യുടെ കൃതികൾ, പ്രഭാഷണങ്ങൾ, വിജ്ഞാപനങ്ങൾ തുടങ്ങിയവയിൽനിന്നു സമാഹരിച്ച ഉദ്ധരണികളുടെ മലയാളവിവർത്തനം

പ്രസാധകർ
മൻസൂബ ബന്ദി കമ്മിറ്റി ഭാരത്, ഖാദിയാൻ

# അത്യുന്നതനായ അല്ലാഹു

(അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വന്ദ്യസ്ഥാപകര്‍ ഹദ്‌റത്ത് മിര്‍സാ ഗുലാം അഹ്മദുല്‍ ഖാദിയാനി(അ)യുടെ കൃതികള്‍, പ്രഭാഷണങ്ങള്‍, വിജ്ഞാപനങ്ങള്‍ തുടങ്ങിയവയില്‍നിന്ന് സമാഹരിച്ച ഉദ്ധരണികളുടെ മലയാള വിവര്‍ത്തനം)

**ഹദ്‌റത്ത് മിര്‍സാ ഗുലാം അഹ്മദുല്‍ ഖാദിയാനി(അ)**

വിവര്‍ത്തനം:
ബി.എം. ആരിഫ് മുഹമ്മദ് ശാഹിദ്

പ്രസാധകര്‍:
നസാറത്ത് നശ്റോ ഇശാഅത്ത്, ഖാദിയാന്‍

**Athyunnathanaya Allahu**

A rendering into Malayalam of Extracts from the Writings, Speeches, announcements and discourses of Hazrat Mirza Ghulam Ahmad[as] of Qadian,the Promised Messiah[as] and the Founder of theAhmadiyya Muslim Jama'at.

Malayalam Translation
BM Arif Mohammed

First Edition : 2024.
Copies :500

Published by:Nazarat Nashro Isha'at ,
Sadr Anjuman Ahmadiyya,Qadian
Distt. Gurdaspur, Punjab, INDIA.
143516
Printed at : Fazle Umar Printing Press,Qadian

.

www.alislam.org
www.ahmadiyyamuslimjamaat.in
Toll Free No:1800-3010-2131

# അത്യുന്നതനായ അല്ലാഹു

'ജീവൻ ത്യജിച്ചും സ്വായത്തമാക്കേണ്ട സമ്പത്താണിത് '

പ്രസാധകർ:
നസാറത്ത് നശ്റോ ഇശാഅത്ത്, ഖാദിയാൻ



Hazrat Mirza Ghulam Ahmad of Qadian
The Promised Messiah&Mahdi
(peace be upon him)

# വാഗ്ദത്ത മഹ്ദീ മസീഹ്
# ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) 1835 -ൽ ഇന്ത്യയിലെ ഖാദിയാൻ (പഞ്ചാബ്) എന്ന ഗ്രാമത്തിൽ ഭൂജാതനായി. അദ്ദേഹം തന്റെ ആരംഭകാലംമുതൽ തന്നെ ദൈവികആരാധനകളിലും വിശുദ്ധ ഖുർആന്റെയും ഇതര ഗ്രന്ഥങ്ങളുടെയും പാരായണത്തിലും വ്യാപൃതനായിരുന്നു. അക്കാലഘട്ടത്തിൽ ഇസ്‌ലാം നാലു ഭാഗത്തുനിന്നും അക്രമിക്കപ്പെടുകയായിരുന്നു. ഈ ശോച്യാവസ്ഥയിൽ ഏറെ ഖിന്നനായിരുന്ന ആ മഹാത്മാവ് ഇസ്‌ലാമിനെ പ്രതിരോധിച്ചു കൊണ്ടും അതിന്റെ പ്രോജ്ജ്വലമായ അധ്യാപനങ്ങളെ പ്രചരിപ്പിച്ചു കൊണ്ടും തൊണ്ണൂറിലധികം ഗ്രന്ഥങ്ങളും ആയിരക്കണക്കിന് കത്തുകളും പ്രസിദ്ധീകരിച്ചു. നിരവധി മതസംവാദങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്തു. സൃഷ്ടികളും സ്രഷ്ടാവുമായുള്ള ബന്ധം സജീവമാക്കുന്ന ജീവൽമതമാണ് ഇസ്‌ലാമെന്നും ഈ സരണിയിലൂടെ മാത്രമേ മനുഷ്യന് നൈതികവും ആത്മീയവുമായ പരിപക്വത ആർജിക്കാൻ കഴിയുകയുള്ളൂ എന്നും അദ്ദേഹം വിശദീകരിച്ചു.

അദ്ദേഹം ചെറുപ്രായത്തിൽ തന്നെ വിശുദ്ധ സ്വപ്നങ്ങളാലും ജാഗ്രതാദർശനങ്ങളാലും ദിവ്യഭാഷണങ്ങളാലും അനുഗൃഹീതനായിരുന്നു. ആ ദിവ്യാത്മാവ് ദൈവികനിർദേശപ്രകാരം 1889 -ൽ തന്റെ അനുയായികളിൽനിന്നു ബയ്അത്ത് (അനുസരണ പ്രതിജ്ഞ) സ്വീകരിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് അടിത്തറ പാകി. വിവിധ മതാനുയായികൾ പ്രതീക്ഷിക്കുന്ന വാഗ്ദത്ത ലോകോദ്ധാരകനും തിരുനബി(സ) യുടെ പ്രവചനം അനുസരിച്ചുള്ള വാഗ്ദത്ത മഹ്ദീമസീഹുമായി ദൈവം തന്നെ നിയോഗിച്ചിരിക്കുന്നെന്ന് നിരന്തരമായ ദിവ്യവാണികളുടെ അടിസ്ഥാനത്തിൽ ആ പുണ്യാത്മാവ് വാദിച്ചു. ഇന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇരുന്നൂറിലധികം രാഷ്ട്രങ്ങളിൽ സ്ഥാപിതമായിരിക്കുന്നു.

1908 -ൽ അദ്ദേഹം ദിവംഗതനായി. തുടർന്ന് വിശുദ്ധ ഖുർആന്റെ വാഗ്ദാനവും തിരുനബി(സ)ന്റെ പ്രവചനവും അനുസരിച്ച് യഥാർഥ ഇസ്‌ലാമികഖിലാഫത്ത് പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഈ പ്രസ്ഥാനത്തിന്റെ ആഗോള സാരഥി ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്(അയ്യദഹുല്ലാഹ്) ആകുന്നു.

# പ്രസാധകക്കുറിപ്പ്

*സുൽത്താനുൽ ഖലം* (തൂലികയുടെ സുൽത്താൻ) ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) തന്റെ എൺപതിലേറെ വരുന്ന ഗ്രന്ഥങ്ങളിലും ഉദ്ബോധന പ്രഭാഷണങ്ങളിലുമായി ആധ്യാത്മിക ജ്ഞാനം നിറഞ്ഞു തുളുമ്പുന്ന വൈജ്ഞാനിക നിധിയാണ് ലോകത്തിനു സമർപ്പിച്ചിരിക്കുന്നത്. ആത്മീയചൈതന്യത്തിന്റെ അരുണിമ പകരുന്ന പ്രസ്തുത ഗ്രന്ഥങ്ങൾ പ്രയോജനപ്പെടുത്താതെ കണ്ട് ഒരു വ്യക്തിക്കും ദൈവാസ്തിക്യം സംബന്ധിച്ച ശരിയായ ഗ്രാഹ്യവും ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(സ)യുടെ മഹോന്നത സ്ഥാനവും വിശുദ്ധ ഖുർആനിൽ അടങ്ങിയിരിക്കുന്ന ദിവ്യജ്ഞാനവും കരസ്ഥമാക്കുകയോ അല്ലാഹുവിനോടും അവന്റെ ദൂതനായ മുഹമ്മദു മുസ്തഫാ തിരുമേനി(സ)യോടും അവന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനോടും ശരിയായ അർഥത്തിലുള്ള സ്നേഹം ഹൃദയത്തിൽ ഉടലെടുക്കുകയോ ചെയ്യുക സാധ്യമല്ല. ആകയാൽ, ഈ ലക്ഷ്യങ്ങൾ കരസ്ഥമാക്കുന്നതിന് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യുടെ ഗ്രന്ഥങ്ങൾ വിശദമായി പഠനം നടത്തുക എത്രയും അനിവാര്യമാണ്.

വാഗ്ദത്ത മസീഹി(അ)ന്റെ വിവിധ ഗ്രന്ഥങ്ങളിൽനിന്ന് സയ്യിദ് ദാവൂദ് അഹ്മദ് സാഹിബ് സമാഹരിച്ച ഉദ്ധരണികളുടെ സമാഹാരം *'ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി അപ്നി തഹ്രീറോം കെ റൂ സെ'* എന്ന ഉർദു ഗ്രന്ഥത്തിന്റെ ഒരു ഭാഗമാണ് 'അത്യുന്നതനായ അല്ലാഹു' എന്ന ഗ്രന്ഥം. അല്ലാഹുവിനെ സംബന്ധിച്ച് വാഗ്ദത്ത മസീഹ്(അ) എഴുതിയ വിജ്ഞാനപ്രദമായ ഉദ്ധരണികൾ ഇതിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിനെ എങ്ങനെ തിരിച്ചറിയാം, അവന്റെ ഗുണങ്ങളെന്തൊക്കെയാണ്, അവന്റെ ശക്തിവിലാസങ്ങൾ ഏതുവിധമാണ്, അവന്റെ അസ്തിത്വത്തിലുള്ള സമ്പൂർണവിശ്വാസം എങ്ങനെ സ്വായത്തമാക്കാം, ഇസ്ലാം അവതരിപ്പിക്കുന്ന ജീവൽദൈവം എന്നിങ്ങങ്ങനെയുള്ള വിഷയങ്ങൾ വാഗ്ദത്ത മസീഹി(അ)ന് അല്ലാഹുവിനോടുള്ള അദമ്യമായ സ്നേഹവും വ്യക്തിപരമായ ബന്ധവും പ്രകടിപ്പിക്കുന്നതോടൊപ്പം ജ്ഞാനദൃഷ്ടിയുള്ള ഒരു വ്യക്തിക്കു ദിവ്യജ്ഞാനം കരസ്ഥമാക്കാനും

അല്ലാഹുവുമായി വ്യക്തിപരമായ ബന്ധം പടുത്തുയർത്താനും പ്രേരണ നല്കുകയും ചെയ്യുന്നു.

ഭൗതികതയും നിരീശ്വരവാദവും പ്രചരിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ദൈവത്തോടുള്ള അകൽച്ചയും ദൈവനിഷേധവും വർദ്ധിച്ചു വരുകയാണ്. സൃഷ്ടികൾക്കു തന്റെ അസ്തിത്വം ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ് അല്ലാഹു വാഗ്ദത്ത മസീഹി(അ)നെ നിയോഗിച്ചയച്ചത്. എന്നെന്നും ജീവിച്ചിരിക്കുന്ന ഏകദൈവത്തിലേക്ക് അദ്ദേഹം ലോകത്തെ ക്ഷണിച്ചുകൊണ്ട് ദിവ്യജ്ഞാനം കരസ്ഥമാക്കാനുള്ള മാർഗങ്ങൾ പറഞ്ഞു കൊടുത്തു. ദൈവാസ്തിത്വത്തിൽ ദൃഢവിശ്വാസമേകുന്നതിന് മഹത്തായ ദൃഷ്ടാന്തങ്ങൾ അദ്ദേഹം കാണിക്കുകയുണ്ടായി. അനേകം പേർ ഇതിനു സാക്ഷികളാണ്. ഇതിനുവേണ്ടി അവിടുന്ന് ധാരാളം ഗ്രന്ഥങ്ങൾ രചിച്ചു. അതുകൊണ്ടുതന്നെ ദൈവാസ്തികൃത്തെ  സംബന്ധിച്ച വിഷയം അറിയുന്നതിനും ഗ്രഹിക്കുന്നതിനും ദൈവാസ്തിത്വത്തിൽ ദൃഢവിശ്വാസം ഉടലെടുക്കുന്നതിനും വാഗ്ദത്ത മസീഹി(അ)ന്റെ ഗ്രന്ഥം പാരായണം ചെയ്യുക എത്രയും അനിവാര്യമാണ്.

ഈയൊരു ഉദ്ദേശ്യത്തോടു കൂടിയാണ് 2015 ലെ മജ്ലിസ് ശുറാ നിർദേശത്തെ മുൻനിർത്തി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസി(അയ്യദഹുല്ലാഹ്)ന്റെ അനുവാദത്തോടെ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. ഈ ഗ്രന്ഥം എല്ലാ വായനക്കാരുടെയും ആത്മീയാഭിവൃദ്ധിക്ക് കാരണമാകട്ടെ എന്ന പ്രാർഥനയോടെ

വസ്സലാം
വിനീതൻ
ഹാഫിസ് മഖ്ദും ശരീഫ്
നാസിർ നശ്റോ ഇശാഅത്ത് ഖാദിയാൻ

# ഉള്ളടക്കം

ദൈവവുമായുള്ള വ്യക്തിഗതാനുഭവം....................................................13
ദൈവകാരുണ്യം സകലതിനെയും വലയം ചെയ്തിരിക്കുന്നു...........14
പ്രകൃതിയിൽ ദൃശ്യവും മനുഷ്യഹൃദയങ്ങൾക്ക് ഗോചരവുമാണ് ഇസ്‌ലാമിലെ ദൈവം.....................................................................15
നബി(സ)തിരുമേനി മുഖേന സ്ഥാപിതമായ തൗഹീദ്.......................17
ദൈവത്തിന്റെ സൗന്ദര്യം, ഔദാര്യം, ഏകത്വം സംബന്ധിച്ച ഖുർആനിക പാഠങ്ങൾ...............................................................................19

*ദൈവകൃപ രണ്ടുവിധം*.....................................................................20
*അല്ലാഹു സകല ന്യൂനതകളിൽ നിന്നും പരിശുദ്ധൻ*................................21
*സർവസ്തുതിയും സർവലോകനാഥനായ അല്ലാഹുവിനാകുന്നു*...........25

ദൈവം: ഇതരമതങ്ങളിൽ.................................................................26
ഹൈന്ദവരുടെയും ആര്യസമാജക്കാരുടെ വിശ്വസം............................26

*ക്രിസ്ത്യൻ വിശ്വാസം*..........................................................................28
*ദൈവികഗുണങ്ങൾ*............................................................................30
*രണ്ടുവിധത്തിലുള്ള ദൈവികഗുണങ്ങൾ*..........................................32
*അല്ലാഹുവിന്റെ അർശ്*.......................................................................35
*ദൈവികഗുണങ്ങൾ നിസ്തുലങ്ങളാണ്*..............................................36
*ദൈവികഗുണങ്ങളുടെ സ്ഥായീഭാവം*...............................................37
*വിശുദ്ധ ഖുർആനിൽ പരാമൃഷ്ടമായ ദൈവികഗുണങ്ങൾ*......................38
*അല്ലാഹുവിന്റെ നാലു മുഖ്യഗുണങ്ങൾ*...........................................44
*ദൈവത്തിന്റെ സൗന്ദര്യവും ഔദാര്യവും*........................................69
*അല്ലാഹുവിന്റെ ഔദാര്യഗുണവിശേഷങ്ങൾ*.....................................72
*ദൈവത്തിന്റെ ഇച്ഛയും ശക്തിവിലാസവും*..............................................77
*അല്ലാഹുവിന്റെ ഗുണങ്ങൾ അപരിമേയങ്ങളാകുന്നു*................................81

ദൈവസൃഷ്ടിയും ദൈവവചനവും..........................................................90

*സൃഷ്ടിയിലെ വൈവിധ്യങ്ങൾ*.............................................................100

ആര്യസമാജക്കാരുടെ അബദ്ധവിശ്വാസങ്ങൾ........................................105
ക്രിസ്ത്യാനികളുടെ അബദ്ധവിശ്വാസങ്ങൾ.........................................112
ദൈവജ്ഞാനം..................................................................................113

*ദൃഢജ്ഞാനം കൈവരിക്കുന്നതിന് വെളിപാട് അനിവാര്യം*..................121
*ആത്മശുദ്ധീകരണം അനിവാര്യം*.....................................................128
*ആകാശഭൂമികളിലെ ദൈവികാധിപത്യം*...........................................134

എന്താണ് അർശ്?..............................................................................146

*ക്രിസ്ത്യാനികളും ഏകദൈവവിശ്വാസവും*......................................153
*ശിർക്കിന്റെ ദോഷഫലങ്ങൾ*..............................................................154

പദ്യശകലങ്ങൾ........................................................................................164
*ഈശ്വരകീർത്തനങ്ങൾ(ഉർദു)*..........................................................................164
*ആത്മസമർപ്പണം(ഉർദു)*...................................................................................165
*എന്നെ കണ്ടു കൊണ്ടിരിക്കുന്നവൻ എത്ര പരിശുദ്ധൻ!(ഉർദു)*....................165
*അനുസ്മരണം(ഉർദു)*.........................................................................................167
*അവനെ മാത്രം തേടുക സുഹൃത്തുക്കളേ!*..........................................................167
*എന്റെ ശത്രുക്കളെ നിഷ്പ്രഭനാക്കിയവനെത്ര പരിശുദ്ധൻ!*...........................168
*സകല സ്തുതികളും സർവശക്തനായ അല്ലാഹുവിന്(പേർഷ്യൻ)*...........169
*പ്രപഞ്ചസ്രഷ്ടാവിനോടൊരു പ്രാർഥന(പേർഷ്യൻ)*.........................................171
*എനിക്ക് ആത്മശാന്തിയേകുന്ന നാഥാ!(പേർഷ്യൻ)*........................................171
*ദിവ്യാനുരാഗം(പേർഷ്യൻ)*..................................................................................173
*എന്റെ സ്നേഹഭാജനം(പേർഷ്യൻ)*.....................................................................173
*ഭക്തി*...................................................................................................................174
*ഈ യുദ്ധം പക്ഷേ നിന്റെ യശസ്സിനു വേണ്ടിയാണ്*......................................175

# അത്യുന്നതനായ അല്ലാഹു

## ദൈവവുമായുള്ള വ്യക്തിഗതാനുഭവം

സകല പ്രവാചകരിലും വെളിപ്പെട്ടുകൊണ്ടിരുന്ന, ഹദ്റത്ത് മൂസാ നബി(അ)ക്കു സീനാ പർവതത്തിൽ പ്രത്യക്ഷനായ, ഹദ്റത്ത് ഈസാ നബി(അ)ക്കു ശയീർ കുന്നുകളിൽ ഉദയം ചെയ്ത, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിക്കു പാറാൻ പർവതങ്ങളിൽ തേജോമയനായ, സർവശക്തനും പരിശുദ്ധനുമായ അതേ ദൈവം തന്നെയാണ് എനിക്കും വെളിപ്പെട്ടിരിക്കുന്നത്. അവൻ എന്നോടു സംസാരിച്ചു. എന്നോടുപറഞ്ഞു: 'ഏതൊരു ഉന്നത അസ്തിത്വത്തെ ആരാധിക്കാൻ വേണ്ടിയാണോ സകല മാന പ്രവാചകന്മാരും അയക്കപ്പെട്ടത് അതു ഞാനാകുന്നു. ഞാൻ മാത്ര മാണ് സ്രഷ്ടാവും ഉടമസ്ഥനും ആയിട്ടുള്ളവൻ. എനിക്കു പങ്കുകാരനായി ആരുമില്ല. ജനനമരണങ്ങളിൽനിന്നു ഞാൻ പരിശുദ്ധനത്രേ.'

**(സമീമ രിസാല ജിഹാദ്, റൂഹാനീ ഖസായിൻ, വാല്യം.17, പേ.29)**

പാപത്തിൽനിന്നു മുക്തിനേടിയതിനെ തുടർന്നു ലഭിക്കുന്ന പരിശുദ്ധ ജീവിതം **തിളക്കമാർന്ന മാണിക്യമാകുന്നു.** അത് ആരുടെയും കൈവ ശമില്ല. **അല്ലാഹു എനിക്ക് ആ തിളങ്ങുന്ന മാണിക്യം നല്കിയനു ഗ്രഹിക്കുകയും ലോകത്തിന് അതു കരഗതമാകുന്നതിനുള്ള മാർഗം പറഞ്ഞുകൊടുക്കാൻ എന്നെ നിയോഗിക്കുകയും ചെയ്തിരിക്കുന്നു.** ഈ മാർഗത്തിൽ ചരിക്കുന്ന ഓരോ വ്യക്തിയും അതു പ്രാപിക്കുക തന്നെ ചെയ്യുമെന്ന് എനിക്ക് ആത്മവിശ്വാസത്തോടെ പറയാൻ കഴിയും. അതു പ്രാപ്യമാകുന്ന ഒരേയൊരു മാർഗം ദൈവത്തെ ശരിയായ നിലയിൽ തിരിച്ചറിയുക എന്നതത്രേ. വാസ്തവത്തിൽ വളരെ പ്രയാസമേറിയതും സങ്കീർണവുമായ വിഷയമാണിത്. എന്തെന്നാൽ, അതു പ്രയാസകരമായ ഒരു സംഗതിയിലാണു നിലകൊള്ളുന്നത്. ഞാൻ നേരത്തെ പറഞ്ഞതു പോലെ, ആകാശഭൂമികളിൽ ഗാഢമായി ചിന്തിക്കുകയും പ്രപഞ്ചത്തിന്റെ അന്യാദൃശമായ ക്രമീകരണത്തിൽ കണ്ണോടിക്കുകയും ചെയ്യുന്ന ഒരു തത്ത്വജ്ഞാനി ഒരു സ്രഷ്ടാവ് ഉണ്ടാകണം എന്നുമാത്രമേ പറയുന്നുള്ളൂ. **ഞാനാകട്ടെ, അതിനെക്കൾ ഉയർന്ന തലത്തിലേക്കു വഴിനടത്തിക്കൊണ്ട് സ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ദൈവമുണ്ട് എന്നു പറയുന്നു.**

**(മൽഫൂസാത്ത്, വാല്യം.3, പേ.16)**

നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ അത്യുന്നത ങ്ങളായ  അനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാണു കുടികൊ ള്ളുന്നത്. എന്തെന്നാൽ, നാം അവനെ കാണുകയും സകലസൗന്ദര്യ ങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കൊടുത്തും സ്വായത്തമാക്കേണ്ട സമ്പത്താണിത്. സ്വാത്മാവിനെ പൂർണമായും നഷ്ടപ്പെടുത്തിയാണെങ്കിലും വാങ്ങിവെയ്ക്കേണ്ട മാണിക്യക്കല്ലാ ണിത്.അല്ലയോ ഹതഭാഗ്യരേ, ഈ അരുവിയിലേക്ക് ഓടിവരുവിൻ. ഇതു നിങ്ങൾക്കു ദാഹശമനമേകുന്നതാണ്.  ജീവിതത്തിന്റെ നീരുറവയത്രേ ഇത്. ഇതു നിങ്ങളെ രക്ഷിക്കും. ഞാൻ എന്താണു ചെയ്യേണ്ടത്? ഈ സുവിശേഷം ഹൃദയങ്ങളിൽ എങ്ങനെ പ്രതിഷ്ഠിക്കും? ഇതാ നിങ്ങ ളുടെ ദൈവമെന്ന് ജനങ്ങൾ കേൾക്കാൻ ഞാൻ ഏതു പെരുമ്പറയ ടിച്ചാണ് ചന്തകളിൽ വിളിച്ചു പറയേണ്ടത്? ജനങ്ങൾ കാതു തുറന്നു കേൾക്കാൻ ഏത് ഔഷധം കൊണ്ടാണു ചികിത്സിക്കേണ്ടത്?

**(കിശ്തീ നൂഹ്, റൂഹാനീ  ഖസായിൻ, വാല്യം.19, പേജ്.21, 22)**

## ദൈവകാരുണ്യം സകലതിനെയും വലയം ചെയ്തിരിക്കുന്നു.

അല്ലാഹു ആകാശഭൂമികളുടെ വെളിച്ചമാകുന്നു. എന്നുവെച്ചാൽ ഉയർച്ചതാഴ്ച്ചകളിൽ കാണപ്പെടുന്ന ഓരോ വെളിച്ചവും, അത് ആത്മാ ക്കളിലോ ശരീരങ്ങളിലോ ആകട്ടെ, സഹജമോ ആർജിതമോ ആകട്ടെ, പ്രത്യക്ഷമോ പരോക്ഷമോ ആകട്ടെ, മാനസികമോ മാനസികേതരമോ ആകട്ടെ, അവന്റെതന്നെ അനുഗ്രഹങ്ങളുടെ ഉദാരതയത്രേ. സർവലോക നാഥന്റെ സാർവത്രികമായ അനുഗ്രഹം സർവവസ്തുക്കളെയും വലയം ചെയ്തിരിക്കുന്നുവെന്നാണ് ഇതു സൂചിപ്പിക്കുന്നത്. അവന്റെ അനു ഗ്രഹമേൽക്കാത്തതായി ഒന്നുമില്ല. സർവാനുഗ്രഹങ്ങളുടെ ഉറവിടവും സർവവെളിച്ചങ്ങളുടെ ആദികാരണവും സകല കാരുണ്യങ്ങളുടെ ഉദ്ഭവസ്ഥാനവും അവൻതന്നെ. മുഴുപ്രപഞ്ചത്തെയും നിലനിർത്തു കയും എല്ലാ ഉയർച്ചതാഴ്ച്ചകളിലും അഭയമരുളുകയും ചെയ്യുന്ന പരമ അസ്തിത്വമാണ് അവന്റേത്. സകല വസ്തുക്കളെയും ശൂന്യതയുടെ ഇരുട്ടറകളിൽനിന്നു പുറത്തുകൊണ്ടുവന്ന് അസ്തിത്വത്തിന്റെ പുതപ്പ് അണിയിച്ചത് അവനാണ്. അവനല്ലാതെ, സ്വയം നിലനില്ക്കുകയും അനാദിയുമായി ആരുമില്ല. അവന്റെ അനുഗ്രഹങ്ങൾക്കു പാത്രമാവാത്ത മറ്റൊരു അസ്തിത്വവുമില്ല. ആകാശഭൂമികൾ, മനുഷ്യമൃഗാദികൾ, കല്ല്, മരം, ശരീരം, ആത്മാവ് തുടങ്ങിയവയെല്ലാം തങ്ങളുടെ അസ്തിത്വ

ത്തിന് അവനോടു കടപ്പെട്ടിരിക്കുന്നു.

**(ബറാഹീനെ അഹ്മദിയ്യ ആദ്യനാലു വാള്യങ്ങൾ, റൂഹാനി ഖസായിൻ വാള്യം1. പേജ്.191,192 അടിക്കുറിപ്പ്.11)**

## പ്രകൃതിയിൽ ദൃശ്യവും മനുഷ്യഹൃദയങ്ങൾക്കു ഗോചരവുമാണ് ഇസ്‌ലാമിലെ ദൈവം

പ്രകൃതിനിയമങ്ങളുടെ ദർപ്പണത്തിലൂടെയും നിയതിയുടെ ഏടുകളിലൂടെയും ദൃശ്യമാകുന്ന അതേ സത്യദൈവംതന്നെയാണ് ഇസ്‌ലാമിന്റെ ദൈവം. ഇസ്‌ലാം പുതിയ ഒരു ദൈവത്തെയും പരിചയപ്പെടുത്തിയിട്ടില്ല. മറിച്ച്, മനുഷ്യന്റെ ഹൃദയവെളിച്ചവും മനുഷ്യമന:സാക്ഷിയും ആകാശഭൂമികളും അവതരിപ്പിച്ച ദൈവത്തെത്തന്നെയാണ് അതു പരിചയപ്പെടുത്തുന്നത്.

**(മജ്മൂയെ ഇശ്തിഹാറാത്ത്, വാള്യം.2, പേജ്.12)**

നമ്മുടെ ആത്മാവും നമ്മുടെ അസ്തിത്വത്തിന്റെ ഓരോ അംശവും സർവശക്തനും സത്യവാനും സമ്പൂർണനുമായ ആ ദൈവത്തെ സാഷ്ടാംഗം പ്രണമിക്കുന്നു. സൃഷ്ടികളുടെ ഓരോ ആത്മാവും ഓരോ അംശവും അവയുടെ കഴിവുകളോടുകൂടി ഉണ്മ പ്രാപിച്ചത് അവന്റെ കരങ്ങളാലത്രേ. അവന്റെ അസ്തിത്വം മുഖേനയാണ് എല്ലാം നിലനില്ക്കുന്നതും. ഒരു വസ്തുവും അവന്റെ അറിവിനോ നിയന്ത്രണത്തിനോ സൃഷ്ടികർതൃത്വത്തിനോ അതീതമല്ല. അനേകായിരം അനുഗ്രഹങ്ങളും ശാന്തിയും കാരുണ്യവും ആ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബി(സ)യിൽ പെയ്തിറങ്ങുമാറാകട്ടെ. സ്വവചനങ്ങളിലൂടെ സ്വന്തം അസ്തിത്വത്തിന്റെ അടയാളങ്ങൾ നല്കുകയും അനന്യസാധാരണമായ അടയാളം കാണിച്ചുകൊണ്ട് തന്റെ സനാതനവും സമ്പൂർണവുമായ ശക്തിപ്രഭാവങ്ങളുടെ തേജസ്സാർന്ന മുഖം കാണിക്കുകയും ചെയ്യുന്ന ജീവനുള്ള ആ ദൈവത്തെ നാം പ്രാപിച്ചത് അങ്ങയിലൂടെയാണ്. അങ്ങനെ ദൈവത്തെ നമുക്കു കാണിച്ചുതന്ന റസൂലിനെ നാം ദർശിക്കുകയും തന്റെ സമ്പൂർണശക്തിയാൽ സകലതിനെയും സൃഷ്ടിച്ച ദൈവത്തെ നാം പ്രാപിക്കുകയും ചെയ്തിരിക്കുന്നു. അവന്റെ ശക്തിപ്രഭാവം എന്തുമാത്രം മഹത്ത്വമുൾക്കൊള്ളുന്നതാണ്! അതില്ലാതെ ഒരു വസ്തുവും ഉണ്മ പ്രാപിച്ചിട്ടില്ല. അതിന്റെ പിന്തുണയില്ലാതെ ഒരു വസ്തുവിനും നിലനില്ക്കാനുമാവില്ല. നമ്മുടെ സത്യവാനായ ആ ദൈവം അളവറ്റ അനുഗ്രഹങ്ങളും അസംഖ്യം ശക്തിപ്രഭാവങ്ങളും

എണ്ണമറ്റ സൗന്ദര്യങ്ങളും ഔദാര്യങ്ങളും ഉൾക്കൊള്ളുന്നവനാകുന്നു. അവനല്ലാതെ മറ്റൊരു ദൈവമില്ല.

**(നസീമെ ദഅ്വത്ത്,റൂഹാനി ഖസായിൻ, വാല്യം.19, പേ.363)**

ദൈവത്തിന്റെ സത്ത അതീന്ദ്രിയവും അഗോചരവും അങ്ങേയറ്റം ഗുപ്തവുമാണ്. മനുഷ്യയുക്തിക്കു കേവലം അതിന്റെ കഴിവുകൊണ്ടു മാത്രം അവനെ കണ്ടെത്തുക സാധ്യമല്ല. യുക്തിപരമായ ഒരു തെളിവും അവന്റെ അസ്തിത്വത്തിനുള്ള പ്രബല തെളിവാവുകയില്ലതന്നെ. ഈ പ്രപഞ്ചനിർമിതിയിൽ കണ്ണോടിച്ചുകൊണ്ട് സ്രഷ്ടാവിന്റെ ആവശ്യകത തോന്നിപ്പിക്കുവോളം മാത്രമേ യുക്തിക്കു സഞ്ചരിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ, ആവശ്യകതയുണ്ടെന്നു തോന്നുക ഒന്നും ആ ആവശ്യക്ത അംഗീകരിക്കപ്പെട്ട ദൈവം വാസ്തവത്തിൽ ഉണ്ടെന്ന ദർശനജ്ഞാനത്തിൽ എത്തിച്ചേരുക മറ്റൊന്നുമാണ്. യുക്തിയുടെ രീതിശാസ്ത്രം അന്യൂനമല്ലാത്തതും അപൂർണവും അനിശ്ചിതവുമായതിനാൽ എല്ലാ തത്ത്വജ്ഞാനികൾക്കും യുക്തിയിലൂടെമാത്രം ദൈവത്തെ തിരിച്ചറിയാനാവില്ല. എന്നല്ല, കേവലം യുക്തിയിലൂടെ ദൈവത്തെ അന്വേഷിച്ചു കണ്ടെത്താൻ ആഗ്രഹിക്കുന്ന മിക്കവരും ഒടുവിൽ നിരീശ്വരവാദികളായി മാറുകയാണ് ചെയ്യുന്നത്. ആകാശഭൂമികളിലെ സൃഷ്ടികളിൽ ഗാഢമായി ചിന്തിക്കുന്നത് അവർക്കൊട്ടും ഗുണം ചെയ്യുന്നില്ല. ദൈവദാസരെ അവർ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്തുകൊണ്ട് അവർ ഉന്നയിക്കുന്ന ന്യായം ഇപ്രകാരമാണ്: ആയിരക്കണക്കിനു വസ്തുക്കളെ നാം ലോകത്ത് ഗുണം ചെയ്യാത്തതായി കാണുന്നു. നമ്മുടെ യുക്തിപരമായ ഗവേഷണത്താൽ അവയൊന്നുംതന്നെ ഒരു സ്രഷ്ടാവിന്റെ അസ്തിത്വം തെളിയിക്കുന്ന സൃഷ്ടികളാണെന്നു സൂചിപ്പിക്കുന്നില്ല. നേരെമറിച്ച്, ഈ വസ്തുക്കളുടെ അസ്തിത്വം തികച്ചും നിരർഥകവും നിഷ്പ്രയോജനകരുവുമായാണ് കാണപ്പെടുന്നത്. അഹോ കഷ്ടം! ഒരു സംഗതിയെക്കുറിച്ച് അറിവില്ലെന്നു വെച്ച് അതില്ലെന്നു വരുന്നില്ല എന്നവർ അറിയുന്നില്ല. ഇതുപോലുള്ള ലക്ഷക്കണക്കിനാളുകളെ ഇക്കാലത്ത് കാണാൻ കഴിയും. അവർ തങ്ങളെക്കുറിച്ച് ഒന്നാംകിട ബുദ്ധിശാലികളും തത്ത്വജ്ഞാനികളുമാണെന്നു കരുതുകയും ദൈവാസ്തിത്വത്തെ പാടെ നിഷേധിക്കുകയും ചെയ്യുന്നവരാണ്. യുക്തിപരമായ വല്ല പ്രബല തെളിവും അവർക്കു ലഭിച്ചിരുന്നെങ്കിൽ ദൈവത്തിന്റെ അസ്തിത്വത്തെ അവർ നിഷേധിക്കുമായിരുന്നില്ലെന്നത് വ്യക്തമാണല്ലോ. ദൈവാസ്തി

കൃത്തെ സംബന്ധിച്ച അനിഷേധ്യങ്ങളായ യുക്തിന്യായങ്ങളിലൂടെ അവരുടെ നിലപാടുകൾ തെറ്റാണെന്നു തെളിയിച്ചിരുന്നെങ്കിൽ അവർ കടുത്ത ലജ്ജയില്ലായ്മയോടും നിന്ദ്യതയോടും പരിഹാസത്തോടും ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുമായിരുന്നില്ല. ആകയാൽ, ഒരു വ്യക്തിക്കും തത്ത്വചിന്തകരുടെ നൗകയിൽ ഇരുന്നുകൊണ്ട് സംശയങ്ങളുടെ കൊടുങ്കാറ്റിൽനിന്നു രക്ഷനേടുക സാധ്യമല്ല. അവൻ മുങ്ങി മരിക്കുകതന്നെ ചെയ്യും. അവൻ ഒരിക്കലും ഒരിക്കലും പരിശുദ്ധ തൗഹീദിന്റെ മധുരാമൃതം നുകരുന്നതല്ല.

## നബി(സ)തിരുമേനി മുഖേന സ്ഥാപിതമായ തൗഹീദ്

ഇനി ചിന്തിക്കുക, നബി(സ)തിരുമേനി മുഖേനയല്ലാതെ തൗഹീദ് ലഭിക്കുമെന്നും മനുഷ്യനു മോക്ഷം പ്രാപിക്കാൻ കഴിയുമെന്നും കരുതുന്നത് എത്രമാത്രം അബദ്ധജടിലവും മലീമസവുമായ ചിന്താഗതിയാണ്. അല്ലയോ അജ്ഞരേ, ദൈവാസ്തികൃത്തിൽ സമ്പൂർണവിശ്വാസം ഇല്ലാതെകണ്ട് അവന്റെ തൗഹീദിൽ എങ്ങനെ ദൃഢവിശ്വാസമുണ്ടാകും? അതിനാൽ തീർച്ചയായും മനസ്സിലാക്കിക്കൊൾവിൻ, തൗഹീദിലുള്ള ദൃഢവിശ്വാസം പ്രവാചകനിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ. നമ്മുടെ നബി(സ)തിരുമേനി അറേബ്യയിലെ നിരീശ്വരവാദികൾക്കും അവിശ്വാസികൾക്കും അനേകായിരം സ്വർഗീയടയാളങ്ങൾ കാണിച്ചുകൊണ്ട് ദൈവമുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തി. നബി(സ)തിരുമേനിയെ സത്യസന്ധവും സമ്പൂർണവുമായ നിലയിൽ പിൻപറ്റുന്നവർ ആ അടയാളങ്ങളെ ഇന്നോളം അവതരിപ്പിക്കുന്നു. ജീവൽദൈവത്തിന്റെ ജീവൽ ശക്തിപ്രഭാവങ്ങൾ മനുഷ്യൻ ദർശിക്കുന്നതുവരെ പിശാച് അവന്റെ ഹൃദയം വിട്ടുപോകുന്നതല്ല എന്നതാണ് സത്യം. സത്യതൗഹീദ് അവന്റെ ഹൃദയത്തിൽ പ്രവേശിക്കുകയോ ദൈവാസ്തികൃത്തിൽ ദൃഢബോധ്യം വരുകയോ ചെയ്യുന്നതല്ല. സംശുദ്ധവും സമ്പൂർണവുമായ ഈ തൗഹീദ് നബി(സ)തിരുമേനി മുഖേന മാത്രമേ ലഭിക്കുകയുള്ളൂ.

**(ഹഖീഖത്തുൽ വഹ്യ്, റൂഹാനി ഖസായിൻ, വാള്യം 22, പേ.120,121)**

ദൈവത്തിന്റെ സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ സകലമാന പ്രവൃത്തികളെയും കണ്ടെത്തുക ഒരിക്കലും മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ലെന്ന് ഓർക്കുക. യുക്തിബോധത്തിനും ബുദ്ധിശക്തിക്കും സങ്കല്പത്തിനും അതീതമാണ് ദൈവത്തിന്റെ പ്രവൃത്തികൾ. കാര്യകാരണബന്ധത്തെക്കുറിച്ച് ഒരളവോളം അറിഞ്ഞെന്നു വെച്ച് ആ പരിമിതജ്ഞാനത്തിൽ മനുഷ്യൻ ഊറ്റം കൊള്ളാതിരിക്കുകയാണു വേണ്ടത്. എന്തെന്നാൽ, മനുഷ്യന്റെ

ആ ജ്ഞാനം സമുദ്രതുള്ളിയുടെ കോടിയിലൊരു ഭാഗംപോലെ അങ്ങേയറ്റം പരിമിതമത്രേ. ദൈവം സ്വയം അപരിമേയനാണെന്നതുപോലെ അവന്റെ പ്രവൃത്തികളും അപരിമേയങ്ങളാണെന്നതാണ് സത്യം. അവന്റെ ഓരോ പ്രവൃത്തിയുടെയും പരമാർഥത്തിലേക്കു ചെന്നെത്തുക മനുഷ്യശക്തിക്ക് അതീതവും അപ്രാപ്യവുമാണ്. ദൈവികഗുണങ്ങൾ ഒരിക്കലും നിഷ്ക്രിയമായി ഭവിക്കാത്തതിനാൽ ദൈവസൃഷ്ടികളിൽ ഇനങ്ങളിലുള്ള അനാദിത്വമാണ് കാണപ്പെടുന്നതെന്ന് അവന്റെ അനാദിയായ ഗുണവിശേഷങ്ങളിൽ ഗാഢമായി ചിന്തിച്ചുകൊണ്ടു പറയാൻ കഴിയും. അതായത്, സൃഷ്ടികളുടെ ഇനങ്ങളിൽ ഏതെങ്കിലുമൊരു ഇനം അനാദികാലംമുതൽ നിലനിന്നു വരുന്നു. എന്നാൽ, ഏതെങ്കിലും വസ്തു വ്യക്തിപരമായ നിലയിൽ ദൈവത്തോടൊപ്പം അനാദിയായി നിലനിന്നു പോരുന്നു എന്നതു തെറ്റാണ്. ദൈവത്തിന്റെ സംഹാരാത്മകമായ ഗുണവിശേഷവും സദാ തുടർന്നു പോരുന്നു എന്നതും ഓർക്കേണ്ടതാണ്. അതൊരിക്കലും നിഷ്ക്രിയമായിട്ടില്ല. അജ്ഞരായ ഈ തത്ത്വജ്ഞാനികൾ ആകാശഭൂമികളിലുള്ള ഗോളങ്ങളുടെയും മറ്റു വസ്തുക്കളുടെയും സൃഷ്ടിപ്പിനെ തങ്ങളുടെ ഭൗതികനിയമങ്ങളുടെ പരിധിയിൽ ഒതുക്കുകയും ഓരോ സൃഷ്ടിയുടെയും ഉദ്ഭവം സ്ഥാപിച്ചു കാണിക്കുകയും ചെയ്യാൻ കിണഞ്ഞു പരിശ്രമിച്ചെങ്കിലും അവരതിൽ ലക്ഷ്യം കാണാതെ പരാജിതരാവുകയാണുണ്ടായത്. തങ്ങളുടെ ശാസ്ത്രഗവേഷണങ്ങളെന്നോണം അവർ സമാഹരിച്ചതൊക്കെയും അപൂർണവും അപര്യാപ്തവുമാണ്. അക്കാരണത്താലാണ് അവർക്ക് ഒരിക്കലും സ്വന്തം ആശയങ്ങളിൽ നിലകൊള്ളാൻ കഴിയാതെ പോയതും. അവരുടെ സ്വയംകൃതമായ വിചാരഗതികളിൽ എപ്പോഴും മാറ്റങ്ങളും തിരുത്തലുകളും ഉണ്ടായിക്കൊണ്ടിരുന്നു. ഇനിയങ്ങോട്ട് എത്രത്തോളം ഉണ്ടാകുമെന്നും അറിയില്ല. അവരുടെ ഗവേഷണങ്ങളത്രയും യുക്തിയിലും സങ്കല്പത്തിലും മാത്രം അധിഷ്ഠിതമത്രേ. ദൈവത്തിൽനിന്ന് ഒരു സഹായവും അവർക്കു ലഭിക്കുന്നുമില്ല. അതുകൊണ്ടുതന്നെ, അന്ധകാരത്തിൽനിന്നു പുറത്തുവരാൻ അവർക്കു കഴിയില്ല. മനുഷ്യശക്തിക്കും യുക്തിബോധത്തിനും ബുദ്ധിശക്തിക്കും അതീതവും അവയെക്കാൾ ഉപരിയുമായ എണ്ണമറ്റ പ്രവൃത്തികൾ ദൈവത്തിന്റേതായി ഉണ്ടെന്നു ഗ്രഹിക്കുന്ന തലത്തിലേക്ക് ഒരുവന്റെ ദൃഢജ്ഞാനം എത്തുവോളം ഒരു വ്യക്തിക്കും ദൈവത്തെ ശരിയായ നിലയിൽ തിരിച്ചറിയാനാവില്ല. തിരിച്ചറിവിന്റെ ഈ പദവിയിലെത്തുന്നതിനുമുൻപ് മനുഷ്യൻ ഒന്നുകിൽ ദൈവത്തിന്റെ അസ്തി

ത്വത്തിൽ വിശ്വാസം കൊള്ളാത്ത വെറും നിരീശ്വരവാദിയായിരിക്കും. ഇനിയവന് ദൈവത്തിൽ വിശ്വാസമുണ്ടെങ്കിൽതന്നെ സ്വയം കെട്ടിച്ചമച്ച തെളിവുകളുടെ ഫലമായ ഒരു ദൈവത്തിൽ മാത്രമായിരിക്കും വിശ്വസിക്കുന്നത്. അല്ലാതെ, തന്റെ ഉജ്ജ്വലപ്രതാപത്താൽ സ്വയം വെളിപ്പെടുകയും മനുഷ്യയുക്തിക്കു വലയം ചെയ്യാനാവാത്ത ശക്തിപ്രഭാവങ്ങളുടെ രഹസ്യങ്ങളുൾക്കൊള്ളുന്ന ദൈവത്തിലായിരിക്കുകയില്ല. ദൈവത്തിന്റെ ശക്തിപ്രഭാവങ്ങൾ അത്യദ്ഭുതകരവും സൂക്ഷ്മാൽ സൂക്ഷ്മവും അഗോചരവും മനുഷ്യചിന്തയ്ക്കതീതവുമാണെന്ന അറിവ് ദൈവം എനിക്കു നല്കിയതുതൊട്ട് തത്ത്വജ്ഞാനികളെന്നു വിളിക്കപ്പെടുന്ന ഇവരെ തികഞ്ഞ അവിശ്വാസികളും പ്രച്ഛന്ന നിരീശ്വരവാദികളുമായാണ് ഞാൻ മനസ്സിലാക്കുന്നത്. അല്ലാഹുവിന്റെ നിരവധി അദ്ഭുതപ്രതിഭാസങ്ങൾ വ്യക്തിപരമായി അനുഭവിക്കാൻ എനിക്കു സാധിച്ചിട്ടുണ്ട്. അവയെയൊക്കെ ശുന്യതയിൽനിന്നു സൃഷ്ടിച്ചു എന്നല്ലാതെ മറ്റൊരു പേരും നമുക്കു വെയ്ക്കാനാവില്ല. ആ അടയാളങ്ങളിൽ ചിലതു ഞാൻ ഉദാഹരണമെന്നോണം ഉദ്ധരിച്ചിട്ടുമുണ്ട്. ഈ ദിവ്യശക്തിപ്രഭാവത്തിന്റെ മഹാദ്ഭുതം ദർശിക്കാത്തവൻ ഒന്നും ദർശിച്ചിട്ടില്ല. നമ്മുടെ യുക്തിബോധത്തിലും അനുമാനത്തിലുംമാത്രം ഒതുങ്ങി നില്ക്കത്തക്ക ശക്തികളുള്ളവനും അതിനപ്പുറം ഒന്നുമില്ലാത്തവനുമായ ദൈവത്തെ നാം അംഗീകരിക്കുന്നില്ല. തന്റെ സത്തയെപ്പോലെത്തന്നെ അനന്തവും അപരിമേയവും അതിരില്ലാത്തതുമായ ശക്തിപ്രഭാവങ്ങളുള്ള ദൈവത്തിലാണു നാം വിശ്വാസം കൊള്ളുന്നത്.

**(ചശ്മയെ മഅ്രിഫത്ത്, റൂഹാനി ഖസായിൻ, വാല്യം 23, പേ.280-282)**

## ദൈവത്തിന്റെ സൗന്ദര്യം, ഔദാര്യം, ഏകത്വം സംബന്ധിച്ച ഖുർആനിക പാഠങ്ങൾ

ദൈവസ്നേഹത്തിലേക്കു പ്രേരകമായി വർത്തിക്കുന്ന അധ്യാപനങ്ങളാണ് വിശുദ്ധ ഖുർആനിൽ അടങ്ങിയിരിക്കുന്നത്. ഒരുഭാഗം അവന്റെ സൗന്ദര്യലാവണ്യങ്ങൾ പ്രകടിപ്പിക്കുമ്പോൾ വേറൊരു ഭാഗം അവന്റെ ഔദാര്യങ്ങളെ ഉണർത്തുന്നു. എന്തെന്നാൽ, ഒരാളോടുള്ള സ്നേഹം ഹൃദയത്തിൽ അങ്കുരിക്കുന്നത് അയാളുടെ സൗന്ദര്യമോ ഔദാര്യമോ മുഖേനയാണ്. ദൈവം തന്റെ സകലഗുണവിശേഷങ്ങളുടെയും അടിസ്ഥാനത്തിൽ ഏകനും പങ്കുകാരനില്ലാത്തവനുമാകുന്നു എന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്. ഒരുവിധ പോരായ്മയും അവനിലില്ല. അവൻ സകലമാന സമ്പൂർണ ഗുണങ്ങളുടെയും സമന്വയമാകുന്നു;

എല്ലാ പരിശുദ്ധശക്തികളുടെയും പ്രതീകമാകുന്നു; സകലസൃഷ്ടികളുടെയും കാരണഭൂതനാകുന്നു; സർവ അനുഗ്രഹങ്ങളുടെയും ഉറവിടമാകുന്നു; എല്ലാ രക്ഷാശിക്ഷകളുടെയും ഉടമസ്ഥനാകുന്നു; മുഴുസംഗതികളുടെയും മടക്കസ്ഥാനമാകുന്നു. വിദൂരസ്ഥനായിരിക്കെത്തന്നെ സമീപസ്ഥനും സമീപസ്ഥനായിരിക്കെത്തന്നെ വിദൂരസ്ഥനുമാണവൻ. എല്ലാറ്റിനും മീതെയുള്ളവനാണ് അവനെങ്കിലും അവനുതാഴെ വല്ലവനുമുണ്ടെന്നു പറയുക സാധ്യമല്ല. മറ്റെല്ലാ വസ്തുക്കളെക്കാൾ കൂടുതൽ മറഞ്ഞവനാണവൻ. എന്നാൽ അവനെക്കാൾ കൂടുതൽ പ്രത്യക്ഷനായി ആരെങ്കിലുമുണ്ടെന്നു പറയുക സാധ്യമല്ല. അവൻ സ്വയം ജീവിച്ചിരിക്കുന്നവനും മറ്റെല്ലാ സൃഷ്ടികളും അവനിലൂടെ ജീവിതം നയിക്കുന്നവരുമാകുന്നു. അവൻ സ്വയം നിലനില്ക്കുന്നവനും സർവ വസ്തുക്കളും അവനിലൂടെ നിലനില്ക്കുന്നവയുമാകുന്നു. അവൻ ഓരോ വസ്തുവിനെയും പിന്താങ്ങിയിരിക്കുന്നു. എന്നാൽ അവനെ പിന്താങ്ങാൻതക്കതായി ഒന്നും തന്നെയില്ല. സ്വയമേവ സൃഷ്ടിക്കപ്പെടുകയോ അവനെ കൂടാതെ ജീവിക്കുകയോ ചെയ്യുന്നതായ ഒന്നും തന്നെയില്ല. അവൻ സകല വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു. എന്നാൽ ആ വലയം എങ്ങനെയുള്ളതാണെന്നു പറയുക സാധ്യമല്ല. ആകാശഭൂമികളിലുള്ള ഓരോ വസ്തുവിന്റെയും വെളിച്ചമാകുന്നു, അവൻ. ഓരോ വെളിച്ചവും അവന്റെ കരങ്ങളാൽ തേജോമയവും അവന്റെതന്നെ സത്തയുടെ പ്രതിഫലനവുമാകുന്നു. അവനത്രേ സർവലോകങ്ങളുടെയും പരിപാലകൻ. അവനാൽ പരിപാലിക്കപ്പെടാതെ സ്വയംഭൂവായ ഒരാത്മാവും ഇല്ലതന്നെ. അവനിൽനിന്നു ലഭിക്കാത്തതും സ്വന്തമായ നിലയിലുള്ളതുമായ ഒരു കഴിവും ആത്മാവിനില്ല.

## ദൈവകൃപ രണ്ടുവിധം

അവന്റെ കൃപാവരങ്ങൾ രണ്ടുവിധമുണ്ട്. ഒന്ന്, ആരുടെയും കർമഫലമായല്ലാതെ അനാദികാലംതൊട്ട് വെളിപ്പെട്ടുകൊണ്ടിരിക്കുന്നവ. ഉദാഹരണമായി ഭൂമി, ആകാശം, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ജലം, അഗ്നി, വായു, ഈ ലോകത്തിലെ സകലമാന പരമാണുക്കൾ ഇവയെല്ലാം നമ്മുടെ സുഖസൗകര്യങ്ങൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതുപോലെത്തന്നെ, നമുക്ക് ആവശ്യമായിരുന്ന സംഗതികളത്രയും നാം ജനിച്ചു വീഴുന്നതിനുമുൻപുതന്നെ സജ്ജമാക്കിവെച്ചു. നമ്മുടെ സാന്നിധ്യംപോലും ഇല്ലാതിരുന്ന കാലത്താണ് ഇവയൊക്കെയും സംവിധാനിക്കപ്പെട്ടത്. നമ്മുടെ ഭാഗത്തുനിന്ന് ഒരു കർമവും

ഉണ്ടായിട്ടില്ലതന്നെ. സൂര്യൻ തന്റെ ഇന്ന കർമം കാരണത്താലാണു സൃഷ്ടിക്കപ്പെട്ടതെന്നും ഭൂമി തന്റെ ഇന്ന പാവനകർമത്തിന്റെ ഫലമായിട്ടാണു നിർമിക്കപ്പെട്ടതെന്നും ആർക്കു പറയാൻ കഴിയും? ചുരുക്കത്തിൽ, മനുഷ്യനും അവന്റെ കർമങ്ങൾക്കുംമുൻപേ വെളിപ്പെട്ടു കഴിഞ്ഞ, ആരുടെയും കർമഫലമല്ലാത്ത കൃപാവരമാണിത്. രണ്ടാമത്തെ കൃപാവരം മനുഷ്യകർമസിദ്ധമാണ്. അതു വിശദീകരിക്കേണ്ട ആവശ്യമില്ലല്ലോ.

## അല്ലാഹു സകല ന്യൂനതകളിൽ നിന്നും പരിശുദ്ധൻ

ദൈവത്തിന്റെ സത്ത സകല പോരായ്മകളിൽ നിന്നും സംശുദ്ധമാണ് എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. ഒരു കോട്ടവും അവനെ ബാധിക്കുന്നില്ല. തന്റെ ദർശനങ്ങളെ പിൻപറ്റിക്കൊണ്ട് ന്യൂനതകളിൽനിന്നു മനുഷ്യൻ മുക്തനാകണമെന്ന് അവൻ അഗ്രഹിക്കുന്നു. അവൻ അരുളുന്നു:

وَمَنْ كَانَ فِيْ هٰذِهٖۤ اَعْمٰى فَهُوَفِى الْاٰخِرَةِ اَعْمٰى

(വിശുദ്ധ ഖുർആൻ 17:73)

അതായത്, ഇഹലോകത്ത് അന്ധനായിരിക്കുന്ന വ്യക്തിക്ക് ആ പരമസത്തയുടെ ദർശനം സിദ്ധിക്കുന്നതല്ല. അവൻ മരണാനന്തരവും അന്ധനായി തുടരും. അന്ധകാരം അവനിൽനിന്ന് അകലുകയില്ല. എന്തെന്നാൽ, ദൈവദർശനത്തിനുള്ള ഇന്ദ്രിയങ്ങൾ ലഭിക്കുന്നത് ഈലോകത്തു വെച്ചാണ്. ഈ ഇന്ദ്രിയങ്ങളെ ഈ ലോകത്തുനിന്നു കൊണ്ടു പോകാത്ത വ്യക്തി പരലോകത്തും ദൈവത്തെ ദർശിക്കുകയില്ല. അല്ലാഹു മനുഷ്യനിൽനിന്ന് ഏതുതരം അഭിവൃദ്ധിയാണ് പ്രതീക്ഷിക്കുന്നതെന്നും അവന്റെ അധ്യാപനങ്ങളെ പിൻപറ്റിക്കൊണ്ട് എവിടെവരെ എത്തിച്ചേരാമെന്നും ഈ വചനത്തിൽ അവൻ വ്യക്തമാക്കിയിരിക്കുന്നു. തുടർന്ന്, ഈ ലോകത്തുവെച്ചുതന്നെ ദൈവദർശനം സിദ്ധിക്കാൻ വേണ്ട മാർഗങ്ങളും കർമങ്ങളും അടങ്ങിയ പാഠങ്ങൾ അവൻ വിശുദ്ധ ഖുർആനിൽ അവതരിപ്പിക്കുന്നു. അവൻ അരുളുന്നു:

فَمَنْ كَانَ يَرْجُوْا لِقَآءَ رَبِّهٖ فَلْيَعْمَلْ عَمَلًا صَالِحًا وَّلَا يُشْرِكْ بِعِبَادَةِ رَبِّهٖۤ اَحَدًا

(വിശുദ്ധ ഖുർആൻ 18:111)

അതായത്, ഇഹലോകത്തുവെച്ചുതന്നെ സ്രഷ്ടാവും യഥാർഥ ദൈവവുമായ അല്ലാഹുവിനെ ദർശിക്കണമെന്നുള്ള വ്യക്തി, ഒരുവിധ കലർപ്പുമില്ലാത്ത സത്കർമങ്ങൾ അനുഷ്ഠിക്കുകയാണു വേണ്ടത്. അതായത്, പ്രസ്തുത കർമങ്ങൾ ജനങ്ങളെ കാണിക്കാൻവേണ്ടിയാകരുത്. അവകാരണം താൻ എന്തൊക്കെയോ ആണെന്ന അഹംഭാവവും ഉണ്ടായിക്കൂടാ. അവ അപൂർണങ്ങളോ അപര്യാപ്തങ്ങളോ ആയ കർമങ്ങളാകരുത്. വൈയക്തികമായ ദൈവസ്നേഹത്തിനു നിരക്കാത്തതും ദുർഗന്ധം വമിക്കുന്നതും ആവരുത്, ആ കർമങ്ങൾ. മറിച്ച്, അവ ആത്മാർഥതയും കൂറും നിറഞ്ഞതായിരിക്കണം. അതോടൊപ്പം, സകലവിധ ശിർക്കിൽനിന്നു വിട്ടുനില്ക്കുകയും വേണം. സൂര്യൻ, ചന്ദ്രൻ, വിണ്ണിലെ താരങ്ങൾ, വായു, അഗ്നി, ജലം, ഭൂമിയിലെ മറ്റു വസ്തുക്കൾ ഇവയെ ഒന്നും ആരാധിക്കരുത്. ലോകത്തിലെ ഭൗതികോപാധികളോട് അവ ദൈവത്തിന്റെ പങ്കുകാരാണെന്ന മട്ടിൽ ആദരവും വിശ്വാസവും പുലർത്തുകയും അരുത്. സ്വന്തം ആത്മവിശ്വാസവും പ്രയത്നവുമാണ് എല്ലാം എന്നു ധരിക്കാതിരിക്കുക. ഇതും ശിർക്കിന്റെ വകഭേദങ്ങളിൽപ്പെട്ടതത്രേ. സകലതും ചെയ്തു കഴിഞ്ഞാലും താൻ ഒന്നും ചെയ്തില്ലെന്നു കരുതുകയാണു വേണ്ടത്. സ്വന്തം അറിവിൽ ഊറ്റം കൊള്ളാതിരിക്കുക. സ്വകർമങ്ങളിൽ അഹന്ത കാണിക്കാതിരിക്കുക. നേരെമറിച്ച്, താൻ വാസ്തവത്തിൽ അജ്ഞനും അലസനുമാണെന്നു വിചാരിക്കുക. സ്വന്തം ആത്മാവിനെ ദൈവസമക്ഷം സദാ അടിയറ വെയ്ക്കുകയും തന്റെ അർഥനകളിലൂടെ അവന്റെ അനുഗ്രഹങ്ങളെ തന്നിലേക്ക് അടുപ്പിക്കുകയും ചെയ്യുക. ദാഹത്താൽ വലഞ്ഞവനും കൈകാലുകൾ ഇല്ലാത്തവനുമായ ഒരാളുടെ മുൻപാകെ ശുദ്ധവും മധുരതരവുമായ ഒരു നീരരുവി പ്രത്യക്ഷപ്പെടുകയും അതിലേക്ക് അയാൾ ഇഴഞ്ഞെത്തി തന്റെ അധരങ്ങളെ ആ അരുവിയോടടുപ്പിക്കുകയും തന്റെ ദാഹം ശമിക്കുന്നതുവരെ അതിൽനിന്നു വിട്ടുമാറാതിരിക്കുകയും ചെയ്യുന്ന വ്യക്തിയെപ്പോലെ ആയിത്തീരുക. നമ്മുടെ ദൈവം തന്റെ ഗുണവിശേഷങ്ങളെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ ഇങ്ങനെ അരുളിയിരിക്കുന്നു:

قُلْ هُوَاللّٰهُ اَحَدٌ۔ اَللّٰهُ الصَّمَدُ ۔ لَمْ يَلِدْ ۥ وَلَمْ يُوْلَدْ ۔ وَلَمْ يَكُنْ لَّهٗ كُفُوًا اَحَدٌ۔

(വിശുദ്ധ ഖുർആൻ 112:2–5)

അതായത്, നിങ്ങളുടെ ദൈവം സത്തയിലും ഗുണങ്ങളിലും ഏകനത്രേ. അവനെപ്പോലെ അനാദ്യന്തൻ അഥവാ അനാദിയും അനന്തവുമായ

സത്തയില്ലതന്നെ. അവനുള്ളതുപോലുള്ള ഗുണവിശേഷങ്ങൾ ഒരു വസ്തുവിനുമില്ല. മനുഷ്യന്റെ അറിവ് അധ്യാപകനെ ആശ്രയിച്ചിരിക്കുന്നു. അത് പരിമിതമാണു താനും. എന്നാൽ ദൈവത്തിന്റെ ജ്ഞാനത്തിന് അധ്യാപകന്റെ ആവശ്യമില്ല. അതാകട്ടെ, അപരിമിതമാണ്. മനുഷ്യന്റെ കേൾവിശക്തി വായുവിനെ ആശ്രയിച്ചിരിക്കുന്നു. അതു പരിമിതമാണ്. എന്നാൽ ദൈവത്തിന്റെ കേൾവിഗുണം അവന്റെ സത്തയ്ക്കുമാത്രം സവിശേഷമായിട്ടുള്ളതും അമേയവുമാണ്. മനുഷ്യന്റെ കാഴ്ചശക്തി സൂര്യനെയോ മറ്റേതെങ്കിലും പ്രകാശത്തെയോ ആശ്രയിച്ചിരിക്കുന്നതും നിശ്ചിതവുമത്രേ. എന്നാൽ ദൈവത്തിന്റെ ദർശനശക്തി അവനിൽത്തന്നെ അന്തർഭവിച്ചിട്ടുള്ള വെളിച്ചം മുഖേനയുള്ളതും പരിധിയില്ലാത്തതുമാകുന്നു. അതുപോലെ, മനുഷ്യന് സൃഷ്ടികർമം നടത്താൻ പരമാണുവിന്റെ ആവശ്യമുണ്ട്; സമയവും ആവശ്യമാണ്; അത് പരിമിതവുമാണ്. എന്നാൽ ദൈവത്തിന്റെ സൃഷ്ടിവൈഭവം ഏതെങ്കിലും പരമാണുവിനെയോ സമയത്തെയോ ആശ്രയിക്കാത്തതും അപരിമേയവുമാകുന്നു. എന്തെന്നാൽ, അവന്റെ സകലമാന ഗുണവിശേഷങ്ങളും അതുല്യവും അന്യാദൃശവുമത്രേ. അവനു തുല്യനായി ആരുമില്ലാത്തതുപോലെത്തന്നെ അവന്റെ ഗുണങ്ങളിലും തുല്യനായി ആരുമില്ല. അവന്റെ ഏതെങ്കിലും ഗുണത്തിനു കോട്ടം സംഭവിക്കുന്നതോടെ അവന്റെ സർവഗുണങ്ങളും ന്യൂനതയുള്ളവയായി ഭവിക്കും. അതിനാൽ അവൻ തന്റെ സത്തയെപ്പോലെ തന്റെ സർവഗുണങ്ങളിലും അതുല്യനും അന്യാദൃശനും ആകാതെ അവന്റെ തൗഹീദ് നിലനില്ക്കുക സാധ്യമല്ല. മേലുദ്ധരിച്ച ഖുർആനികവചനത്തിന്റെ തുടർന്നുള്ള അർഥം ഇപ്രകാരമാണ്: ദൈവം ആരുടെയും പുത്രനല്ല; അവനൊരു പുത്രനുമില്ല. എന്തെന്നാൽ, അവൻ സ്വാശ്രയനാണ്. അവനു പിതാവിന്റെയോ പുത്രന്റെയോ ആവശ്യമില്ല. വിശുദ്ധ ഖുർആൻ പഠിപ്പിച്ച ഈ തൗഹീദാണ് വിശ്വാസത്തിന്നാധാരം.

**(ലക്ചർ ലാഹോർ, റൂഹാനി ഖസായിൻ, വാല്യം 20. പേ.152-155)**

എന്റെ ജമാഅത്തിനെ അറിയിക്കുന്നതിനുവേണ്ടി അല്ലാഹു എന്നെ അഭിസംബോധന ചെയ്തുകൊണ്ടു പറഞ്ഞു: 'ലൗകികത കലരാത്തതും കാപട്യവും ഭീരുത്വവും പുരളാത്തതും അനുസരണത്തിന്റെ ഒരു നിലവാരവും നഷ്ടപ്പെടാത്തതുമായ സത്യവിശ്വാസം അവലംബിച്ചവരത്രേ ദൈവത്തിന്റെ ഇഷ്ടജനം.' അവർതന്നെയാണ് സത്യത്തിൽ ചരിക്കുന്നവരെന്ന് അല്ലാഹു പറയുന്നു.

ദൈവം നിങ്ങളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്ന് കാതുള്ളവർ കേട്ടുകൊള്ളുവിൻ! നിങ്ങൾ അവന്റെതായിത്തീരുക എന്നതുതന്നെ. ആകാശഭൂമികളിലുള്ള ആരെയും അവനോടൊപ്പം പങ്കുചേർക്കരുത്. മുൻപു ജീവിച്ചിരുന്നപോലെ ഇന്നും ജീവിച്ചിരിക്കുന്നവനാണ് നമ്മുടെ ദൈവം. മുൻപു സംസാരിച്ചിരുന്നതുപോലെ ഇപ്പോഴും അവൻ സംസാരിക്കുന്നു. മുൻപു കേട്ടിരുന്നതുപോലെ ഇപ്പോഴും അവൻ കേൾക്കുന്നു. ഇക്കാലത്ത് അവൻ കേൾക്കുന്നുണ്ടെങ്കിലും സംസാരിക്കുന്നില്ല എന്നത് തെറ്റായ ചിന്താഗതിയാണ്. തീർച്ചയായും, അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നു. അവന്റെ സവിശേഷഗുണങ്ങളത്രയും അനാദിയും അനന്തവുമാകുന്നു. ഒരു ഗുണവും നിഷ്ക്രിയമല്ല; ഒരിക്കലും ആവുകയുമില്ല. പുത്രനും പത്നിയുമില്ലാത്ത, ഏകനും പങ്കുകാരനില്ലാത്തവനുമാണവൻ. അവൻ അതുല്യനും അദ്വിതീയനുമാകുന്നു. അവനെപ്പോലെ ഒരു വ്യക്തിയും ഏതെങ്കിലും പ്രത്യേകഗുണത്താൽ വിഭൂഷിതനല്ല. അവനു തുല്യനായി ആരുമില്ല. അവനെപ്പോലെ ഗുണങ്ങളുള്ളവൻ ആരുമില്ലതന്നെ. അവന് ഒരു ശക്തിക്കും കുറവില്ല. അവൻ അകലെയുള്ളവനായിരിക്കെ അടുത്തുള്ളവനാകുന്നു; അടുത്തുള്ളവനായിരിക്കെ അകലെയുള്ളവനാകുന്നു. ജാഗ്രതാദർശനം സിദ്ധിക്കുന്നവർക്ക്, തന്നെ സദൃശ്യരൂപത്തിൽ വെളിപ്പെടുത്താൻ അവനു കഴിയുമെങ്കിലും ശരീരമോ രൂപമോ അവനില്ല. എല്ലാറ്റിലും മീതെയാണവൻ. എന്നാൽ അവനുതാഴെ മറ്റാരെങ്കിലുമുണ്ടെന്നു പറയുക സാധ്യമല്ല. അർശിലാണ് അവനെങ്കിലും ഭൂമിയിലില്ലെന്നു പറയാവതല്ല. അവൻ സമ്പൂർണ സവിശേഷഗുണങ്ങളുടെ സമന്വയമാകുന്നു; സകലമാന പരമപ്രകീർത്തനങ്ങളുടെയും പ്രതീകമാകുന്നു; സർവമഹദ്ഗുണങ്ങളുടെയും നീരുറവയാകുന്നു; സർവശക്തികളുടെയും സമാഹാരമാകുന്നു; എല്ലാ അനുഗ്രഹങ്ങളുടെയും ഉദ്ഭവമാകുന്നു; സർവസംഗതികളുടെയും മടക്കസ്ഥാനമാകുന്നു. അവൻ എല്ലാ രാജ്യങ്ങളുടെയും ഉടമസ്ഥനും സകല മഹനീയശ്രേഷ്ഠതകളാൽ വിഭൂഷിതനും സർവന്യൂനതകളിൽനിന്നും ദൗർബല്യങ്ങളിൽനിന്നും പരിശുദ്ധനുമാകുന്നു. ആകാശഭൂമികളിലുള്ളവർ അവനെ മാത്രമേ ആരാധിക്കാവൂ. അവനു മുൻപാകെ ഒരു സംഗതിയും അസംഭവ്യമല്ല. എല്ലാ ആത്മാക്കളും അവയുടെ കഴിവുകളത്രയും എല്ലാ പരമാണുക്കളും അവയുടെ കഴിവുകളത്രയും അവന്റെതന്നെ സൃഷ്ടികളാകുന്നു. അവനെക്കൂടാതെ ഒരു സംഗതിയും വെളിപ്പെടുന്നില്ല. അവൻ തന്റെ കഴിവുകളാലും ശക്തികളാലും ദൃഷ്ടാന്തങ്ങളാലുമാണ് സ്വയം വെളി

പ്പെടുന്നത്. അവനെ അവനിലൂടെ മാത്രമേ നമുക്കു പ്രാപിക്കാൻ കഴിയുകയുള്ളൂ. സച്ചരിതർക്ക് അവൻ എപ്പോഴും തന്റെ അസ്തിത്വം വെളിപ്പെടുത്തിക്കൊടുക്കുകയും തന്റെ ശക്തിപ്രഭാവങ്ങൾ അവർക്കു കാണിച്ചു കൊടുക്കുകയും ചെയ്യുന്നു. ഇങ്ങനെയാണ് അവൻ തിരിച്ചറിയപ്പെടുന്നത്. അവന്റെ ഇഷ്ടമാർഗം തിരിച്ചറിയപ്പെടുന്നതും ഇങ്ങനെത്തന്നെ.

ഭൗതികനേത്രങ്ങളില്ലാതെ കാണുകയും ഭൗതികകാതുകളില്ലാതെ കേൾക്കുകയും ഭൗതികജിഹ്വയില്ലാതെ സംസാരിക്കുകയും ചെയ്യുന്നവനാണവൻ. ഇതുപോലെ, ശൂന്യതയിൽനിന്നു സൃഷ്ടിക്കുക എന്നത് അവന്റെ പ്രവൃത്തിയാകുന്നു. യാതൊരു പദാർഥവുമില്ലാതെ സ്വപ്നദർശനങ്ങളിൽ ഒരു ലോകം അവൻ സൃഷ്ടിക്കുകയും നശ്വരവും നാസ്തിയുമായ ഓരോന്നിന്റെയും സാന്നിധ്യം അവൻ കാണിക്കുകയും ചെയ്യുന്നു. ഇതുപോലെയാണ് അവന്റെ സർവശക്തിപ്രഭാവങ്ങളും. അവന്റെ ശക്തിപ്രഭാവങ്ങളെ നിഷേധിക്കുന്നവൻ അജ്ഞനത്രേ. അവന്റെ ശക്തിവിലാസങ്ങളുടെ ആഴം ഗ്രഹിക്കാത്തവൻ അന്ധനാണ്. തന്റെ മഹത്ത്വത്തിനും വാഗ്ദാനങ്ങൾക്കും എതിരല്ലാത്തതെന്തും ചെയ്യുന്നവനും ചെയ്യാൻ സാധിക്കുന്നവനുമാണവൻ. സത്തയിലും ഗുണങ്ങളിലും പ്രവൃത്തികളിലും ശക്തിപ്രകടനങ്ങളിലും അവൻ ഏകനാകുന്നു. അവനിലേക്കെത്തുന്നതിന് വിശുദ്ധ ഖുർആൻ തുറന്നിട്ടതൊഴിച്ചുള്ള മറ്റെല്ലാ കവാടങ്ങളും അടഞ്ഞിരിക്കുന്നു.

**(അൽവസിയ്യത്ത്, റൂഹാനി ഖസായിൻ, വാല്യം. 20, പേ. 309-311)**

## സർവസ്തുതിയും സർവലോകനാഥനായ അല്ലാഹുവിനാകുന്നു

*അൽഹംദുലില്ലാഹ്,* സകലസമ്പൂർണ സവിശേഷഗുണങ്ങളുടെ സമുച്ചയവും ആരാധനക്കർഹനുമായ ആ ആസ്തിത്വത്തിന്- അവന്റെ പേരത്രേ അല്ലാഹു- ആകുന്നു സർവസ്തുതിയും. വിശുദ്ധ ഖുർആന്റെ സാങ്കേതിക പ്രയോഗത്തിൽ അല്ലാഹു എന്നത് ആരാധനക്കർഹനും സകലസമ്പൂർണ സവിശേഷഗുണങ്ങളുടെ സഞ്ചയവും സർവന്യൂനതകളിൽനിന്നു സംശുദ്ധനും പങ്കുകാരില്ലാത്ത ഏകനും എല്ലാ അനുഗ്രഹങ്ങളുടെയും ഉദ്ഭവവുമായ ആ സമ്പൂർണ സത്തയുടെ പേരാണെന്ന് നാം പ്രസ്താവിച്ചു കഴിഞ്ഞല്ലോ. അത്യുന്നതനായ ദൈവം തന്റെ പാവനഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ അല്ലാഹു എന്ന തന്റെ നാമത്തെ മറ്റെല്ലാ നാമഗുണങ്ങളുടെയും വിശേഷ്യമായാണ് പ്രതിപാദി

ച്ചിരിക്കുന്നത്. മറ്റേതെങ്കിലും നാമത്തിന് എവിടെയും ഈ മഹദ്സ്ഥാനം നല്കപ്പെട്ടിട്ടില്ല. സകലമാന വിശേഷണങ്ങളുടെയും സമ്പൂർണ വിശേഷ്യമായതിനാൽ അല്ലാഹു എന്ന നാമം എല്ലാ ഗുണങ്ങളെയും കുറിക്കുന്നു. അതു സകല നാമങ്ങളുടെയും ഗുണവിശേഷങ്ങളുടെയും വിശേഷ്യമാകയാൽ അവൻ സമ്പൂർണ സവിശേഷഗുണങ്ങൾ ഉൾക്കൊള്ളുന്നവനാണ് എന്നാണ് വിവക്ഷിക്കുന്നത്. ആകയാൽ *അൽ ഹംദുലില്ലാഹ്* എന്നതിനെ ഇങ്ങനെ സംഗ്രഹിക്കാം. സ്തുതിയുടെ സകലമാന തരഭേദങ്ങളും, അവ ബാഹ്യമോ ആന്തരികമോ ആകട്ടെ, വൈയക്തികമായ ശ്രേഷ്ഠതകളോ അദ്ഭുതശക്തിപ്രഭാവങ്ങളോ ആകട്ടെ, അല്ലാഹുവിനുമാത്രം സവിശേഷമാക്കപ്പെട്ടിരിക്കുന്നു. ഇതിൽ പങ്കാളിയായി മറ്റാരുമില്ല. അതുപോലെ, യുക്തിബോധമുള്ളവന്റെ യുക്തിക്ക് എത്രത്തോളം പരമസ്തുതികളും സമ്പൂർണ ശ്രേഷ്ഠതകളും വിഭാവനം ചെയ്യാൻ കഴിയുമോ അല്ലെങ്കിൽ ഒരു ചിന്തകന് ചിന്തിച്ചാലോചിക്കാൻ സാധിക്കുമോ ആ ഗുണവിശേഷങ്ങളൊക്കെയും അല്ലാഹുവിലുണ്ട്. മനുഷ്യബുദ്ധി യുക്തിസഹിതം സാധൂകരിക്കുന്ന ഒരു ഗുണവിശേഷവും, ഹതഭാഗ്യനായ മനുഷ്യനെപ്പോലെ, അല്ലാഹുവിൽ കാണപ്പെടാത്തതായിട്ടില്ല. എന്നല്ല, ദൈവത്തിൽ കാണപ്പെടാത്ത ഒരു ഗുണവിശേഷവും ബുദ്ധിമാന്റെ ബുദ്ധിക്ക് അവതരിപ്പിക്കാൻ സാധ്യമല്ല. മനുഷ്യന് പരമാവധി ചിന്തിക്കാൻ കഴിയുന്ന ഗുണവിശേഷങ്ങളെല്ലാം തന്നെ അല്ലാഹുവിലുണ്ട്. അവന് തന്റെ സത്തയിലും ഗുണങ്ങളിലും സ്തുതിവിശേഷങ്ങളിലും സർവവിധേനയും ശ്രേഷ്ഠതയുണ്ട്. നിന്ദ്യമായ എല്ലാ ഗുണങ്ങളിൽനിന്നും പരിശുദ്ധനാണവൻ. ഇനി നോക്കുക, സത്യമതത്തെയും വ്യാജമതത്തെയും വ്യതിരിക്തമാക്കുന്ന സത്യസാക്ഷ്യമാണിത്.

## ദൈവം: ഇതരമതങ്ങളിൽ

എന്തെന്നാൽ, ഇസ്‌ലാമല്ലാതെ ലോകത്ത് മറ്റൊരു മതവും ദൈവം സകലമാന ദുർഗുണങ്ങളിൽനിന്നു പരിശുദ്ധനും സമ്പൂർണ സ്തുതിവിശേഷങ്ങളാൽ വിഭൂഷിതനുമാണെന്നു വിശ്വസിക്കുന്നില്ലെന്ന് സർവമതങ്ങളെയും വിചിന്തനം ചെയ്താൽ മനസ്സിലാകും.

## ഹൈന്ദവരുടെയും ആര്യസമാജക്കാരുടെയും വിശ്വാസം

തങ്ങളുടെ ദേവന്മാർ പ്രപഞ്ചപരിപാലനത്തിൽ പങ്കാളികളും ദൈവത്തിന്റെ പ്രവൃത്തികളിൽ സ്ഥിരമായി ഇടപെടുന്നവരുമാണെന്നാണ്

സാമാന്യഹിന്ദുക്കൾ വിശ്വസിക്കുന്നത്. മാത്രമല്ല, അവർ ദൈവത്തിന്റെ ഇച്ഛകളെ മാറ്റുന്നവരും അവന്റെ വിധികളെ തകിടംമറിക്കുന്നവരുമാണെന്നും വിശ്വസിക്കുന്നു. ഹിന്ദുക്കൾ പല മനുഷ്യരെയും മൃഗങ്ങളെയും എന്നല്ല പന്നികൾ പോലുള്ള വൃത്തിഹീനരും മാലിന്യഭോജികളായ മൃഗങ്ങളെ സംബന്ധിച്ചുപോലും വിശ്വസിക്കുന്നത്, അവരുടെ പരമേശ്വരൻ പല കാലങ്ങളിലായി ആ രൂപങ്ങളിൽ ജന്മമെടുക്കുകയും അവയുടെ ജീവിതത്തിന്റെ ഭാഗമായ മാലിന്യങ്ങളിലും നികൃഷ്ടതകളിലും അകപ്പെടുകയും അവയെപ്പോലെ വിശപ്പ്, ദാഹം, വേദന, ദു:ഖം, ഭയം, ശോകം, രോഗം, മരണം, നിന്ദ്യത, അപമാനം, നിസ്സഹായത, ദൗർബല്യം തുടങ്ങിയ ദൈന്യതകളിൽ പെട്ടുകൊണ്ടിരിക്കുകയും ചെയ്തു പോന്നു എന്നാണ്. ഈ വിശ്വാസങ്ങളെല്ലാം ദൈവത്തിന്റെ ഗുണവിശേഷങ്ങളെ കളങ്കപ്പെടുത്തുകയും അവന്റെ അനാദിയും അനന്തവുമായ പ്രതാപഗരിമയ്ക്കു കോട്ടം വരുത്തുകയും ചെയ്യുന്നവയാണെന്നത് വ്യക്തമാണല്ലോ. ഇവരുടെ മാന്യസഹോദരങ്ങളും, തങ്ങളാണ് വേദങ്ങളിലെ യഥാർഥ അധ്യാപനങ്ങളെ കണിശമായി പിൻപറ്റുന്നവരെന്നു ഭാവിക്കുന്നവരുമായ ആര്യസമാജികൾ ദൈവത്തിന്റെ സ്രഷ്ടാവെന്ന ഗുണത്തെ നിഷേധിക്കുകയും എല്ലാ ആത്മാക്കളും അവന്റെ സമ്പൂർണ സത്തപോലെ അസൃഷ്ടങ്ങളും സ്വയം നിലനില്ക്കുന്നവയും ദൈവത്തോടൊപ്പംതന്നെ നിലനിന്നു വരുന്നവയുമാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. സമാന്യയുക്തിയാകട്ടെ, ദൈവത്തെ സംബന്ധിച്ച് അവൻ ലോകത്തിന്റെ ഉടമയെന്നു വിളിക്കപ്പെട്ടിരിക്കെ അവൻ ഒരു വസ്തുവിന്റെയും പരിപാലകനോ സ്രഷ്ടാവോ ആകാതിരിക്കുകയും, ഇഹലോകജീവിതം അവനെ ആശ്രയിച്ചല്ലാതിരിക്കുകയും, അതിനു സ്വന്തമായ നിലനില്പ് ഉണ്ടാകുകയും ചെയ്യുന്നത് ദൈവത്തിലുള്ള സ്പഷ്ടമായ ന്യൂനതയായാണ് മനസ്സിലാക്കുന്നത്. ഈ രണ്ടു ചോദ്യങ്ങളും സാമാന്യയുക്തിയുടെ മുൻപിൽ അവതരിപ്പിക്കുന്നപക്ഷം–അതായത് ദൈവം സ്വയംതന്നെ തന്റെ സമ്പൂർണമായ ശക്തിവിലാസത്താൽ എല്ലാ സൃഷ്ടികൾക്കും ഉണ്മ പ്രദാനം ചെയ്തുകൊണ്ട് അവയുടെയെല്ലാം നാഥനും സ്രഷ്ടാവുമായിത്തീരുകയും മുഴുപ്രപഞ്ചത്തിന്റെയും ശൃംഖല അവനിൽതന്നെ ചെന്നവസാനിക്കുകയും, സൃഷ്ടിക്കാനുള്ള ഗുണവും ശക്തിയും അവന്റെ സമ്പൂർണ സത്തയിൽ നിലനില്ക്കുകയും, ജനനമരണങ്ങളുടെ പോരായ്മകളിൽനിന്നു പരിശുദ്ധമാകുകയും ചെയ്യുന്നതാണോ സർവശക്തനായ അവന്റെ തികവുറ്റ ഗുണവിശേഷങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും

അനുയോജ്യവും അനുഗുണവുമായത്. അതല്ല, അവന്റെ നിന്ത്രണ ത്തിലും അധീനതയിലുമുള്ള സൃഷ്ടിജാലങ്ങളത്രയും അവന്റെ സൃ ഷ്ടികളല്ലെന്നും, അവയുടെ ഉണ്മ അവനെ ആശ്രയിച്ചല്ലെന്നും, സ്വന്തം സത്തയിലും നിലനില്പിലും അവനെ ആശ്രയിക്കുന്നില്ലെന്നും, അവൻ അവരുടെ സ്രഷ്ടാവോ ഉടമസ്ഥനോ അല്ലെന്നും, സൃഷ്ടി ക്കാനുള്ള ഗുണമോ ശക്തിയോ അവനിൽ കാണപ്പെടുന്നില്ലെന്നും, ജനനമരണങ്ങളുടെ പോരായ്മകളിൽനിന്നു മുക്തനല്ലെന്നും, വിശ്വസി ക്കുന്നതാണോ അവന്റെ മഹത്ത്വത്തിനു ചേർന്നത് എന്നുള്ളത്-ലോക ത്തിന്റെ ഉടമസ്ഥൻ അതിന്റെ സ്രഷ്ടാവല്ലെന്നും ആത്മാക്കളിലും ശരീരങ്ങളിലും കാണപ്പെടുന്ന ആയിരക്കണക്കിനു ഗുണവിശേഷങ്ങൾ സ്വയം നിലനില്ക്കുന്നവയാണെന്നും അവയുടെ സ്രഷ്ടാവായി ആരു മില്ലെന്നും ഈ വസ്തുക്കളുടെയെല്ലാം ഉടമസ്ഥനെന്ന് ദൈവം വിളി ക്കപ്പെടുന്നത് സാങ്കല്പികമായിട്ടാണെന്നും സാമാന്യയുക്തി ഒരി ക്കലും വിധിക്കുകയില്ല. സൃഷ്ടിക്കാൻ അവൻ അശക്തനാണെന്ന് മനസ്സിലാക്കണമെന്നോ കഴിവില്ലാത്തവനും ന്യൂനതയുള്ളവനുമായി ഗണിക്കണമെന്നോ മ്ലേച്ഛവും മാലിന്യഭോജനംപോലുള്ള നികൃഷ് ടവുമായ ശീലങ്ങൾ അവനിൽ ആരോപിക്കണമെന്നോ ദു:ഖക്ലേശമ രണാദികളെയും അജ്ഞതയെയും അറിവുകേടിനെയും അവനിൽ അംഗീകരിക്കണമെന്നോ അതു വിധിക്കുകയില്ലതന്നെ. മറിച്ച്, ദൈവം ഈ നിന്ദ്യതകളിലും നഷ്ടങ്ങളിലും നിന്നെല്ലാം പരിശുദ്ധനായിരിക്കു കയും സമ്പൂർണ മഹത്ത്വം ഉള്ളവനായിത്തീരുകയുമാണ് വേണ്ടത്. സമ്പൂർണ മഹത്ത്വം സമ്പൂർണ ശക്തിപ്രഭാവവുമായി നിബദ്ധമാക്കപ്പെ ട്ടിരിക്കുന്നു. അല്ലാഹുവിനു സമ്പൂർണമായ ശക്തി ഇല്ലാതാവുകയും മറ്റു വസ്തുക്കളെ സൃഷ്ടിക്കാൻ കഴിയാതെ വരുകയും സ്വന്തം സത്തയെ സർവവിധ നഷ്ടങ്ങളിൽനിന്നും ന്യൂനതകളിൽനിന്നും രക്ഷിക്കാ നാവാതെ വരുകയും ചെയ്യുന്നതോടെ അവനിൽ സമ്പൂർണ മഹ ത്ത്വവും ഇല്ലാതെ വന്നു. സമ്പൂർണ മഹത്ത്വമില്ലെങ്കിൽ സമ്പൂർണ സ്തുതിവിശേഷങ്ങളും ഇല്ലാതാകുന്നു.

## ക്രിസ്ത്യൻ വിശ്വാസം

ഹിന്ദുക്കളുടെയും ആര്യസമാജികളുടെയും അവസ്ഥയാണിത്. ഇനി ക്രിസ്ത്യാനികൾ പ്രഘോഷിക്കുന്ന ദൈവികപ്രതാപത്തെക്കുറി ച്ചു പറയുകയാണെങ്കിൽ ബുദ്ധിമാനായ വ്യക്തിയുടെ ഒരൊറ്റ ചോദ്യ ത്തിൽനിന്ന് അനായാസം മനസ്സിലാക്കാവുന്നതേയുള്ളു. ബുദ്ധിമാനായ

ഒരുവനോടു ചോദിക്കുക: പരിപൂർണനനും അനാദിയും സ്വാശ്രയനും പരാശ്രയരഹിതനുമായ ആ അസ്തിത്വം അനാദികാലംതൊട്ടു ചെയ്തുവരുന്ന സകലമാന മഹാപ്രവൃത്തികളും ചെയ്യാൻ സ്വയം പര്യാപ്തനാണല്ലോ. പിതാവിന്റെയും പുത്രന്റെയും സഹായമില്ലാതെ മുഴുപ്രപഞ്ചത്തെയും സ്വയം സൃഷ്ടിച്ചവനുമാണ്. എല്ലാ ആത്മാക്കൾക്കും ശരീരങ്ങൾക്കും വേണ്ട കഴിവുകൾ തന്നരുളിയവനുമത്രേ. മുഴുപ്രപഞ്ചത്തിന്റെയും സംരക്ഷകനും നിയന്താവും വിധികർത്താവും എന്നല്ല അവ ആവിർഭവിക്കുന്നതിനുമുൻപേ അവയുടെ ജീവിതത്തിന് ആവശ്യമായതൊക്കെയും തന്റെ *റഹ്മാനിയ്യ*ത്തിന്റെ ഗുണത്താൽ സൃഷ്ടിച്ചവനുമാണ്. ആരുടെയും കർമഫലമല്ലാതെതന്നെ സൂര്യൻ, ചന്ദ്രൻ, എണ്ണമറ്റ നക്ഷത്രങ്ങൾ, ഭൂമി, അതിൽ കാണപ്പെടുന്ന ആയിരക്കണക്കിന് അനുഗ്രഹങ്ങൾ തുടങ്ങിയവയെ തന്റെ അനുഗ്രഹങ്ങൾ കൊണ്ടുമാത്രം മനുഷ്യർക്കായി സൃഷ്ടിച്ചവനും ഈ പ്രവർത്തനങ്ങളിലൊന്നും ഒരു പുത്രനെയും ആശ്രയിക്കാത്തവനുമാകുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും പരിപൂർണനായ ആ ദൈവംതന്നെ അവസാനകാലത്ത് തന്റെ സകലമാന പ്രതാപവും ആധിപത്യവും നിർമൂലനം ചെയ്ത് പാപപ്പൊറുതിക്കും മോക്ഷത്തിനുംവേണ്ടി തന്റെ പുത്രനെ ആശ്രയിച്ചുവെന്നു പറയുക സാധ്യമാണോ? പുത്രനാണെങ്കിൽ പിതാവുമായി സാമ്യതയൊന്നുമില്ലാത്ത അപൂർണനനാണു താനും. പിതാവിനെപ്പോലെ തന്റെ ദൈവത്വം തെളിയിക്കാൻ വിണ്ണിലെ ഒരു ഭാഗമോ ഒരു തുണ്ടു ഭൂമിയോ അവൻ സൃഷ്ടിച്ചിട്ടില്ല. മാർക്കോസ് എട്ടാം അധ്യായം പന്ത്രണ്ടാം വചനത്തിൽ അദ്ദേഹത്തിന്റെ നിസ്സഹായതയെക്കുറിച്ച് ഇപ്രകാരമാണ് വിവരിച്ചിരിക്കുന്നത്: അവൻ ആത്മാവിൽ ഞരങ്ങി: 'ഈ തലമുറ അദ്ഭുതകരമായ ഒരു അടയാളം അന്വേഷിക്കുന്നതെന്ത്? ഈ തലമുറയ്ക്ക് അടയാളം ലഭിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു' എന്നു പറഞ്ഞു.

അദ്ദേഹത്തെ കുരിശിലേറ്റിയപ്പോൾ പോലും 'ഇനിയവൻ നമ്മുടെ മുൻപാകെ ജീവനോടെ വന്നാൽ ഞങ്ങൾ വിശ്വസിക്കുന്നതാണ്' എന്നും യഹൂദികൾ പറഞ്ഞു. എന്നാൽ അദ്ദേഹം അവർക്കു ജീവിച്ചു കാണിച്ചില്ല. തന്റെ ദൈവത്വത്തിനും സമ്പൂർണശക്തിപ്രഭാവത്തിനും തരിമ്പും തെളിവു നല്കുകയുമുണ്ടായില്ല. ഇനി ചില ദൃഷ്ടാന്തങ്ങൾ കാണിച്ചിട്ടുണ്ടെങ്കിൽത്തന്നെ അതൊക്കെയും അദ്ദേഹത്തിനു മുൻപുള്ള മറ്റു പ്രവാചകന്മാരും ധാരാളം കാണിച്ചിട്ടുള്ളവയാണ്. എന്നല്ല, അക്കാലത്തു തന്നെ കുളവെള്ളത്തിൽനിന്നുപോലും അത്തരം അദ്ഭുതസിദ്ധികൾ

പ്രകടമായിരുന്നു(യോഹന്നാൻ അഞ്ചാം അധ്യായം നോക്കുക). അദ്ദേഹത്തിന് താൻ ദൈവമാണെന്നതിനുള്ള ഒരു തെളിവും നല്കാൻ കഴിഞ്ഞില്ലെന്നു ചുരുക്കം. മേലുദ്ധരിച്ച വചനത്തിൽ അദ്ദേഹം അതു സമ്മതിക്കുന്നുമുണ്ട്. ദുർബലയും നിസ്സഹായയുമായ സ്ത്രീയുടെ ഉദരത്തിൽ ജനിച്ച്(ക്രിസ്ത്യാനികൾ പറയും പ്രകാരം) മനുഷ്യരിൽ വെച്ച് ഭാഗ്യഹീനർക്കും നഷ്ടം പേറുന്നവർക്കും പറഞ്ഞിട്ടുള്ള നിന്ദ്യതയും അവഹേളനവും നിസ്സഹായതയും അപമാനവും അദ്ദേഹം ജീവിതമാസകലം അനുഭവിച്ചു. ഗർഭപാത്രത്തിന്റെ ഇരുട്ടറയിൽ ഒരു കാലം വരെ തടവിലായിരുന്ന അദ്ദേഹം മൂത്രത്താൽ മലിനമാക്കപ്പെട്ട വൃത്തിഹീനമായ മാർഗത്തിലൂടെ പിറവിയെടുത്തുകൊണ്ട് എല്ലാവിധ മലിനാവസ്ഥകളെയും സ്വയം പേറുകയാണുണ്ടായത്. മനുഷ്യമലിനീകരണങ്ങളിലും ന്യൂനതകളിലുംവെച്ച് ഒരു മലിനീകരണത്തിനും തന്റെ പിതാവിനു ദുഷ്പേരുണ്ടാക്കിയ ഈ പുത്രൻ വിധേയനാകാത്തതായിട്ടില്ല. കൂടാതെ, തന്റെ അജ്ഞതയും അറിവില്ലായ്മയും അശക്തിയും താൻ നല്ലവനല്ലെന്നും തന്റെ ഗ്രന്ഥത്തിൽ സ്വയം സമ്മതിക്കുകയും ചെയ്യുന്നു. ദൈവപുത്രനെന്ന് അന്യായമായി വിശ്വസിക്കപ്പെടുന്ന ദൈവത്തിന്റെ ആ വിനീതദാസൻ ജ്ഞാനത്തിലും കർമത്തിലും പ്രഗദ്ഭരായ ചില പ്രവാചകന്മാരെക്കാൾ നിലവാരം കുറഞ്ഞവനായിരുന്നു. മൂസാനബി(അ)യുടെ ന്യായപ്രമാണത്തിന്റെ ശാഖയായിരുന്നതിനാൽ അദ്ദേഹത്തിന്റെ അധ്യാപനംപോലും അപൂർണമായിരുന്നു. എന്നിരിക്കെ, സർവശക്തനും അനാദിയും അനന്തനുമായ ദൈവത്തെ സംബന്ധിച്ച് അവൻ തന്റെ സത്തയിൽ സദാ സമ്പൂർണനും സ്വാശ്രയനും സർവശക്തനുമായിട്ടുംകൂടി ഒടുവിൽ അപൂർണനായ പുത്രനെ ആശ്രയിച്ചുകൊണ്ട് പൊടുന്നനെ തന്റെ സകലമാന പ്രതാപത്തെയും മഹത്വത്തെയും കളഞ്ഞുകുളിച്ചെന്ന് എങ്ങനെ വ്യാജാരോപണം ഉന്നയിക്കാനാകും? സകലസമ്പൂർണ സവിശേഷഗുണങ്ങളുടെയും സമുച്ചയമായ ആ സമ്പൂർണ സത്തയെക്കുറിച്ച് യുക്തിബോധമുള്ള ആരെങ്കിലും ഇത്തരം നിന്ദ്യതകൾ അംഗീകരിച്ചു കൊടുക്കുമെന്ന് ഞാൻ ഒരിക്കലും വിശ്വസിക്കുന്നില്ല.

**(ബറാഹീനെ അഹ്മദിയ്യാ, റൂഹാനി ഖസായിൻ, വാല്യം.1, പേജ്. 435-441)**

## ദൈവികഗുണങ്ങൾ

ഓരോ അടിയാറും നിർബന്ധമായും വിശ്വസിക്കേണ്ട സമ്പൂർണനും സത്യവാനുമായ ദൈവം സർവലോകങ്ങളുടെയും പരിപാലകനാണെ

ന്നത് തർക്കമറ്റ സംഗതിയാണ്. അവന്റെ കൃപാപരിപാലനം ഏതെ ങ്കിലും പ്രത്യേക സമൂഹത്തിലോ കാലഘട്ടത്തിലോ രാജ്യത്തിലോ പരിമിതമല്ല. മറിച്ച്, അവൻ എല്ലാ സമൂഹങ്ങളുടെയും നാഥനാകുന്നു; എല്ലാ കാലഘട്ടങ്ങളുടെയും പരിപാലകനാകുന്നു; എല്ലാ പ്രദേശങ്ങ ളുടെയും രക്ഷിതാവാകുന്നു. എല്ലാ രാജ്യങ്ങളുടെ നാഥനും എല്ലാ അനുഗ്രഹങ്ങളുടെ ഉറവിടവും അവൻതന്നെ. ഭൗതികവും ആത്മീ യവുമായ എല്ലാവിധ ശക്തിയും അവനിൽനിന്നാണ് ഉദ്ഭവിക്കുന്നത്. അവനിലൂടെയാണ് സൃഷ്ടികളഖിലവും പരിപോഷിക്കപ്പെടുന്നത്. എല്ലാ വസ്തുക്കൾക്കും അവൻതന്നെയാണ് ആശ്രയം.

ദൈവാനുഗ്രഹം സർവസമൂഹങ്ങളിലും സർവരാജ്യങ്ങളിലും സർവകാലങ്ങളിലും പൊതുവായി വ്യാപിച്ചു കിടക്കുന്നു. ദൈവം ഇന്ന ഇന്ന സമൂഹങ്ങളോടു കൃപകാണിച്ചു, എന്നാൽ നമ്മോടതു കാണിച്ചില്ല എന്നോ ഇന്ന സമൂഹത്തിനു സന്മാർഗം സിദ്ധിക്കാൻ അവ നിൽനിന്നു ഗ്രന്ഥം ലഭിച്ചു, എന്നാൽ നമുക്കു ലഭിച്ചില്ല എന്നോ ഇന്ന കാലത്ത് അവൻ തന്റെ വഹ്‌യും വെളിപാടും ദൃഷ്ടാന്തങ്ങളോടും കൂടി വെളിപ്പെട്ടു, എന്നാൽ നമ്മുടെ കാലത്ത് അവൻ മറഞ്ഞിരുന്നു എന്നോ ഒരു സമൂഹത്തിനും പരാതി പറയാൻ ഇടനല്കാതിരിക്കാൻ വേണ്ടിയാണിത്. ആകയാൽ, അവൻ തന്റെ പൊതുവായ അനുഗ്രഹ ങ്ങൾ കാണിച്ചുകൊണ്ട് ഈ ആരോപണങ്ങളെയെല്ലാം അകറ്റുകയും ഒരു സമൂഹത്തെയും ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങ ളിൽനിന്ന് അകറ്റി നിർത്താതെ, ഒരു കാലഘട്ടത്തെയും ഭാഗ്യഹീന രാക്കാതെ, തന്റെ പ്രവിശാലമായ ധാർമികഗുണം പ്രകടമാക്കുകയും ചെയ്തു.

**(പൈഗാമെ സുൽഹ്, റൂഹാനി ഖസായിൻ, വാല്യം. 23, പേ. 442)**

സൃഷ്ടികർത്താവും ന്യൂനതകളെ മറച്ചു വെയ്ക്കുന്നവനും
സർവശക്തനുമായ നാഥാ!
എന്നുടെ പ്രിയനും പരോപകാരിയും പരിപാലകനുമായവനേ

ഞാനെങ്ങനെയാണ് നിന്നോടു നന്ദി കാണിക്കേണ്ടത്
അല്ലയോ അനുഗ്രഹദാതാവേ!
അതു പ്രകടിപ്പിക്കാനുതകുന്ന ജിഹ്വ ഞാനെവിടുന്നു കൊണ്ടു വരും

നീയെന്നെ തിരഞ്ഞെടുത്തത് കേവലം
നിന്റെ ഔദാര്യവും അനുഗ്രഹവുമത്രേ
നിന്റെ തിരുസന്നിധിയിലുണ്ടോ സേവകർക്കു വല്ല ക്ഷാമവും

സൗഹൃദം വാഗ്ദാനം ചെയ്തവർ ശത്രുക്കളായി,
പക്ഷേ നീയെന്നെ കൈവിട്ടില്ല
അല്ലയോ എന്റെ ആവശ്യങ്ങൾ നിറവേറ്റുന്നവനേ!

എന്നുടെ ഏക സുഹൃത്തും എൻ ജീവനഭയവുമായുള്ളോനേ
എനിക്കു നീ മാത്രം മതി;
നീയില്ലാതെ എനിക്കൊന്നും ചെയ്യാനാവില്ല

നിന്റെ കൃപാകടാക്ഷമില്ലായിരുന്നെങ്കിൽ
ഞാൻ മരിച്ചുമണ്ണായേനെ
ഈ ഭസ്മം എവിടെ കൊണ്ടു തള്ളുമെന്ന് ദൈവത്തിനറിയാം

എൻ ശരീരവും ആത്മാവും മനസ്സും
നിൻ വീഥിയിൽ അർപ്പിതമാണ്
നിന്നെപ്പോലെ സ്നേഹിക്കുന്ന ഒരുവനെ ഞാൻ കാണുന്നില്ല

നിന്റെ തണലിലാണ് ആദ്യം തൊട്ടേ
എന്റെ ദിനങ്ങൾ കടന്നു പോയത്
മുലകുടിക്കുന്ന കുഞ്ഞെന്ന വണ്ണം നിൻ മടിയിൽ ഞാൻ കഴിഞ്ഞു

നിന്റെ ആത്മാർഥത മനുഷ്യകുലത്തിൽ
കാണാൻ കിട്ടില്ല; നീയല്ലാതെ അലിവു കാട്ടുന്ന
മറ്റൊരുവനെയും കണ്ടിട്ടില്ല

ജനങ്ങൾ പറയുന്നു, അയോഗ്യർ
സ്വീകരിക്കപ്പെടുകയില്ലെന്ന്; ഞാനാകട്ടെ
അയോഗ്യനായിട്ടും നിൻസവിധത്തിൽ സ്വീകരിക്കപ്പെട്ടു

നീയെന്നോടു കാണിച്ച
ഔദാര്യങ്ങളും അനുഗ്രഹങ്ങളും
അന്ത്യദിനംവരെ എണ്ണിതിട്ടപ്പെടുത്തുക പ്രയാസം

**(ബറാഹീനെ അഹ്മദിയ്യ, വാല്യം.5, റൂഹാനി ഖസായിൻ വാല്യം.21, പേ.127)**

## രണ്ടുവിധത്തിലുള്ള ദൈവികഗുണങ്ങൾ

ദുർബലരായ മനുഷ്യർക്ക്, തന്നെ തിരിച്ചറിയുന്നതിനുള്ള സമ്പൂർണജ്ഞാനം പകർന്നു നല്കുന്നതിനായി ദൈവം തന്റെ ഗുണങ്ങളെ വിശുദ്ധ ഖുർആനിൽ രണ്ടുവിധത്തിലാണു വെളിപ്പെടുത്തിയിരിക്കുന്നത്. ഒന്ന്, അവന്റെ സിഫത്തുകൾ(ഗുണവിശേഷങ്ങൾ) പ്രതിരൂപാത്മകമായ രീതിയിൽ സൃഷ്ടികളുടെ ഗുണങ്ങൾക്കു സദൃശ്യമായി വിവരിച്ചിരി

ക്കുന്നു. ഉദാഹരണത്തിന്, അവൻ കൃപാവരനും കരുണാമയനുമാണ്, ഉദാരവാനാണ്, അവൻ കോപം കാണിക്കുന്നവനുമാണ്, അവനിൽ സ്നേഹമുണ്ട്, അവനു കൈകളുമുണ്ട്, അവനു കണ്ണുകളുണ്ട്, അവനു കാലുകളുണ്ട്, അവനു കാതുകളുമുണ്ട് തുടങ്ങിയവ. അവൻ അനാദികാലംമുതൽ സൃഷ്ടി നടത്തിവരുന്നു. പക്ഷേ, ഒരു വസ്തുവിനും അവനു സമാന്തരമായി വ്യക്തിപരമായ അനാദിത്വമില്ല. ഇനങ്ങളിലുള്ള അനാദിത്വം സ്വീകാര്യമാണ്. അതും ദൈവത്തിന്റെ സൃഷ്ടിപ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം അനിവാര്യസംഗതിയല്ല. എന്തെന്നാൽ, *'ഖൽഖ് '*അഥവാ സൃഷ്ടിക്കുക എന്നത് അവന്റെ ഗുണവിശേഷമാണെന്നതുപോലെ ഏകത്വവും കേവലതയും ഒരുഘട്ടത്തിൽ വെളിപ്പെടുക എന്നതും അവന്റെ സവിശേഷഗുണങ്ങളിൽപ്പെട്ടതാകുന്നു. ഏതെങ്കിലും ഗുണത്തെ സംബന്ധിച്ച് ശാശ്വതമായ നിഷ്ക്രിയത്വം സ്വീകാര്യമല്ല; താത്ക്കാലികമായ വിരാമം സ്വീകാര്യമാണ്.

ചുരുക്കത്തിൽ, ദൈവം മനുഷ്യനെ സൃഷ്ടിച്ച് പ്രതിരൂപാത്മകമായ നിലയിൽ അവനു ഭാഗഭാക്കാകാവുന്ന ഗുണങ്ങളെ പ്രകടമാക്കിയിരിക്കുന്നു. ഉദാഹരണമായി, സ്രഷ്ടാവ് എന്ന ഗുണം. മനുഷ്യൻ തന്റെതന്നെ വൃത്തപരിധിയിൽ ചില വസ്തുക്കളുടെ സ്രഷ്ടാവ് അഥവാ നിർമാതാവ് ആണല്ലോ. ഇതുപോലെത്തന്നെ, മനുഷ്യനെ ഉദാരവാൻ എന്നും പറയാം. എന്തെന്നാൽ, അവൻ ഒരളവോളം ഉദാരത എന്ന ഗുണം ഉൾക്കൊള്ളുന്നു. അവനെ കാരുണ്യവാനെന്നും പറയാവുന്നതാണ്. കാരണം, കാരുണ്യഗുണം ഒരളവോളം അവനിലുണ്ട്. കോപഗുണവും അവനിൽ കുടികൊള്ളുന്നു. അതുപോലെ, കണ്ണ്, കാത് തുടങ്ങിയവയെല്ലാം മനുഷ്യനിലുണ്ട്. ഈ പ്രതിരൂപാത്മക ഗുണങ്ങൾ കാരണം മനുഷ്യൻ ഈ ഗുണങ്ങളിൽ ദൈവത്തിന്റെയും ദൈവം മനുഷ്യന്റെയും പ്രതിരൂപമാണെന്ന സംശയം ആരുടെയെങ്കിലും ഹൃദയത്തിൽ ഉടലെടുത്തേക്കാം. അതുകൊണ്ടാണ് ദൈവം വിശുദ്ധ ഖുർആനിൽ ഈ ഗുണങ്ങൾക്കു വ്യതിരിക്തമായ നിലയിൽ ഇന്ദ്രിയാതീതമായ തന്റെ ഗുണങ്ങളും പരാമർശിച്ചിരിക്കുന്നത്. അതായത്, ദൈവത്തിന് മനുഷ്യനുമായോ മനുഷ്യന് ദൈവവുമായോ സത്തയിലും ഗുണങ്ങളിലും ഒരു പങ്കുമില്ലെന്നു തെളിയിക്കുന്ന ഗുണങ്ങൾ. അവന്റെ *ഖൽഖ്* അഥവാ സൃഷ്ടിക്കുക എന്ന ഗുണം മനുഷ്യൻ സൃഷ്ടിക്കുന്നതുപോലെയല്ല; അവന്റെ കാരുണ്യം മനുഷ്യന്റെ കാരുണ്യംപോലെയല്ല; അവന്റെ കോപം മനുഷ്യകോപംപോലെയുമല്ല; അവൻ സ്നേ

ഹിക്കുന്നതും മനുഷ്യൻ സ്നേഹിക്കുന്നതുപോലെയല്ല. അവന് മനുഷ്യനെപ്പോലെ സ്ഥലത്തിന്റെ ആവശ്യവുമില്ല.

ദൈവം തന്റെ ഗുണങ്ങളിൽ മനുഷ്യനിൽനിന്നു തികച്ചും വ്യത്യസ്തനാണെന്ന സംഗതി വിശുദ്ധ ഖുർആനിലെ നിരവധി വചനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഉദാഹരണമായി ഈ വചനം:

لَيْسَ كَمِثْلِهِ شَيْءٌ ۖ وَهُوَ السَّمِيعُ الْبَصِيرُ

(വിശുദ്ധ ഖുർആൻ 42:12)

അതായത്, ഒരു വസ്തുവും സത്തയിലും ഗുണങ്ങളിലും അല്ലാഹുവിനു പങ്കുകാരനായിട്ടില്ല. അവൻ കേൾക്കുന്നവനും കാണുന്നവനുമാകുന്നു. മറ്റൊരിടത്ത് പറയുന്നു:

اَللّٰهُ لَآ اِلٰهَ اِلَّا هُوَ ۚ اَلْحَيُّ الْقَيُّوْمُ ۚ لَا تَاْخُذُهٗ سِنَةٌ وَّلَا نَوْمٌ ۗ لَهٗ مَا فِي السَّمٰوٰتِ وَمَا فِي الْاَرْضِ
مَنْ ذَا الَّذِيْ يَشْفَعُ عِنْدَهٗٓ اِلَّا بِاِذْنِهٖ ۗ يَعْلَمُ مَا بَيْنَ اَيْدِيْهِمْ وَمَا خَلْفَهُمْ ۚ وَلَا يُحِيْطُوْنَ بِشَيْءٍ
مِّنْ عِلْمِهٖٓ اِلَّا بِمَا شَآءَ ۚ وَسِعَ كُرْسِيُّهُ السَّمٰوٰتِ وَالْاَرْضَ ۚ وَلَا يَئُوْدُهٗ حِفْظُهُمَا ۚ وَهُوَ الْعَلِيُّ الْعَظِيْمُ

(വിശുദ്ധ ഖുർആൻ 2:256)

അർഥം: തനതായ അസ്തിത്വവും തനതായ നിലനില്പും എല്ലാ യഥാർഥ ഗുണങ്ങളും ദൈവത്തിനു സവിശേഷപ്പെട്ടവയാകുന്നു. അവയിൽ ആരുംതന്നെ അവനുമായി പങ്കാളിയായിട്ടില്ല. സ്വയം ജീവിച്ചിരിക്കുന്നവനാണവൻ. മറ്റുള്ളവയെല്ലാം അവനിലൂടെയാണ് ജീവിക്കുന്നത്. സ്വയം നിലനില്ക്കുന്നവനും മറ്റു വസ്തുക്കളുടെ നിലനില്പ്പിനു തുണയായിട്ടുള്ളവനും അവൻതന്നെ. അവൻ മരണത്തിനു വിധേയനല്ലാത്തതുപോലെത്തന്നെ ഉറക്കമോ മയക്കമോ മൂലമുണ്ടാകുന്ന അല്പമാത്ര ബോധരാഹിത്യംപോലും അവനെ ബാധിക്കുകയില്ല. മറ്റുള്ളവരാകട്ടെ, മരണത്തിനു വിധേയരാകുന്നതുപോലെ ഉറക്കമയക്കങ്ങൾക്കും അടിപ്പെടുന്നു. ആകാശഭൂമികളിൽ നിങ്ങൾ കാണുന്നതൊക്കെയും അവന്റേതും അവനിലൂടെ വെളിപ്പെട്ടവയും അവനാൽ നിലനില്ക്കുന്നവയുമാണ്. അവന്റെ കല്പനയില്ലാതെ അവനുമുൻപാകെ ശുപാർശ ചെയ്യാൻ ആർക്കു കഴിയും? ജനങ്ങളുടെ മുന്നിലുള്ളതും പിന്നിലുള്ളതും അവൻ അറിയുന്നു. അതായത്, അവന്റെ ജ്ഞാനം പ്രത്യക്ഷത്തെയും പരോക്ഷത്തെയും വലയം ചെയ്തിരിക്കുന്നു. അവന്റെ ജ്ഞാനത്തെ വലയം ചെയ്യാൻ ആർക്കുമാവില്ല; അവൻ ആഗ്രഹിക്കുന്നതല്ലാതെ. അവന്റെ ശക്തിയും ജ്ഞാനവും ആകാശഭൂമികളിൽ ആധിപത്യം പുലർത്തുന്നു. അവൻ എല്ലാറ്റിനെയും താങ്ങി നിർത്തുന്നു. അവനെ

ആരും താങ്ങിനിർത്തുന്നില്ല. ആകാശഭൂമികളെയും അവയിലുള്ള സകല വസ്തുക്കളെയും താങ്ങി നിർത്തുന്നതിൽ അവൻ ക്ഷീണി ക്കുന്നില്ല. ക്ഷീണം, ദൗർബല്യം, ബലക്ഷയം എന്നിവ ആരോപിക്ക പ്പെടുന്നതിൽനിന്ന് അതീതനാണവൻ.

## അല്ലാഹുവിന്റെ അർശ്

മറ്റൊരു സ്ഥലത്ത് പറയുന്നു:

اِنَّ رَبَّكُمُ اللّٰهُ الَّذِىْ خَلَقَ السَّمٰوٰتِ وَالْاَرْضَ فِىْ سِتَّةِ اَيَّامٍ ثُمَّ اسْتَوٰى عَلَى الْعَرْشِ
(വിശുദ്ധ ഖുർആൻ 7:55)

അർഥം: ആകാശഭൂമികളെ ആറു ദിനംകൊണ്ടു സൃഷ്ടിച്ചവനാണ് നിങ്ങളുടെ നാഥനായ അല്ലാഹു. അനന്തരം അവൻ സിംഹാസന ത്തിൽ നിലകൊണ്ടു. അതായത്, ആകാശഭൂമികളും അവയിലുള്ള തൊക്കെയും സൃഷ്ടിക്കുകയും പ്രതിരൂപാത്മക ഗുണങ്ങൾ പ്രകടി പ്പിക്കുകയും ചെയ്തതിനുശേഷം അതീന്ദ്രിയമായ തന്റെ ഗുണങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി ഭൗതികാതീതവും കേവലവുമായ സ്ഥാന ത്തേക്കു തിരിഞ്ഞു. അതിനിഗൂഢവും സൃഷ്ടികളിൽനിന്ന് വളരെ വിദൂ രവുമായ സ്ഥാനമാണത്. ആ ഉത്തുംഗ സ്ഥാനത്തെയാണ് 'അർശ്' എന്നു നാമധേയം ചെയ്യപ്പെട്ടിരിക്കുന്നത്. അതിന്റെ വിശദീകരണം ഇപ്ര കാരമാണ്: ആദിയിൽ സകലമാന സൃഷ്ടികളും നാസ്തിയായ അവ സ്ഥയിലായിരുന്നു. ദൈവം അതിനിഗൂഢമായ സ്ഥാനത്ത് തന്റെ തേജ സ്സ് വെളിപ്പെടുത്തുകയായിരുന്നു. അതിന്റെ പേര് *അർശ്* എന്നാകുന്നു. അതായത്, സകലമാന ലോകങ്ങൾക്കതീതവും അപ്പുറവുമായ, അവ ന്റെമാത്രം പ്രകടനവും പ്രതിഛായയുമുള്ള, അവന്റെ സത്തയല്ലാതെ മറ്റൊന്നുമില്ലാത്ത സ്ഥാനം. അനന്തരം അവൻ ആകാശഭൂമികളെയും അവയിലുള്ളവയെയും സൃഷ്ടിച്ചു. സൃഷ്ടികൾ വെളിപ്പെട്ടതോടെ അവൻ തന്റെ സത്തയെ പരോക്ഷമാക്കുകയും ഈ സൃഷ്ടികളിലൂടെ തിരിച്ചറിയപ്പെടണമെന്ന് ആഗ്രഹിക്കുകയുംചെയ്തു. എന്നാൽ, ഒരുകാര്യം ഓർമവെയ്ക്കേണ്ടതാണ്. അതായത് ദൈവികഗുണങ്ങൾ ശാശ്വതമായി ഒരിക്കലും നിഷ്ക്രിയമാവുകയില്ല. ദൈവത്തിനല്ലാതെ മറ്റൊന്നിനും വ്യക്തിയധിഷ്ഠിതമായ അനാദിത്വമില്ല. എന്നാൽ ഇനങ്ങളിലുള്ള അനാ ദിത്വം അനിവാര്യമത്രേ. അല്ലാഹുവിന്റെ ഒരു ഗുണത്തിനും ശാശ്വ തമായ നിഷ്ക്രിയത്വമില്ല. എന്നാൽ താത്കാലികമായ നിഷ്ക്രിയത്വം അനിവാര്യമാണ്. സൃഷ്ടിഗുണവും സംഹാരഗുണവും പരസ്പരവി

രുദ്ധമാകയാൽ സംഹാരഗുണങ്ങളുടെ പൂർണഘട്ടം വരുന്നതോടെ സൃഷ്ടിഗുണം ഒരുകാലംവരെ നിഷ്ക്രിയമാകുന്നു. ആദിയിൽ ദൈവത്തിന്റെ ഏകത്വഗുണത്തിന്റെ ഘട്ടമായിരുന്നു എന്നു ചുരുക്കം. ഈ ഘട്ടം എത്ര തവണ പ്രകടമായെന്ന് നമുക്കു പറയുക സാധ്യമല്ല. ഈ ഘട്ടം അനാദിയും അനന്തവുമത്രേ. ഏതായിരുന്നാലും, ഏകത്വഗുണത്തിന്റെ ഘട്ടത്തിന് മറ്റുഗുണങ്ങളുടെമേൽ പൂർവകാലത്വമുണ്ട്. അതിനാൽ ഇതിന്റെ അടിസ്ഥാനത്തിലാണ് ആദിയിൽ ദൈവം തനിച്ചായിരുന്നുവെന്നും അവനോടൊപ്പം ആരുമില്ലായിരുന്നുവെന്നും അനന്തരം അവൻ ആകാശഭൂമികളും അവയിലുള്ളവയൊക്കെയും സൃഷ്ടിച്ചുവെന്നും പറയപ്പെട്ടിരിക്കുന്നത്. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് അവൻ കാരുണ്യവാനും കൃപാവരനുമാണെന്നും പൊറുത്തുകൊടുക്കുന്നവനും തൗബ(പശ്ചാത്താപം) സ്വീകരിക്കുന്നവനുമാണെന്ന തന്റെ നാമങ്ങൾ പ്രകടിപ്പിച്ചിരിക്കുന്നത്. എന്നാൽ പാപകർമത്തിൽ ശാഠ്യം പിടിച്ചുകൊണ്ട് അതിൽനിന്നു പിന്മാറാത്തവനെ അവൻ ശിക്ഷിക്കാതെ വിട്ടുകളയുകയില്ല. തൗബ ചെയ്യുന്നവരെ സ്നേഹിക്കുന്നവനാണെന്ന തന്റെ നാമവും വെളിപ്പെടുത്തിയിട്ടുള്ളവനാണവൻ. ദ്രോഹപ്രവർത്തനങ്ങളിൽനിന്നും അതിക്രമങ്ങളിൽനിന്നും പിന്മാറാത്തവരിൽ മാത്രമേ അവന്റെ കോപം ആളിക്കത്തുകയുള്ളൂ...

## ദൈവികഗുണങ്ങൾ നിസ്തുലങ്ങളാണ്

അവന്റെ സകലഗുണങ്ങളും അവന്റെ സത്തയ്ക്ക് അനുഗുണമായവയത്രേ. മനുഷ്യഗുണങ്ങളെപ്പോലെയല്ല അവ. അവന്റെ കണ്ണുകളും മറ്റും ശാരീരികവും ഭൗതികവുമല്ല. അവന്റെ ഒരു ഗുണവും മനുഷ്യഗുണങ്ങളുമായി സാദൃശ്യം പുലർത്തുന്നില്ല. ഉദാഹരണമായി, കോപം വരുമ്പോൾ മനുഷ്യൻ ആദ്യം ആ കോപത്തിന്റെ ക്ലേശാനുഭവം സ്വയം സഹിക്കുന്നു. കോപാവേശത്താൽ പൊടുന്നനെ അവന്റെ സുഖങ്ങൾ അകന്നുകൊണ്ട് മനസ്സിൽ ഒരു നീറ്റൽപോലെ അനുഭവപ്പെടുകയും അവന്റെ മസ്തിഷ്ക്കത്തിൽ ഭ്രാന്തിന്റെ അംശം പ്രവേശിച്ചുകൊണ്ട് അവനിൽ ഒരു മാറ്റം സംജാതമാവുകയും ചെയ്യുന്നു. ദൈവമാകട്ടെ, ഇത്തരം മാറ്റങ്ങളിൽനിന്നു പരിശുദ്ധനാകുന്നു. അവന്റെ കോപം എന്നതുകൊണ്ട് അർഥമാക്കുന്നത് അതിക്രമങ്ങളിൽനിന്നു വിട്ടുനില്ക്കാത്ത വ്യക്തിയിൽനിന്ന് അവൻ തന്റെ സഹായത്തണൽ എടുത്തുകളയുന്നു എന്നത്രേ. കോപിഷ്ഠനായ മനുഷ്യൻ പ്രവർത്തിക്കുന്നതുപോലെ അവൻ തന്റെ സനാതന നിയമമനുസരിച്ച് പെരുമാറുന്ന

തിനാലത്രേ ആലങ്കാരിക രൂപത്തിൽ ആ പെരുമാറ്റം കോപം എന്നു വിളിക്കപ്പെട്ടിരിക്കുന്നത്. അതുപോലെ, അവന്റെ സ്നേഹം മനുഷ്യന്റെ സ്നേഹം പോലെയല്ല. എന്തെന്നാൽ, മനുഷ്യൻ സ്നേഹക്കൂടുതൽ കാരണത്താൽ ദു:ഖമനുഭവിക്കുകയും തന്റെ പ്രേമഭാജനത്തിൽനിന്നുള്ള വേർപാടും വിരഹവും അവന്റെ ജീവനെ നൊമ്പരപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ദൈവം ഈ നൊമ്പരങ്ങളിൽനിന്നെല്ലാം പരിശുദ്ധനാണ്. അതുപോലെത്തന്നെ, അവന്റെ സാമീപ്യവും മനുഷ്യന്റെ സാമീപ്യം പോലെയല്ല. കാരണം, മനുഷ്യൻ ഒരാളെ സമീപിക്കുമ്പോൾ താൻ ആദ്യം നിലയുറപ്പിച്ച സ്ഥലം വിട്ടുകളയുന്നു. എന്നാൽ, ദൈവം സമീപസ്ഥനായിരിക്കെ വിദൂരസ്ഥനുമാണ്. വിദൂരസ്ഥനായിരിക്കെ സമീപസ്ഥനുമാണ്. ചുരുക്കത്തിൽ, ദൈവത്തിന്റെ ഓരോ ഗുണവും മനുഷ്യഗുണങ്ങളിൽനിന്നു ഭിന്നമത്രേ. വാക്കുകളിൽ സാമ്യതയുണ്ട്, അത്രേയുള്ളു. അതുകൊണ്ടാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ

لَيْسَ كَمِثْلِهٖ شَيْءٌ

(വിശുദ്ധ ഖുർആൻ 42:12)

എന്നു പ്രസ്താവിച്ചിരിക്കുന്നത്. അതായത്, ഒരു വസ്തുവും സത്തയിലും ഗുണങ്ങളിലും അവനു സമാനനായിട്ടില്ല.

**(ചശ്മയെ മഅ്രിഫത്ത്, റൂഹാനി ഖസായിൻ, വാല്യം. 23, പേ.272)**

## ദൈവികഗുണങ്ങളുടെ സ്ഥായീഭാവം

ദൈവം ഒരിക്കലും നിഷ്ക്രിയനാവുകയില്ല. അവൻ എന്നും സ്രഷ്ടാവും ദാതാവും രക്ഷിതാവും ദയാലുവും കൃപാലുവുമാണ്; എപ്പോഴും അങ്ങനെത്തന്നെ ആയിരിക്കുകയും ചെയ്യും. ഇങ്ങനെ മഹത്തായ പ്രതാപഗരിമയുള്ളവനെ സംബന്ധിച്ച് തർക്കിക്കുന്നതുതന്നെ പാപമായി ഞാൻ കാണുന്നു. യുക്തിപൂർവം സമർഥിക്കാതെ കണ്ട് ദൈവം ഒരുകാര്യവുംതന്നെ വിശ്വസിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല.

**(മൽഫൂസാത്ത്, വാല്യം.2, പേജ്.272, 2003 എഡിഷൻ)**

ഓർക്കുക, നക്ഷത്രങ്ങൾ നിശ്ചിതസമയത്ത് ഒന്നിനു പിറകെ മറ്റൊന്നായി ഉദിച്ചുയർന്നുകൊണ്ടിരിക്കുന്നതുപോലെയാണ് ദൈവികഗുണങ്ങളും ഉദയം ചെയ്യുന്നത്. മനുഷ്യൻ ചിലപ്പോൾ ദൈവികഗുണങ്ങളായ ഉഗ്രപ്രതാപത്തിന്റെയും നിരാശ്രയത്വത്തിന്റെയും തണലിൽ

വരുമ്പോൾ മറ്റുചിലപ്പോൾ അവന്റെ സൗന്ദര്യഗുണങ്ങളുടെ തണൽ അവനിൽ പതിയുന്നു.

كُلَّ يَوۡمٍ هُوَفِیۡ شَاۡنٍ

(വിശുദ്ധ ഖുർആൻ 55:30)

എന്ന് അല്ലാഹു അരുളിയത്[1] ഇതിലേക്കാണ് സൂചന നല്കുന്നത്. കുറ്റവാളികളായ ജനങ്ങൾ നരകത്തിലേക്കു തള്ളപ്പെടുന്നതോടെ കൃപാവരനും കാരുണ്യവാനുമാണെന്ന ഗുണങ്ങൾ എന്നെന്നേക്കുമായി നിഷ്ക്രിയമാകുമെന്നും അവയൊരിക്കലും വെളിപ്പെടുകയില്ലെന്നും ചിന്തിക്കുന്നത് തികഞ്ഞ അജ്ഞതയത്രേ. ദൈവികഗുണങ്ങൾ നിഷ്ക്രിയമാവുക സംഭവ്യമല്ല. എന്നല്ല, സ്നേഹവും കാരുണ്യവും ദൈവത്തിന്റെ തനതു ഗുണങ്ങളാകുന്നു. ദൈവികഗുണങ്ങളുടെ മാതാവും അവതന്നെ. അവ ചിലപ്പോൾ മനുഷ്യന്റെ പരിഷ്ക്കരണത്തിനായി ഉഗ്രപ്രതാപത്തിന്റെയും കോപത്തിന്റെയും രൂപത്തിൽ വിജ്രംഭിച്ചു നില്ക്കുന്നു. പരിഷ്ക്കരണം സാധ്യമാകുന്നതോടെ സ്നേഹം അതിന്റെ തനതു രൂപത്തിൽ വെളിപ്പെടുകയും അനുഗ്രഹമെന്നോണം ശാശ്വതമായി തുടർന്നു പോരുകയും ചെയ്യുന്നു. ക്ഷിപ്രകോപിയായ ഒരു മനുഷ്യനെപ്പോലെ അനാവശ്യമായി ദ്രോഹിക്കുന്നവനല്ല ദൈവം. അവൻ ആരോടും അക്രമം ചെയ്യുന്നില്ല. മറിച്ച്, ജനങ്ങൾ തങ്ങളോടു സ്വയം അക്രമം ചെയ്യുകയാണു ചെയ്യുന്നത്. അവന്റെ സ്നേഹം സർവത്ര മോക്ഷവും അവനെ വിട്ടകലുന്നത് സർവത്ര ശിക്ഷയുമാകുന്നു.

**(ചശ്മയെ മസീഹി, റൂഹാനി ഖസായിൻ.20. പേ.369)**

## വിശുദ്ധ ഖുർആനിൽ പരാമൃഷ്ടമായ ദൈവികഗുണങ്ങൾ

വിശുദ്ധ ഖുർആൻ ഏതൊരു ദൈവത്തിലേക്കാണോ നമ്മെ ക്ഷണിച്ചത് അവനുള്ളതായി അതു പ്രസ്താവിക്കുന്ന ഗുണവിശേഷങ്ങളാണിവ:

هُوَاللّٰهُ الَّذِیۡ لَاۤ اِلٰهَ اِلَّا هُوَ ۚ عٰلِمُ الۡغَیۡبِ وَالشَّهَادَةِ ۚ هُوَالرَّحۡمٰنُ الرَّحِیۡمُ۔

(വിശുദ്ധ ഖുർആൻ 59:23)

مٰلِكِ یَوۡمِ الدِّیۡنِ۔

(വിശുദ്ധ ഖുർആൻ 1:4)

اَلۡمَلِكُ الۡقُدُّوۡسُ السَّلٰمُ الۡمُؤۡمِنُ الۡمُهَیۡمِنُ الۡعَزِیۡزُ الۡجَبَّارُ الۡمُتَكَبِّرُ۔

(വിശുദ്ധ ഖുർആൻ 59:24)

هُوَاللّٰهُ الۡخَالِقُ الۡبَارِئُ الۡمُصَوِّرُ لَهُ الۡاَسۡمَآءُ الۡحُسۡنٰی ؕ یُسَبِّحُ لَهٗ مَا فِی السَّمٰوٰتِ وَالۡاَرۡضِ ۚ

1. *അവൻ ഓരോ നിമിഷവും വ്യത്യസ്ത നിലയിലുള്ള പ്രതാപത്തിൽ സ്വയം വെളിപ്പെടുന്നു(55:30)*

وَهُوَ الْعَزِيْزُ الْحَكِيْمُ۔

(വിശുദ്ധ ഖുർആൻ 59:25)

عَلٰى كُلِّ شَيْءٍ قَدِيْرٌ۔

(വിശുദ്ധ ഖുർആൻ 2:21)

رَبِّ الْعٰلَمِيْنَ۔ الرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔

(വിശുദ്ധ ഖുർആൻ 1:2,3,4)

اُجِيْبُ دَعْوَةَ الدَّاعِ اِذَا دَعَانِ۔

(വിശുദ്ധ ഖുർആൻ 2:187)

اَلْحَيُّ الْقَيُّوْمُ۔

(വിശുദ്ധ ഖുർആൻ 2:256)

قُلْ هُوَ اللّٰهُ اَحَدٌ۔ اَللّٰهُ
الصَّمَدُ۔ لَمْ يَلِدْ ۙ وَلَمْ يُوْلَدْ۔ وَلَمْ يَكُنْ لَّهٗ كُفُوًا اَحَدٌ۔

(വിശുദ്ധ ഖുർആൻ 112:2-5)

അതായത്, ദൈവം ഏകനും പങ്കുകാരനില്ലാത്തവനുമാകുന്നു. അവനല്ലാതെ ആരാധനയ്ക്കും അനുസരണത്തിനും അർഹനായി മറ്റാരുമില്ല. അവൻ പങ്കുകാരനില്ലാത്തവനല്ലെങ്കിൽ  അവന്റെ പ്രതിയോഗിയുടെ ശക്തി അവന്റെ ശക്തിയെ അതിജയിക്കുകയും അതോടെ അവന്റെ ദൈവത്വം അപകടത്തിലാകുകയും ചെയ്തേക്കുമെന്നതിനാലാണ് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നത്. അവനല്ലാതെ ആരാധനക്കർഹൻ ആരുമില്ലെന്ന് അരുളിയതിന്റെ അർഥം, ഉന്നതവും ഉദാത്തവുമായ മഹനീയ ഗുണവിശേഷങ്ങളുള്ള പരിപൂർണനായ ദൈവമാണവൻ എന്നത്രേ. നിലവിലുള്ള അസ്തിത്വങ്ങളിൽനിന്ന് ഗുണവിശേഷങ്ങളുടെ തികവിനെ ആസ്പദമാക്കി ഒരു ദൈവത്തെ തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുകയോ ഹൃദയത്തിൽ ഏറ്റവും ഉന്നതവും ഏറ്റവും ഉദാത്തവുമായ ഗുണവിശേഷത്തെ സങ്കല്പ്പിക്കുകയോ ചെയ്യുന്നപക്ഷം അത്യുന്നതനായി, അവനുപരിയായി ഉന്നതൻ ഉണ്ടാവുക സാധ്യമല്ല, അവൻ മാത്രമേ ഉണ്ടാവുകയുള്ളു. ആരാധനയിൽ അവനെക്കൾ താഴ്ന്ന നിലവാരമുള്ളതിനെ പങ്കാളിയാക്കുക അന്യായമാകുന്നു.

അനന്തരം *ആലിമുൽ ഗൈബ്* ആകുന്നു അവൻ എന്നാണ് അരുളിയിരിക്കുന്നത്. അതായത്, തന്റെ സത്തയെക്കുറിച്ച് അവനു മാത്രമേ പൂർണജ്ഞാനമുള്ളൂ. അവന്റെ സത്തയെ ആർക്കും പൂർണമായി ഗ്രഹിക്കാനാവില്ല. സൂര്യനെയും ചന്ദ്രനെയും ഇതരസൃഷ്ടി

കളെയും പൂർണമായും ദർശിക്കാൻ കഴിയും. എന്നാൽ ദൈവത്തെ പൂർണമായി ദർശിക്കാനാവില്ല.

തുടർന്ന്, ദൃശ്യമായത് അറിയുന്നവനാണ് അവൻ എന്നാണു പ്രസ്താവിച്ചിരിക്കുന്നത്. അവന്റെ ദൃഷ്ടിയിൽനിന്ന് ഒന്നുംതന്നെ ഗോപ്യമല്ല. ദൈവമെന്നു വിളിക്കപ്പെടുന്നവൻ വസ്തുക്കളെ സംബന്ധിച്ച് അജ്ഞനായിരിക്കുക സാധ്യമല്ലല്ലോ. ഈ പ്രപഞ്ചത്തിലെ സകലമാന പരമാണുക്കളെയും അവൻ നോക്കിക്കാണുന്നു. എന്നാൽ മനുഷ്യനതു സാധ്യമല്ല. ഈ പ്രപഞ്ചസംവിധാനത്തെ നശിപ്പിച്ച് പുനരുത്ഥാനം കൊണ്ടുവരുന്നതെപ്പോഴാണെന്ന് അറിയുന്നവൻ അവനത്രേ. അതെന്നുണ്ടാകുമെന്ന് അവനല്ലാതെ മറ്റാർക്കും അറിയില്ല. അതിനാൽ ഈ സമയങ്ങളത്രയും അവനുമാത്രമേ അറിയുകയുള്ളു.

അതുകഴിഞ്ഞ് *ഹുവർറഹ്മാനു* എന്നാണു പ്രതിപാദിച്ചിരിക്കുന്നത്. അതായത്, ജീവജാലങ്ങളും അവയുടെ കർമങ്ങളും ഉദ്ഭവിക്കുന്നതിനു മുൻപേ, മറ്റെന്തെങ്കിലും ഉദ്ദേശിച്ചോ ഏതെങ്കിലും കർമത്തിന്റെ ഫലമായോ അല്ലാതെ, കേവലം തന്റെ കൃപാവരത്താൽ എല്ലാവർക്കും ജീവിത സൗകര്യങ്ങൾ അവൻ പ്രദാനം ചെയ്യുന്നു. ഉദാഹരണമായി, സൂര്യനെയും ഭൂമിയെയും മറ്റെല്ലാ വസ്തുക്കളെയും നമുക്കായി നമുക്കും നമ്മുടെ കർമങ്ങൾക്കും മുൻപേ അവൻ സൃഷ്ടിച്ചു. ഈ അനുഗ്രഹമാണ് ദൈവികഗ്രന്ഥങ്ങളിൽ *റഹ്മാനിയ്യത്ത്* എന്നു വിളിക്കപ്പെടുന്നത്. ഈ പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ദൈവം *റഹ്മാൻ* എന്നു വിളിക്കപ്പെടുകയും ചെയ്യുന്നു.

തുടർന്ന്, *അർറഹീം* എന്നാണു പറഞ്ഞിരിക്കുന്നത്. അതായത്, അവൻ നല്ല കർമങ്ങൾക്ക് നല്ല പ്രതിഫലം നല്കുകയും ആരുടെയും അധ്വാനത്തെ പാഴാക്കാതിരിക്കുകയും ചെയ്യുന്നവനാകുന്നു. ഈ പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ അവൻ *റഹീം* എന്നു വിളിക്കപ്പെടുകയും ഈ ഗുണം *റഹീമിയ്യത്ത്* എന്ന പേരിൽ അറിയപ്പെടുകയും ചെയ്യുന്നു.

പിന്നീട്, *മാലികി യൗമിദ്ദീൻ* എന്നരുളിയിരിക്കുന്നു. അതായത്, എല്ലാവർക്കും കർമഫലം നല്കാനുള്ള അധികാരം കൈയിലിരിക്കുന്നവൻ. അവൻ സ്വയം ഒന്നും ചെയ്യാതെ ഏതെങ്കിലും ഇടനിലക്കാരന് ആകാശഭൂമികളുടെ ഭരണം ഏല്പിച്ചു കൊടുത്ത് മാറിനിന്നിട്ടില്ല. അങ്ങനെ എല്ലാ രക്ഷാശിക്ഷയും നടത്തുന്ന, അതു തുടർന്നു പോരുന്ന ഒരു ഇടനിലക്കാരനും അവനില്ലതന്നെ.

അതുകഴിഞ്ഞ് *അൽമലികുൽ ഖുദ്ദൂസ്* എന്നു പ്രസ്താവിച്ചിരിക്കുന്നു. അതായത്,ന്യൂനതയുടെ യാതൊരു കളങ്കവുമില്ലാത്ത രാജാവാകുന്നു അവൻ. മനുഷ്യന്റെ രാജാധികാരം അന്യൂനമല്ലെന്നത് വ്യക്തമാണല്ലോ. ഉദാഹരണമായി, എല്ലാ പ്രജകളും സ്വന്തം നാടുപേക്ഷിച്ച് മറ്റൊരു രാജ്യത്തേക്ക് ഓടിപ്പോകുന്നതായാൽ പിന്നെ പരമാധികാരം നിലനി ല്ക്കുക സാധ്യല്ല. അഥവാ പ്രജകൾക്കെല്ലാം ക്ഷാമം ബാധിച്ചാൽ നികുതി ചുമത്താനും കഴിയില്ല. പ്രജകൾ അയാളോടു കയർക്കുകയും തങ്ങളുടെമേൽ അയാൾ എന്തടിസ്ഥാനത്തിലാണ് അധികാരം ചെലു ത്തുന്നതെന്ന് അവർ ചോദ്യം ചെയ്യുകയും ചെയ്താൽ തന്റെ എന്തു യോഗ്യതയായിരിക്കും അയാൾ തെളിയിച്ചു കാണിക്കുക? ദൈവത്തിന്റെ പരമാധികാരം ഇങ്ങനെയല്ല. ക്ഷണനേരംകൊണ്ട് രാജ്യത്തെ ആകെ നശിപ്പിച്ച് വേറെയൊന്നു സൃഷ്ടിക്കാൻ അവനു കഴിയും. ഇങ്ങനെയുള്ള സ്രഷ്ടാവും സർവശക്തനും ആയിരുന്നില്ല അവനെങ്കിൽ അക്രമം കൂടാതെ തന്റെ പരമാധികാരം മുന്നോട്ടു കൊണ്ടുപോകാൻ അവനാവു കയില്ല. എന്തെന്നാൽ, അവൻ ലോകത്തിന് ഒരിക്കൽ പാപപ്പൊറുതിയും മോക്ഷവും നല്കിക്കഴിഞ്ഞാൽ പിന്നെ ഭരിക്കാൻ അവൻ മറ്റൊരു ലോകം എവിടുന്നു കൊണ്ടു വരും? മോക്ഷം സിദ്ധിച്ച ആളുകളെ വീണ്ടും പിടിച്ച് അന്യായമായി അവരുടെ പാപപ്പൊറുതിയും മോക്ഷവും തിരിച്ചെടുക്കുമോ? അങ്ങനെവന്നാൽ അവന്റെ ദൈവത്വം ചോദ്യം ചെയ്യ പ്പെടുമായിരുന്നു. ഭൗതിക രാജാക്കന്മാരെപ്പോലെ അവന്റെ പരമാധികാ രവും ന്യൂനതയുള്ളതായി ഭവിച്ചേനെ. ജനങ്ങൾക്കായി നിയമമുണ്ടാക്കു ന്നവർ ഓരോ കാര്യത്തിലും മട്ടു മാറുകയും അക്രമം ചെയ്യാതെ തങ്ങളു ടെ നിക്ഷിപ്ത താത്പര്യങ്ങൾ നടക്കുകയില്ലെന്നു കാണുമ്പോൾ അക്രമം അനുവദനീയമായി അവർ മനസ്സിലാക്കുകയും ചെയ്യുന്നു. ഉദാഹരണ മായി, ഒരു കപ്പലിനെ രക്ഷിക്കാൻവേണ്ടി ഒരു തോണിയെ അതിലെ അളുകൾ സമേതം നശിക്കാൻ വിടുന്നതും നശിപ്പിക്കുന്നതും നിയമം അനുവദിക്കുന്നു. എന്നാൽ ദൈവത്തിന് ഇത്തരം നിർബന്ധിത സാഹ ചര്യങ്ങൾ വന്നു കൂടാത്തതാണ്. ആകയാൽ, ദൈവം സർവശക്തനും ശൂന്യതയിൽനിന്നു സൃഷ്ടിക്കുന്നവനും അല്ലായിരുന്നെങ്കിൽ ബലഹീ നരായ ഭരണാധികാരികളെപ്പോലെ തന്റെ ശക്തി പ്രയോഗിക്കുന്നതിന് അന്യായം പ്രവർത്തിക്കുകയോ നീതിയും ന്യായവും പ്രവർത്തിക്കുന്ന തിനു തന്റെ ദൈവത്വംതന്നെ ഉപേക്ഷിക്കുകയോ ചെയ്യേണ്ടി വന്നേനെ. ദൈവത്തിന്റെ കപ്പൽ സകല ശക്തിവിലാസങ്ങളോടും സത്യനീതി യോടും കൂടി ചലിച്ചു കൊണ്ടിരിക്കുന്നു.

തുടർന്ന് *അസ്സലാം* എന്നാണ് അരുളിയിരിക്കുന്നത്. അതായത്, അവൻ സകല ദൂഷ്യങ്ങളിൽനിന്നും ദുരിതങ്ങളിൽനിന്നും കഷ്ടതകളിൽനിന്നും സുരക്ഷിതനാകുന്നു. എന്നല്ല, സുരക്ഷിതത്വം നല്കുന്നവനാണവൻ. ഇതിന്റെ അർഥവും വളരെ സ്പഷ്ടമാണ്. അവൻ സ്വയം ദുരിതങ്ങളിൽ അകപ്പെടുകയും ജനങ്ങളുടെ കൈകളാൽ വധിക്കപ്പെടുകയും തന്റെ ഉദ്ദേശ്യങ്ങളിൽ പരാജയപ്പെടുകയും ചെയ്യുന്നതു കാണുമ്പോൾ അങ്ങനെയുള്ള ദൈവത്തിന് നമ്മെ ദുരിതങ്ങളിൽനിന്നു മോചിപ്പിക്കാനാകുമെന്ന് എങ്ങനെ ആശ്വാസം കൊള്ളും? വ്യാജദൈവങ്ങളെക്കുറിച്ച് അല്ലാഹു പറയുന്നു:

إِنَّ الَّذِينَ تَدْعُونَ مِن دُونِ اللَّهِ لَن يَخْلُقُوا ذُبَابًا وَلَوِ اجْتَمَعُوا لَهُ ۖ وَإِن يَسْلُبْهُمُ الذُّبَابُ شَيْئًا لَّا يَسْتَنقِذُوهُ مِنْهُ ۚ ضَعُفَ الطَّالِبُ وَالْمَطْلُوبُ ۔ مَا قَدَرُوا اللَّهَ حَقَّ قَدْرِهِ ۗ إِنَّ اللَّهَ لَقَوِيٌّ عَزِيزٌ

(വിശുദ്ധ ഖുർആൻ 22:74,75)

നിങ്ങൾ ദൈവങ്ങളാക്കി വെച്ചിരിക്കുന്നവരെല്ലാം ഒത്തൊരുമിച്ച് ഒരീച്ചയെ സൃഷ്ടിക്കണമെന്നു വെച്ചാലും ഒരിക്കലും സൃഷ്ടിക്കാനാവില്ല; അവർ അന്യോന്യം സഹായിച്ചാൽപോലും. ഇനി ഈച്ച അവരിൽനിന്നു വല്ലതും തട്ടിപ്പറിച്ചു കൊണ്ടുപോയാൽ ഈച്ചയിൽനിന്ന് അതു തിരിച്ചെടുക്കാനുള്ള ശക്തിയും അവർക്കുണ്ടാവുകയില്ല. അവരെ ആരാധിക്കുന്നവർ യുക്തിഹീനരാകുന്നു. അവരാകട്ടെ, ശക്തിഹീനരും.

ദൈവം ഇങ്ങനെയാണോ? ശക്തരിൽ വെച്ച് ഏറ്റവും ശക്തനും എല്ലാറ്റിനെയും ജയച്ചടക്കുന്നവനുമാണ് ദൈവം. അവനെ പിടിക്കാനോ മർദിക്കാനോ സാധിക്കുകയില്ല. ഇത്തരം അബദ്ധവിശ്വാസങ്ങളിൽ ചെന്നുപെടുന്നവർ ദൈവത്തെ വേണ്ടവിധം തിരിച്ചറിയാത്തവരും ദൈവം എങ്ങനെയുള്ളവനായിരിക്കണമെന്ന് അറിയാത്തവരുമാകുന്നു.

അതുകഴിഞ്ഞ് ദൈവം ശാന്തിപ്രദാനംചെയ്യുന്നവനും തന്റെ മഹത്ത്വവും ഏകത്വവും സ്ഥാപിച്ചു കാണിക്കുന്നവനുമാണെന്ന് പറഞ്ഞിരിക്കുന്നു. സത്യദൈവത്തിൽ വിശ്വസിക്കുന്നവൻ ഒരു സദസ്സിലും ദൈവസമക്ഷത്തിൽപോലും ലജ്ജിതനാവുകയില്ല. എന്തെന്നാൽ, അവന്റെ പക്കൽ പ്രബലമായ തെളിവുകളുണ്ട്. കൃത്രിമദൈവങ്ങളിൽ വിശ്വസിക്കുന്നവനാകട്ടെ, വലിയ ദുരിതത്തിലായിരിക്കും. അവൻ തെളിവുകൾ ഉദ്ധരിക്കുന്നതിനുപകരം, പരിഹാസ്യനാകാതിരിക്കാൻ ഓരോ മൂഢവിശ്വാസത്തെയും നിഗൂഢരഹസ്യത്തിൽപ്പെടുത്തുകയും തെറ്റാ

ണെന്ന് തെളിയിക്കപ്പെട്ട സംഗതികളെ മറച്ചു വെയ്ക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

ശേഷം പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ദൈവികഗുണങ്ങൾ ഇവയാണ്:

الْمُهَيْمِنُ الْعَزِيزُ الْجَبَّارُ الْمُتَكَبِّرُ
(വിശുദ്ധ ഖുർആൻ 59:24)

അതായത്, അവൻ എല്ലാത്തിന്റെയും രക്ഷാപരിപാലകനും സകലതിനെയും അതിജയിക്കുന്നവനും വികലമായ പ്രവൃത്തികളെ ശരിയാക്കുന്നവനുമാകുന്നു. അങ്ങേയറ്റം പരാശ്രയരഹിതമായ സത്തയാണ് അവന്റേത്. പറയുന്നു:

هُوَ اللّٰهُ الْخَالِقُ الْبَارِئُ الْمُصَوِّرُ لَهُ الْأَسْمَاءُ الْحُسْنٰى
(വിശുദ്ധ ഖുർആൻ 59:25)

അതായത്, അവൻ ശരീരങ്ങളെയും ആത്മാക്കളെയും സൃഷ്ടിക്കുകയും ഗർഭാശയത്തിലുള്ളവയെ രൂപപ്പെടുത്തുകയും ചെയ്യുന്ന ദൈവമാകുന്നു. മനുഷ്യന്റെ ചിന്താമണ്ഡലത്തിലൊതുങ്ങുന്ന എല്ലാ പരിശുദ്ധനാമങ്ങളും അവന്റേതാകുന്നു.
വീണ്ടും പറയുന്നു:

يُسَبِّحُ لَهُ مَا فِي السَّمٰوٰتِ وَالْأَرْضِ ۚ وَهُوَ الْعَزِيزُ الْحَكِيمُ
(വിശുദ്ധ ഖുർആൻ 59:25)

അതായത്, വാനലോകത്തുള്ളവരും അവന്റെ നാമത്തെ പരിശുദ്ധിയോടെ സ്മരിക്കുന്നു. അതുപോലെത്തന്നെ ഭൂമിയിലുള്ളവരും. അന്യഗ്രഹങ്ങളിൽ ജനവാസമുണ്ടെന്നും അവരും ദൈവികമാർഗദർശനത്തെ പിൻപറ്റുന്നവരുമാണെന്നുമാണ് ഈ വചനം സൂചിപ്പിക്കുന്നത്.

അതിനു ശേഷം അരുളുന്നു:

عَلٰى كُلِّ شَيْءٍ قَدِيرٌ
(വിശുദ്ധ ഖുർആൻ 2:21)

അതായത്, ദൈവം സർവശക്തനാകുന്നു. ആരാധകരെ സംബന്ധിച്ചിടത്തോളം ഇതൊരു ആശ്വാസവചനമാണ്. എന്തെന്നാൽ, ദൈവം ദുർബലനും ശക്തിയില്ലാത്തവനുമാകുന്നപക്ഷം അവനിൽനിന്ന് എന്തു

പ്രതീക്ഷിക്കാനാണ്?

رَبِّ الْعٰلَمِيْنَ۔ الرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔

(വിശുദ്ധ ഖുർആൻ 1:2,3,4)

أُجِيْبُ دَعْوَةَ الدَّاعِ اِذَا دَعَانِ۔

(വിശുദ്ധ ഖുർആൻ 2:187)

അതായത്, അവൻതന്നെയാണ് സർവലോകങ്ങളെയും രക്ഷിച്ചു പരിപാലിക്കുന്നത്. *റഹ്മാനും റഹീമും* പ്രതിഫലനാളിന്റെ ഉടമസ്ഥനും അവൻതന്നെ. ഈ അധികാരം അവൻ ആർക്കും നല്കിയിട്ടില്ല. ഓരോ വിലാപകന്റെയും വിലാപം കേൾക്കുകയും ഉത്തരം നല്കുകയും അഥവാ ദുആകൾ സ്വീകരിക്കുകയും ചെയ്യുന്നവനാകുന്നു.

തുടർന്ന്,*അൽഹയ്യുൽഖയ്യൂം* എന്നുപ്രസ്താവിച്ചിരിക്കുന്നു.അതായത്, എന്നെന്നും നിലനില്ക്കുന്നവനും എല്ലാ ജീവനുകളുടെയും ജീവനും സർവാസ്തിത്വങ്ങളുടെയും ആശ്രയവുമാണവൻ. ഇതു പറയാൻ കാരണം, അവൻ അനാദിയും അനന്തനുമല്ലെങ്കിൽ നമുക്കുമുൻപേതന്നെ അവൻ മരിച്ചുപോകുമോ എന്ന ശങ്കയ്ക്ക് അത് ഇട വരുത്തും. ശേഷം പറയുന്നു: ആ ദൈവം ഏകനാകുന്നു. അവൻ ആരുടെയും പുത്രനല്ല; അവനൊട്ടും പുത്രനുമില്ല; അവനു തുല്യനോ സമാനനോ ആയി ആരും തന്നെയില്ല.

**(ഇസ്‌ലാമീ ഉസൂൽ കി ഫിലോസഫി, റൂഹാനി ഖസായിൻ.വാല്യം.10, പേ.372)**

## അല്ലാഹുവിന്റെ നാലു മുഖ്യഗുണങ്ങൾ

ദൈവികഗുണങ്ങളുടെ മാതാക്കൾ എന്നറിയപ്പെടുന്ന നാലു മുഖ്യഗുണങ്ങൾ ദൈവത്തിനുണ്ട്. ഓരോ ഗുണവും മനുഷ്യനിൽനിന്ന് ഒരു സംഗതി ആവശ്യപ്പെടുന്നു. ആ നാലു ഗുണങ്ങൾ ഇവയാണ്: *റുബൂബിയ്യത്ത്, റഹ്മാനിയ്യത്ത്, റഹീമിയ്യത്ത്,മാലിക്കിയ്യത്തെ യൗമിദ്ദീൻ.* *റുബൂബിയ്യത്ത്:* ഇതിന്റെ അനുഗ്രഹം വെളിപ്പെടുന്നതിന് സൃഷ്ടികളുടെ കേവലശൂന്യതയോ ശൂന്യതയോടു സാദൃശ്യം പുലർത്തുന്ന അവസ്ഥയോ ആവശ്യപ്പെടുന്നു. സൃഷ്ടികളുടെ സകലമാന തരഭേദങ്ങളും, അതു സചേതനമോ അചേതനമോ ആകട്ടെ, ഇതിലൂടെയാണ് ഉണ്മ പ്രാപിക്കുന്നത്.

***റഹ്മാനിയ്യത്ത്***:ഇതിന്റെഅനുഗ്രഹംവെളിപ്പെടാൻഅസ്തിത്വത്തിന്റെ അഭാവം ആവശ്യമാണ്. അതായത്, അസ്തിത്വത്തിന്റെ യാതൊരു പ്രഭാവവും പ്രകടനവുമില്ലാത്ത ആ കേവലശൂന്യത സചേതന വസ്

തുക്കളുമായി മാത്രം ബന്ധപ്പെട്ടവയാകുന്നു. മറ്റു വസ്തുക്കളുമായി ഇതിനു ബന്ധമില്ല.

***റഹീമിയ്യത്ത്:*** ഇതിന്റെ അനുഗ്രഹം വെളിപ്പെടാൻ യുക്തിബോധം പ്രദാനം ചെയ്യപ്പെട്ട മനുഷ്യന്റെ ഭാഗത്തുനിന്ന് താൻ ഒന്നുമല്ലെന്നും കേവലം ശൂന്യമാണെന്നും വായകൊണ്ടു പ്രഖ്യാപിക്കേണ്ടത് ആവശ്യമായി വരുന്നു. ഇതു മനുഷ്യനുമായി മാത്രം ബന്ധപ്പെട്ടതാണ്.

***മാലിക്കി യൗമിദ്ദീൻ:*** ഈ ഗുണം വെളിപ്പെടുന്നതിന് യാചനാഭാവത്തോടെയുള്ള വിലാപവും കരച്ചിലും ആവശ്യമാണ്. ദൈവസമക്ഷം യാചകരെപ്പോലെ വീഴുകയും അനുഗ്രഹസിദ്ധിക്കായി ആത്മാർഥതയുടെ ഉത്തരീയം നീട്ടി താൻ ഒന്നുമില്ലാത്തവനാണെന്ന യാഥാർഥ്യം മനസ്സിലാക്കിക്കൊണ്ട് ദൈവത്തിന്റെ *മാലിക്കിയത്തിൽ* വിശ്വസിക്കുകയും ചെയ്യുന്ന മനുഷ്യരുമായി മാത്രം ബന്ധപ്പെട്ടവയാണിത്.

ലോകത്തു പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന നാലു ഗുണങ്ങളാണിവ. ഇവയിൽ *റഹീമിയ്യത്തിന്റെ* ഗുണം അതു പ്രാർഥനയ്ക്കു പ്രേരകമായി വർത്തിക്കുന്നു. ഭയത്തിന്റെയും പരിഭ്രമത്തിന്റെയും അഗ്നിയിൽ ഹോമിക്കപ്പെട്ട് യഥാതഥമായ ഉള്ളുരുക്കം സംജാതമാക്കുന്നതാണ് *മാലിക്കിയത്തിന്റെ* ഗുണം. എന്തെന്നാൽ, പ്രതിഫലം നല്കുന്നതിന്റെ ഉടമസ്ഥനാണ് ദൈവമെന്നും മറ്റാർക്കുംതന്നെ സാധികാരം ചോദിക്കാൻ അവകാശമില്ലെന്നും പാപപ്പൊറുതിയും സർവമുക്തിയും കേവലം ദൈവികാനുഗ്രഹത്തിലാണ് നിലകൊള്ളുന്നതെന്നുമാണ് ഇതു തെളിയിക്കുന്നത്.

**(അയ്യാമെ സുൽഹ്, റൂഹാനി ഖസായിൻ, വാല്യം.14, പേ.242)**

സൂറ:ഫാത്തിഹയിൽ അല്ലാഹു തന്റെ നാലുഗുണങ്ങൾ പ്രതിപാദിച്ചിരിക്കുന്നു. അതായത്, *റബ്ബുൽ ആലമീൻ, റഹ്മാൻ, റഹീം, മാലിക്കി യൗമിദ്ദീൻ.* ഈ നാലു ഗുണങ്ങളിൽ വച്ച് *റബ്ബുൽ ആലമീൻ* എന്ന ഗുണത്തെ ആദ്യം പ്രതിപാദിക്കുകയും ശേഷം *റഹ്മാൻ, റഹീം* എന്നീ ഗുണങ്ങളെ വിവരിച്ചുകൊണ്ട് ഒടുവിൽ *മാലിക്കി യൗമിദ്ദീൻ* എന്ന ഗുണത്തെ പ്രതിപാദിക്കുകയുമാണു ചെയ്തിരിക്കുന്നത്. ഈ ക്രമം ദൈവം അവലംബിച്ചതെന്തുകൊണ്ട് എന്ന കാര്യം നാം മനസ്സിലാക്കണം. ഈ നാലുഗുണങ്ങളുടെയും സ്വാഭാവികമായ ക്രമമാണിത് എന്നതാണ് വസ്തുത. ഈ ഗുണങ്ങൾ അവയുടെ തനതു രൂപത്തിൽ ഇതേ ക്രമത്തിലാണ് വെളിപ്പെടുന്നത്. അതിനെ ഇപ്രകാരം വിശദമാക്കാം: ലോകത്ത് ദൈവികാനുഗ്രഹം വെളിപ്പെടുന്നത് നാലുവിധ

ത്തിലാണ്. യുക്തിബോധമുള്ള ഏതൊരാൾക്കും ചിന്തിക്കുന്ന പക്ഷം അതു ഗ്രഹിക്കാൻ കഴിയും.

ആദ്യത്തേത്,**സാർവത്രികമായ അനുഗ്രഹമാണ്**. സചേതനമെന്നോ അചേതനമെന്നോ വകഭേദമില്ലാതെ വിണ്ണുതൊട്ട് മണ്ണു വരെയുള്ള സകലമാന വസ്തുക്കളിലും അനുസ്യൂതം തുടർന്നു പോരുന്ന കേവലാനുഗ്രഹമാണിത്. ഓരോ വസ്തുവും ഇല്ലായ്മയിൽനിന്ന് ഉണ്മ പ്രാപിക്കുകയും തുടർന്ന് അതിനു നിശ്ചയിച്ചിട്ടുള്ള പരമമായ കഴിവിലേക്ക് വികസിക്കുകയും ചെയ്യുന്നത് ഈ അനുഗ്രഹം മുഖേനയത്രേ. സചേതനമോ അചേതനമോ ആയ ഒന്നും ഈ അനുഗ്രഹത്തിൽനിന്നു പുറത്തല്ല. ആത്മാക്കളും ശരീരങ്ങളുമാകുന്ന സകല അസ്തിത്വങ്ങളും വെളിപ്പെട്ടതും വെളിപ്പെടുന്നതും, ഓരോ വസ്തുവും വികാസംപ്രാപിച്ചതും പ്രാപിക്കുന്നതും ഇതിലൂടെയാകുന്നു. മുഴുപ്രപഞ്ചത്തിന്റെയും ജീവനായി വർത്തിക്കുന്നതും ഈ അനുഗ്രഹംതന്നെ. ഒരു നിമിഷത്തേക്കുപോലും അതു വേർപെടുകയാണെങ്കിൽ മുഴുലോകവും നശിച്ചൊടുങ്ങിയേനെ. ഇനി അതില്ലായിരുന്നെങ്കിൽ സൃഷ്ടികളിലൊന്നും നിലനില്ക്കുമായിരുന്നില്ല. **റുബൂബിയ്യത്ത്** എന്നാണ് വിശുദ്ധ ഖുർആനിൽ അതിനെ നാമകരണം ചെയ്തിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ദൈവത്തിന് **റബ്ബുൽ ആലമീൻ** എന്ന നാമമുള്ളതും. മറ്റൊരിടത്ത് അവൻ പറയുന്നു:

وَّهُوَرَبُّ كُلِّ شَيْءٍ

(വിശുദ്ധ ഖുർആൻ 6:165)

അതായത്, ദൈവം എല്ലാ വസ്തുക്കളുടെയും *റബ്ബ്*(രക്ഷാകർത്താവ്) ആകുന്നു. ലോകത്തുള്ള ഒരു വസ്തുവും അവന്റെ *റുബൂബിയ്യത്തിന്റെ*(സാർവത്രികമായ അനുഗ്രഹം)വൃത്തത്തിൽനിന്നന്യമല്ല. അതുകൊണ്ടാണ് അനുഗൃഹീത ഗുണങ്ങളിൽവച്ച് *റബ്ബുൽ ആലമീൻ* എന്ന ഗുണത്തെ അല്ലാഹു സൂറഃ ഫാത്തിഹയിൽ വിവരിക്കുകയും സർവസ്തുതിയും സർവലോകരക്ഷിതാവിനാകുന്നു എന്നു പറയുകയും ചെയ്തിരിക്കുന്നത്. എല്ലാ അനുഗൃഹീതഗുണങ്ങളിലും വച്ച് *റുബൂബിയ്യത്ത്* എന്ന ഗുണത്തിന് സ്വാഭാവികമായ പ്രാമുഖ്യമുള്ളതുകൊണ്ടാണ് ഇങ്ങനെ പ്രതിപാദിച്ചത്. അതായത്, വെളിപ്പെടുന്ന കാര്യത്തിൽ ഈ ഗുണം പ്രഥമവും മറ്റെല്ലാ അനുഗൃഹീത ഗുണങ്ങളെക്കാൾ സാർവത്രികവുമാകുന്നു. എന്തെന്നാൽ, സചേതനവും അചേതനവുമായ സർവവസ്തുക്കളെയും അതുൾക്കൊള്ളുന്നു.

രണ്ടാമത്തെ അനുഗ്രഹകടാക്ഷം **സാമാന്യഅനുഗ്രഹമാകുന്നു.** ഇതും സാർവത്രിക അനുഗ്രഹവും തമ്മിലുള്ള വ്യത്യാസം, സാർവ ത്രികമായ അനുഗ്രഹം പൊതുവായ നിലയിലുള്ള ഒരു രക്ഷാപരിപാ ലനത്വമാകുന്നു എന്നുള്ളതാണ്. ഇതിലൂടെയാണ് മുഴുപ്രപഞ്ചവും ആവിർഭവിക്കുകയും ഉണ്മ പ്രാപിക്കുകയും ചെയ്യുന്നത്. സാമാന്യഅനു ഗ്രഹം എന്ന പേരിലറിയപ്പെടുന്ന അനുഗ്രഹമാകട്ടെ, ജീവജാലങ്ങളെ കേന്ദ്രീകരിച്ച് അനാദികാലം മുതലുള്ള ഒരു സവിശേഷ അനുഗ്രഹ മാകുന്നു. എന്നുവെച്ചാൽ, ചേതനവസ്തുക്കളിലേക്ക് സ്രഷ്ടാവായ ദൈവം ചെലുത്തുന്ന പ്രത്യേകശ്രദ്ധയുടെ പേരാണ് സാമാന്യഅനു ഗ്രഹം എന്നത്. അർഹതയോ യോഗ്യതയോ നോക്കാതെ, അവരുടെ ഭാഗത്തുനിന്നുള്ള യാതൊരു കർമത്തിന്റെയും പ്രതിഫലമായല്ലാതെ, എല്ലാ ജീവജാലങ്ങളുടെയും ആവശ്യമനുസരിച്ച് ചൊരിയപ്പെടുന്ന അനുഗ്രഹമാണിത്. ഈ അനുഗ്രഹത്തിന്റെ ഫലമായിട്ടാണ് എല്ലാ ജീവി കളും ജീവിക്കുകയും തിന്നുകയും കുടിക്കുകയും അപകടങ്ങളിൽനിന്നു രക്ഷനേടുകയും ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നത്. ഓരോ ജീവിക്കും അതിന്റെ വർഗത്തിനും നിലനില്ക്കാനാവശ്യമായ ജീവിത സൗകര്യങ്ങൾ ലഭിക്കുന്നതും ഈ അനുഗ്രഹം മുഖേനയത്രേ. ആത് മാവിന്റെ ഭൗതികവികാസത്തിന് ആവശ്യമായതത്രയും പ്രദാനം ചെയ്യ പ്പെട്ടിരിക്കുന്നതും ഈ അനുഗ്രഹത്തിന്റെ ഫലമാണ്. അതുപോലെ, ഭൗതികവികാസം മാത്രമല്ല ആത്മീയശിക്ഷണവും ആവശ്യമായി ട്ടുള്ള ആത്മാക്കളുണ്ടല്ലോ, അതായത് ആത്മീയാഭിവൃദ്ധിക്കു കഴി വുള്ളവർ, അനാദികാലം തൊട്ട് അവർക്കായി അവശ്യഘട്ടങ്ങളിൽ ദൈവികവചനങ്ങൾ അവതരിച്ചിട്ടുണ്ട്. ഈ **റഹ്മാനിയ്യത്ത്** ആകുന്ന അനുഗ്രഹം മുഖേനയാണ് മനുഷ്യൻ കോടിക്കണക്കിന് ആവശ്യങ്ങൾ നേടിയെടുക്കുന്നതെന്നു ചുരുക്കം. താമസിക്കാൻ ഭൂപ്രതലം, വെളി ച്ചത്തിന് സൂര്യചന്ദ്രാദികൾ, ശ്വസിക്കാൻ വായു, കുടിക്കാൻ വെള്ളം, കഴിക്കാൻ വിവിധങ്ങളായ ഭക്ഷ്യവസ്തുക്കൾ, രോഗശമനത്തിനായി ലക്ഷക്കണക്കിനു മരുന്നുകൾ, ഉടുക്കുന്നതിന് പലതരം വസ്ത്രങ്ങൾ, സന്മാർഗം പ്രാപിക്കുന്നതിന് ദൈവികഗ്രന്ഥം ഇവയെല്ലാം ഉണ്ട്. ഈ വസ്തുക്കളത്രയും തന്റെ കർമഫലമാണെന്നും മുൻജന്മത്തിൽ താൻ ചെയ്ത ഏതോ സത്കർമത്തിന്റെ ഫലമായിട്ടാണ് ഈ അളവറ്റ അനു ഗ്രഹങ്ങൾ മാനവകുലത്തിന് ദൈവം ചൊരിഞ്ഞതെന്നും ആർക്കും വാദിക്കാൻ കഴിയില്ല. ആകയാൽ, ജീവികളുടെ സൗഖ്യത്തിനായി ആയിരോപി ആയിരം നിലകളിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ഈ

അനുഗ്രഹങ്ങൾ ഏതെങ്കിലും കർമത്തിന്റെ പ്രതിഫലമല്ലാത്ത വരദാനങ്ങളാണെന്നു സ്ഥാപിതമാണ്. ഓരോ ജീവിയും അതിന്റെ പ്രകൃതിപരമായ ലക്ഷ്യത്തിലെത്തുന്നതിനും സ്വപ്രകൃതത്തിൽ അന്തർലീനമായ വാസനകളെ നിവർത്തിക്കുന്നതിനുമുള്ള ദൈവകൃപയുടെ ഒരു ഇരച്ചുകയറ്റം മാത്രമാണിത്. മനുഷ്യരുടെയും സകല മൃഗങ്ങളുടെയും ആവശ്യങ്ങൾ നിവർത്തിക്കുകയും അവയ്ക്കു വേണ്ടതെന്തെല്ലാം വേണ്ടാത്തതെന്തെല്ലാം എന്ന് അറിഞ്ഞു വെയ്ക്കുകയും ചെയ്യുകയാണ് ഈ അനുഗ്രഹവായ്പിലെ സനാതന ദാക്ഷിണ്യത്തിന്റെ ധർമം. അവ നശിച്ചുപോവുകയും അവയുടെ കഴിവുകൾ നിദ്രാണമായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടിയാണിത്. പ്രകൃതിനിയമം നിരീക്ഷിക്കുന്നതായാൽ ദൈവികസത്തയിലുള്ള ഈ ദയാവായ്പിന്റെ സാന്നിധ്യം വ്യക്തമായും തെളിയുന്നു. എന്തെന്നാൽ, ലോകത്തു കാണപ്പെടുന്ന സൂര്യൻ, ചന്ദ്രൻ, ഭൂമി തുടങ്ങിയ അവശ്യവസ്തുക്കൾ -ഇവയിലാണല്ലോ എല്ലാ ജീവജാലങ്ങളുടെയും ജീവിതം ആശ്രയിച്ചിരിക്കുന്നത്- ഈ അനുഗ്രഹത്തിന്റെ പ്രഭാവിലാസത്താലാണ് ആവിർഭവിച്ചിരിക്കുന്നതെന്ന് യുക്തിബോധമുള്ള ഒരുവനും നിഷേധിക്കാൻ കഴിയില്ല. ഓരോ ജീവിയും മനുഷ്യനെന്നോ മൃഗമെന്നോ, വിശ്വാസിയെന്നോ അവിശ്വാസിയെന്നോ, നല്ലവനെന്നോ ചീത്തവനെന്നോ ഉള്ള വ്യത്യാസമില്ലാതെ മേൽപരാമർശിച്ച അനുഗ്രഹങ്ങളിൽനിന്ന് ആവശ്യാനുസരണം ഫലമെടുക്കുന്നുണ്ട്. ഒരു ജീവിയും ഇതിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ല. വിശുദ്ധ ഖുർആനിൽ ഈ ഗുണം **റഹ്മാനിയ്യത്ത്** എന്നാണ് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഇക്കാരണത്താലാണ് വിശുദ്ധ ഖുർആനിലെ സൂറഃ ഫാത്തിഹയിൽ *റബ്ബുൽ ആലമീൻ* എന്ന ഗുണത്തിനുശേഷം *റഹ്മാൻ* എന്നു വന്നിരിക്കുന്നതും. അല്ലാഹു പറയുന്നു:

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ الرَّحْمٰنِ

(വിശുദ്ധ ഖുർആൻ 1:2,3)

വിശുദ്ധ ഖുർആനിൽ മറ്റു നിരവധി സ്ഥലങ്ങളിൽ ഈ ഗുണം പരാമൃഷ്ടമാണ്. അവയിലൊന്ന് ഇതാണ്:

وَاِذَا قِيْلَ لَهُمُ اسْجُدُوْا لِلرَّحْمٰنِ قَالُوْا وَمَا الرَّحْمٰنُ ۗ اَنَسْجُدُ لِمَا تَاْمُرُنَا وَزَادَهُمْ نُفُوْرًا۔
تَبٰرَكَ الَّذِىْ جَعَلَ فِى السَّمَآءِ بُرُوْجًا وَّجَعَلَ فِيْهَا سِرٰجًا وَّقَمَرًا مُّنِيْرًا۔
وَهُوَ الَّذِىْ جَعَلَ الَّيْلَ وَالنَّهَارَ خِلْفَةً لِّمَنْ اَرَادَ اَنْ يَّذَّكَّرَ اَوْ اَرَادَ شُكُوْرًا۔

وَعِبَادُ الرَّحْمٰنِ الَّذِيْنَ يَمْشُوْنَ عَلَى الْاَرْضِ هَوْنًا وَّاِذَا خَاطَبَهُمُ الْجٰهِلُوْنَ قَالُوْا سَلٰمًا۔
(വിശുദ്ധ ഖുർആൻ 25:61-64)

അതായത്, നിങ്ങൾ *റഹ്മാന്* സാഷ്ടാംഗം പ്രണമിക്കൂ എന്ന് അവിശ്വാസികളോടും നിർമതരോടും നിരീശ്വരവാദികളോടും പറയപ്പെടുമ്പോൾ *റഹ്മാൻ* എന്ന നാമത്തെ വെറുത്തുകൊണ്ട് നിഷേധമെന്ന നിലയിൽ *റഹ്മാൻ* ആരാണെന്ന് അവർ ചോദിക്കുന്നു.(തുടർന്ന് ഉത്തരമെന്നോണം അരുളുന്നു) അളവറ്റ അനുഗ്രഹങ്ങളുടെ ഉടമയും അനശ്വര നന്മകളുടെ നീരുറവയുമായ ആ *റഹ്മാൻ* ആണ് ആകാശത്ത് രാശികളെ ഉണ്ടാക്കിയത്. വിശ്വാസിയെന്നോ അവിശ്വാസിയെന്നോ ഭേദമില്ലാതെ സൃഷ്ടിജാലങ്ങൾക്കു വെളിച്ചമെത്തിക്കുന്ന സൂര്യനെയും ചന്ദ്രനെയും രാശികളിൽ വെച്ചു. ആ *റഹ്മാൻ* തന്നെയാണ് നിങ്ങൾക്കായി, എന്നു വെച്ചാൽ മാനവകുലത്തിനായി, ഒന്നിനു പിറകെ മറ്റൊന്നായി മാറിക്കൊണ്ടിരിക്കുന്ന പകലിനെയും രാവിനെയും സൃഷ്ടിച്ചത്; ദിവ്യജ്ഞാനത്തെ അന്വേഷിക്കുന്ന വ്യക്തി ഈ ഗഹനമായ യുക്തിജ്ഞാനങ്ങളെ പ്രയോജനപ്പെടുത്തുകയും അജ്ഞതയുടെയും അശ്രദ്ധയുടെയും മൂടുപടത്തിൽനിന്നു മോചനം ലഭിക്കുകയും ചെയ്യുന്നതിനുവേണ്ടി. നന്ദിപ്രകാശിപ്പിക്കാൻ സന്നദ്ധനാകുന്നതാരോ അവൻ നന്ദി പ്രകടിപ്പിക്കട്ടെ. ഭൂമിയിൽ നമ്രഭാവത്തോടെ നടക്കുകയും അജ്ഞരായ ജനം അവരോടു കഠിനവാക്കുകളോടെ പെരുമാറുമ്പോൾ സമാധാനത്തിന്റെയും കാരുണ്യത്തിന്റെയും വാക്കുകളാൽ ഉത്തരം നല്കുകയും ചെയ്യുന്നവരാണ് *റഹ്മാന്റെ* യഥാർഥ ആരാധകർ. കാഠിന്യത്തിനു പകരം മൃദുഭാവത്തോടും അസഭ്യവാക്കുകൾക്കുപകരം പ്രാർഥനയോടുംകൂടി അവർ പ്രതികരിക്കുന്നു. കാരുണ്യവാനായ ദൈവത്തിന്റെ ഗുണങ്ങളെ അവർ പ്രതിഫലിപ്പിക്കുന്നു. എന്തെന്നാൽ, പരമകാരുണികനും നല്ലവരെന്നോ ചീത്തവരെന്നോ വ്യത്യാസമില്ലാതെ തന്റെ സകല ദാസർക്കും സൂര്യൻ, ചന്ദ്രൻ, ഭൂമി ഇത്യാദി എണ്ണമറ്റ വസ്തുക്കൾക്കൊണ്ടു ഗുണം എത്തിക്കുന്നു. *റഹ്മാൻ* എന്ന പദം ദൈവത്തിന്റെ സർവവ്യാപകമായ കാരുണ്യം നല്ലവരും ചീത്തവരുമായ എല്ലാവർക്കും പൊതുവായ നിലയിൽ ലഭ്യമാക്കുന്നു എന്ന അർഥത്തിൽ പ്രയോഗിക്കുന്നു എന്ന് ഈ വചനങ്ങളിൽ അല്ലാഹു സ്പഷ്ടമായി പറയുന്നുണ്ട്. മറ്റൊരു സ്ഥലത്തും ഈ പൊതുവായ കാരുണ്യത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. പറയുന്നു:

عَذَابِىٓ أُصِيبُ بِهِۦ مَنْ أَشَآءُ ۖ وَرَحْمَتِى وَسِعَتْ كُلَّ شَىْءٍ
(വിശുദ്ധ ഖുർആൻ 7:157)

അതായത്, എന്റെ ശിക്ഷ അതർഹിക്കുന്നവനെന്നു ഞാൻ കാണുന്നവന് എത്തിക്കുന്നു. എന്റെ കാരുണ്യം സർവവസ്തുക്കളെയും വ്യാപി ച്ചിരിക്കുന്നു. മറ്റൊരു സന്ദർഭത്തിൽ അല്ലാഹു പറയുന്നു:

قُلْ مَن يَكْلَؤُكُم بِالَّيْلِ وَالنَّهَارِ مِنَ الرَّحْمٰنِ
(വിശുദ്ധ ഖുർആൻ 21:43)

ഈ അവിശ്വാസികളോടും ധിക്കാരികളോടും പറയുക, *റഹ്മാനിയ്യത്ത്* എന്ന ഗുണം അല്ലാഹുവിൽ ഇല്ലായിരുന്നെങ്കിൽ അവന്റെ ശിക്ഷയി ൽനിന്നു നിങ്ങൾക്കു രക്ഷപ്പെടാനാകില്ല. അതായത്, അവൻ അവിശ്വാ സികൾക്കും മതവിരോധികൾക്കും സമയം നല്കുകയും അവരെ ഉടനടി പിടികൂടാതിരിക്കുകയും ചെയ്യുന്നത് അവന്റെ *റഹ്മാനിയ്യ ത്തിന്റെ* പ്രതിഫലനമാണ്. ഈ റഹ്മാനിയ്യത്തിലേക്കുതന്നെ സൂചന നല്കിക്കൊണ്ടു മറ്റൊരിടത്ത് പറയുന്നു:

أَوَلَمْ يَرَوْا إِلَى الطَّيْرِ فَوْقَهُمْ صَٰٓفَّٰتٍ وَيَقْبِضْنَ ۚ مَا يُمْسِكُهُنَّ إِلَّا الرَّحْمٰنُ
(വിശുദ്ധ ഖുർആൻ 67:20)

അതായത്, അവരുടെ തലയ്ക്കുമീതെ പക്ഷികൾ പറക്കുന്നത് അവർ കാണുന്നില്ലേ? ചിലപ്പോൾ അവ തങ്ങളുടെ ചിറകുകൾ വിടർത്തുകയും ചിലപ്പോൾ കൂട്ടിപ്പിടിക്കുകയും ചെയ്യുന്നു. പരമകാരുണികൻതന്നെ യാണ് അവയെ വീഴാതെ പിടിച്ചു നിർത്തുന്നത്. ചുരുക്കത്തിൽ, ദൈവ ത്തിന്റെ അനുഗ്രഹവർഷം സകലമാന ജീവജാലങ്ങളിലും എപ്രകാരം വ്യാപിച്ചിരിക്കുന്നുവെന്നാൽ ഒരു ഉറുപ്പികയ്ക്കു രണ്ടോ മൂന്നോ ലഭിക്കുന്ന കിളികൾപോലും ഈ അനുഗ്രഹവർഷത്തിന്റെ വിശാല ദിയിൽ സഹർഷം സസന്തോഷം നീന്തിത്തുടിക്കുന്നു. ഈ അനു ഗ്രഹത്തിന്റെ സ്ഥാനം *റുബൂബിയ്യത്തിനു*(സാർവത്രിക അനുഗ്രഹം) ശേഷമാകയാൽ സ്വാഭാവികമായ ക്രമം നിലനില്ക്കുന്നതിനുവേണ്ടി സൂറഃഫാത്തിഹയിൽ *റബ്ബുൽ ആലമീൻ* എന്ന ഗുണം പ്രതിപാദിച്ച തിനെ തുടർന്ന് *റഹ്മാൻ* എന്ന ഗുണവും വിവരിക്കുകയുണ്ടായി..

മൂന്നാമത്തെ അനുഗ്രഹകടാക്ഷം **സവിശേഷമായ അനുഗ്രഹമാ**

**കുന്നു.** ഇതും സാമാന്യാനുഗ്രഹവും തമ്മിലുള്ള വ്യത്യാസം, സാമാന്യാനുഗ്രഹത്തിന്റെ ഗുണഭോക്താവിന് അനുഗ്രഹസിദ്ധിക്കായി തന്റെ അവസ്ഥയെ നന്നാക്കേണ്ട ബാധ്യതയില്ല എന്നതത്രേ. സ്വാത്മാവിനെ അന്ധകാരത്തിന്റെ യവനികയിൽനിന്നു പുറത്തുകൊണ്ടു വരികയോ ഏതെങ്കിലും വിധത്തിലുള്ള കഠിനാധ്വാനവും പരിശ്രമവും നടത്തുകയോ ചെയ്യേണ്ടതില്ല. ഈ അനുഗ്രഹവർഷത്തിൽ, നാം വിവരിച്ചു കഴിഞ്ഞതുപോലെ, ദൈവം സ്വയംതന്നെ സകലമാന ജീവജാലങ്ങൾക്കും അവയുടെ പ്രകൃതമനുസരിച്ചുള്ള ആവശ്യങ്ങൾ തന്നരുളുകയും അവ ആവശ്യപ്പെടാതെ, അവയുടെ ഭാഗത്തുനിന്നുള്ള പ്രയത്നമില്ലാതെ തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു. സവിശേഷമായ അനുഗ്രഹ കടാക്ഷത്തിന്റെ കാര്യത്തിലാകട്ടെ, കഠിനാധ്വാനം,പരിശ്രമം, ആത്മ ശുദ്ധീകരണം, പ്രാർഥന, വിലാപം, ദൈവത്തിലേക്ക് ആത്മാർഥമായി തിരിയൽ, സാഹചര്യത്തിനൊത്ത മറ്റെല്ലാ പ്രയത്നങ്ങൾ ഇവ അനിവാര്യമാണ്. ഈ അനുഗ്രഹം അതന്വേഷിക്കുന്നവനാണ് കണ്ടെത്തുന്നത്. അത്യധ്വാനം ചെയ്യുന്നവന് അതു ചൊരിയപ്പെടുന്നു. ഈ അനുഗ്രഹകടാക്ഷവും പ്രകൃതിനിയമത്തിൽ കാണാൻ കഴിയും. എന്തെന്നാൽ, ദൈവമാർഗത്തിൽ പ്രയത്നിക്കുന്നവനും പ്രവർത്തിക്കാതെ അശ്രദ്ധ കാണിക്കുന്നവനും സമന്മാരല്ലെന്നതു സ്പഷ്ടമാണല്ലോ. സത്യഹൃദയത്തോടെ ദൈവമാർഗത്തിൽ പ്രയത്നിക്കുകയും എല്ലാ വിധ ഇരുട്ടിൽനിന്നും കുഴപ്പങ്ങളിൽനിന്നും അകന്നു നില്ക്കുകയും ചെയ്യുന്നവരോടൊപ്പം സവിശേഷമായൊരു കാരുണ്യം വന്നുചേരുന്നുവെന്നതിൽ സംശയമില്ല. ഈ അനുഗ്രഹലബ്ധിയുടെ അടിസ്ഥാനത്തിലാണ് വിശുദ്ധ ഖുർആനിൽ ദൈവത്തിന്റെ നാമം **റഹീം** എന്നു വന്നിരിക്കുന്നത്. *റഹീമിയ്യത്തിന്റെ* ഈ ഗുണം സവിശേഷവും സോപാധികവുമായതുകൊണ്ട് *റഹ്മാനിയ്യത്തി*നു ശേഷമാണ് അതു സ്ഥാനം അലങ്കരിക്കുന്നത്. എന്തെന്നാൽ, ദൈവത്തിൽനിന്ന് ആദ്യം വെളിപ്പെട്ടത് *റഹ്മാനിയ്യത്തിന്റെ* ഗുണമാണ്. അതിനെ തുടർന്ന് *റഹീമിയ്യത്ത്* എന്ന ഗുണം പ്രകടമായി. അതിനാൽ ഈ സ്വാഭാവിക ക്രമമനുസരിച്ചാണ് സൂറഃഫാത്തിഹയിൽ *റഹീമിയ്യത്താകുന്ന* ഗുണത്തെ *റഹ്മാനിയ്യത്തിനു*ശേഷം വിവരിച്ചത്. അല്ലാഹു പറഞ്ഞു:

الرَّحْمٰنِ الرَّحِيْمِ

(വിശുദ്ധ ഖുർആൻ 1:3)

*റഹീമിയ്യത്ത്* എന്ന ഗുണത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ

നിരവധി സ്ഥലങ്ങളിൽ പരാമർശങ്ങളുണ്ട്. ഒരിടത്ത് പറയുന്നു:

وَكَانَ بِالْمُؤْمِنِيْنَ رَحِيْمًا
(വിശുദ്ധ ഖുർആൻ 33:44)

അതായത്, ദൈവത്തിന്റെ *റഹീമിയ്യത്ത്* വിശ്വാസികൾക്കുമാത്രം സവിശേഷപ്പെട്ടതത്രേ. അതിൽ അവിശ്വാസികൾക്ക്, എന്നുവെച്ചാൽ നിഷേധികൾക്കും ധിക്കാരികൾക്കും, യാതൊരു പങ്കുമില്ല.

*റഹീമിയ്യത്ത്* എന്ന ഗുണത്തെ ദൈവം വിശ്വാസികൾക്കായി സവിശേഷമാക്കിയത് എപ്രകാരമാണെന്നത് ഇവിടെ ശ്രദ്ധേയമാണ്. *റഹ്മാനിയ്യത്തിനെ* എവിടെയും വിശ്വാസികൾക്കായി സവിശേഷമാക്കിയിട്ടില്ല. *കാന ബിൽ മുഅ്മിനീന റഹ്മാനാ* എന്ന് എവിടെയും പറഞ്ഞിട്ടില്ല. വിശ്വാസികളുമായി ബന്ധപ്പെട്ട സവിശേഷ കാരുണ്യത്തെ *റഹീമിയ്യത്തിന്റെ* ഗുണവുമായി ബന്ധപ്പെടുത്തിയാണ് പരാമർശിച്ചിരിക്കുന്നത്. മറ്റൊരിടത്ത് പറയുന്നു:

اِنَّ رَحْمَتَ اللّٰهِ قَرِيْبٌ مِّنَ الْمُحْسِنِيْنَ۔
(വിശുദ്ധ ഖുർആൻ 7:57)

അതായത്, ദൈവത്തിന്റെ *റഹീമിയ്യത്ത്* സച്ചരിതർക്ക് സമീപസ്ഥമാകുന്നു. വേറൊരു സ്ഥലത്ത് ഇങ്ങനെ പറയുന്നു:

اِنَّ الَّذِيْنَ اٰمَنُوْا وَالَّذِيْنَ هَاجَرُوْا وَجٰهَدُوْا فِيْ سَبِيْلِ اللّٰهِ ۙ اُولٰٓئِكَ يَرْجُوْنَ رَحْمَتَ اللّٰهِ ؕ وَاللّٰهُ غَفُوْرٌ رَّحِيْمٌ
(വിശുദ്ധ ഖുർആൻ 2:219)

അതായത്, വിശ്വസിക്കുകയും അല്ലാഹുവിനുവേണ്ടി സ്വദേശത്തെ അഥവാ ദേഹേച്ഛകളെ ഉപേക്ഷിക്കുകയും ദൈവമാർഗത്തിൽ പരിശ്രമിക്കുകയും ചെയ്തവർ അല്ലാഹുവിന്റെ കാരുണ്യത്തെ പ്രതീക്ഷിക്കുന്നവരാകുന്നു. അല്ലാഹു വളരെയധികം പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു. അതായത്, അവന്റെ *റഹീമിയ്യത്തിന്റെ* അനുഗ്രഹകടാക്ഷങ്ങൾ അതിന് അർഹരായവരോടൊപ്പംതന്നെയാണ്. അതിനെ തേടിയിട്ട് കണ്ടെത്താത്തവരായി ആരും തന്നെയില്ല.

*പ്രേമഭാജനം കടാക്ഷിക്കാത്ത ഏതു പ്രേമിയാനുള്ളത്?*
*വരിഷ്ഠരേ, വൈദ്യൻ ലഭ്യമായതിനാൽ അഭാവം വേദനയുടെതാണ്*
(പാർസി കവിത)

നാലാമത്തെ അനുഗ്രഹകടാക്ഷം **അത്യധികം സവിശേഷമായ അനുഗ്രഹമാകുന്നു.** കേവലം കഠിനദ്ധ്യാനവും പരിശ്രമവുംകൊണ്ട് സ്വായത്തമാക്കാവുന്ന അനുഗ്രഹമല്ലിത്. മറിച്ച്, അതിന്റെ പ്രഭാവത്തിനും പ്രകടനത്തിനുമുള്ള ഒന്നാമത്തെ നിബന്ധന, ഇരുണ്ടതും കുടുസ്സായതുമായ ഭൗതികോപാധികളുടെ ലോകം പൂർണമായും തകർന്ന് ഇല്ലാതാകുകയും ഏകസത്യദൈവത്തിന്റെ സമ്പൂർണശക്തി ഭൗതികോപാധികളുടെ കലർപ്പില്ലാതെ പച്ചയായി തന്റെ തികവാർന്ന ജ്യോതിസ്സു കാണിക്കുകയും ചെയ്യുക എന്നതത്രേ. എന്തെന്നാൽ, സകലമാന അനുഗ്രഹങ്ങളുടെയും അങ്ങേ തലയ്ക്കലുള്ള ഈ അവസാന കൃപാവരത്തിന് മുൻകഴിഞ്ഞ അനുഗ്രഹകടാക്ഷങ്ങളെ അപേക്ഷിച്ച് മനുഷ്യമനസ്സിനു സങ്കല്പിക്കാവുന്ന തരത്തിലുള്ള സമൃദ്ധിയും ശ്രേഷ്ഠതയും എന്നത് ഈ അനുഗ്രഹം അങ്ങേയറ്റം തെളിമയും വ്യക്തതയും ഉള്ളതായിരിക്കണം എന്നുള്ളതാണ്. ഒരുവിധത്തിലുള്ള സംശയമോ മറച്ചുവെയ്ക്കലോ ന്യൂനതയോ ഉണ്ടാവാൻ പാടില്ല. അതായത്, അനുഗ്രഹദാതാവിന്റെ സുനിശ്ചിതമായ അനുഗ്രഹവായ്പിനെചൊല്ലി ഒരു സംശയവും അവശേഷിക്കുകയോ ഈ വരപ്രസാദങ്ങളെ സംബന്ധിച്ച് അവ യഥാർഥവും ശുദ്ധവും സമ്പൂർണവുമായ കാരുണ്യമാണെന്നതിൽ തർക്കം ഉയരുകയോ അരുത്. പിന്നെയോ, അനാദിയായ ഏതൊരു ഉടമസ്ഥനിൽനിന്നാണോ ദയാവായ്പു പ്രകടമയത് അവന്റെ ഉദാരതയും പ്രത്യുപകാരവും പകൽവെളിച്ചംപോലെ വെളിപ്പെടുകയും വാസ്തവത്തിൽ ആ സർവാധിപൻതന്നെയാണ് തന്റെ ഇച്ഛയും ശ്രദ്ധയും സവിശേഷശക്തിയുംകൊണ്ട് മഹത്തായ അനുഗ്രഹവും ഉന്നതാനുഭൂതിയും പ്രദാനം ചെയ്യുന്നതെന്ന് അനുഗ്രഹം സ്വീകരിക്കുന്ന വ്യക്തി അനുഭവജ്ഞാനമെന്നോണം സ്പഷ്ടമായി അറിയുകയും വേണം. യഥാർഥത്തിൽ അവനു തന്റെ സത്കർമങ്ങളുടെ സമ്പൂർണവും ശാശ്വതവും സംശുദ്ധവും സമുന്നതവും ഏറ്റവും ഹൃദ്യവും പ്രിയമേറിയതുമായ പ്രതിഫലമാണു ലഭിക്കുന്നത്. ഒരുവിധത്തിലുള്ള പരീക്ഷയോ പരീക്ഷണമോ ഇല്ലതന്നെ.

സമ്പൂർണവും സമഗ്രവും ശാശ്വതവും ഉദാത്തവും ഉജ്ജ്വലവുമായ ഈ അനുഗ്രഹത്തിന്റെ ഗുണഭോക്താവാകുന്നതിന് മനുഷ്യൻ അപൂർണവും അതാര്യവും ഇടതിങ്ങിയതും ഇടുങ്ങിയതും ഇടിവു പറ്റിയതും ക്ഷണികവും സംശയകരവുമായ ഈ ലോകത്തുനിന്നു മറ്റൊരു ലോകത്തേക്കു പലായനം ചെയ്യേണ്ടത് അനിവാര്യമാണ്. എന്തെന്നാൽ, പ്രൗഢോജ്ജ്വമായ ദിവ്യസാക്ഷാത്ക്കാരത്തിന്റെ പ്രതീകമത്രേ ഈ

അനുഗ്രഹങ്ങൾ. യഥാർഥ ഔദാര്യവാന്റെ സൗന്ദര്യം മറകളില്ലാതെ അനുഭവജ്ഞാനമെന്നോണം സാക്ഷ്യം വഹിക്കുകയും ദർശനത്തിന്റെയും പ്രത്യക്ഷീഭവിക്കലിന്റെയും ദൃഢബോധ്യത്തിന്റെയും ഒരു തലവും അവശേഷിക്കാതെ, ഭൗതികോപാധികളുടെ യവനികയൊന്നും ഇടയിലില്ലാതെ സമ്പൂർണഗ്രാഹ്യത്തിന്റെ ഓരോ സൂക്ഷ്മാംശവും സകലശക്തിയോടും പ്രവർത്തനസജ്ജമാകുകയും ചെയ്യുക ഇതിൽ നിബന്ധനയാണ്. കൂടാതെ, ആ അനുഗ്രഹങ്ങൾ എല്ലാത്തരം പരീക്ഷകളിൽനിന്നും പരീക്ഷണങ്ങളിൽനിന്നും പരിശുദ്ധമാണെന്ന് ദൈവം സ്വയംതന്നെ വെളിപ്പെടുത്തുമാറ് എത്രയും സുവ്യക്തവും അസന്ദിഗ്ദ്ധവുമായിരിക്കണം. ആ അനുഗ്രഹത്തിൽ മനുഷ്യമനസ്സിനെയും ആത്മാവിനെയും ബാഹ്യാന്തരങ്ങളെയും ശരീരത്തെയും ജീവനെയും, ആധ്യാത്മികവും ശാരീരികവുമായ കഴിവുകളെയും എത്രയും സമ്പൂർണവും സംശുദ്ധവും ശാശ്വതവുമായ നിലയിൽ വലയം ചെയ്യുന്ന ഉന്നതവും ഉദാത്തവുമായ അനുഭൂതികളും ഉണ്ടായിരിക്കേണ്ടതാണ്. അതു യുക്തിക്കും ചിന്തയ്ക്കും അനുമാനത്തിനും സങ്കല്പിക്കാൻ കഴിയുന്നതിലുപരിയായിരിക്കണം.

മൗലികമായി ന്യൂനതയുള്ളതും തമോവൃതവും നശ്വരവും സംശയഗ്രസ്തവും പരിമിതവുമായ ഇഹലോകത്തിന് പ്രൗഢ്ഢോജ്ജ്വലമായ ഈ ദിവ്യസാക്ഷാത്ക്കാരത്തെയും പരിശുദ്ധ പ്രകാശത്തെയും അനശ്വര വരദാനങ്ങളെയും വഹിക്കുക സാധ്യമല്ല. ആ സമ്പൂർണ സമഗ്രശാശ്വത ജ്യോതിസ്സ് ഇതിൽ ഒതുങ്ങുകയുമില്ല. മറിച്ച്, അതു വെളിപ്പെടുന്നതിന് ഭൗതികോപാധികളുടെ അന്ധകാരത്തിൽനിന്നു തികച്ചും സംശുദ്ധവും നിർമുക്തവുമായതും സർവാധികാരിയായ ഏകദൈവത്തിന്റെ സമ്പൂർണവും സമഗ്രവുമായ ശക്തിപ്രഭാവത്തിന്റെ പ്രതീകമായതുമായ മറ്റൊരു ലോകം ആവശ്യമാണ്. എങ്കിലും, സത്യമാർഗത്തിൽ തികവുറ്റ നിലയിൽ ചരിക്കുന്ന സമ്പൂർണമനുഷ്യർ അത്യധികം സവിശേഷമായ ഈ അനുഗ്രഹം ഒരളവോളം ഈ ജീവിതത്തിൽ അനുഭവിക്കുകയും സ്വാത്മാവിന്റെ ആഗ്രഹാഭിലാഷങ്ങളിൽനിന്ന് അകന്നുകൊണ്ട് പൂർണമായി ദൈവത്തിലേക്കു ചായുകയും ചെയ്യുന്നു. മരണത്തിനു മുൻപേതന്നെ മരിക്കുന്ന അവർ ഈ ലോകത്താണെന്നു തോന്നുമെങ്കിലും വാസ്തവത്തിൽ മറ്റൊരു ലോകത്തു നിവസിക്കുന്നവരത്രേ. അവർ സ്വഹൃദയത്തെ ലൗകികമാർഗോപാധികളിൽനിന്നു പിൻവലിക്കുകയും മാനുഷികമായ ശീലങ്ങളെ ഉന്മൂലനം ചെയ്തും ദൈവമല്ലാത്തതിൽനിന്നെല്ലാം മുഖം തിരിച്ചുംകൊണ്ട് അനന്യസാ

ധാരണമായ രീതി അവലംബിക്കുകയും ചെയ്യുന്നതിനാൽ ദൈവവും അവരോട് അപ്രകാരം പെരുമാറുകയും മറ്റുള്ളവർക്കു മരണശേഷം മാത്രം വെളിപ്പെടുന്ന ആ സവിശേഷ വെളിച്ചം അസാധാരണമായ നിലയിൽ അവർക്കു വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ, മേൽപ്രസ്താവിച്ച സംഗതികൾ കാരണം അവർ ഇഹലോകത്തും അത്യധികം സവിശേഷമായ അനുഗ്രഹങ്ങളുടെ വെളിച്ചത്തിൽ ഒരളവോളം ഭാഗഭാക്കാകുന്നു. ഈ അനുഗ്രഹം മറ്റെല്ലാ അനുഗ്രഹങ്ങളെക്കാൾ സവിശേഷതരവും സകലമാന അനുഗ്രഹങ്ങളുടെയും പരകോടിയുമാകുന്നു. ഇതു പ്രാപിക്കുന്നവൻ മഹത്തായ സൗഭാഗ്യങ്ങളിലെത്തിച്ചേരുകയും സർവാനുഭൂതികളുടെയും ഉറവിടമായ ശാശ്വതനിർവൃതി പ്രാപിക്കുകയും ചെയ്യുന്നു. ഇതു ലഭിക്കാത്ത വ്യക്തിക്ക് നരകം എന്നെന്നും വിധിക്കപ്പെട്ടിരിക്കുന്നു. ഈ അനുഗ്രഹത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവം തന്റെ നാമം വിശുദ്ധ ഖുർആനിൽ *മാലിക്കി യൗമിദ്ദീൻ* എന്നു വെച്ചിരിക്കുന്നത്. *ദീൻ* എന്ന പദത്തിനുമുൻപായി *അലിഫ് ലാം* കൊണ്ടു വന്നത്, പ്രതിഫലം കൊണ്ടുള്ള ഉദ്ദേശ്യം വിശുദ്ധ ഖുർആനിൽ സവിസ്തരം രേഖപ്പെട്ടു കിടക്കുന്ന സമ്പൂർണപ്രതിഫലമാണെന്ന് ദ്യോതിപ്പിക്കാൻ വേണ്ടിയാണ്. ഭൗതികമാർഗോപാധികളുടെ സമൂലനാശത്തിലധിഷ്ഠിതമായ *മാലിക്കിയ്യത്തിന്റെ* സമ്പൂർണമായ സാക്ഷാത്ക്കാരം കൂടാതെ സമ്പൂർണ പ്രതിഫലം പ്രകടമാകുന്നതല്ല. മറ്റൊരിടത്ത് ഇതിലേക്കു സൂചന നല്കിക്കൊണ്ടു പറയുന്നു:

لِمَنِ الْمُلْكُ الْيَوْمَ ۖ لِلّٰهِ الْوَاحِدِ الْقَهَّارِ

(വിശുദ്ധ ഖുർആൻ 40:17)

അതായത്, അന്ന് ദൈവത്തിന്റെ രക്ഷാപരിപാലനഗുണം ലൗകികമാർഗോപാധികളുടെ ഇടപെടൽ കൂടാതെ വെളിപ്പെടുകയും സർവോന്നതനായ സ്രഷ്ടാവിന്റെ മഹത്തായ കഴിവും സമ്പൂർണ ശക്തിപ്രഭാവവുമല്ലാതെ ഒന്നുമില്ലെന്നു കാണുകയും അനുഭവിക്കുകയും ചെയ്യുന്നതാണ്. അന്നേരം എല്ലാ സുഖസന്തോഷങ്ങളും എല്ലാ രക്ഷാശിക്ഷകളും ദൈവത്തിൽനിന്നു സുവ്യക്തവും സുതാര്യവുമായ നിലയിൽ വെളിപ്പെടും. ഒരുവിധ മറയോ മൂടുപടമോ ഇടയിൽ വരുന്നതല്ല. ഒരുതരത്തിലുള്ള സംശയത്തിനും ഇടമുണ്ടാകില്ല. അപ്പോൾ അവനുവേണ്ടി മറ്റുള്ളവരിൽനിന്നു ബന്ധം വിച്ഛേദിച്ചവർ തങ്ങളെ സൗഭാഗ്യത്തിൽ

ദർശിക്കുന്നതായിരിക്കും. അത് അവരുടെ ശരീരത്തിലും ജീവനിലും ബാഹ്യാന്തരങ്ങളിലും വ്യാപിക്കുന്നതാണ്. അവരുടെ അസ്തിത്വത്തിന്റെ ഒരംശവും ഈ മഹത്തായ സൗഭാഗ്യം സ്വായത്തമാക്കുന്നതിൽനിന്ന് ഒഴിഞ്ഞു നില്ക്കുന്നതല്ല. ഇവിടെ *മാലിക്കി യൗമിദ്ദീൻ* എന്ന പദത്തിൽ മറ്റൊരു സൂചനകൂടി അടങ്ങിയിരിക്കുന്നു. ആ ദിവസം ആദംസന്തതി കൾക്ക് എത്തുന്ന സന്തോഷമോ ശിക്ഷയോ ആനന്ദമോ ആയാസമോ എന്തുമായിക്കൊള്ളട്ടെ, അതിന്റെ യഥാർഥ കാരണഭൂതൻ ദൈവത്തിന്റെ അസ്തിത്വമായിരിക്കും. അവൻതന്നെയായിരിക്കും വാസ്തവത്തിൽ പ്രതീ കാത്മകകാര്യങ്ങളുടെ ഉടമസ്മസ്ഥനും. മറ്റുവാക്കുകളിൽ പറഞ്ഞാൽ, അവനോടു ബന്ധം സ്ഥാപിക്കുകയോ ബന്ധം വിച്ഛേദിക്കുകയോ ചെയ്യുന്നത് ശാശ്വതസൗഭാഗ്യത്തിനോ ശാശ്വതദൗർഭാഗ്യത്തിനോ ഇട യാക്കുന്നതാണ്. ഇങ്ങനെ അവന്റെ അസ്തിത്വത്തിൽ വിശ്വസിക്കുകയും ഏകദൈവവിശ്വാസം അവലംബിക്കുകയും അവനോടുള്ള പരിശുദ്ധ സ്നേഹത്താൽ സ്വഹൃദയങ്ങളെ വർണാഭമാക്കുകയും ചെയ്തവരു ടെമേൽ ആ സമ്പൂർണ സത്തയുടെ കാരുണ്യകിരണങ്ങൾ തെളിമ യോടെ തുറന്നനിലയിൽ ഇറങ്ങുന്നതാണ്. വിശ്വാസവും ദൈവസ് നേഹവും കരഗതമാകാത്തവരാകട്ടെ, ഈ ആനന്ദാനുഭൂതിയിൽനിന്ന് ഒഴിവാക്കപ്പെടുകയും കഠിനശിക്ഷയിൽ അകപ്പെടുകയും ചെയ്യും.

നാം വിശദമായി പ്രതിപാദിച്ച നാല് അനുഗ്രഹങ്ങളാണിവ. *റഹ്മാൻ* എന്ന ഗുണത്തെ *റഹീം* എന്ന ഗുണത്തിനു മുൻപായി വെക്കുന്നത് അങ്ങേയറ്റം അനിവാര്യവും ഭാഷാചാതുര്യം ആവശ്യപ്പെടുന്നതുമാണ്. എന്തെന്നാൽ, പ്രകൃതിയുടെ ഏടുകളിൽ കണ്ണോടിക്കുമ്പോൾ പ്രഥമ മായും അല്ലാഹുവിന്റെ പൊതുവായ രക്ഷാപരിപാലന ഗുണത്തിൽ ദൃഷ്ടി പതിയുന്നു. ശേഷം അവന്റെ *റഹ്മാനിയ്യത്തിലും* പിന്നീട് അവ ന്റെ *റഹീമിയ്യത്തിലും* ഒടുവിൽ അവന്റെ *മാലിക്കി യൗമിദ്ദീൻ* എന്ന ഗുണത്തിലും ശ്രദ്ധ പതിയുന്നു. പ്രകൃതിയുടെ ഏടുകളിലെ അതേ ക്രമീകരണംതന്നെ വെളിപാടുകളുടെ ഏടുകളിലും സുരക്ഷിതമായി രിക്കണമെന്നാണ് രചനാവൈഭവം ആവശ്യപ്പെടുന്നത്. എന്തെന്നാൽ, രചനയിലെ സ്വാഭാവികമായ ക്രമത്തെ തകിടം മറിക്കുന്നത് പ്രകൃ തിനിയമത്തെ തകിടം മറിക്കുകയും സ്വാഭാവികമായ ക്രമത്തെ കീഴ് മേൽ മറിക്കുകയും ചെയ്യുന്നതുപോലെയാണ്. ഒഴുക്കും ശക്തിയും സമുചിതത്വവുമുള്ള രചനയ്ക്ക് അതിന്റെ രചനാക്രമം പ്രകൃതിയുടെ ക്രമത്തോട് പ്രതിബിംബം പോലെ പൂരകമായിരിക്കേണ്ടത് എത്രയും അനിവാര്യമത്രേ. സ്വാഭാവികമായും സംഭവപരവുമായും പ്രാമുഖ്യമുള്ള

തിന് പ്രതിപാദനത്തിലും പ്രാമുഖ്യം നല്കണമല്ലോ. ആകയാൽ, പ്രസ്തുത വചനത്തിൽ ഉദാത്തമായ രചനാവൈഭവം അടങ്ങിയിരിക്കുന്നു. ഉന്നതമായ ഭാഷാചാതുരിയും ശൈലീപ്രയോഗവുമുണ്ടെങ്കിലും ശരിയായ ക്രമം വരച്ചു കാണിക്കുകയും ഉൾക്കാഴ്ചയുള്ള ഏതൊരാൾക്കും ഗോചരമാകുന്ന രചനാരീതി അവലംബിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രകൃതിയുടെ ഏടുകളിൽ ദിവ്യാനുഗ്രഹങ്ങൾ വെളിപ്പെടുന്ന അതേ ക്രമത്തിൽതന്നെ വെളിപാടുഗ്രന്ഥങ്ങളിലും വെളിപ്പെടണമെന്നതല്ലേ ഏറ്റവും ശരിയായ മാർഗം? ഇത്രയും ഉദാത്തവും യുക്തിയുക്തവുമായ ക്രമത്തിൽ ആക്ഷേപം ചൊരിയുന്നത് വാസ്തവത്തിൽ ഒരേസമയം കാഴ്ചയും ഉൾക്കാഴ്ചയും നഷ്ടപ്പെട്ട അന്ധരുടെ സ്വഭാവമാണ്.

*ദോഷൈകദൃക്കിന്റെ നോട്ടം പതിയുന്നേടത്തെല്ലാം,*
*നന്മയുള്ളിടങ്ങളിൽപ്പോലും തിന്മ മാത്രമേ കാണുകയുള്ളൂ.*

ഇനി ഞാൻ സൂറഃഫാത്തിഹയിൽ *റബ്ബുൽ ആലമീൻ* എന്ന ഗുണം തൊട്ട് *മാലിക്കി യൗമിദ്ദീൻ* വരെ വിവരിച്ചിരിക്കുന്നതെല്ലാം വീണ്ടും ആവർത്തിക്കാം. വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്നതുപ്രകാരം, നാലു മഹനീയ ഗുണവിശേഷങ്ങളാണിവ. അവയെക്കുറിച്ച് ഇവിടെ വിശദീകരിക്കുന്നത് സന്ദർഭോചിതമായിരിക്കുമെന്നു ഞാൻ കരുതുന്നു. ഒന്നാമത്തെ ഗുണവിശേഷം അല്ലാഹു *റബ്ബുൽ ആലമീൻ* ആണെന്നതത്രേ. അതായത്, പ്രപഞ്ചത്തിലുള്ള വസ്തുക്കളുടെയെല്ലാം രക്ഷാപരിപാലകനും ഉടമസ്ഥനും അല്ലാഹുവാകുന്നു. പ്രപഞ്ചത്തിൽ വെളിപ്പെട്ടവയും ദൃശ്യവും അനുഭവവേദ്യവും ബുദ്ധിക്കു ഗ്രഹിക്കാനായവയുമായ എല്ലാ വസ്തുക്കളും സൃഷ്ടികളാണ്. അത്യുന്നതനായ ഏകസ്രഷ്ടാവിനല്ലാതെ മറ്റൊന്നിനും ശരിയായ നിലനില്പില്ല. ചുരുക്കത്തിൽ, പ്രപഞ്ചം, അതിന്റെ സർവാംശങ്ങളുമടക്കം, ഉണ്ടായതും ദൈവത്തിന്റെ സൃഷ്ടിയുമാകുന്നു. അവന്റെ സൃഷ്ടിയല്ലാത്ത ഒരംശവും പ്രപഞ്ചത്തിലില്ല. തന്റെ സമ്പൂർണ രക്ഷാപരിപാലനഗുണത്താൽ അവൻ പ്രപഞ്ചത്തിലെ ഓരോ അണുവിലും നിയന്ത്രണവും ആധിപത്യവും പുലർത്തുന്നു. അവന്റെ രക്ഷാപരിപാലനത്വം സദാ പ്രവർത്തനനിരതമാണ്. പ്രപഞ്ചസൃഷ്ടിപ്പിനുശേഷം ദൈവം അതിനെ നിയന്ത്രിക്കുന്നതിൽനിന്ന് അകന്നിരുന്നുകൊണ്ട് സ്വയം ഒന്നിലും ഇടപെടാതെ എല്ലാം പ്രകൃതിനിയമത്തിനു വിട്ടിരിക്കുകയല്ല. ഒരു യന്ത്രം നിർമിക്കപ്പെടുന്നതോടെ നിർമാതാവിന് അതുമായി ബന്ധമില്ലാത്തതു

പോലെ നിർമ്മിതിക്ക് യഥാർഥ നിർമ്മാതാവുമായി ബന്ധമില്ലാതാകുന്നുവെന്നല്ല. മറിച്ച്, സർവലോകങ്ങളുടെയും പരിപാലകനായ അവൻ തന്റെ സമഗ്രമായ രക്ഷാകർതൃത്വം സർവലോകങ്ങളിലും സ്ഥിരമായി വർഷിച്ചു കൊണ്ടിരിക്കുന്നു. അവന്റെ *റുബൂബിയ്യത്തി*ന്റെ(രക്ഷാപരിപാലനത്വത്തിന്റെ) അനുഗ്രഹവർഷം അനുസ്യൂതം പ്രപഞ്ചമാസകലം ഇറങ്ങിക്കൊണ്ടിരിക്കുന്നു. അവന്റെ അനുഗ്രഹലബ്ധിയിൽനിന്ന് ഒഴിഞ്ഞിരിക്കുന്ന ഒരുസമയവുമില്ലതന്നെ. എന്നല്ല, പ്രപഞ്ചസൃഷ്ടിപ്പിനു ശേഷവും അവൻ ഒന്നും സൃഷ്ടിച്ചില്ലെന്നു തോന്നിക്കുന്ന തരത്തിൽ ഓരോനിമിഷവും അണുവിട വ്യത്യാസമില്ലാതെ ആ അനുഗ്രഹസ്രോതസ്സിന്റെ ആവശ്യകതയുണ്ട്. പ്രപഞ്ചം തന്റെ അസ്തിത്വത്തിനും ആവിർഭാവത്തിനും അവന്റെ *റുബൂബിയ്യത്തിനെ*(രക്ഷാപരിപാലനഗുണത്തെ) ആശ്രയിച്ചിരുന്നതുപോലെത്തന്നെ തന്റെ അതിജീവനത്തിനും നിലനില്പ്പിനും അവന്റെ *റുബൂബിയ്യത്തിനെ*(രക്ഷാപരിപാലന ഗുണത്തെ) ആശ്രയിക്കുന്നു. ഓരോ നിമിഷവും പ്രപഞ്ചത്തെ പുലർത്തിപ്പോരുന്നതും അവൻതന്നെ. പ്രപഞ്ചത്തിലെ ഓരോ കണവും തളരിതമാകുന്നത് അവൻ കാരണമത്രേ. അവൻ തന്റെ ഇച്ഛയ്ക്കും അഭീഷ്ടത്തിനുമൊത്ത് ഓരോ വസ്തുവിനെയും പരിപാലിക്കുന്നു. ഇച്ഛാരഹിതമായി ഒരുവസ്തുവിനെയും അവൻ പരിപാലിക്കുന്നില്ല. ചുരുക്കത്തിൽ, നാം വിവരിക്കുന്ന ഖുർആനികവചനപ്രകാരം ഈ ഗുണവിശേഷംകൊണ്ടുള്ള ഉദ്ദേശ്യം, പ്രപഞ്ചത്തിൽ കാണപ്പെടുന്ന സകലമാന വസ്തുക്കളും സൃഷ്ടികളാണ് എന്നതാണ്. തങ്ങളുടെ സർവമഹത്ത്വങ്ങളിലും സർവഅവസ്ഥാന്തരങ്ങളിലും സർവസമയങ്ങളിലും അല്ലാഹുവിന്റെ *റുബൂബിയ്യത്തി*ന്(രക്ഷാപരിപാലന ഗുണത്തിന്) അവ ആശ്രിതരാണ്. ആ സർവനിയന്താവിന്റെ സവിശേഷമായ ഇച്ഛയില്ലാതെ സൃഷ്ടികളിലാർക്കും സ്വന്തമായ നിലയിൽ ആത്മീയവും ഭൗതികവുമായ ഒരു മഹത്ത്വവും നേടാനാവില്ല. കൂടാതെ, പരിശുദ്ധവചനത്തിന്റെ വിശദീകരണപ്രകാരം ഇതും ഇതുപോലുള്ള മറ്റു ഗുണവിശേഷങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന അർഥം, *റബ്ബുൽ ആലമീൻ* തുടങ്ങിയ ദൈവത്തിൽ കാണപ്പെടുന്ന ഗുണവിശേഷങ്ങൾ ഏകനും പങ്കുകാരനില്ലാത്തവനുമായ ആ സത്തയ്ക്കുമാത്രം സവിശേഷമാക്കപ്പെട്ടതാണെന്നും മറ്റാരും ഇതിൽ പങ്കുകാരില്ലെന്നുമാണ്. ഈ അധ്യായത്തിന്റെ ആദ്യവചനത്തിൽ, അതായത് *അൽഹംദുലില്ലാഹ്*യിൽ, സർവസ്തോത്രങ്ങളും അല്ലാഹുവിനുമാത്രം പ്രത്യേകമാക്കപ്പെട്ടിരിക്കുന്നുവെന്നു വിവരിക്കപ്പെട്ടിരിക്കുന്നു.

രണ്ടാമത്തെ ഗുണവിശേഷം *റഹ്മാൻ* ആകുന്നു. *റബ്ബുൽ ആലമീനു* ശേഷമാണത് വിവരിക്കപ്പെട്ടിരിക്കുന്നത്. നാം വിവരിച്ചിട്ടുള്ളതുപോലെ, *റഹ്മാൻ* എന്നതിന്റെ അർഥം, സകലമാന ജീവജാലങ്ങളുടെയും, അവ യുക്തിബോധമുള്ളവയോ ഇല്ലാത്തവയോ നല്ലതോ ചീത്തതോ ആവട്ടെ, നിലനില്പ്പിനും ജീവിതസന്ധാരണത്തിനും വർഗനിലനില്പ്പിനും അവയുടെ പൂർത്തീകരണത്തിനും പര്യാപ്തമായ എല്ലാവിധ സൗകര്യങ്ങളും ദൈവം തന്റെ പൊതുവായ കാരുണ്യമെന്ന നിലയ്ക്ക് പ്രദാനം ചെയ്യുന്നു, സദാ പ്രദാനം ചെയ്തു കൊണ്ടിരിക്കുന്നു എന്നാണ്. ഒരാളുടെയും കർമത്തെ ആശ്രയിക്കാത്ത നിരുപാധികമായ അനുഗ്രഹമാണിത്.

മൂന്നാമത്തെ ഗുണവിശേഷമാണ് *റഹീം. റഹ്മാനു* ശേഷം പരാമൃഷ്ടമായ ഇതിന്റെ അർഥം, ദൈവം തന്റെ സവിശേഷ കാരുണ്യം ആവശ്യപ്പെടുന്നതനുസരിച്ച്, പ്രയത്നിക്കുന്നവരുടെ പ്രയത്നങ്ങൾക്കു സദ്ഫലങ്ങളുളവാക്കുന്നു എന്നാണ്. പശ്ചാത്തപിക്കുന്നവരുടെ പാപങ്ങൾ പൊറുത്തുകൊടുക്കുകയും ആവശ്യപ്പെടുന്നവർക്കു നല്കുകയും മുട്ടുന്നവർക്കു തുറന്നു കൊടുക്കുകയും ചെയ്യുന്നു.

സൂറഃ ഫാത്തിഹയിൽ പ്രതിപാദിച്ചിട്ടുള്ള നാലാമത്തെ സവിശേഷ ഗുണമാണ് *മാലിക്കി യൗമിദ്ദീൻ.* അതായത് ശ്രേഷ്ഠവുംസമ്പൂർണവുമായ പ്രതിഫലം. അത് എല്ലാവിധ പരീക്ഷണപരീക്ഷകൾ,ഭൗതിക ഇടപെടൽ, അശ്രദ്ധ, കറ്റുകെട്ട് ഇവയിൽ നിന്നെല്ലാം മുക്തവും എല്ലാത്തരം മാലിന്യങ്ങൾ, കാലുഷ്യങ്ങൾ, അനിശ്ചിതത്വം, സംശയം, നഷ്ടം എന്നിവയിൽനിന്നു പരിശുദ്ധവും പ്രൗഢഢോജ്ജ്വലമായ ദിവ്യ സാക്ഷാത്ക്കാരത്തിന്റെ പ്രതീകവുമാകുന്നു. അതിന്റെ ഉടമസ്ഥനും സർവശക്തനായ ആ അല്ലാഹുതന്നെയാകുന്നു. പകൽ പോലെ പ്രദീപ്തമായ തന്റെ പൂർണപ്രതിഫലം നടപ്പിൽ വരുത്താൻ അവൻ ഒരിക്കലും അശക്തനല്ല. ഉത്കൃഷ്ടമായ ഈ ഗുണവിശേഷം പ്രകടമാക്കുന്നതിലൂടെ ഏകസത്യദൈവം ഉദ്ദേശിക്കുന്നത് ഓരോ ആത്മാവിനും അനുഭവജ്ഞാനമെന്നോണം താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ വെളിപ്പെടണമെന്നത്രേ.

ഒന്നാമതായി, രക്ഷാശിക്ഷകൾ യഥാർഥവും സുനിശ്ചിതവുമാണ്. യഥാർഥ ഉടമസ്ഥനിൽനിന്ന് അവന്റെതന്നെ സവിശേഷമായ ഇച്ഛയാൽ അതു ദാസരിൽ ഇറങ്ങുന്നു. ഇഹലോകത്ത് ഇത്ര പൂർണമായ നിലയിൽ വെളിപ്പെടുക സാധ്യമല്ല. എന്തെന്നാൽ, തങ്ങളെ നന്മതിന്മകളും സുഖദുഃഖങ്ങളും ബാധിക്കുന്നത് എന്തുകൊണ്ടാണെന്നും

ആരുടെ ഇച്ഛയാലും അധികാരത്താലുമാണെന്നും ഈ ലോകത്തെ ജനസാമന്യത്തിന് വ്യക്തമല്ല. തന്റെ കർമങ്ങൾക്കുള്ള പ്രതിഫലം അനുഭവിച്ചു കൊണ്ടിരിക്കുകയാണെന്ന് അവരിൽ ആർക്കും തന്നെ അശരീരി കേൾക്കുന്നില്ല. അവൻ അനുഭവിച്ചുകൂട്ടുന്നതൊക്കെയും വാസ്തവത്തിൽ അവന്റെ കർമങ്ങളുടെ ഫലമാണെന്ന് അവൻ കാണുകയോ അനുഭവിക്കുകയോ ചെയ്യുന്നില്ല.

രണ്ടാമതായി ഈ ഗുണവിശേഷത്തിൽ വെളിപ്പെടാൻ ഉദ്ദേശിക്കുന്നത് ഭൗതികോപാധികൾ ഒന്നുമല്ലെന്നും യഥാർഥ കർത്താവ് അല്ലാഹുവാണെന്നുമുള്ള കാര്യമത്രേ. ആ മഹനീയ ഏകസത്തതന്നെയാണ് സർവാനുഗ്രഹങ്ങളുടെ ഉറവിടവും എല്ലാ രക്ഷാശിക്ഷയുടെയും ഉടമസ്ഥാനുമായിട്ടുള്ളവൻ.

മൂന്നാമതായി ഈ ഗുണവിശേഷത്തിൽ വെളിപ്പെടുത്താനുദ്ദേശിക്കുന്നത് മഹത്തരമായ സൗഭാഗ്യവും മഹാദൗർഭാഗ്യവും എന്താണെന്നുള്ളതാണ്. അതായത്, മഹത്തരമായ സൗഭാഗ്യമെന്നത് വെളിച്ചവും ആനന്ദാനുഭൂതിനിർവൃതികളും ഒരു അവയവവും ശക്തിയും ഒഴിഞ്ഞു പോകാതെ മനുഷ്യന്റെ മുഴുവൻ ബാഹ്യാന്തരങ്ങളിലും ശരീരത്തിലും ജീവനിലും വ്യാപിക്കുന്ന മഹാവിജയത്തിന്റെ അവസ്ഥയാണ്. മഹാദൗർഭാഗ്യമാകട്ടെ, അനുസരണക്കേട്, അവിശുദ്ധി, വിമുഖത, ദൈവത്തിൽനിന്നുള്ള അകൽച്ച ഇവയുടെ പരിണതഫലമായി ഹൃദയത്തിൽ ആളിക്കത്തി ശരീരങ്ങളെ ബാധിക്കുകയും താൻ ആകെ നരകാഗ്നിയിലാണെന്ന് തോന്നുകയും ചെയ്യുന്ന കഠിനശിക്ഷയാകുന്നു. ഈ മഹത്തായ സാക്ഷാത്ക്കാരം ഈ ലോകത്ത് വെളിപ്പെടുക സാധ്യമല്ല. എന്തെന്നാൽ, ഭൗതികോപാധികളാൽ പൊതിയപ്പെട്ട് അപൂർണാവസ്ഥയിലിരിക്കുന്ന ഇടുങ്ങിയതും ഞെരുങ്ങിയതും അവ്യക്തവുമായ ലോകത്തിന് ഈ സാക്ഷാത്ക്കാരത്തെ വഹിക്കാനാവില്ല. മറിച്ച്, ഈ ലോകത്ത് പരീക്ഷകളും പരീക്ഷണങ്ങളുമാണ് അതിശയിച്ചു നില്ക്കുന്നത്. അതിലെ സുഖദു:ഖങ്ങൾ ക്ഷണികവും അപൂർണവുമാകുന്നു. കൂടാതെ, ഒരു വ്യക്തി ഇഹലോകത്ത് അനുഭവിക്കുന്നതൊക്കെയും ഭൗതികോപാധികളാകുന്ന മറയ്ക്കു വിധേയമാണ്. അതുമുഖേന പ്രതിഫലം നല്കുന്ന യഥാർഥ ഉടമസ്ഥനായ അല്ലാഹുവിന്റെ വദനം മറയുകയും ഗോപ്യമാവുകയും ചെയ്തിരിക്കുന്നതിനാൽ ഇത് സത്യവും സമ്പൂർണവും സുതാര്യവുമായ നിലയിലുള്ള വിധിന്യായനാൾ ആവുകയില്ല. മറിച്ച്, ഈ ലോകം നശിച്ചതിനുശേഷം വരുന്ന ലോകമേ സത്യവും സമ്പൂർണവും സുതാരുവുമായ നിലയിൽ *യൗമുദ്ദീൻ* അഥവാ

പ്രതിഫലം നല്കുന്ന ലോകം ആവുകയുള്ളു. അതുതന്നെയാണ് മഹത്തായ സാക്ഷാത്ക്കാരത്തിന്റെ പ്രതീകവും പ്രതാപഗരിമയുടെയും സൗന്ദര്യത്തിന്റെയും പ്രഭവസ്ഥാനവും. ഈ ഭൗതികലോകം അതിന്റെ ഘടനയനുസരിച്ച് **ദാറുൽ ജസാ**(പ്രതിഫലം ലഭിക്കുന്ന സ്ഥലം)അല്ല; മറിച്ച്, **ദാറുൽ ഇബ്തിലാ**(പരീക്ഷണാലയം)ആണ്. അതുകൊണ്ടു തന്നെ ഇഹലോകത്ത് ജനങ്ങളെ ബാധിക്കുന്ന സുഖദു:ഖക്ലേശാദികളും കഷ്ടാനുഭവങ്ങളും ദൈവത്തിന്റെ പ്രീതിയോ അപ്രീതിയോ സൂചിപ്പിക്കുന്ന നിർണായക തെളിവുകളല്ല. ഉദാഹരണമായി, ഒരാൾ ധനികനാണെന്നത് ദൈവം അയാളിൽ തൃപ്തനാണെന്നതിനുള്ള ഉറച്ച തെളിവാകുന്നില്ല. ഒരാൾ ദരിദ്രനോ നിരാലംബനോ ആണന്നതും ദൈവം അയാളിൽ കോപിഷ്ഠനാണെന്ന് സ്ഥാപിക്കുന്നില്ല. മറിച്ച്, സമ്പന്നനെ അവന്റെ സമ്പന്നതയിലും ദരിദ്രനെ അവന്റെ ദാരിദ്ര്യത്തിലും പരിശോധിക്കുന്ന രണ്ടു വിധത്തിലുള്ള പരീക്ഷണങ്ങളാണിവ. ഇവയാണ് വിശുദ്ധ ഖുർആനിൽ സവിസ്തരം പ്രതിപാദിക്കപ്പെട്ടിട്ടുള്ള നാലു ഗുണവിശേഷങ്ങൾ.

**(ബറാഹീനെ അഹ്മദിയ്യാ, റൂഹാനി ഖസായിൻ, വാല്യം.1, പേ. 444)**

പ്രപഞ്ചത്തിൽ കാണപ്പെടുന്ന ഓരോ വസ്തുവിനും അതിന്റെ നിലവിലെ രൂപം കൂടിയേ കഴിയൂ എന്നില്ലെന്നത് വ്യക്തമായി തെളിയിക്കപ്പെട്ട സംഗതിയാണ്. ഉദാഹരണമായി, ഭൂമി ഗോളാകൃതിയുള്ളതാണ്. ചിലരുടെ നിഗമനമനുസരിച്ച് ഏതാണ്ട് അതിന് 8000 മൈൽ വ്യാസമുണ്ട്. എന്നാൽ ഇതിന് ഈ രൂപവും വലിപ്പവുംതന്നെ എന്തുകൊണ്ട് വേണമെന്നതിന് ഒരു തെളിവും ഉന്നയിക്കാവതല്ല. ഇതിനേക്കാൾ കൂടിയതോ കുറഞ്ഞതോ അയ വലിപ്പത്തിൽ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽതന്നെ എന്തുകൊണ്ട് അനുവദിച്ചു കൂടാ? ഇതു സംബന്ധിച്ച് യാതൊരു തെളിവും നിലനില്ക്കാത്തതിനാൽ രൂപവും വലിപ്പവും, അവ ചേരുന്നതിന്റെ പേരാണല്ലോ അസ്തിത്വം, ഭൂമിക്ക് അത്യന്താപേക്ഷിതമല്ലെന്നു വന്നു. ഈ നിലയിൽ പ്രപഞ്ചത്തിലെ സർവവസ്തുക്കളുടെ അസ്തിത്വവും ജീവസന്ധാരണവും മൗലികമല്ലെന്നായി. ദൃശ്യമായ ഓരോന്നിന്റെയും അസ്തിത്വം അതിന്റെ നിലവിലെ രൂപത്തോടെ അനിവാര്യമല്ലെന്നു മാത്രമല്ല നിലനില്പ്പിനു ഭീഷണമായ സാഹചര്യങ്ങൾ ഉയർന്നു വന്നാലും പല വസ്തുക്കളും ഉന്മൂലനം ചെയ്യപ്പെടാത്ത സ്ഥിതിവിശേഷങ്ങളും കാണാം. ഉദാഹരണമായി, കഠിനമായ ക്ഷാമവും പകർച്ചവ്യാധിയും പിടിപെട്ടാലും

ആദികാലംതൊട്ടേ എല്ലാറ്റിന്റെയും വിത്ത് സംരക്ഷിക്കപ്പെട്ടു വന്നിട്ടുണ്ട്. ആദികാലംതൊട്ട് ലോകത്ത് ഇറങ്ങിക്കൊണ്ടിരിക്കുന്ന അനേകായിരം കഷ്ടതകളും ദുരന്തങ്ങളും കാരണമായി മനുഷ്യന്റെ അന്നമായ ധാന്യം എപ്പോഴെങ്കിലും ക്ഷാമത്തിന്റെ കാഠിന്യത്താൽ തികച്ചും ഇല്ലാതാകുകയോ, അതിലെ ഏതെങ്കിലും ഇനമെങ്കിലും ലഭ്യമാവാതിരിക്കുകയോ, പകർച്ചവ്യാധിയുടെ തീവ്രത കാരണം ലോകത്തുനിന്ന് മനുഷ്യകുലം നാമാവശേഷമാവുകയോ, ജീവിവർഗങ്ങളിലേതെങ്കിലും അപ്രത്യക്ഷ്യമാവുകയോ, സൂര്യചന്ദ്രന്മാരുടെ ഘടന അലങ്കോലപ്പെടുകയോ, പ്രപഞ്ചസംവിധാനത്തിന് അനിവാര്യമായ വസ്തുക്കളിലേതിന്റെയെങ്കിലും അസ്തിത്വത്തിൽ വിള്ളലുണ്ടാവുകയോ വേണമായിരുന്നുവെന്ന് യുക്തിപരമായി അംഗീകരിക്കാൻ നാം നിർബന്ധിതരാകുന്നു. എന്തെന്നാൽ, കോടിക്കണക്കായ വസ്തുക്കൾ ക്രമക്കേട്, കുഴപ്പം ഇവയിൽനിന്നു സുരക്ഷിതമാവുകയും അവയിൽ ഒരിക്കലും ആപത്ത് ഇറങ്ങാതിരിക്കുകയും ചെയ്യുക എന്നത് യുക്തിക്കെതിരാകുന്നു. ആകയാൽ, അസ്തിത്വപരമായും ജീവസന്ധാരണപരമായും സ്വന്തം നിലയിൽ മൗലികമല്ലാത്തതും അതിജീവനത്തെക്കാളേറെ എന്നെങ്കിലും അലങ്കോലപ്പെടാൻ സാധ്യതയുള്ളതുമായ വസ്തുക്കൾക്ക് ഒരിക്കലും ക്ഷയം സംഭവിക്കാതിരിക്കുകയും, പ്രബലമായ ക്രമീകരണത്തോടും രൂപസൗകുമാര്യത്തോടും അവയുടെ അസ്തിത്വവും നിലനില്പ്പും കാണപ്പെടുകയും, പ്രപഞ്ചത്തിന്റെ കോടിക്കണക്കായ മൗലികസംഗതികളിൽപെട്ട ഒന്നും നിർമൂലനം ചെയ്യാപ്പെടാതിരിക്കുകയും ചെയ്യുക എന്നത് ഇവയ്ക്കെല്ലാം ജീവൻ നല്കുകയും സംരക്ഷിക്കുകയും നിലനിർത്തിപോരുകയും ചെയ്യുന്ന, സമ്പൂർണസവിശേഷഗുണങ്ങളുടെ സമുച്ചയമായ ഒരുവനുണ്ടെന്നുള്ളതിന് സ്പഷ്ടമായ തെളിവാണ്. അതായത്, അവനാണ് നിയന്താവും യുക്തിജ്ഞനും പരമകാരുണ്യവാനും കരുണാമയനും ആയിട്ടുള്ളവൻ. അവൻ സ്വന്തം അസ്തിത്വത്തിൽ അനാദിയും അനന്തനും എല്ലാവിധ പോരായ്മകളിൽനിന്നു പരിശുദ്ധനുമത്രേ. അവനൊരിക്കലും മരണമോ നാശമോ ബാധിക്കുന്നതല്ല. മരണത്തോട് ഒരർഥത്തിൽ സാദൃശ്യം പുലർത്തുന്ന ഉറക്കമയക്കത്തിൽനിന്നുപോലും പരിശുദ്ധനാണവൻ. സമ്പൂർണസവിശേഷഗുണങ്ങളുടെ സമുച്ചയമായ ആ അസ്തിത്വം തന്നെയാണ് ഈ ദൃശ്യപ്രപഞ്ചത്തിന് തികഞ്ഞ യുക്തിയോടും യോഗ്യതയോടുംകൂടി ഉൺമ പ്രദാനം ചെയ്യുകയും ഉൺമയ്ക്ക് ഇല്ലായ്മയുടെമേൽ പ്രാമുഖ്യം നല്കുകയും ചെയ്തത്. തന്റെ മഹത്ത്വവും സൃഷ്ടിഗുണവും രക്ഷാപരി

പാലനവും സ്വയം നിലനില്ക്കുന്നവനെന്ന ഗുണവും കാരണത്താൽ ആരാധനയ്ക്കർഹനായവനും അവൻതന്നെ.

اَللّٰهُ لَآ اِلٰهَ اِلَّا هُوَ اَلْحَیُّ الْقَیُّوْمُ لَا تَاْخُذُهٗ سِنَةٌ وَّلَا نَوْمٌ لَهٗ مَا فِی السَّمٰوٰتِ وَمَا فِی الْاَرْضِ۔

(വിശുദ്ധ ഖുർആൻ 2:256)

എന്ന ഭാഗം വരെയുള്ളതിന്റെ അർഥം മേൽ വിവരിച്ചു കഴിഞ്ഞു. ഇനി നീതി പൂർവം നോക്കുക, എന്തൊരു വാഗ്മയത്തോടും വൈദഗ്ദ്ധ്യത്തോടും വീര്യത്തോടും വിവേകത്തോടും കൂടിയാണ് ഈ സൂക്തത്തിൽ പ്രപഞ്ചസ്രഷ്ടാവിന്റെ അസ്തിത്വത്തിനുള്ള തെളിവ് നിരത്തിയിരിക്കുന്നത്! ബൃഹത്തായതും ഗഹനമായ യുക്തിജ്ഞാനം ഉൾക്കൊള്ളുന്നതുമായ അർഥത്തെ എത്ര കുറഞ്ഞ വാക്കുകളിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്! 'ആകാശഭൂമികളിലുള്ളതെല്ലാം അവന്റെതാണ്' എന്ന വാക്കുകളിലൂടെ സമ്പൂർണഗുണങ്ങളോടു കൂടിയ സ്രഷ്ടാവിന്റെ അസ്തിത്വം പ്രബലമായ തെളിവുകളോടെ സ്ഥാപിച്ചു കാണിച്ചിരിക്കുന്നു. അത്രയ്ക്കു സമ്പൂർണവും സമഗ്രവുമായി ഇന്നുവരെ ഒരു തത്ത്വചിന്തകനും പ്രതിപാദിച്ചിട്ടില്ല. അപൂർണജ്ഞാനികളായ തത്ത്വചിന്തകന്മാർ ആത്മാക്കളും ശരീരങ്ങളും സൃഷ്ടികളാണെന്ന് മനസ്സിലാക്കുന്നില്ല. യഥാർഥ ജീവിതവും യഥാർഥ അസ്തിത്വവും യഥാർഥ നിലനില്പ്പും അല്ലാഹുവിനു മാത്രമുള്ളതാണെന്ന സൂക്ഷമരഹസ്യത്തെപ്പറ്റി അജ്ഞരാണവർ. വാസ്തവികമായ ജീവിതവും അനശ്വര അസ്തിത്വവും സമ്പൂർണസവിശേഷ ഗുണങ്ങളുടെ സമുച്ചയമായ അല്ലാഹുവിനു മാത്രമാണെന്ന് പ്രതിപാദിച്ചിട്ടുള്ള സൂക്തത്തിൽനിന്നു മാത്രമേ ആഴത്തിലുള്ള ഈ ദിവ്യജ്ഞാനം മനുഷ്യന് കരഗതമാവുകയുള്ളു. അവനല്ലാതെ മറ്റൊന്നിനും യഥാർഥ അസ്തിത്വമോ നിലനില്പ്പോ ഇല്ല. ഈ സംഗതിയെയാണ് പ്രപഞ്ചസ്രഷ്ടാവിന്റെ ആവശ്യകതയിലേക്ക് തെളിവായി ഉദ്ധരിച്ചിരിക്കുന്നത്. അവൻ അരുളുന്നു:

لَهٗ مَا فِی السَّمٰوٰتِ وَمَا فِی الْاَرْضِ۔

(വിശുദ്ധ ഖുർആൻ 2:256)

അതായത്, പ്രപഞ്ചത്തെ സംബന്ധിച്ചിടത്തോളം അതു സ്വയം നിലനില്ക്കുന്നതോ സ്വയം ഉപജീവിക്കുന്നതോ ആയതല്ലാത്തതിനാൽ അതിനു ജീവിതവും ജീവിതസന്ധാരണവും നല്കാൻ കാരണഭൂതനായ ഒരുവന്റെ ആവശ്യകത തീർച്ചയായും വിളിച്ചോതുന്നുണ്ട്. ആ കാരണഭൂതൻ തീർച്ചയായും സമ്പൂർണസവിശേഷ ഗുണങ്ങളുടെ സമുച്ചയവും പ്രപ

ഞ്ചത്തെ തന്റെ ഇച്ഛയ്ക്കൊത്ത് നിയന്ത്രിക്കുന്നവനും യുക്തിജ്ഞനും അദൃശ്യജ്ഞാനമുള്ളവനും ആയിരിക്കണം. അവനത്രേ അല്ലാഹു. എന്തെന്നാൽ, വിശുദ്ധ ഖുർആന്റെ സാങ്കേതികപ്രയോഗമനുസരിച്ച് അല്ലാഹു എന്നത് സമ്പൂർണസവിശേഷ ഗുണങ്ങളുടെ സമുച്ചയത്തിന്റെ പേരാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു എന്ന നാമത്തെ സമ്പൂർണസ വിശേഷ ഗുണങ്ങളുടെ വിശേഷ്യമാക്കിയതും ഇക്കാരണത്താലാകുന്നു. അല്ലാഹു സർവലോകരക്ഷിതാവ് ആകുന്നു, പരമകാരുണികനാകുന്നു, കരുണാമയനാകുന്നു, സ്വന്തം ഇച്ഛയാൽ നിയന്ത്രിക്കുന്നവനാ കുന്നു, യുക്തിജ്ഞനാകുന്നു, അദൃശ്യങ്ങൾ അറിയുന്നവനാകുന്നു, സർവശക്തനാകുന്നു, അനാദ്യന്തനാകുന്നു എന്നിങ്ങനെ പലയിടങ്ങ ളിലും പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. ആകയാൽ, സമ്പൂർണ സവിശേഷഗുണങ്ങളുടെ സമുച്ചയമായ ഒരു സത്തയുടെ നാമമാണ് അല്ലാഹുവെന്നത് വിശുദ്ധ ഖുർആന്റെ ഒരു സാങ്കേതികശൈലിയാ യിത്തീർന്നിരിക്കുന്നു. ഇക്കാരണത്താലാണ് ഈ സൂക്തത്തിന്റെ ആരം ഭത്തിലും അല്ലാഹു എന്ന നാമം പ്രയുക്തമായിരിക്കുന്നത്. അവൻ അരുളുന്നു:

اَللّٰهُ لَآ اِلٰهَ اِلَّا هُوَ اَلْحَيُّ الْقَيُّوْمُ۔

(വിശുദ്ധ ഖുർആൻ 2:256)

അതായത്, ക്ഷണികമായ ഈ ലോകത്തെ നിലനിർത്തിപ്പോരുന്ന അസ്തിത്വം സകല ശ്രേഷ്ഠതകളുടെയും സമുച്ചയമാകുന്നു. പ്രബലമായ ക്രമീകരണത്തോടും ഘടനാസൗകുമാര്യത്തോടുംകൂടി ഉൺമ പ്രാപി ക്കുകയും സംവിധാനിക്കപ്പെടുകയും ചെയ്ത ഈ പ്രപഞ്ചത്തെപ്പറ്റി അവയിൽനിന്നുതന്നെയുള്ള ചില വസ്തുക്കൾ ചിലതിന് കാരണഭൂ തമാകാമെന്ന് പരികല്പന ചെയ്യുന്നത് തെറ്റാകുന്നു എന്നാണ് ഇതു സൂചിപ്പിക്കുന്നത്. യുക്തിജ്ഞാനത്താൽ നിർഭരമായ യുക്തിയുക്തമായ ഈ സംരംഭത്തിന് സ്വന്തം ഇച്ഛയാൽ നിയന്ത്രിക്കുന്നവനും യുക്തി ജ്ഞനും സർവജ്ഞനും കരുണാനിധിയും അനശ്വരനും സമ്പൂർണ സവിശേഷ ഗുണങ്ങളോടു കൂടിയവനുമായ സ്രഷ്ടാവിന്റെ ആവശ്യക തയാണുള്ളത്. അതിനാൽ സ്വന്തമായ നിലയിൽ സമ്പൂർണശ്രേഷ്ഠത കളുള്ളവനാണ് അല്ലാഹു. പ്രപഞ്ചസ്രഷ്ടാവിന്റെ അസ്തിത്വത്തിനുള്ള തെളിവുകൾ നിരത്തിയതിനുശേഷം ആ സ്രഷ്ടാവ് എല്ലാത്തരം പങ്കു വെക്കലിൽനിന്നും പരിശുദ്ധനാണെന്ന് സത്യാന്വേഷിയെ ബോധ്യ പ്പെടുത്തുക അനിവാര്യമായിരുന്നു. അതിലേക്കു സൂചന നല്കിക്കൊണ്ട് പറഞ്ഞു:

قُلْ هُوَ اللّٰهُ اَحَدٌ۔ اَللّٰهُ الصَّمَدُ۔۔۔

(വിശുദ്ധ ഖുർആൻ 112:2–5)

ഒരു വരിപോലും തികച്ചില്ലാത്ത ഇത്ര ചുരുങ്ങിയ വാക്കുകളിൽ എത്ര സൗകുമാര്യത്തോടും സൂക്ഷ്മതയോടും കൂടിയാണ് എല്ലാവിധ പങ്കു വെക്കലിൽനിന്നും പരിശുദ്ധനാണ് ആ സ്രഷ്ടാവെന്ന് വിവരിച്ചിരി ക്കുന്നതെന്നത് ശ്രദ്ധേയമത്രേ. ഇതിനെ ഇപ്രകാരം വിശദീകരിക്കാം: യുക്തിയുടെ ഗണനപ്രകാരം പങ്കുവെയ്ക്കൽ നാലുവിധമാണ്. പങ്കുവെ യ്ക്കൽ ചിലപ്പോൾ എണ്ണത്തിലാകാം; സ്ഥാനത്തിലാകാം; വംശപരമ്പ രയിലാവാം; പ്രവൃത്തിയിലും പ്രഭാവത്തിലുമാകാം. ആകയാൽ ഈ സൂറത്തിൽ ദൈവം ഈ നാലുവിധത്തിലുള്ള പങ്കുവെക്കലിൽ നിന്നും പരിശുദ്ധനാണെന്ന് പ്രതിപാദിച്ചിരിക്കുന്നു. അവൻ എണ്ണത്തിൽ ഏക നാണ്, രണ്ടോ മൂന്നോ അല്ല, എന്ന് തുറന്ന് പ്രഖ്യാപിച്ചിരിക്കുന്നു. അവൻ *സ്വമദ്* ആകുന്നു. അതായത്, അനിവാര്യ അസ്തിത്വമെന്ന പദവിയിലും ആശ്രയം നല്കുന്നതിലും അവൻ നിസ്തുലനും നിരുപ മനുമാകുന്നു. അവനൊഴികെയുള്ള മറ്റുവസ്തുക്കൾക്കെല്ലാം ആശ്രി തവും നശ്വരവുമായ നിലനില്പ്പേയുള്ളു. അവയെല്ലാം സദാ അവന്റെ ആശ്രയത്തിലാണ്. അവൻ *ലം യലിദ്* ആകുന്നു. അതായത്, മകനെന്ന നിലയിൽ അവന്റെ പങ്കുകാരനാകാൻ അവന് ഒരു മകനുമില്ല. അവൻ *ലം യൂലദ്* ആകുന്നു. എന്നുവെച്ചാൽ, പിതാവെന്ന നിലയിൽ പങ്കുകാ രനാകാൻ അവന് ഒരു പിതാവുമില്ല. അവൻ *ലം യകുൻ ലഹു കു ഫുവൻ* ആകുന്നു. അതായത്, കർമപരമായി പങ്കാളിത്തം വാദിക്കാൻ അവന്റെ പ്രവൃത്തികളിൽ സമന്മാരായി ആരും തന്നെയില്ല. ഇങ്ങനെ അല്ലാഹു നാലുവിധത്തിലുള്ള പങ്കുവെക്കലിൽനിന്നു പരിശുദ്ധനും മുക്തനുമാണെന്നും ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നും അരു ളിയിരിക്കുന്നു. തുടർന്ന് അവൻ ഏകനും പങ്കുകാരനില്ലാത്തവനുമാ ണെന്നതിലേക്ക് യുക്തിപരമായ ഒരു തെളിവും വിവരിക്കുകയുണ്ടായി. അവൻ അരുളി:

لَوْ كَانَ فِيهِمَآ ءَالِهَةٌ إِلَّا ٱللَّهُ لَفَسَدَتَا

(വിശുദ്ധ ഖുർആൻ 21:23)

وَمَا كَانَ مَعَهُۥ مِنْ إِلَٰهٍ

(വിശുദ്ധ ഖുർആൻ 23:92)

അതായത്, ആകാശഭൂമികളിൽ സമ്പൂർണസവിശേഷ ഗുണങ്ങളുടെ സമുച്ചയമായ ആ ഏകസത്തയൊഴികെ മറ്റേതെങ്കിലും ദൈവം ഉണ്ടായി ന്നെങ്കിൽ അവ രണ്ടും താറുമാറായേനെ. എന്തെന്നാൽ, തീർച്ചയായും ദൈവങ്ങളുടെ ആ സംഘം എന്നെങ്കിലും ഒരാൾ മറ്റൊരാൾക്കെതിരെ പ്രവർത്തിക്കുമായിരുന്നു. ഈ ഭിന്നിപ്പും സംഘർഷവും പ്രപഞ്ചത്തിൽ

ക്രമക്കേടിനു വഴിയൊരുക്കും. തന്നെയുമല്ല, സ്രഷ്ടാക്കളായ വേറെയും ദൈവങ്ങളുണ്ടായിരുന്നെങ്കിൽ അവരെല്ലാവരും സ്വന്തം സൃഷ്ടികളുടെ നന്മ ആഗ്രഹിക്കുകയും അവരുടെ സുഖത്തിനുവേണ്ടി മറ്റുള്ളവർ നശിച്ചോട്ടെ എന്ന് കരുതുകയും ചെയ്യുന്നവരായിരിക്കും. അങ്ങനെ ഇതും പ്രപഞ്ചത്തിൽ ക്രമക്കേടിനു കാരണമായേനെ.

ഇതുവരെ പൂർവവത്ത് വാദം[1] മുഖേന അല്ലാഹു ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് സ്ഥാപിച്ചിരിക്കുന്നു. തുടർന്ന് അല്ലാഹു ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നതിലേക്ക് തെളിവായി ശേഷവത്ത് വാദം[2] പ്രതിപാദിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِهِ فَلَا يَمْلِكُونَ كَشْفَ الضُّرِّ عَنكُمْ وَلَا تَحْوِيلًا

(വിശുദ്ധ ഖുർആൻ 17:57)

അതായത്, ബഹുദൈവാരാധകരോടും അത്യുന്നതനായ സ്രഷ്ടാവിന്റെ സത്തയെ നിഷേധിക്കുന്നവരോടും പറയുക, ദൈവത്തിന്റെ പ്രപഞ്ചസംവിധാനത്തിൽ മറ്റേതെങ്കിലും കൂട്ടർ പങ്കാളികളാണെങ്കിൽ, അതല്ല നിലവിലെ ഭൗതികോപാധികൾ തന്നെ എല്ലാറ്റിനും പര്യാപ്തമാണ് എന്നാണെങ്കിൽ ഇന്ന് ഇസ്‌ലാമിന്റെ സത്യതെളിവുകളെയും അതിന്റെ പ്രഭാവത്തെയും പ്രബലതയെയും ചൊല്ലി കലിയിളകിയിരിക്കുന്ന നിങ്ങൾ ആ പങ്കാളികളെ സഹായത്തിനായി വിളിച്ചു കൊള്ളുക. ഓർക്കുക, അവർക്കൊരിക്കലും തന്നെ നിങ്ങളുടെ പ്രയാസമകറ്റാൻ സാധിക്കുകയില്ല. നിങ്ങളിൽനിന്ന് വിപത്തുകളെ തട്ടിമാറ്റാനും കഴിയുകയില്ല. അല്ലയോ പ്രവാചകരേ, ഈ ബഹുദൈവാരാധകരോടു പറയുക, നിങ്ങൾ ആരാധിക്കുന്ന പങ്കാളികളെ എനിക്കെതിരിൽ കൊണ്ടുവരുവിൻ. എന്നെ പരാജയപ്പെടുത്താൻ കഴിയുന്ന പദ്ധതികളെല്ലാം ആവിഷ്ക്കരിച്ചു കൊള്ളുവിൻ. എനിക്ക് സാവകാശവും തരണമെന്നില്ല. ഒരു കാര്യം ഓർത്തു കൊള്ളുക. വിശുദ്ധ ഖുർആൻ ഇറക്കിയ ആ അല്ലാഹുവാണ് എന്റെ സംരക്ഷകനും സഹായിയും കാര്യനിർവാഹകനുമായിട്ടുള്ളവൻ. അവൻ തന്റെ സത്യസന്ധരും സദ്‌വൃത്തരുമായ ദൂതന്മാരുടെ കാര്യങ്ങൾ സ്വയം നിർവഹിച്ചു കൊടുക്കുന്നു.നിങ്ങൾ സഹായത്തിനായി വിളിക്കുന്നവരാകട്ടെ, അവർക്ക് നിങ്ങളെയോ തങ്ങളത്തന്നെയോ സഹായിക്കാനാവില്ല.

1. *കാരണം കണ്ട് കാര്യത്തെ തെളിയിക്കുന്ന തർക്കശാസ്ത്രപ്രമാണത്തെയാണ്* **ദലീലെ ലിമ്മി** *അഥവാ* **പൂർവവത്ത്** *എന്നു പറയുന്നത്-വിവ:*

2. *കാര്യം കണ്ട് കാരണത്തെ തെളിയിക്കുന്ന തർക്കശാസ്ത്രപ്രമാണത്തെയാണ്* **ദലീലെ ഇന്നീ** *അഥവാ* **ശേഷവത്ത്** *എന്നു പറയുന്നത്-വിവ:*

തുടർന്ന്, പ്രകൃതിനിയമത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹു എല്ലാവിധ ദൂഷ്യങ്ങളിൽനിന്നും പോരായ്മകളിൽനിന്നും പരിശുദ്ധ നാണെന്ന് സമർഥിച്ചു. പറഞ്ഞു:

تُسَبِّحُ لَهُ السَّمٰوٰتُ السَّبْعُ وَالْاَرْضُ وَمَنْ فِيْهِنَّ۔

(വിശുദ്ധ ഖുർആൻ 17:45)

അതായത്, ഏഴാകാശങ്ങളും ഭൂമിയും അവയിലുള്ളവയുമെല്ലാം അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. ഒരു വസ്തുവും അവന്റെ പരിശുദ്ധിയെ വാഴ്ത്താത്തതായിട്ടില്ല. അവയുടെ പ്രകീർത്തനങ്ങൾ നിങ്ങൾ ഗ്രഹിക്കുന്നില്ല. ആകാശഭൂമികളിൽ ആഴത്തിൽ ചിന്തിക്കു ന്നതായാൽ അല്ലാഹു പരിപൂർണനും പരിശുദ്ധനും, പുത്രന്മാരിൽ നിന്നും പങ്കുകാരിൽനിന്നും മുക്തനുമാണെന്ന് തെളിയുന്നു. ഗ്രാഹ്യ ശക്തിയുള്ളവർക്കേ ഇതു തെളിയുകയുള്ളു.

അതുകഴിഞ്ഞ് ഭാഗികമായ നിലയിൽസൃഷ്ടിപൂജകരുടെ കുറ്റം തെളിയിച്ചുകാട്ടുകയും അവർ തെറ്റിലാണെന്ന് വ്യക്തമാക്കുകയും ചെയ്തു.

പറയുന്നു:

قَالُوا اتَّخَذَ اللّٰهُ وَلَدًا سُبْحٰنَهٗ ؕ هُوَ الْغَنِيُّ۔

(വിശുദ്ധ ഖുർആൻ 10:69)

അതായത്, അല്ലാഹുവിന് പുത്രന്മാരുണ്ടെന്ന് ചിലർ പറയുന്നു. പുത്രൻ ആവശ്യമായി വരിക എന്നതു തന്നെ ഒരു ന്യൂനതയാണ്. ദൈവമാ കട്ടെ, എല്ലാവിധ ന്യൂനതകളിൽ നിന്നും പരിശുദ്ധനാകുന്നു. ആരു ടെയും ആവശ്യമില്ലാത്ത പരാശ്രയരഹിതനാണവൻ. ആകാശഭൂമി കളിലുള്ളതെല്ലാം അവന്റേതത്രേ. നിങ്ങളുടെ പക്കലുള്ള ഒരുവിധ അറിവുകൊണ്ടും പിന്തുണയ്ക്കാനാവാത്ത വ്യാജാരോപണങ്ങൾ ദൈവ ത്തിൽ ഉന്നയിക്കുകയോ? അല്ലാഹുവിന് പുത്രന്മാരുടെ ആവശ്യമെന്ത്? അവൻ പരിപൂർണനാകുന്നു. ദൈവികധർമങ്ങൾ നിർവഹിക്കാൻ അവൻ ഒറ്റയ്ക്കുതന്നെ മതി; മറ്റൊരു പദ്ധതിയുടെയും ആവശ്യമില്ലതന്നെ. അല്ലാഹുവിന് പുത്രിമാരുണ്ടെന്ന് ചിലർ പറയുന്നു. അവനാകട്ടെ, ഈ പോരായ്മകളിൽനിന്നെല്ലാം പരിശുദ്ധനാണ്. നിങ്ങൾക്ക് പുത്ര ന്മാരും അവനിൽ പുത്രിമാരെ ആരോപിക്കുകയും ചെയ്യുകയോ? ഇതു ശരിയായ പങ്കു വെയ്ക്കലല്ല[1].അല്ലയോ ജനങ്ങളേ, നിങ്ങളെയും

1.വിശുദ്ധ ഖുർആൻ 53:22-23

നിങ്ങളുടെ പൂർവപിതാക്കളെയും സൃഷ്ടിച്ച, ഏകനും പങ്കുകാരനില്ലാത്തവനുമായ ആ അല്ലാഹുവിനെ ആരാധിക്കുവിൻ. ഭൂമിയെ നിങ്ങൾക്കായി വിരിപ്പും ആകാശത്തെ മേൽക്കുരയുമാക്കുകയും ചെയ്ത സർവശക്തനെ നിങ്ങൾ ഭയപ്പെടുക. അവൻ ആകാശത്തുനിന്ന് വെള്ളമിറക്കിക്കൊണ്ട് ഫലങ്ങളിൽനിന്നുള്ള വിവിധങ്ങളായ വിഭവങ്ങളെ നിങ്ങൾക്കായി ഉത്പാദിപ്പിച്ചു. ആകയാൽ, നിങ്ങളുടെ ഗുണത്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ട വസ്തുക്കളെ നിങ്ങൾ അറിഞ്ഞുകൊണ്ട് അവനു പങ്കാളികളാക്കരുത്[1]. ദൈവം ഏകനാണ്; അവനു പങ്കുകാരായി ആരുമില്ല. ആകാശത്ത് അവൻതന്നെയാണ് ദൈവം. ഭൂമിയിലും ദൈവം അവതന്നെ[2]. ആദ്യനും അന്ത്യനും പ്രത്യക്ഷനും പരോക്ഷനും അവൻ തന്നെ.[3] ദൃഷ്ടികൾക്ക് അവന്റെ പൊരുളിനെ പൂർണമായി ഗ്രഹിക്കാനാവില്ല. അവനാകട്ടെ, ദൃഷ്ടികളുടെ യാഥാർഥ്യം പൂർണമായി അറിയാം.[4] എല്ലാറ്റിന്റെയും സ്രഷ്ടാവാണവൻ. അവനു തുല്യനായി ആരുമില്ല. ഓരോ വസ്തുവിനെയും നിശ്ചിത അളവിലും ക്ലിപ്തമായ ഘടനയോടുംകൂടി സൃഷ്ടിച്ചിരിക്കുന്നുവെന്നത് അവൻ സ്രഷ്ടാവാണെന്നതിനുള്ള സ്പഷ്ടമായ തെളിവാകുന്നു. ഇതിനെ നിയന്ത്രിക്കുകയും പരിധി നിശ്ചയിക്കുകയും[5] ചെയ്യുന്ന ഒരസ്തിത്വമുണ്ടെന്ന് ഇതിൽനിന്നു തെളിയുന്നു. സർവസ്തുതിയും അവനുള്ളതത്രേ. ഇഹപരലോകങ്ങളിലെ യഥാർഥ അനുഗ്രഹദാതാവും അവൻതന്നെ. സകല അധികാരങ്ങളും അവന്റെ കരങ്ങളിലാണ്. എല്ലാത്തിന്റെയും മടക്കവും ഒടുക്കവും അവനിലേക്കാകുന്നു. താനിച്ഛിക്കുന്നവർക്ക് എല്ലാ പാപങ്ങളും അവൻ പൊറുത്തുകൊടുക്കുന്നു. എന്നാൽ ശിർക്ക് ഒരിക്കലും പൊറുക്കപ്പെടുന്നതല്ല.[6]ആകയാൽ, ദൈവത്തെ കണ്ടുമുട്ടണമെന്നുള്ള വ്യക്തി ഒരുതരത്തിലും അലങ്കോലപ്പെടാത്ത കർമങ്ങൾ അനുഷ്ഠിക്കുകയും അല്ലാഹുവിനെ ആരാധിക്കുന്നതിൽ ആരെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുകയാണ് വേണ്ടത്[7]. അല്ലാഹുവിനോട്

1. വിശുദ്ധ ഖുർആൻ 2:22-23
2. വിശുദ്ധ ഖുർആൻ 43:85
3. വിശുദ്ധ ഖുർആൻ 57:4
4. വിശുദ്ധ ഖുർആൻ 6:104
5. വിശുദ്ധ ഖുർആൻ 25:3
6. വിശുദ്ധ ഖുർആൻ 4:49
7. വിശുദ്ധ ഖുർആൻ 18:111

മറ്റൊന്നിനെയും ഒരിക്കലും പങ്കു ചേർക്കാതിരിക്കുക. അല്ലാഹുവിൽ പങ്കുചേർക്കുന്നത് ഗൗരവതരമായ അന്യായമാകുന്നു[1].അല്ലാഹുവിനോടല്ലാതെ മറ്റൊന്നിനോടും ആഗ്രഹസാഫല്യത്തിനായി ചോദിക്കരുത്. എല്ലാം നശിക്കും. അവന്റെ സത്തമാത്രമേ അവശേഷിക്കുകയുള്ളൂ. അധികാരം അവന്റെ കരങ്ങളിലത്രേ.അവനിലേക്കുതന്നെയാണ് നിങ്ങളുടെ മടക്കവും[2].

**(ബറാഹീനെ അഹ്മദിയ്യ, റൂഹാനി ഖസായിൻ, വാല്യം.1, പേജ്. 515-521 ,അടിക്കുറിപ്പ് 3)**

## ദൈവത്തിന്റെ സൗന്ദര്യവും ഔദാര്യവും

ദൈവത്തിന്റെ പ്രകൃതിനിയമവും, മനുഷ്യസൃഷ്ടിപ്പുതൊട്ട് ചിരന്തനമായി നിലനിന്നു വരുന്ന മനുഷ്യപ്രകൃതിയും നമ്മെ പഠിപ്പിക്കുന്നത് ദൈവവുമായി ഗാഢബന്ധം സ്ഥാപിക്കുന്നതിന് അവന്റെ ഔദാര്യത്തെയും സൗന്ദര്യത്തെയും അനുഭവിച്ചറിയണമെന്നാണ്. നേരത്തെ വിവരിച്ചതു പോലെ, ഔദാര്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു മനുഷ്യൻ തന്റെ അസ്തിത്വത്തിൽ സ്വയം ദർശിച്ചിരിക്കുന്ന ദൈവത്തിന്റെ പെരുമാറ്റ രീതികളാണ്. ഉദാഹരണമായി, അവൻ നിസ്സഹായനും ദുർബലനും നിരാലംബനുമായ വേളയിൽ ദൈവം അവനെ സംരക്ഷിച്ചിരിക്കാം; ഇല്ലായ്മയും ആവശ്യവും നേരിടുമ്പോൾ ദൈവം സ്വയം അവന്റെ ആവശ്യം സാധിച്ചു കൊടുക്കലാകാം; അസഹ്യമായ തീവ്ര ദു:ഖം അനുഭവിക്കുന്ന നേരത്ത് ദൈവം സ്വയം സഹായിക്കുന്നതാകാം; ദൈവത്തെ അന്വേഷിച്ചിറങ്ങുന്ന അവന് ഒരു മാർഗദർശകന്റെയും മധ്യവർത്തിത്വം കൂടാതെ ദൈവം സ്വയംതന്നെ മാർഗദർശനം നല്കിയതുമാകാം. സൗന്ദര്യംകൊണ്ട് ഉദ്ദേശിക്കുന്നത് ഔദാര്യമെന്നോണം വെളിപ്പെടുന്ന ദൈവത്തിന്റെ സുന്ദരഗുണങ്ങളാണ്. ഉദാഹരണമായി, അല്ലാഹുവിൽ കാണപ്പെടുന്ന സമ്പൂർണശക്തിപ്രഭാവം, അലിവ്, കനിവ്, രക്ഷാപരിപാലനം, കാരുണ്യം, അവനിൽനിന്ന് പൊതുവായി ദൃശ്യമാകുന്ന രക്ഷാകർതൃത്വം, മനുഷ്യന്റെ സുഖസന്തോഷങ്ങൾക്കു വേണ്ടിയുള്ള അവന്റെ സാമാന്യഅനുഗ്രഹങ്ങൾ, മരണത്തിൽനിന്നും നാശത്തിൽനിന്നും രക്ഷപ്പെടുന്നതിന് മനുഷ്യൻ പ്രവാചകന്മാർ മുഖേന സ്വായത്തമാക്കുന്ന അവന്റെ ജ്ഞാനം, അസ്വസ്ഥരുടെയും ആയാസപ്പെടുന്നവരുടെയും പ്രാർഥന കേൾക്കുന്നുവെന്ന അവന്റെ ഗുണം,

1.വിശുദ്ധ ഖുർആൻ 31:14
2.വിശുദ്ധ ഖുർആൻ 28:89

അവനിലേക്ക്തിരിയുന്നവരിലേക്ക് അവൻ അവരെക്കാൾകൂടുതലായിതിരിയുന്നു എന്ന അവന്റെ സവിശേഷത– ഈ സവിശേഷഗുണങ്ങളെല്ലാം അവന്റെ സൗന്ദര്യത്തിൽ ഉൾപ്പെടുന്നതാണ്. അതേസമയം, ഈ സവിശേഷഗുണങ്ങളിൽനിന്ന് ഒരു വ്യക്തി പ്രത്യേകമായ നിലയിൽ അനുഗ്രഹം കരസ്ഥമാക്കുമ്പോൾ മറ്റുള്ളവർക്കത് സൗന്ദര്യമാണെങ്കിലും അവനെ സംബന്ധിച്ചിടത്തോളം അവ ഔദാര്യങ്ങളെന്നും വിളിക്കപ്പെടുന്നു. വാസ്തവത്തിൽ സുന്ദരവും സുകുമാരവുമായ ദൈവികഗുണവിശേഷങ്ങളെ ഒരു വ്യക്തി ഔദാര്യരൂപേന ദർശിക്കുന്നതോടെ അവന്റെ വിശ്വാസം ദൃഢതരമായിത്തീരുന്നു. ഇരുമ്പ് കാന്തത്തോട് അടുക്കുന്നതുപോലെ അവൻ അല്ലാഹുവിലേക്ക് ആകൃഷ്ടനാകുന്നു. ദൈവത്തോടുള്ള അവന്റെ സ്നേഹം വളരെയേറെ വർദ്ധിക്കുകയും അവൻ ദൈവത്തിൽ ശക്തമായ വിശ്വാസം വെച്ചുപുലർത്തുകയും ചെയ്യുന്നു. അവന്റെ സകല സൗഭാഗ്യങ്ങളും ദൈവത്തിലാണെന്ന് അനുഭവിച്ചറിയുന്നതിനാൽ ദൈവത്തിൽ അവൻ ഉറച്ച പ്രതീക്ഷകൾ വെച്ചുപുലർത്തുന്നു. യാതൊരു നാട്യമോ കൃത്രിമത്വമോ കൂടാതെ സ്വാഭാവികമായ നിലയിൽ അവൻ ദൈവത്തിലേക്കു ചായുകയും താൻ അനുനിമിഷം ദൈവികസഹായത്തിന് വിധേയനാണെന്ന് അറിയുകയും ചെയ്യുന്നു. ദൈവത്തിന്റെ ഈ സമ്പൂർണഗുണവിശേഷങ്ങളിൽ വിചിന്തനം ചെയ്യുന്നതിലൂടെ താൻ വിജയം പ്രാപിക്കുകതന്നെ ചെയ്യുമെന്ന് അവൻ ദൃഢമായി വിശ്വസിക്കുന്നു. എന്തെന്നാൽ, ദൈവികകടാക്ഷങ്ങളുടെ, അനുഗ്രഹങ്ങളുടെ, ഔദാര്യങ്ങളുടെ നിരവധി സംഭവങ്ങൾക്ക് അവൻ ദൃക്സാക്ഷിയാണ്. അതുകൊണ്ടുതന്നെ അവന്റെ പ്രാർഥനകൾ ശക്തമായ ദൃഢജ്ഞാനത്തിന്റെ നീരുറവയിൽ നിന്നാണ് നിർഗളിക്കുന്നത്. അവന്റെ സ്ഥൈര്യം അങ്ങേയറ്റം സുദൃഢവും അചഞ്ചലവുമായിത്തീരുന്നു. ഒടുവിൽ ദൈവികകടാക്ഷങ്ങളും ഔദാര്യങ്ങളും ദർശിക്കുന്നതോടെ ദൃഢവിശ്വാസത്തിന്റെ ദിവ്യവെളിച്ചം വളരെ ശക്തമായി അവനിൽ പ്രവേശിക്കുകയും അവന്റെ അഹംബോധം ദഹിച്ചില്ലാതാകുകയും ചെയ്യുന്നു. ദൈവമഹത്ത്വത്തെയും ദൈവികശക്തിപ്രഭാവത്തെയും അധികമായി വിചിന്തനം ചെയ്യുന്നതിനാൽ അവന്റെ ഹൃദയം ദൈവഭവനമായിത്തീരുന്നു. ഒരുവ്യക്തിക്ക് ജീവനുള്ളേടത്തോളം മനുഷ്യാത്മാവ് ശരീരം വിട്ടു പോകാത്തതുപോലെ, സർവശക്തനും പ്രതാപവാനുമായ അല്ലാഹുവിൽനിന്ന് അവന്റെയുള്ളിൽ പ്രവേശിച്ചിട്ടുള്ള ദൃഢവിശ്വാസം ഒരിക്കലും അവനിൽനിന്ന് വേർപെടുന്നതല്ല. അവന്റെ ഉള്ളിൽ പരിശുദ്ധാത്മാവ് സദാ തുടിച്ചു കൊണ്ടിരിക്കും. ആ

പരിശുദ്ധാത്മാവിന്റെ നിർദ്ദേശാനുസരണം അവൻ സംസാരിക്കുകയും ദിവ്യജ്ഞാനങ്ങളും ആധ്യാത്മജ്ഞാനങ്ങളും അവനിൽനിന്ന് വഴി ഞ്ഞൊഴുകുകയും ചെയ്യുന്നു. പൂജ്യനും പ്രതാപവാനുമായ ദൈവത്തിന്റെ മഹിമ അവന്റെ ഹൃത്തടങ്ങളിൽ സദാ നിവസിക്കുന്നു. ദൃഢവിശ്വാസ ത്തിന്റെയും സത്യസന്ധതയുടെയും സ്നേഹത്തിന്റെയും നിർവൃതി തെളിനീരായി അവനിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്നു. ആ വെള്ളം എത്തുന്നതോടെ അവന്റെ എല്ലാ ശരീരാംഗങ്ങളും ജീവസ്സുറ്റതായി കാണാം. അവന്റെ നയനങ്ങളിൽ വ്യതിരിക്തമായൊരു ചൈതന്യം ഗോചരമാകുന്നു. അവന്റെ നെറ്റിത്തടങ്ങളിൽ ആ ചൈതന്യത്തിന്റെ വേറിട്ടൊരു വെളിച്ചം അലതല്ലുന്നതായി കാണപ്പെടുന്നു. മുഖത്ത് ദൈവാനുരക്തിയുടെ മഴ പെയ്തിറങ്ങിയപോലുള്ള പ്രതീതിയുളവാ കുന്നു. ആ നവജ്യോതിസ്സിൽ അവന്റെ ജിഹ്വയും പൂർണമായി ഭാഗ ഭാക്കാകുന്നു. അതുപോലെ, വസന്തകാലത്ത് മഴവർഷിക്കുന്നതോടെ മരത്തിന്റെ കൊമ്പുകളിലും ഇലകളിലും പൂക്കളിലും പഴങ്ങളിലും ഹൃദ്യമായ ഒരുന്മേഷം അനുഭവവേദ്യമാകുന്നതുപോലെ എല്ലാ ശരീര ഭാഗങ്ങളിലും ഒരു ചൈതന്യം ദൃശ്യമാകുന്നു. എന്നാൽ ഏതൊരാളിൽ ഈ ആത്മാവ് ഇറങ്ങുന്നില്ലയോ, ഈ നവോന്മേഷം കരഗതമാകു ന്നില്ലയോ അയാൾ മൃതശരീരം പോലെയാകുന്നു. തൂലികകൊണ്ട് വ്യാഖ്യേയമല്ലാത്ത ഈ നവോന്മേഷവും നിർവൃതിയും നവചൈത ന്യവും വിശ്വാസവെളിച്ചമാകുന്ന നീരുറവയാൽ നനയ്ക്കപ്പെടാത്ത മൃതമാനസർക്ക് ലഭിക്കുകയേയില്ല. ഒരുതരം രൂക്ഷമായ ദുർഗന്ധം അവരിൽനിന്ന് ഉയരുന്നതാണ്. എന്നാൽ ദിവ്യചൈതന്യം നല്കപ്പെ ടുകയും ഉള്ളിൽനിന്ന് ഈ ഉറവ പൊട്ടിയൊഴുകുകയും ചെയ്യുന്ന വ്യക്തിയുടെ അടയാളങ്ങളിലൊന്ന്, ഓരോ കാര്യത്തിലും ഓരോ വാക്കിലും ഓരോ പ്രവൃത്തിയിലും ദൈവികശക്തി സ്വായത്തമാക്ക ണമെന്ന് സദാ ആഗ്രഹിക്കുന്നു എന്നതാണ്. അവന്റെ ആനന്ദാനുഭൂ തികൾ ഇതിലാണ്. നിർവൃതികളും ഇതിലത്രേ. ഇതില്ലാതെ അവന് ജീവിക്കാനേ കഴിയില്ല.

**(ഇസ്മത്തെ അമ്പിയാ, റൂഹാനി ഖസായിൻ, വാല്യം.18, പേ. 668–671)**

സമ്പൂർണസ്തുതി രണ്ടുതരം ഉത്കൃഷ്ടതകൾക്കു വേണ്ടിയാണ് അർപ്പിക്കപ്പെടുന്നത്. ഒന്ന്, തികഞ്ഞ സൗന്ദര്യത്തിനും മറ്റൊന്ന് തികഞ്ഞ ഔദാര്യത്തിനും വേണ്ടി. ഏതെങ്കിലും വ്യക്തിയിൽ ഈ രണ്ടുസവിശേഷതകളും സമ്മേളിക്കുമ്പോൾ അവനുവേണ്ടി ഹൃദയം

അനുരാഗബദ്ധവും സ്നേഹസുരഭിലവുമായിത്തീരുന്നു. നിസ്തുലനും നിരുപമനുമായ ആ സത്തയിലേക്ക് ജനങ്ങൾ ആകർഷിക്കപ്പെടുകയും ആത്മാവിന്റെ അദമ്യമായ ആവേശത്തോടും ഔത്സുക്യത്തോടും കൂടി അവനെ ആരാധിക്കുകയും ചെയ്യുന്നതിനുവേണ്ടി ഈ രണ്ടുവിധത്തിലുള്ള ഉത്കൃഷ്ടതകളും സത്യാന്വേഷികളുടെ മുൻപാകെ ഉന്മീലനം ചെയ്യുകയാണ് വിശുദ്ധ ഖുർആന്റെ മുഖ്യോദ്ദേശ്യം. അതുകൊണ്ടാണ് ഏതൊരു ദൈവത്തിലേക്കാണോ വിശുദ്ധ ഖുർആൻ ക്ഷണിക്കുന്നത് അവൻ എന്തൊക്കെ ഉത്കൃഷ്ടഗുണങ്ങൾ ഉൾക്കൊള്ളുന്നവനാണെന്ന മനോഹര ചിത്രം ആദ്യഅധ്യായത്തിൽതന്നെ വരച്ചു കാട്ടാൻ ആഗ്രഹിച്ചത്. ഈ ഉദ്ദേശ്യത്താൽ തന്നെയാണ് ഈ അധ്യായം *അൽഹംദു ലില്ലാഹ്* കൊണ്ട് ആരംഭിച്ചിരിക്കുന്നതും. സർവസ്തുതിയും അല്ലാഹു എന്നു പേരുള്ള അസ്തിത്വത്തിന് അർഹമാണ് എന്നാണ് അത് അർഥമാക്കുന്നത്. വിശുദ്ധ ഖുർആന്റെ സാങ്കേതികശൈലിയനുസരിച്ച് സർവ ഉത്കൃഷ്ടതകളും സൗന്ദര്യത്തിന്റെയും ഔദാര്യത്തിന്റെയും ഉത്തുംഗബിന്ദുവിൽ വിരാജിക്കുന്നതും യാതൊരു പോരായ്മയും ഇല്ലാത്തതുമായ ആ അസ്തിത്വത്തിന്റെ നാമമത്രേ, അല്ലാഹു. അല്ലാഹു എന്ന നാമത്തെ മാത്രം സകലഗുണവിശേഷങ്ങളുടെയും വിശേഷ്യമായി വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കുകയും തദ്വാരാ സകലസമ്പൂർണസവിശേഷതകളും അവനിൽ ഉൾക്കൊള്ളുന്നുവെന്ന് വ്യഞ്ജിപ്പിക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ എല്ലാവിധ സവിശേഷതകളും അവനിൽ കാണപ്പെട്ടതിനാൽ അവന്റെ സൗന്ദര്യം പ്രസ്പഷ്ടമാകുന്നു. ഈ സൗന്ദര്യത്തിന്റെ അടിസ്ഥാനത്തിലാണ് വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ നാമം നൂർ(പ്രകാശം) എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. അവൻ പറയുന്നു:

اَللّٰهُ نُوْرُ السَّمٰوٰتِ وَالْاَرْضِ

(വിശുദ്ധ ഖുർആൻ 24:36)

അതായത്, അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാകുന്നു. എല്ലാ പ്രകാശവും അവന്റെ പ്രകാശത്തിന്റെ പ്രതിബിംബമാകുന്നു.

## അല്ലാഹുവിന്റെ ഔദാര്യഗുണവിശേഷങ്ങൾ

ഔദാര്യത്തിന്റെ ഗുണവിശേഷങ്ങൾ അല്ലാഹുവിൽ നിരവധിയാണ്. അവയിൽ മൗലികമായവ നാലാകുന്നു. ആദ്യത്തെ ഗുണവിശേഷം

തനതായ ക്രമീകരണമനുസരിച്ച് സൂറ:ഫാത്തിഹയിലെ *റബ്ബുൽ ആലമീൻ* എന്ന വാകൃത്തിൽ പ്രതിപാദിച്ചിരിക്കുന്നു. എന്നുവെച്ചാൽ, അല്ലാഹുവിന്റെ രക്ഷാകർതൃത്വം. അതായത് സൃഷ്ടിക്കുകയും അതിന്റെ പരമമായ ലക്ഷ്യത്തിലേക്ക് എത്തിക്കുകയും ചെയ്യുക എന്നത് സർവലോകങ്ങളിലഖിലവും സദാ പ്രവർത്തനനിരതമാണ്. ആകാശലോകം, ഭൂലോകം, ശരീരലോകം, ആത്മാക്കളുടെ ലോകം, ജന്തുലോകം സസ്യലോകം, ധാതുലോകം, മറ്റു ലോകങ്ങൾ- ഈ എല്ലാവിധ ലോകങ്ങളും അവനാൽ പരിപാലിക്കപ്പെടുന്നു. ഏതുവരെയെന്നാൽ, മനുഷ്യന്റെതന്നെ രേതസ്ക്കണത്തിന്റെ, അതിനു മുൻപോഉള്ള, അവസ്ഥതൊട്ട് മരണമോ മരണാനന്തര ജീവിതമോവരെ എന്തൊക്കെ ലോകങ്ങളുണ്ടോ അവയെല്ലാം റുബൂബിയ്യത്തിന്റെ (രക്ഷാ പരിപാലനത്തിന്റെ) നീരുറവയിൽനിന്നാണ് അനുഗ്രഹം തേടുന്നത്. ആകയാൽ, ദൈവികപരിപാലനത്വം സകലമാന ആത്മാക്കളും ശരീരങ്ങളും ജന്തുക്കളും സസ്യങ്ങളും ധാതുക്കളും ഉൾക്കൊള്ളുന്നതാകയാൽ അതിനെ സാർവത്രികമായ അനുഗ്രഹം എന്ന് നാമകരണം ചെയ്തിരിക്കുന്നു. എന്തെന്നാൽ, ഓരോ സത്തയ്ക്കും അനുഗ്രഹം സിദ്ധിക്കുന്നത് ഇതിൽനിന്നത്രേ. ഇതിലൂടെയാണ് ഓരോ വസ്തുവും ഉൺമ പ്രാപിക്കുന്നത്. ദൈവികപരിപാലനത്വം എല്ലാ സത്തകളുടെ കാരണഭൂതനും വെളിപ്പെട്ടുകൊണ്ടിരിക്കുന്ന സർവവസ്തുക്കളുടെ പരിപാലകനുമാണെങ്കിലും ഔദാര്യമെന്ന നിലയിൽ ഇതിന്റെ ഏറ്റവും വലിയ ഗുണഭോക്താവ് മനുഷ്യനാകുന്നു. കാരണം, അല്ലാഹുവിന്റെ സർവസൃഷ്ടികളിൽനിന്നും മനുഷ്യൻ പ്രയോജനമെടുക്കുന്നുണ്ട്. അതുകൊണ്ടാണ് മനുഷ്യന്റെ പ്രത്യാശ വർദ്ധിപ്പിക്കുകയും, നമുക്ക് ഗുണം നല്കുന്ന കാര്യത്തിൽ അല്ലാഹു പ്രവിശാലമായ ശക്തിപ്രഭാവങ്ങളുള്ളവനാണെന്നും പലവിധങ്ങളായ ഭൗതികോപാധികൾ വെളിപ്പെടുത്താൻ കഴിവുള്ളവനാണെന്നും ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നതിനുവേണ്ടി നിങ്ങളുടെ ദൈവം സർവലോകപരിപാലകനാണെന്ന് മനുഷ്യനെ ഓർമപ്പെടുത്തിയിരിക്കുന്നത്. സാധാരണ അനുഗ്രഹം എന്നു പേരിടാവുന്ന ദൈവികൗദാര്യത്തിന്റെ രണ്ടാം സ്ഥാനത്തുള്ള ഗുണവിശേഷമാണ് റഹ്മാനിയ്യത്ത്. അതിന്റെ അടിസ്ഥാനത്തിലാണ് സൂറ:ഫാത്തിഹയിൽ അല്ലാഹു *അർറഹ്മാൻ* എന്ന് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യനടക്കം എല്ലാ ജീവികൾക്കും ദൈവം അനുയോജ്യമായ രൂപവും ഗുണങ്ങളും തന്നരുളിയിരിക്കുന്നതു കൊണ്ടാണ് വിശുദ്ധ ഖുർആന്റെ സാങ്കേതികശൈലിയിൽ

അല്ലാഹു *റഹ്മാൻ* എന്നു വിളിക്കപ്പെടുന്നത്. അതായത്, ഏതൊരു ജീവിതശൈലിയാണോ അതിന് നിശ്ചയിക്കപ്പെട്ടത്, ആ ജീവിതത്തിന് അനുയോജ്യമായ ഏതൊക്കെ കഴിവുകളും ശക്തികളുമായിരുന്നോ ആവശ്യമായിരുന്നത് അല്ലെങ്കിൽ ഏതുതരം ശരീരഘടനയും ശരീരാംഗങ്ങളുമാണോ അനിവാര്യമായിരുന്നത് അവയെല്ലാം പ്രദാനം ചെയ്യുകയും അവയുടെ നിലനില്പ്പിന് ആവശ്യമായ സർവവസ്തുക്കളും ലഭ്യമാക്കുകയും ചെയ്തിരിക്കുന്നു. പക്ഷികൾ, മൃഗങ്ങൾ, മനുഷ്യൻ ഇവയ്ക്കെല്ലാം അനുയോജ്യമായ കഴിവുകൾ തന്നനുഗ്രഹിച്ചിരിക്കുന്നു. മാത്രമല്ല, ഇവ സൃഷ്ടിക്കപ്പെടുന്നതിന് അനേകായിരം വർഷം മുൻപേ എല്ലാ ജീവജാലങ്ങളും സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി തന്റെ *റഹ്മാനിയ്യത്താ*കുന്ന ഗുണവിശേഷത്തിന്റെ അടിസ്ഥാനത്തിൽ ദൈവം വാനഗോളങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചു. ഒരാളുടെയും കർമം ദൈവത്തിന്റെ *റഹ്മാനിയ്യത്തിൽ* ഇടപെടുന്നില്ലെന്ന് ഇതിൽനിന്ന് തെളിയുന്നു. ഈ വസ്തുക്കളുടെ അസ്തിത്വത്തിനും എത്രയോ മുൻപേ അസ്തിവാരമിട്ടിട്ടുള്ള നിരുപാധികമായ കാരുണ്യമാണിത്. *റഹ്മാനിയ്യത്ത്* എന്ന ഗുണവിശേഷത്തിന്റെ മുഖ്യഗുണഭോക്താവ് മനുഷ്യനത്രേ. എന്തെന്നാൽ, അവന്റെ വിജയത്തിനുവേണ്ടിയാണ് ഓരോ വസ്തുവും ബലിയാക്കപ്പെടുന്നത്. അതിനാൽ, നിങ്ങളുടെ ദൈവം *റഹ്മാൻ* ആണെന്ന് മനുഷ്യനെ ഉണർത്തിയിരിക്കുന്നു. ദൈവികകടാക്ഷത്തിന്റെ മൂന്നാം സ്ഥാനത്തുള്ള ഗുണവിശേഷമാണ് *റഹീമിയ്യത്ത്.* സൂറ:ഫാത്തിഹയിൽ ഇത് *അർറഹീം* എന്നാണ് വിശേഷിക്കപ്പെട്ടിരിക്കുന്നത്. വിശുദ്ധ ഖുർആന്റെ സാങ്കേതികശൈലിയിൽ അല്ലാഹു *റഹീം* എന്നു വിളിക്കപ്പെടുന്നത് അവൻ ജനങ്ങളുടെ പ്രാർഥനകളും വിലാപങ്ങളും സത്ക്കർമങ്ങളും സ്വീകരിച്ചുകൊണ്ട് ആപത്തുകളിൽനിന്നും കെടുതികളിൽനിന്നും കർമങ്ങൾ പാഴാകുന്നതിൽനിന്നും സംരക്ഷിക്കുമ്പോഴാണ്. ഈ അനുഗ്രഹകടാക്ഷം മറ്റുവാക്കുകളിൽ സവിശേഷാനുഗ്രഹം എന്നു വിളിക്കപ്പെടുന്നു. മാനവകുലത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്ന അനുഗ്രഹവിശേഷമാണിത്. ദൈവം മറ്റുവസ്തുക്കൾക്ക് പ്രാർഥന, മനോവിലാപം, സത്കർമം ഇവ ചെയ്യാനുള്ള കഴിവ് നല്കിയിട്ടില്ല. മനുഷ്യനാകട്ടെ, ഈ കഴിവ് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. മനുഷ്യൻ സംസാരിക്കുന്ന ജീവിയാണ്. ഈ സംസാരശേഷിയിലൂടെ അവന് ദൈവികാനുഗ്രഹങ്ങൾ കരസ്ഥമാക്കാവുന്നതാണ്. മറ്റുവസ്തുക്കൾക്ക് സംസാരശേഷി നല്കപ്പെട്ടിട്ടില്ല. ആകയാൽ, പ്രാർഥിക്കുക എന്നത് മനുഷ്യപ്രകൃതത്തിൽ അടങ്ങിയിരിക്കുന്ന ഒരു

മാനവീയഗുണമാണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. ദൈവത്തിന്റെ *റുബൂബിയ്യത്ത്, റഹ്മാനിയ്യത്ത്* എന്നീ ഗുണങ്ങളിൽനിന്ന് അനുഗ്രഹം സിദ്ധിക്കുന്നതുപോലെ റഹീമിയ്യത്തിൽനിന്നും അനുഗ്രഹം സിദ്ധിക്കുന്നു. *റുബൂബിയ്യത്ത്, റഹ്മാനിയ്യത്ത്* എന്നീ ഗുണവിശേഷങ്ങൾ പ്രാർഥന ആവശ്യപ്പെടുന്നില്ല എന്ന വ്യത്യാസം മാത്രമേയുള്ളു. എന്തെന്നാൽ, അവ രണ്ടു ഗുണവിശേഷങ്ങളും മനുഷ്യനുമായി പ്രത്യേകമാക്കപ്പെട്ടവയല്ല. എല്ലാ പക്ഷിമൃഗാദികൾക്കും അനുഗ്രഹം ചൊരിഞ്ഞു കൊണ്ടിരിക്കുന്ന ഗുണവിശേഷങ്ങളാണവ. *റുബൂബിയ്യത്ത്* എന്ന ഗുണവിശേഷമാകട്ടെ, സകല ജന്തുക്കൾക്കും സസ്യങ്ങൾക്കും ധാതുക്കൾക്കും വാനഗോളങ്ങൾക്കും ഭൂമിക്കും അനുഗ്രഹമെത്തിക്കുന്നു. ഒരു വസ്തുവും അവന്റെ അനുഗ്രഹത്തിൽനിന്ന് അന്യമല്ല. നേരെമറിച്ച്, *റഹീമിയ്യത്ത്* എന്ന ഗുണവിശേഷം മനുഷ്യനെ സംബന്ധിച്ചിടത്തോളം സവിശേഷ പുടവയാകുന്നു. മനുഷ്യനായിരിക്കെ, ഈ ഗുണവിശേഷത്തിൽനിന്ന് പ്രയോജനമെടുക്കാത്തവൻ മൃഗമായി, എന്നല്ല ധാതുവായി തരംതാഴുകയാണ് ചെയ്യുന്നത്.

അനുഗ്രഹലബ്ധിയുടെ നാലു ഗുണവിശേഷങ്ങൾ തന്നിലുൾക്കൊള്ളുന്ന അല്ലാഹു പ്രാർഥന ആവശ്യപ്പെടുന്ന റഹീമിയ്യത്ത് എന്ന ഗുണവിശേഷത്തെ മനുഷ്യനുവേണ്ടി പ്രത്യേകമായി നിശ്ചയിച്ചതിൽ നിന്ന് പ്രാർഥനയുമായി ബന്ധപ്പെട്ട ഒരുനുഗ്രഹം അല്ലാഹുവിലുണ്ടെന്നും പ്രാർഥന കൂടാതെ അതു പ്രാപ്യമെല്ലെന്നും വ്യക്തമാകുന്നു. ഈ ദൈവികനടപടിയും ദൈവികനിയമവും ലംഘിക്കപ്പെടുകയില്ലതന്നെ. ഇക്കാരണത്താലാണ് പ്രവാചകന്മാരഖിലവും സ്വസമുദായങ്ങൾക്കായി പ്രാർഥിച്ചുകൊണ്ടിരുന്നത്. ബനീഇസ്രായീൽ എത്രതവണയാണ് ദൈവത്തിന്റെ അപ്രീതി സമ്പാദിച്ച് ശിക്ഷയുടെ വക്കോളമെത്തിയതെന്നും ഹദ്റത്ത് മൂസാനബി(അ)യുടെ പ്രാർഥനയും മനോവിലാപവും സാഷ്ടാംഗപ്രണാമവും മുഖേന ശിക്ഷ എപ്രകാരം അവരിൽനിന്ന് അകന്നെന്നും തൗറാത്ത് പരിശോധിച്ചാൽ മനസ്സിലാകും. താൻ അവരെ നശിപ്പിക്കുമെന്ന് ദൈവം ആവർത്തിച്ചു പ്രഖ്യാപിക്കുകവരെ ചെയ്തിരുന്നു.

പ്രാർഥന കേവലം പ്രയോജനരഹിതമായ ഒന്നല്ലെന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. ഒരുവക അനുഗ്രഹവും ഇറങ്ങാത്ത ആരാധനയുമല്ലിത്. അല്ലാഹുവിനെ വിലമതിക്കേണ്ട വിധം വിലകല്പിക്കാതിരിക്കുകയും ദൈവികവചനങ്ങളെ ഉൾക്കാഴ്ചയോടെ വിചിന്തനം ചെയ്യാതിരിക്കുകയും പ്രകൃതിനിയമത്തെ പരിശോധിക്കാതിരിക്കുകയും ചെയ്യു

ന്നവരുടെ ചിന്താഗതിയാണിത്. പ്രാർഥനയ്ക്ക് തീർച്ചയായും അനുഗ്രഹം സിദ്ധിക്കുകയും നമുക്കു മോക്ഷം പ്രദാനം ചെയ്യുകയും ചെയ്യുമെന്നതാണ് സത്യം. *റഹീമിയ്യത്തിന്റെ* ഈ അനുഗ്രഹലബ്ധിയിലൂടെയാണ് മനുഷ്യൻ അഭിവൃദ്ധിപ്പെടുന്നത്. ഈ അനുഗ്രഹലബ്ധിയിലൂടെയാണ് അവൻ വിലായത്തിന്റെ(ദൈവാനുരക്തിയുടെ) പദവികളോളം എത്തുന്നതും. കണ്ണുകൾക്കൊണ്ട് കാണുന്നതുപോലുള്ള ദൃഢവിശ്വാസം അവന് ദൈവത്തിലുണ്ടാകുന്നു. ശുപാർശ ചെയ്യുന്നതും *റഹീമിയ്യത്ത്* എന്ന ഗുണവിശേഷത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. സജ്ജനം ദുർജനത്തിന് ശുപാർശ ചെയ്യണമെന്ന് ആവശ്യപ്പെടുന്നതും അല്ലാഹുവിന്റെ *റഹീമിയ്യത്ത്* എന്ന ഗുണവിശേഷമത്രേ.

സവിശേഷതരമെന്ന് വിശേഷിപ്പിക്കാവുന്ന നാലാമത്തെ ദൈവികകടാക്ഷമാണ് വിധിനാളിലെ *മാലിക്കിയത്ത്* എന്നത്. *സൂറ: ഫാത്തിഹ*യിൽ *മാലിക്കി യൗമിദ്ദീൻ* എന്നാണ് ഇത് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ ഗുണവിശേഷവും *റഹീമിയ്യത്ത്* എന്ന ഗുണവിശേഷവും തമ്മിലുള്ള വ്യത്യാസം, *റഹീമിയ്യത്തിൽ* പ്രാർഥനയും ആരാധനയും മുഖേന വിജയത്തിനുള്ള അർഹത സ്ഥാപിതമാകുന്നെങ്കിൽ *മാലിക്കി യൗമിദ്ദീൻ* എന്ന ഗുണവിശേഷം മുഖേന പ്രതിഫലം പ്രദാനം ചെയ്യപ്പെടുന്നു എന്നതത്രേ. ഉദാഹരണമായി, കഠിനധ്വാനവും പരിശ്രമവും കൊണ്ട് ഒരു വ്യക്തി സർക്കാറിന്റെ നിയമപരീക്ഷ എഴുതുകയും വിജയം വരിക്കുകയും ചെയ്യുന്നു. ഇതിൽ *റഹീമിയ്യത്ത്* എന്ന ഗുണവിശേഷത്തിന്റെ സ്വാധീനഫലമായി വിജയത്തിനർഹമാക്കുക എന്നത് പരീക്ഷ ജയിക്കുന്നതിനോട് സാദൃശ്യം പുലർത്തുന്നു. പരീക്ഷ പാസായതിനെ തുടർന്ന് ലഭിക്കുന്ന സ്ഥാനപദവികൾ *മാലിക്കി യൗമിദ്ദീൻ* എന്ന ഗുണവിശേഷം പ്രതിബിംബിക്കുന്ന അവസ്ഥാവിശേഷമാകുന്നു. *റഹീമിയ്യത്ത്* എന്ന അനുഗ്രഹലബ്ധി ദൈവത്തിന്റെ കാരുണ്യത്താലും *മാലിക്കിയ്യത്താ*കുന്ന വരപ്രസാദം ദൈവത്തിന്റെ അനുഗ്രഹത്താലുമാണ് സാധ്യമാകുന്നത് എന്നാണ് *റഹീമിയ്യത്ത്* എന്നും *മാലിക്കിയ്യത്ത് യൗമിദ്ദീൻ* എന്നുമുള്ള ഈ രണ്ടു ഗുണവിശേഷങ്ങളും സൂചിപ്പിക്കുന്നത്. *മാലിക്കി യൗമിദ്ദീൻ* എന്ന ഗുണവിശേഷം സമഗ്രവും സമ്പൂർണവുമായ നിലയിൽ പരലോകത്തു വെച്ചാണ് വെളിപ്പെടുകയെങ്കിലും ഇഹലോകത്തു വെച്ചും അതിന്റേതായ വൃത്തത്തിൽ ഈ നാലുഗുണവിശേഷങ്ങളും വെളിപ്പെടുന്നതാണ്.

**(അയ്യാമെ സുൽഹ്,റൂഹാനി ഖസായിൻ, വാല്യം.14, പേ.247-252)**

## ദൈവത്തിന്റെ ഇച്ഛയും ശക്തിവിലാസവും

ദൈവം ഇഹലോകത്ത് പ്രവർത്തിക്കുന്നത് മൂന്ന് നിലകളിലാണ്. ഒന്ന്, ദൈവമെന്ന നിലയിൽ. രണ്ട്, സുഹൃത്തെന്ന നിലയിൽ. മൂന്ന്, ശത്രുവെന്ന നിലയിൽ. സാമാന്യസൃഷ്ടികളോടുള്ള പ്രവൃത്തികൾ കേവലം ദൈവമെന്ന നിലയിലുള്ളതാണ്. തന്നെ സ്നേഹിക്കുന്നവരോടും താൻ സ്നേഹിക്കുന്നവരോടും ദൈവമെന്ന നിലയിൽ മാത്രമല്ല സുഹൃത്തെന്ന നിലയിലുള്ള പെരുമാറ്റമായിരിക്കും അതിശയിച്ചു നില്ക്കുക. ദൈവം ആ വ്യക്തിയെ സുഹൃത്തെന്ന നിലയിൽ പിന്തുണയ്ക്കുന്നുവെന്ന് ലോകം അനുഭവിച്ചറിയുന്നു. ശത്രുക്കളോടുള്ള അവന്റെ പെരുമാറ്റം കഠിനശിക്ഷയിലൂടെയാണ് പ്രകടമാകുന്നത്. അല്ലാഹു ആ സമൂഹത്തിന്റെയോ വ്യക്തിയുടെയോ ശത്രുവാണെന്ന് പ്രസ്പഷ്ടമാകുന്ന തരത്തിൽ അടയാളങ്ങൾ വെളിപ്പെടുമാറാകുന്നു. ലോകത്തെയാകെ ശത്രുവാക്കിക്കൊണ്ട് ദൈവം തന്റെ സുഹൃത്തിനെയും ചിലപ്പോൾ ഇത്തരത്തിൽ പരീക്ഷിക്കാറുണ്ട്. ഒരു കാലംവരെ അവരുടെ നാവുകളോ കരങ്ങളോ അവനിൽ ആധിപത്യം പുലർത്തുന്നു. തന്റെ സുഹൃത്തിനെ നശിപ്പിക്കുകയോ നിന്ദ്യനും അപമാനിതനുമാക്കുകയോ ചെയ്യണമെന്നുദ്ദേശിച്ചല്ല ദൈവം ഇങ്ങനെ ചെയ്യുന്നത്. മറിച്ച്, ലോകത്തിന് തന്റെ അടയാളങ്ങൾ കാണിക്കുകയും എതിർപ്പിൽ ആവുന്നത്ര ശ്രമിച്ചാലും ഒരു നഷ്ടവും വരുത്താൻ സാധിക്കില്ലെന്ന് ധിക്കാരികളായ ശത്രുക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിനു വേണ്ടിയാണ് അവൻ ഇതു ചെയ്യുന്നത്.

**(നുസൂലുൽ മസീഹ്, റൂഹാനി ഖസായിൻ, വാള്യം.18, പേ. 517–518)**

വിശുദ്ധ ഖുർആനിൽ പരാമൃഷ്ടങ്ങളായ ദൈവികനാമങ്ങൾ കർത്തരി രൂപത്തിലുള്ളവയാണ്, കർമണിപ്രയോഗത്തിലുള്ള പദങ്ങളല്ല. *ഖുദ്ദൂസ്* (പരിശുദ്ധൻ) എന്നത് ഉദാഹരണം. അതേസമയം, *മഅ്സൂം*(സംരക്ഷിക്കപ്പെട്ടവൻ) എന്ന് എഴുതിയിട്ടില്ല. എന്തെന്നാൽ, അങ്ങനെയായാൽ അവനെ സംരക്ഷിക്കുന്ന ആരോ ഉണ്ടെന്നു വരും.

**(മൽഫൂസാത്ത്, വാള്യം.2 പേ. 447, എഡിഷൻ 2003)**

സർവ സംഗതികൾക്കും കഴിവുള്ളവനാണ് നമ്മുടെ ദൈവം. അവൻ ആത്മാക്കളെയോ ശരീരത്തിലെ പരമാണുക്കളെയോ സൃഷ്ടിച്ചിട്ടില്ലെന്ന് പറയുന്നവരുടെ വാദം വ്യാജമാണ്. ദൈവത്തെക്കുറിച്ച് വിവ

രമില്ലാത്തവരാണവർ. അവന്റെ നവങ്ങളായ സൃഷ്ടിവിലാസങ്ങൾ നാം നിത്യവും ദർശിക്കുന്നു. അവൻ നമ്മിലേക്ക് അഭിവൃദ്ധിയുടെ നവചൈതന്യമൂതുന്നു. അവൻ ഇല്ലായ്മയിൽനിന്ന് സൃഷ്ടിക്കുന്നവ നല്ലായിരുന്നെങ്കിൽ നമുക്കൊന്നും നിലനില്പ് ഉണ്ടാകുമായിരുന്നില്ല. നമ്മുടെ ആ ദൈവം ഒരദ്ഭുതം തന്നെ. അവനു തുല്യൻ ആരുണ്ട്? അവന്റെ പ്രവർത്തനങ്ങൾ അത്യദ്ഭുതങ്ങളത്രേ. അവനെപ്പോലെ പ്രവർത്തിക്കുന്നവൻ മറ്റാരുണ്ട്? അവൻ സർവശക്തനാകുന്നു.

(നസീമെ ദഅ്വത്ത്, റൂഹാനി ഖസായിൻ വാല്യം.19, പേ.435)

ദേവീദേവതകളെ പൂജിക്കുന്നതിന്റെയും പുനർജന്മ സിദ്ധാന്തത്തിന്റെയും മുഖ്യകാരണം വാസ്തവത്തിൽ ദൈവികഗുണവിശേഷങ്ങളെ നിഷേധിക്കുകയും ദൈവത്തിന്റെ സർവശക്തിത്വപരമായ നിയന്ത്രണത്തെ നിഷ്ക്രിയമായി കരുതുകയും ചെയ്തതാണ്. എന്തെന്നാൽ, ദൈവം യുക്തിയുക്തവും നീതിയുക്തവുമായ പ്രവർത്തനങ്ങളിൽ നിന്ന് നിഷ്ക്രിയനായി കരുതപ്പെട്ടന്നതോടെ കാര്യസാധ്യത്തിനായി ദേവന്മാർ കെട്ടിച്ചമയ്ക്കപ്പെടുകയും പ്രകൃതിയിലെ പരിവർത്തനങ്ങളും ആപത്തുകളും മുജ്ജന്മകർമങ്ങളുടെ ഫലങ്ങളാണെന്ന് നിർദേശിക്കപ്പെടുകയും ചെയ്യുകയായി. ആകയാൽ, ഈയൊരൊറ്റ ചിന്താഗതി കാരണമാണ് ദേവതരപൂജയും പുനർജന്മസിദ്ധാന്തവും ഉടലെടുത്തത്.

(ശഹ്നയെ ഹഖ്, റൂഹാനി ഖസായിൻ, വാല്യം.2, പേ.407-408)

ശക്തിവിലാസങ്ങളാൽ സ്വസത്തയുടെ തെളിവ് അവൻ നല്കുന്നു
അദൃശ്യനായ ദൈവത്തിന്റെ വെളിപ്പെടൽ ഇതാണല്ലോ

നിശ്ചയം താൻ ചെയ്യുമെന്ന് പറയുന്ന കാര്യം
നീങ്ങിപ്പോവുകയില്ലതന്നെ; ദൈവത്വവും ഇതാണല്ലോ

(മജ്മൂഅ ഇശ്തിഹാറാത്ത്, വാല്യം.1, പേജ്.143)

അളവറ്റ അദ്ഭുതശക്തികളുള്ളവനത്രേ നമ്മുടെ ദൈവം. എന്നാൽ ആത്മാർഥതയും കൂറും മുഖേന അവന്റേതായിക്കഴിഞ്ഞവരേ അവ ദർശിക്കുകയുള്ളൂ. അവന്റെ ശക്തിമഹാത്മ്യങ്ങളിൽ ദൃഢവിശ്വാസം കൊള്ളാതിരിക്കുകയും അവനോട് ആത്മാർഥതയും കൂറും പുലർത്താതിരിക്കുകയും ചെയ്യുന്നവരിൽ ആ അദ്ഭുതശക്തിപ്രഭാവങ്ങൾ വെളിപ്പെടുന്നതല്ല. സർവശക്തനായ ഒരു ദൈവം തനിക്കുണ്ടെന്ന്

ഇനിയും അറിഞ്ഞിട്ടില്ലാത്ത മനുഷ്യൻ എത്ര ഹതഭാഗ്യൻ!

**(കിശ്തീ നൂഹ്, റൂഹാനി ഖസായിൻ, വാള്യം.19, പേ.21)**

അവന്റെ ശക്തിവിലാസങ്ങൾ അപരിമേയവും അവന്റെ അദ്ഭുത പ്രവൃത്തികൾ അറ്റമില്ലാത്തവയുമാകുന്നു. തന്റെ വരിഷ്ഠ ദാസർക്കു വേണ്ടി അവൻ തന്റെ നിയമം പോലും മാറ്റുന്നു. എന്നാൽ ആ മാറ്റു ന്നതുപോലും അവന്റെ നിയമത്തിന്റെ ഭാഗമത്രേ. ഒരുവ്യക്തി ഒരു നവചൈതന്യത്തോടെ അവന്റെ സമക്ഷം ഹാജറാകുകയും അവന്റെ പ്രീതിക്കുവേണ്ടി മാത്രം തന്റെയുള്ളിൽ സവിശേഷമായ ഒരു മാറ്റം വരുത്തുകയും ചെയ്യുമ്പോൾ അങ്ങനെയുള്ള വ്യക്തിയിൽ വെളിപ്പെട്ടി രിക്കുന്നത് മറ്റൊരു ദൈവമാണെന്ന് തോന്നുമാറ് ദൈവവും അവനോ ടുള്ള പെരുമാറ്റത്തിൽ മാറ്റം വരുത്തുന്നു. സാമന്യജനം അറിയുന്ന ദൈവമായിരിക്കില്ല അത്. ദുർബലവിശ്വാസിയായ വ്യക്തിക്ക് ദൈവം ദുർബലനായി വെളിപ്പെടുന്നു. എന്നാൽ അവന്റെ സന്നിധിയിൽ ദൃഢ തരമായ വിശ്വാസത്തോടെ വരുന്നവനെ സംബന്ധിച്ചിടത്തോളം താൻ അവനെ സഹായിക്കാൻ ശക്തിയുള്ളവനാണെന്ന് അവൻ കാണിച്ചു കൊടുക്കുന്നു. അങ്ങനെ മനുഷ്യന്റെ പരിവർത്തനത്തിനനുസരിച്ച് ദൈവികഗുണങ്ങളിലും പരിവർത്തനങ്ങളുണ്ടാകുന്നു. ഏതൊരാൾ വിശ്വാസകാര്യത്തിൽ മൃതശരീരം പോലെ ശക്തിശൂന്യനായി ഭവിക്കു ന്നുവോ അയാളെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യു ന്നതിൽനിന്ന് പിന്മാറിക്കൊണ്ട് ദൈവവും *നഊദുബില്ലാഹ്* മൃതശ രീരത്തെപോലെ മൗനം ദീക്ഷിക്കുന്നു. ഈ പരിവർത്തനങ്ങളെല്ലാം അവൻ തന്റെ നിയമത്തിനുള്ളിൽനിന്നുകൊണ്ട് തന്റെ പരിശുദ്ധിക്ക നുസൃതമായാണ് ചെയ്യുന്നത്. അവന്റെ നിയമത്തിന് പരിധി നിശ്ചയി ക്കാൻ ആർക്കുമാവില്ല. അതുകൊണ്ടുതന്നെ പ്രദീപ്തവും പ്രകടവും പ്രബലവുമായ തെളിവില്ലാതെ ഇന്ന കാര്യം പ്രകൃതിനിയമത്തിന് നിരക്കാത്തതാണെന്ന് ധൃതിയിൽ ആക്ഷേപം ഉന്നയിക്കുന്നത് കേവലം മൗഢ്യമാണ്. എന്തെന്നാൽ, ഇനിയും പരിധി നിശ്ചയിക്കപ്പെടാത്തതും പ്രബലമായ തെളിവുകൊണ്ട് സ്ഥാപിക്കപ്പെടാത്തതുമായ ഒരു സം ഗതിയെ സംബന്ധിച്ച് ആർക്കെങ്കിലും വാദമുന്നയിക്കാനാവുമോ?

**(ചശ്മയെ മഅ്രിഫത്ത്, റൂഹാനി ഖസായിൻ, വാള്യം.23, പേ. 104-105)**

ദൈവം സർവശക്തനല്ലെന്ന് വിശ്വസിക്കാതിരുന്നാൽ അവനിലുള്ള സർവപ്രതീക്ഷകളും വ്യർഥമായിത്തീരും. എന്തെന്നാൽ, ദൈവം ഇച് ഛിക്കുമ്പോഴെല്ലാം ശരീരത്തിന്റെ പരമാണുക്കളിലോ ആത്മാക്കളിലോ

അവയിലില്ലാത്ത കഴിവുകൾ സൃഷ്ടിക്കാൻ കഴിയുമെന്ന വിശ്വാസത്തി ലാണ് നമ്മുടെ പ്രാർഥനകളുടെ സ്വീകാര്യത അധിഷ്ഠിതമായിരി ക്കുന്നത്. ഉദാഹരണമായി, മരിക്കുമെന്ന് പ്രത്യക്ഷത്തിൽ ലക്ഷണം കാണിക്കുന്ന ഒരു രോഗിക്കുവേണ്ടി നാം പ്രാർഥിക്കുന്നു. അവന്റെ അസ്തിത്വത്തെ മരണത്തിൽനിന്ന് രക്ഷപ്പെടുത്തുംവിധം ശരീരത്തിലെ പരമാണുക്കളിൽ ശക്തി സംജാതമാക്കണമെന്ന് ദൈവത്തോട് അർ ഥിക്കുമ്പോൾ ആ പ്രാർഥനകൾ ഏറിയകൂറും സ്വീകരിക്കപ്പെടുന്നതാ യാണ് നാം കാണുന്നത്. ഈ വ്യക്തി മരണാസന്നനിലയിലാണെന്നും ജീവിക്കാനുള്ള കഴിവ് അവസാനിച്ചിരിക്കുന്നുവെന്നും ചിലപ്പോൾ നേരത്തെ നമുക്ക് അറിവു നല്കപ്പെടുന്നു. എന്നാൽ വളരെയധികം പ്രാർഥിക്കുകയും അത് അതിന്റെ പരകോടിയിലെത്തുകയും പ്രാർ ഥനയുടെ തീവ്രതയും മനോവേദനയും അസ്വസ്ഥതയും കാരണം മരണംപോലുള്ള ഒരവസ്ഥ നമ്മിൽ വന്നുചേരുകയും ചെയ്യുന്നതോടെ ആ വ്യക്തിയിൽ ജീവിക്കാനുള്ള കഴിവ് വീണ്ടും സംജാതമായിരിക്കുന്നു വെന്ന് നമുക്ക് ദൈവത്തിൽനിന്ന് വെളിപാടു ലഭിക്കുന്നു. അങ്ങനെ മരി ച്ചതിനുശേഷം ജീവിതത്തിലേക്ക് വന്നവനെപ്പോലെ ആരോഗ്യത്തിന്റെ ലക്ഷണങ്ങൾ പൊടുന്നനെ അയാൾ കാണിക്കാൻ തുടങ്ങുന്നു. അതു പോലെ, ഞാൻ ഓർക്കുന്നു, പ്ലേഗിന്റെ സമയത്ത് ഞാൻ ഇങ്ങനെ ദുആ ചെയ്തു: 'സർവശക്തനായ അല്ലാഹുവേ, ഈ കെടുതിയിൽ നിന്നും ഞങ്ങളെ രക്ഷിച്ചാലും! പ്ലേഗ്‌വിഷബാധയിൽനിന്ന് രക്ഷ ലഭി ക്കുമാറ് നമ്മുടെ ശരീരത്തിൽ വിഷസംഹാരഗുണം സംജാതമാക്കേ ണമേ.' അങ്ങനെ ആ ഗുണം നമ്മിൽ സംജാതമാക്കിക്കൊണ്ട് അവൻ അരുളി: 'പ്ലേഗ്മരണത്തിൽനിന്ന് ഞാൻ നിങ്ങളെ രക്ഷിക്കുന്നതാണ്.' വീണ്ടും അരുളി: 'നിന്റെ നാലു ചുമരുകൾക്കുള്ളിലുള്ള അഹങ്കാരി കളല്ലാത്തവരെ, അതായത് ദൈവത്തെ ധിക്കരിക്കാതിരിക്കുകയും ധർമാനുസാരികളായി ജീവിക്കുകയും ചെയ്യുന്നവരായ, എല്ലാവരെയും രക്ഷിക്കുന്നതാണ്. മാത്രമല്ല, പ്ലേഗ് രൂക്ഷമാകുന്നതിൽനിന്നും പൊതു വായ നാശത്തിൽനിന്നും ഖാദിയാൻ സുരക്ഷിതമായിരിക്കും.' അതാ യത്, മറ്റുഗ്രാമങ്ങളിൽ നാശം വിതച്ചിട്ടുള്ളത്ര രൂക്ഷത ഖാദിയാനിൽ ഉണ്ടാവുകയില്ല. അങ്ങനെ നാം അതു കാണുകയും ദൈവം പറഞ്ഞ കാര്യങ്ങൾ മുഴുവൻ ദർശിക്കുകയും ചെയ്തു. ആകയാൽ, നവംന വങ്ങളായ ശക്തികളും ഗുണവിശേഷങ്ങളും പ്രപഞ്ചത്തിലെ പരമാ ണുക്കളിൽ സംജാതമാക്കുന്നവനത്രേ നമ്മുടെ ദൈവം....

പരിപൂർണനായ ദൈവത്തിൽനിന്നുള്ള നിർദേശമനുസരിച്ച് കുത്തി

വെയ്പ്പാകുന്ന മാനുഷികമായ മുൻകരുതലിൽനിന്നും നാം വിട്ടുനിന്നു. കുത്തിവെയ്പ്പെടുത്ത നിരവധിയാളുകൾ ഈ ലോകത്തുനിന്നു മൺ മറഞ്ഞുവെങ്കിലും ദൈവാനുഗ്രഹത്താൽ നാം ഇപ്പോഴും ജീവിച്ചിരിക്കുന്നു. ഇങ്ങനെയാണ് അവൻ പരമാണുക്കളെ സൃഷ്ടിക്കുന്നത്; നമ്മുടെ ശരീരങ്ങളിൽ വിഷസംഹാരകണികകൾ സൃഷ്ടിച്ചതുപോലെ. ഇതേപോലെ, ആ ദൈവം ആത്മാക്കളെയും സൃഷ്ടിക്കുന്നു; എന്നിൽ പരിശുദ്ധാത്മാവിനെ ഊതി ജീവനേകിയതുപോലെ. അവൻ ആത്മാക്കളെ സൃഷ്ടിക്കുകയും ശരീരങ്ങളെ ജീവനുള്ളതാക്കുകയും ചെയ്തതു കൊണ്ടു മാത്രം നമ്മുടെ ആവശ്യം തീരുന്നില്ല. മറിച്ച്, നമ്മുടെ ആത്മാവിനും മറ്റൊരു ആത്മാവ് ആവശ്യമാണ്. അതിലൂടെയാണ് ആ നിർജീവാത്മാവ് ചൈതന്യവത്തായിത്തീരുന്നത്. ആകയാൽ, ഈ ആത്മാക്കളെ രണ്ടിനെയും സൃഷ്ടിക്കുന്നത് ദൈവമാകുന്നു. ഈ രഹസ്യം ഗ്രഹിക്കാത്തവൻ ദൈവത്തിന്റെ ശക്തിവിലാസങ്ങളെക്കുറിച്ച് ബോധമില്ലാത്തവനും ദൈവത്തെപ്പറ്റി അശ്രദ്ധനുമത്രേ.

**(നസീമെ ദഅ്വത്ത്, റൂഹാനി ഖസായിൻ, വാള്യം.19, പേ.390–391)**

## അല്ലാഹുവിന്റെ ഗുണങ്ങൾ അപരിമേയങ്ങളാകുന്നു

അല്ലാഹുവിന്റെ ഈശ്വരത്വവും ദൈവത്വവും അവന്റെ അനന്തശക്തിവിലാസങ്ങളോടും അളവറ്റ നിഗൂഢരഹസ്യങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു. അതിനെ നിയമത്തിന്റെ വല്ല പരിധിയിലുമൊതുക്കുക മനുഷ്യന് പറഞ്ഞിട്ടുള്ളതല്ല. മഹത്ത്വമുടയവനായ അല്ലാഹുവിന്റെ ശക്തിവിലാസങ്ങളും യുക്തിജ്ഞാനങ്ങളും അപരിമേയങ്ങളാണെന്നത് ഈശ്വരസാക്ഷാത്ക്കാരത്തെ സംബന്ധിച്ചിടത്തോളം മർമപ്രധാനമായ മൗലികതത്ത്വമാകുന്നു. ഈ തത്ത്വം ഗ്രഹിക്കുകയും ഇതിൽ ആഴത്തിൽ ചിന്തിക്കുകയും ചെയ്യുന്നതിലൂടെ സങ്കീർണവും സങ്കുചിതവുമായ ചിന്തകൾ ഇല്ലാതാവുകയും സത്യസാക്ഷാത്ക്കാരത്തിന്റെയും സത്യാരാധനയുടെയും നേർമാർഗം കണ്ടുതുടങ്ങുകയും ചെയ്യും. അല്ലാഹു അനാദിയും അനന്തവുമായ തന്റെ ഗുണവിശേഷങ്ങളനുസരിച്ചാണ് എപ്പോഴും പ്രവർത്തിക്കുന്നതെന്ന സംഗതി നാം ഇവിടെ നിഷേധിക്കുന്നില്ല. അനാദ്യന്തമായ ഈ ഗുണവിശേഷങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിനെ മറ്റു വാക്കുകളിൽ നാം ദൈവികനിയമമെന്നു വെച്ചാലും അത് അസംഗതമാവുകയില്ല. അനാദിയും അനന്തവുമായ ഗുണവിശേഷങ്ങളുടെ പ്രഭാവങ്ങൾ, മറ്റു വാക്കുകളിൽ പറഞ്ഞാൽ ചിരന്തനമായ ദൈവികനിയമം, പരിമിതവും തിട്ടപ്പെടുത്താവുന്നതുമാണെന്ന് വിശ്വസി

ക്കുന്നതെങ്ങനെ എന്നാണ് നമുക്ക് ഇക്കാര്യത്തിൽ ചോദിക്കാനുള്ളത്. ദൈവത്തിന്റെ സത്തയിലുള്ള ഗുണവിശേഷങ്ങളുടെ അനന്തമായ പ്രഭാവങ്ങൾ അവയുടേതായ സമയങ്ങളിൽ ആവിർഭവിക്കുമെന്നും അതിനപ്പുറം ഒന്നും സംഭവിക്കുകയില്ലെന്നും ആ ഗുണവിശേഷങ്ങൾ ആകാശഭൂമികളിലുള്ള സൃഷ്ടികളിൽ പ്രഭാവം ചെലുത്തുന്നുവെന്നും നാം വിശ്വസിക്കുന്നു, തീർച്ചയായും അങ്ങനെ വിശ്വസിക്കുക തന്നെ വേണം. ഈ ഗുണവിശേഷങ്ങളുടെ പ്രഭാവങ്ങളാണ് അല്ലാഹുവിന്റെ നടപടിക്രമങ്ങൾ അല്ലെങ്കിൽ പ്രകൃതിനിയമങ്ങൾ എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. ദൈവം തന്റെ സമ്പൂർണഗുണവിശേഷങ്ങ ളോടു കൂടി അപരിമിതനും അപരിമേയനുമായതിനാൽ അവന്റെ ഗു ണവിശേഷങ്ങളുടെ പ്രഭാവങ്ങൾ, അതായത് പ്രകൃതിനിയമങ്ങൾ, നമ്മുടെ അനുഭവത്തിനും ജ്ഞാനത്തിനും നിരീക്ഷണത്തിനും അധീ നമാണെന്നും അതിലപ്പുറം ഒന്നുമില്ലെന്നും നാം വാദിക്കുന്ന പക്ഷം അതു നമ്മുടെ ഭാഗത്തുനിന്നുള്ള തികഞ്ഞ അജ്ഞതയായിരിക്കും. തത്ത്വചിന്താപ്രവണത വെച്ചുപുലർത്തുന്ന ഇക്കാലത്തെ ചിലയാളു കൾക്ക് വലിയ അബദ്ധം പിണഞ്ഞിരിക്കുന്നു. പ്രകൃതിനിയമത്തെ സമ്പൂർണമായി നിർവചിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന് ആദ്യംതന്നെ കരുതുകയും അതിനുശേഷം അവർ നേരിടുന്ന പുതിയ സംഗതികളെ അംഗീകരിക്കാൻ ഒരിക്കലും കൂട്ടാക്കാതിരിക്കുകയുമാണ് ചെയ്യുന്നത്. ഈ സമീപനം ശരിയായ അടിത്തറയിലുള്ളതല്ല എന്ന് വ്യക്തമാണ ല്ലോ. ഇതായിരുന്നു ശരിയെങ്കിൽ പുതിയതായ ഒരു സംഗതിയും വിശ്വസിക്കാൻ ഒരു വഴിയും അവശേഷിക്കുമായിരുന്നില്ല. പുതിയ കാര്യങ്ങൾ കണ്ടെത്തുക സാധ്യമല്ലാതാവുകയും ചെയ്തേനെ. എന്തെന്നാൽ, അത്തരം സാഹചര്യങ്ങളിൽ പുതിയ പ്രവൃത്തികളെ ല്ലാം പ്രകൃതിനിയമത്തിന്റെ ലംഘനമായിട്ടായിരിക്കും കാണപ്പെടുക. ഇതുപേക്ഷിക്കുന്നതിലൂടെ ഒരു പുതിയ സത്യത്തെ വെറുതെ ഒഴി വാക്കേണ്ടിയും വരും..... തത്ത്വചിന്തകന്മാരുടെ ജീവിതസംഭവങ്ങൾ വിവരിക്കുന്ന ചരിത്രതാളുകൾ ആരെങ്കിലും പരിചിന്തനം ചെയ്താൽ അവരുടെ ചിന്തയാകുന്ന ട്രെയിൻ വ്യത്യസ്തങ്ങളായ എത്ര പാത കളിലൂടെ, വൈരുദ്ധ്യങ്ങളുടെ വഴികളിലൂടെ സഞ്ചരിച്ചിട്ടുണ്ടെന്നും, എത്രമാത്രം ലജ്ജയോടും ഖേദത്തോടും കൂടിയാണ് അവർ ഒരു വീക്ഷണത്തെ മറ്റൊന്നുകൊണ്ട് ഭേദഗതി വരുത്തി പോന്നതെന്നും, ഒരു സംഗതിയെ ദീർഘകാലം നിഷേധിക്കുകയും പ്രകൃതിനിയമ ത്തിന് അപ്പുറത്താണെന്ന് കരുതുകയും ചെയ്തുകൊണ്ട് ഒടുവിൽ

ആ സംഗതിയെ തന്നെ ഖേദപൂർവം സ്വീകരിച്ചതെങ്ങനെയെന്നും മനസ്സിലാകും. എന്തായിരിക്കും ഈ വീക്ഷണമാറ്റത്തിനുള്ള കാരണം? അവർ മനസ്സിലാക്കി വച്ചിരുന്ന സംഗതി സംശയഗ്രസ്തമായിരുന്നു എന്നതാണ് കാരണം. പുതിയ കണ്ടെത്തലുകൾ ആ സംഗതി തെറ്റാണെന്ന് സ്ഥാപിക്കുകയായിരുന്നു. ആധുനിക കണ്ടുപിടുത്തങ്ങൾ വെളിപ്പെടുന്ന പുതിയ രൂപവും ഭാവവുമനുസരിച്ച് അവരുടെ വീക്ഷണങ്ങളുടെ പാളങ്ങളും മാറിമറിഞ്ഞുകൊണ്ടിരുന്നു. ആധുനികപരീക്ഷണങ്ങളുടെ ദിശ മാറുന്നിടത്തേക്ക് തന്നെ അവരുടെ വീക്ഷണമാകുന്ന കാറ്റ് ഗതിമാറ്റി വീശിക്കൊണ്ടിരുന്നു. ചുരുക്കത്തിൽ, പുതുതായി വെളിപ്പെട്ട സംഗതികളായിരുന്നു തത്ത്വജ്ഞാനികളുടെ ചിന്താഗതിയെ എപ്പോഴും നിയന്ത്രിച്ചിരുന്നത്. നിരവധി കാര്യങ്ങൾ ഇപ്പോഴും അവരുടെ ദൃഷ്ടികളിൽനിന്ന് മറഞ്ഞിരിക്കുകയാണ്. ചുവടുകൾ പിഴച്ചും പലവിധ മാനഹാനികൾ സഹിച്ചും ആ സംഗതികൾ ഏതെങ്കിലും കാലത്ത് അവർ അംഗീകരിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. എന്തെന്നാൽ, പുതിയഗവേഷണങ്ങളിൽനിന്ന് പ്രതീക്ഷ കൈവെടിയാൻതക്ക നിലയിൽ മനുഷ്യന്റെ ബുദ്ധിമണ്ഡലത്തിൽ പൂർണമായി ഉൾക്കൊള്ളുന്നവയല്ല പ്രകൃതിനിയമങ്ങൾ; അങ്ങനെ ഉൾക്കൊള്ളുക സാധ്യവുമല്ല. ഈ ലോകത്തിന്റെ പാഠശാലയിൽനിന്ന് അനാദിയും അനന്തവുമായ മുഴുവൻ നിഗൂഢരഹസ്യങ്ങളും ഇത്ര ഹ്രസ്വമായ ജീവിതകാലംകൊണ്ട് മനുഷ്യൻ ആർജ്ജിച്ചുവെന്നും, തന്റെ പരീക്ഷണങ്ങൾക്കപ്പുറത്തുള്ളതെല്ലാം വാസ്തവത്തിൽ ദിവ്യശക്തിക്ക് അപ്പുറമാണെന്ന തരത്തിൽ ദിവ്യാദ്ഭുതങ്ങളെ താൻ സമഗ്രമായി മനസ്സിലാക്കിയെന്നും യുക്തി ബോധമുള്ളവന് ചിന്തിക്കാനാവുമോ? ലജ്ജയില്ലാത്തവനും മൂഢനുമായ ഒരാൾക്കല്ലാതെ ഒരു വിവേകിക്ക് ഇത്തരമൊരു ചിന്താഗതി വെച്ചു പുലർത്താൻ കഴിയില്ലെന്നെനിക്കറിയാം. ദൈവത്തെയും അവന്റെ അനന്തനിഗൂഢതകളെയും യുക്തിജ്ഞാനങ്ങളെയും പരിമിതവും അനിശ്ചിതവുമായ തങ്ങളുടെ ചിന്തകൾ മുഖേന ഗ്രഹിക്കാനാവില്ലെന്ന് വിവേകികളും ആത്മീയ മൂല്യങ്ങളാൽ പ്രചോദിതരുമായ നല്ലവരായ തത്ത്വജ്ഞാനികൾ തന്നെയും സമ്മതിച്ചിട്ടുണ്ട്.... ദൈവത്തിന്റെ അനന്തമായ ശക്തിവിലാസങ്ങളാൽ പ്രഭാവിതമായിക്കൊണ്ടിരിക്കുന്ന ഒരു ഗുണം ഓരോ വസ്തുവിലും അടങ്ങിയിട്ടുണ്ടെന്നത് സ്ഥാപിക്കപ്പെട്ട സത്യമാണ്. വസ്തുക്കളുടെ ഗുണങ്ങൾ, അവ നമുക്ക് അറിയാൻ കഴിഞ്ഞാലും ഇല്ലെങ്കിലും, അവസാനിക്കാത്തവയാണെന്നാണ് ഇതു കാണിക്കുന്നത്.

ഒരു കസ്‌കസ് ധാന്യത്തിന്റെ ഗുണങ്ങൾ കണ്ടെത്താൻ പൗരാണികരും ആധുനികരുമായ സമസ്ത തത്ത്വജ്ഞാനികളും ലോകാവസാനംവരെ തങ്ങളുടെ ബുദ്ധിശക്തി പ്രയോഗിച്ചാലും ആ ഗുണങ്ങളെ അവർ സമ്പൂർണമായി ഗ്രഹിച്ചുവെന്ന് യുക്തിബോധമുള്ള ആരും വിശ്വ സിക്കാൻ കൂട്ടാക്കുകയില്ല. അതിനാൽ ഖഗോളശാസ്ത്രവും ഭൗതി കശാസ്ത്രവും മുഖേന കണ്ടുപിടിക്കപ്പെട്ടത്ര ഗുണങ്ങൾ മാത്രമേ ആകാശഗോളങ്ങൾക്കും ഭൗതികശരീരങ്ങൾക്കുമുള്ളു എന്നു പറയു ന്നതിൽപരം അവിവേകം വേറെയില്ല.

സ്ഥാപിത സത്യത്തിനു മുൻപാകെ പിടിച്ചുനില്ക്കാൻ കഴിയാത്ത ഒന്നാണ് പ്രകൃതിനിയമം എന്നാണ് മേല്പറഞ്ഞതിന്റെ ചുരുക്കം. പ്രകൃതിനിയമം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സ്വാഭാവിക മായ നിലയിൽ വെളിപ്പെട്ട അല്ലെങ്കിൽ ഭാവിയിൽ വെളിപ്പെട്ടേക്കാ വുന്ന ദൈവികപ്രവൃത്തികളാണ്. ദൈവം പക്ഷേ തന്റെ ശക്തി പ്രകടനത്തിൽ ക്ഷീണിക്കുകയോ അങ്ങനെചെയ്യുന്നതിൽ അശക്ത നായിത്തീരുകയോ ഉറങ്ങിപ്പോവുകയോ ഒരു ഭാഗത്തേക്ക് നീങ്ങി പ്പോവുകയോ പുറമെയുള്ള നിർബന്ധത്തിന് വഴങ്ങിക്കൊടുക്കുക യോ ഏതാനും ചില നൂറ്റാണ്ടുകളിലെ (അല്ലെങ്കിൽ അതിലുമധികം കാലം) പ്രവൃത്തികൾ മാത്രം വിട്ടേച്ചു കൊണ്ട് ഭാവിയിൽ ദിവ്യാദ് ഭുതപ്രവൃത്തികൾ കാണിക്കുന്നത് നിർത്താൻ നിർബന്ധിതനാവുക യോ ചെയ്തിട്ടില്ലാത്തതിനാൽ നൂറുകണക്കിന് സംഗതികൾ ഇനിയും കണ്ടെത്താൻ ബാക്കിയുള്ള നിലവിലെ അനുഭവവേദ്യമായ ഏതാനും പ്രകൃതിനിയമമാണ് എല്ലാം എന്ന് ചിന്തിക്കാതിരിക്കുന്നതിലും ദൈവി കപ്രവൃത്തികൾക്ക് തങ്ങളുടെ കണ്ടെത്തലുകളെ ഒരിക്കലും മറിക ടക്കാനാവില്ലെന്ന് അജ്ഞരായ ജനങ്ങളെപ്പോലെ ദുർവാശി കാണി ക്കാതിരിക്കുന്നതിലുമാണ് യുക്തിയും വിവേകവും തത്ത്വജ്ഞാനവും സാഹിത്യവും വിദ്യയും കുടികൊള്ളുന്നത്......

പൂർണമായി വിശദീകരിക്കപ്പെടാൻ ഇനിയും നിരവധി ഘട്ടങ്ങൾ താണ്ടാൻ ബാക്കിയുള്ള സംഗതികളെങ്ങനെയാണ് സമ്പൂർണവും സുനിശ്ചിതവുമായ നിലയിൽ സത്യത്തിന്റെ അളവുകോൽ അല്ലെ ങ്കിൽ സത്യത്തിന്റെ മാനദണ്ഡമായിത്തീരുന്നത് എന്ന ചിന്തയിലാണു ഞാൻ. ഈ സങ്കീർണപ്രശ്നം തത്ത്വജ്ഞാനികളെപ്പോലും ആശയ കുഴപ്പത്തിലാക്കിയിരിക്കുകയാണ്. അവരിൽ ചിലർ(വസ്തുക്കളുടെ യാഥാർഥ്യത്തെ നിഷേധിക്കുന്ന ഇവരെ യുക്ത്യാഭാസവാദികൾ എന്നു വിളിക്കുന്നു) വസ്തുക്കളുടെ യാഥാർഥ്യം തന്നെ നിഷേധിച്ചു കളഞ്ഞു.

വസ്തുക്കളുടെ സ്വഭാവഗുണങ്ങൾ സ്ഥാപിതമാണെങ്കിലും അവയ്ക്കു സ്ഥിരത കാണപ്പെടുന്നില്ലെന്നായി ചിലർ. ജലം തീയണയ്ക്കുന്നു. എന്നാൽ ഭൗമികമോ ആകാശീയമോ ആയ ഏതെങ്കിലും സ്വാധീനത്താൽ നീരുറവയിലെ വെള്ളത്തിന് ഈ ഗുണം നഷ്ടപ്പെട്ടേക്കാം. അഗ്നി മരക്കഷ്ണങ്ങളെ ദഹിപ്പിക്കുന്നു. എങ്കിലും ബാഹ്യമോ ആന്തരികമോ ആയ ചില കാരണങ്ങളാൽ അഗ്നിക്ക് ആ ഗുണം വെളിപ്പെടുത്താൻ കഴിയാതെയും വരാം. എന്തെന്നാൽ, ഇത്തരം അദ്ഭുത പ്രവൃത്തികൾ കാലങ്ങളായി സംഭവിച്ചു വരുന്നതാണ്. ഭൗമികവും ആകാശീയവുമായ ചില പ്രഭാവങ്ങൾ ആയിരങ്ങളെന്നല്ല ലക്ഷക്കണക്കിനു വർഷങ്ങൾക്കുശേഷം വെളിപ്പെടുന്നുവെന്നും തത്ത്വജ്ഞാനികൾ പറയുന്നുണ്ട്. മുന്നറിവില്ലാത്തവരും അജ്ഞരുമായവർക്ക് ഇവ പ്രകൃത്യാതീത സംഭവങ്ങളായി തോന്നുന്നു. മഹാതത്ത്വജ്ഞാനികളെപോലും വിസ്മയിപ്പിക്കുന്ന തരത്തിൽ ആകശഭൂമികളിലെവിടെയോ ചില അദ്ഭുതപ്രതിഭാസങ്ങൾ ഏതെങ്കിലുമൊക്കെ കാലത്ത് വെളിപ്പെടാറുണ്ട്. അവയിലെ തെളിവിന്റെ പ്രബലത കണ്ട് വിസ്മയിക്കുകയും ഖേദിക്കുകയും ചെയ്യുന്ന തത്ത്വജ്ഞാനികൾ അല്പം പ്രയാസപ്പെട്ട് അവയെ ഖഗോളശാസ്ത്രത്തിലോ ഭൗതികശാസ്ത്രത്തിലോ തിരുകികയറ്റുന്നു. അവരുടെ പ്രകൃതി നിയമത്തിന് ഊനമൊന്നും വരരുതല്ലോ. ഇങ്ങനെ അവർ അതും ഇതുമൊക്കെ ചെയ്ത് പുതിയ സംഗതികളെ ഏതെങ്കിലും വൈജ്ഞാനിക നിയമത്തിൽ ബലമായി കുത്തിക്കയറ്റി ജീവിതം കഴിക്കുന്നു. പറക്കും മത്സ്യത്തെ കാണുവോളം ഒരു തത്ത്വജ്ഞാനിയും അതുണ്ടെന്ന് വിശ്വസിച്ചിരുന്നില്ല. തുടർച്ചയായി ചില നായ്ക്കളുടെ വാല് മുറിച്ചു കൊണ്ട് മുറിവാലൻ നായ്ക്കൾ ജനിക്കാതിരിക്കുവോളം ഈയൊരു പ്രത്യേകത തത്ത്വജ്ഞാനികൾ അംഗീകരിച്ചിരുന്നില്ല. ചില സ്ഥലങ്ങളിൽ ശക്തമായ ഭൂകമ്പം കാരണമായി ആളിപ്പടർന്ന അഗ്നി കല്ലുകളെ ഉരുക്കിക്കളഞ്ഞെങ്കിലും മരക്കഷ്ണങ്ങളെ കത്തിക്കാനായില്ലെന്നത് കണ്ടെത്തുന്നതുവരെ അഗ്നിയുടെ ഈയൊരു ഗുണം പ്രകൃതിനിയമത്തിന് നിരക്കാത്തതാണെന്നാണ് തത്ത്വജ്ഞാനികൾ മനസ്സിലാക്കി പോന്നത്. ആസ്പിറേറ്റർ(Aspirator) കണ്ടു പിടിക്കുന്നതുവരെയും ട്രാൻസ്ഫ്യൂഷ്യൻ ഓഫ് ബ്ലഡ്(അതായത് രക്തം ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കടത്തി വിടുക) പ്രകൃതിനിയമത്തിൽപ്പെട്ടതാണെന്ന് ഏതു തത്ത്വജ്ഞാനിയാണ് അറിഞ്ഞിരുന്നത്? വൈദ്യുതി കണ്ടുപിടിക്കുന്നതിനു മുൻപായി വൈദ്യുതികൊണ്ട് യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാമെന്നു വിശ്വസിച്ചിരുന്ന ഏതെങ്കിലും

തത്ത്വജ്ഞാനിയുടെ പേരു പറയാമോ?.............

പതിവ്രതകളും സദ്വൃത്തരുമായ ചില സ്ത്രീകൾ പുരുഷസ്പർശമേൽക്കാതെ തന്നെ ഗർഭിണികളായി കുട്ടികൾക്ക് ജന്മം നൽകിയെന്നത് ഗ്രീക്കിൽ പരക്കെ അറിയപ്പെടുന്ന സംഗതിയാണെന്ന് പ്രശസ്ത ഭിഷഗ്വരനും തത്ത്വജ്ഞാനത്തിൽ നല്ല പരിജ്ഞാനവുമുണ്ടായിരുന്ന അല്ലാമ: ശാരിഹ് ഖാനൂൻ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിവിധ വ്യക്തികളിലും പരിഷ്കൃതസമൂഹങ്ങളിലും വസ്തുതാപരമായ അടിസ്ഥാനമില്ലാതെ ഇത്തരം സംഭവങ്ങൾക്ക് പ്രചാരം സിദ്ധിക്കുക സാധ്യമല്ലാത്തതിനാൽ ഈ സംഭവങ്ങളെ കറ്റുകെട്ടുകളായി തള്ളിക്കളയാനാവില്ലെന്ന അഭിപ്രായം അദ്ദേഹം രേഖപ്പെടുത്തുന്നു.......... ഇവ നിഷേധിക്കുന്നവരുടെ അഭിപ്രായം എന്തുമാകട്ടെ, ഈ സംഭവങ്ങളെയെല്ലാം അവ വളരെ അപൂർവമായി സംഭവിക്കുന്നതാണെന്ന കാരണത്താൽ തള്ളിക്കളയുക സാധ്യമല്ല. അവ വ്യർഥമാണെന്നതിന് താത്വികമായ ഒരു തെളിവും നിലനില്ക്കുകയുമില്ല...... വളരെ പ്രസക്തമായ മറ്റൊരു സംഗതികൂടി അല്ലാമ: ശാരിഹ് രേഖപ്പെടുത്തിയിട്ടുണ്ട്. ഒരേ ജീവിവർഗമായതിനാൽ മനുഷ്യരുടെയെല്ലാം സ്വഭാവപ്രകൃതിയും ഒരുപോലെയാണെങ്കിലും അപൂർവം ചിലർക്ക് ഏതെങ്കിലും കാലഘട്ടങ്ങളിൽ മറ്റുള്ളവരിൽ സാധാരണയായി കാണപ്പെടാത്ത സവിശേഷമായ കഴിവുകളോ ഉന്നതനിലവാരമുള്ള ശക്തികളോ നല്കപ്പെടുന്നു എന്നാണ് അദ്ദേഹം എഴുതിയിരിക്കുന്നത്. ഇക്കാലഘട്ടത്തിൽ ചിലർ മുന്നൂറു വയസ്സുവരെ ജീവിച്ചുവെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. അനന്യസുലഭമായ സംഭവമാണിത്. ചിലരുടെ ഓർമശക്തിയും കാഴ്ചശക്തിയും സമാനതകളില്ലാത്തവിധം തികവാർന്നതായിരിക്കുന്നു. അപൂർവമായി മാത്രം കാണപ്പെടുന്ന ഇത്തരം വ്യക്തികൾ നൂറ്റാണ്ടുകളും സഹസ്രാബ്ദങ്ങളും കഴിഞ്ഞാണ് വെളിപ്പെടുന്നത്. സംഭവങ്ങളുടെ വൈപുല്യവും നൈരന്തര്യവുമാണല്ലോ സാധാരണ ജനങ്ങൾ നോക്കുന്നത്. അവരുടെ ദൃഷ്ടിയിലുള്ള അത്തരം സംഭവങ്ങൾ പ്രകൃതിനിയമങ്ങളായി അംഗീകരിക്കപ്പെടുന്നു. ആ വൈപുല്യത്തിലും നൈരന്തര്യത്തിലുമായിരിക്കും അവർക്ക് വിശ്വാസം. അതുകൊണ്ടുതന്നെ പൊതുവെ നടക്കുന്ന സംഭവങ്ങൾവച്ചു നോക്കുമ്പോൾ അപൂർവമായ മറ്റുസംഭവങ്ങൾ നിഷ്പ്രഭവും സംശയാസ്പദവും വ്യർഥവുമായി തോന്നുന്നു. പൊതുസമൂഹത്തിനെന്നല്ല പണ്ഡിതർക്കു പോലും അവയിൽ സംശയവും സന്ദേഹവും ജനിക്കാൻ കാരണം അതാണ്. നിരന്തരം നടക്കുന്ന സംഭവങ്ങളെ അപേക്ഷിച്ച് അപൂർവമായ സംഭവങ്ങളെ പഠിക്കുന്നതിനു

തയ്യാറാകുന്നില്ല എന്നതാണ് തത്ത്വജ്ഞാനികൾക്ക് പിണഞ്ഞ ഭീമാബദ്ധം. മുന്നോട്ട് കാല്‌വെയ്പ്പുകൾ നടത്തുന്നതിൽനിന്ന് അതവരെ തടയുകയും അത്തരം സംഭവങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ കിസ്സകളും കെട്ടുകഥകളുമായി കരുതി ഉപേക്ഷിച്ചു കളയുകയും ചെയ്യുന്നു. അതേസമയം, പൊതുവെ നടക്കുന്ന സംഭവങ്ങളോടൊപ്പം ചില സന്ദർഭങ്ങളിൽ അപൂർവമായ അദ്ഭുതപ്രതിഭാസങ്ങളും വെളിപ്പെടുത്താറുണ്ടെന്നത് അല്ലാഹുവിന്റെ സനാതനരീതിയാണ്. അതിന് ഉദാഹരണങ്ങൾ അനവധിയുണ്ട്. അവ എഴുതാൻ തുടങ്ങിയാൽ വിഷയം വളരെ നീണ്ടുപോകും. വൈദ്യശാസ്ത്രനിയമങ്ങളും വൈദ്യന്മാരുടെ അനുഭവവും അനുസരിച്ച് ഒരിക്കലും ഭേദമാവില്ലെന്ന് വിധിയെഴുതിയ രോഗികളുടെ താൻ നേരിട്ടു സാക്ഷ്യം വഹിച്ച അവസ്ഥകളെ കുറിച്ച് ഹിപ്പോക്രേറ്റ്സ് തന്റെ വൈദ്യശാസ്ത്രഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. ആ രോഗികൾക്ക് അദ്ഭുതകരമായ നിലയിൽ രോഗശാന്തി ലഭിച്ചു. ഭൗമികമോ അഭൗമികമോ ആയ ചില സ്വാധീനങ്ങളുടെ ഫലമാണ് ഈ രോഗശാന്തിയെന്ന് അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. പൊതുവെനടക്കുന്നതും അപൂർവമായി നടക്കുന്നതുമായ സംഭവങ്ങളുടെ സവിശേഷ ശൃംഖല മനുഷ്യനിൽ മാത്രം പരിമിതമല്ലെന്നും ഞാൻ ഇവിടെ കൂട്ടിച്ചേർക്കുകയാണ്. ഇവ രണ്ടും എല്ലാ ജീവിവർഗങ്ങളിലും കാണാം. ഉദാഹരണമായി, സസ്യങ്ങളിൽവച്ച് എരിക്കിനെ നോക്കുക, വളരെ ചവർപ്പുള്ളതും വിഷകരവുമാണത്. എന്നാൽ ചിലസമയത്ത് കുറെ നാളുകൾക്കും വർഷങ്ങൾക്കും ശേഷം മധുരതരവും രുചികരവുമായ ഒരുതരം സസ്യം അത് ഉത്പാദിപ്പിക്കുന്നു. ഈ സസ്യത്തെ ഒരിക്കലും കണ്ടിട്ടില്ലാത്ത, അതിന്റെ ചിരന്തനമായ സാധാരണ ചവർപ്പുഗണം കണ്ടു വന്നിട്ടുള്ള ഒരാൾ തീർച്ചയായും ഈ സസ്യത്തെ പ്രകൃതിപ്രതിഭാസത്തിന് വിരുദ്ധമായിട്ടായിരിക്കും മനസ്സിലാക്കുക. മറ്റുജീവിവർഗങ്ങളിലും ഇതുപോലെ ഒരു ദീർഘകാലത്തിനുശേഷം ഏതെങ്കിലുമൊക്കെ അപൂർവസംഗതികൾ വെളിപ്പെടാറുണ്ട്. പെണ്ണാടിനെപ്പോലെ പാൽ നല്കുന്ന ആണാടിനെ മുസഫർഘഡിൽ കണ്ടെത്തിയിട്ട് കുറച്ചുകാലമേ ആയുള്ളു. ഈ വിവരം പട്ടണത്തിൽ വ്യാപകമായി പ്രചരിച്ചതോടെ മുസഫർഘഡിലെ ഡപ്യൂട്ടി കമ്മീഷ്ണർ മക്കോലിഫും സാഹിബും ഇതറിയാനിടയായി. ഈ അദ്ഭുതകരമായ സംഗതി പ്രകൃതിപ്രതിഭാസങ്ങൾക്ക് നിരക്കാത്തതാണെന്ന് മനസ്സിലാക്കിയ അദ്ദേഹം ആ ആണാടിനെ തന്റെയടുക്കലേക്ക് വരുത്തിച്ചു. അങ്ങനെ അദ്ദേഹത്തിനു മുൻപാകെ അതിനെ കറന്നപ്പോൾ ഏതാണ്ട്

ഒന്നര സേർ പാൽ കിട്ടി....ചില പുരുഷന്മാർ സ്ത്രീകളെപ്പോലെ പാൽ ചുരത്തുന്നത് തങ്ങൾ കണ്ടിട്ടുണ്ടെന്ന് പക്വമതികളും വിശ്വസ്തരും ആദരണീയരുമായ മൂന്നു പേർ എനിക്ക് സാക്ഷ്യം നല്കിയിരിക്കുന്നു.... അതുപോലെ പെൺപട്ടുനൂൽപുഴു ആൺപുഴുവിന്റെ സ്പർശമേല്ക്കാതെ മുട്ടയിടുന്നതും അതിൽ നിന്ന് കുഞ്ഞുങ്ങൾ പുറത്തു വരുന്നതും ചിലർക്ക് അനുഭവമുണ്ട്. ഉണങ്ങിയ മണ്ണിൽനിന്ന് എലി ഉണ്ടാവുകയും അതിന്റെ ശരീരത്തിന്റെ പകുതി ഭാഗം മണ്ണും പകുതി എലിയുമായിരുന്നെന്നും ചിലർ കണ്ടിട്ടുണ്ട്. കേൾവിശക്തി നശിച്ച് ബധിരനായിത്തീർന്ന ഒരു രോഗിയെ തങ്ങൾ കണ്ടുവെന്ന് വൈദ്യനായ ഖർശിയോ അല്ലാമയോ( ശാരിഹ് ഖാനൂൻ) ഒരിടത്ത് പ്രസ്താവിക്കുന്നുണ്ട്. അയാളുടെ കാതുകൾക്കു താഴെ കുരുവന്ന് അതൊരു ദ്വാരമായി മാറുകയും ദൈവം അയാൾക്ക് മറ്റൊരു ചെവി തന്നരുളിയതുപോലെ അതിലൂടെ അയാൾ സുഖമായി കേൾക്കാൻ തുടങ്ങുകയും ചെയ്തു....

മനുഷ്യന് കണ്ണുകൾ കൊണ്ടും കേൾക്കാനാവുമോ എന്ന് പ്രശസ്ത ഭിഷഗ്വരനായിരുന്ന ഗാലനോട് ആരോ ചോദിച്ചപ്പോൾ അദ്ദേഹം നല്കിയ മറുപടി ഇതാണ്: 'ഇന്നോളമുള്ള പരീക്ഷണങ്ങൾ ഇതിനെ പിന്തുണയ്ക്കുന്നില്ലെങ്കിലും ഏതെങ്കിലും കരങ്ങളുടെ പ്രവർത്തനത്താലോ അഭൗമിക പ്രതിഭാസത്താലോ വെളിപ്പെട്ടേക്കാവുന്ന അത്തരം ബന്ധം ചെവിയും കണ്ണും തമ്മിൽ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. കാരണം,ശരീരങ്ങളുടെ ഗുണവിശേഷങ്ങളെപ്പറ്റിയുള്ള ജ്ഞാനം ഇനിയും പൂർണമല്ല.'

ഡോ.ബെർണിയർ തന്റെ യാത്രാവിവരണത്തിന്റെ വിവർത്തന കൃതിയിലെ എൺപതാം പേജിൽ കാശ്മീരിലേക്ക് പീർപഞ്ചാൽ നടത്തിയ മുന്നേറ്റങ്ങളെക്കുറിച്ച് പ്രതിപാദിച്ചിടത്ത് ഒരു വിചിത്രസംഭവം രേഖപ്പെടുത്തുന്നുണ്ട്. ഒരിടത്ത് കല്ലുകൾ ഇളക്കിമറിക്കുന്നതിനിടെ കറുത്ത നിറമുള്ള ഒരു തേളിനെ കാണാനിടയായി. അതിനെ അദ്ദേഹത്തിനു പരിചയമുള്ള ഒരു മുഗൾ വംശജനായ യുവാവ് തന്റെ ഉള്ളംകൈയിൽ എടുക്കുകയും അദ്ദേഹത്തിനും അദ്ദേഹത്തിന്റെ വേലക്കാരനും അതു കൈമാറുകയും ചെയ്തു. എന്നാൽ അവരിലാരെയും അതു കടിക്കുകയുണ്ടായില്ല. താൻ ഖുർആനിക വചനം ചോല്ലി ഊതിയതാണ് അതിനു കാരണമെന്നും താൻ ഇങ്ങനെ ചെയ്തു മിക്ക തേളുകളെയും പിടിക്കാറുണ്ടെന്നുമാണ് മുഗൾ വംശജനായ ആ യുവാവ് പറഞ്ഞത്. *ഫുതൂഹാത്തിന്റെയും ഫുസൂസിന്റെയും* രചയിതാവ്

വ്യഖ്യാത പണ്ഡിതനും തത്ത്വജ്ഞാനത്തിലും സൂഫിസത്തിലും നല്ല അവഗാഹമുള്ള വ്യക്തിയുമാണ്. അദ്ദേഹം *ഫുതൂഹാത്ത്* എന്ന തന്റെ ഗ്രന്ഥത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വീട്ടിൽ ഒരിക്കൽ ഒരു തത്ത്വജ്ഞാനിയും മറ്റൊരാളുമായി അഗ്നിയുടെ സ്വഭാവവിശേഷത്തെ ചൊല്ലി ചർച്ച നടന്നു. ചർച്ച നടന്നു കൊണ്ടിരിക്കെ മറ്റേ വ്യക്തി തത്ത്വജ്ഞാനിയുടെ കൈപിടിച്ച് തന്റെയും അദ്ദേഹത്തിന്റെയും കൈകൾ മുൻപിലുണ്ടായിരുന്ന അടുപ്പിലെ തീക്കട്ടകളിലേക്ക് തിരുകിക്കയറ്റുകയും അല്പസമയം അങ്ങനെത്തന്നെ വെയ്ക്കുകയും ചെയ്തു. രണ്ടു പേരുടെ കൈകൾക്കും അഗ്നി ഒരു പോറലും ഏല്പിച്ചില്ല. കഠിനമായ ഉഷ്ണക്കാലത്ത്

وَإِذَا بَطَشْتُم بَطَشْتُمْ جَبَّارِينَ

(വിശുദ്ധ ഖുർആൻ 26:131)

എന്ന ഖുർആനിക വചനം പാരായണം ചെയ്തുകൊണ്ട് കടന്നലിനെ പിടിക്കുകയും അതിന്റെ കുത്തേൽക്കാതെ സുരക്ഷിതനായിരിക്കുകയും ചെയ്യുന്ന ഒരു ദർവേശിനെ ഈ വിനീതനും കണ്ടിട്ടുണ്ട്. അതുപോലെ ഖുർആനികവചനങ്ങൾ ചെലുത്തിയ ചില അദ്ഭുതപ്രഭാവങ്ങൾ ഈ വിനീതൻ തന്നെയും അനുഭവിച്ചറിഞ്ഞിട്ടുണ്ട്. അവ മുഖേന അത്യുന്നതനായ സ്രഷ്ടാവിന്റെ ദിവ്യാദ്ഭുതശക്തി മനസ്സിലാക്കാം. ലോകമാകുന്ന ഈ കൗതുകഭവനം എണ്ണമറ്റ അദ്ഭുതപ്രതിഭാസങ്ങളാൽ നിർഭരമാണ്. മൺമറഞ്ഞുപോയ ജ്ഞാനികളും മാന്യരുമായ തത്ത്വജ്ഞാനികൾ ഒരിക്കലും തന്നെ എണ്ണപ്പെട്ട ഏതാനും അറിവുകളെ ചൊല്ലി അഹങ്കരിച്ചിട്ടില്ല. തങ്ങളുടെ പരിമിതമായ അനുഭവങ്ങളെ ദൈവത്തിന്റെ പ്രകൃതിനിയമമെന്ന് വിളിക്കുന്നതിനെ ലജ്ജാരഹിതമായ ധിക്കാരമായാണ് അവർ കരുതി പോന്നത്. സൂര്യചന്ദ്രനക്ഷത്രാദികളുടെ വിളക്കുകളാൽ അലംകൃതമായ നിത്യവസന്ത വാനവും, വിവിധ വർണവൈജാത്യങ്ങളോടു കൂടിയ സൃഷ്ടികൾ നിവസിക്കുന്ന അതിസുന്ദരമായ ഈ ഭൂമിയും ഒരു പ്രയാസവും കൂടാതെ കേവലം തന്റെ ഇച്ഛയാൽ സൃഷ്ടിച്ചവന്റെ ശക്തിപ്രഭാവങ്ങളുടെ പരകോടിയെ പ്രാപിക്കുക സാധ്യമാണോ?

**(സുർമെ ചശ്മെ ആര്യ, റൂഹാനി ഖസായിൻ, വാല്യം.2, പേ.90)**

## ദൈവസൃഷ്ടിയും ദൈവവചനവും

ദൈവസൃഷ്ടികൾ ദൈവവചനങ്ങളാൽ ഉദ്ഭവിക്കുന്നുവെന്നത് *റുബൂബിയ്യത്തിന്റെ* രഹസ്യമത്രേ. ഓരോ വ്യക്തിക്കും തങ്ങളുടേതായ ധാരണാശക്തിയാൽ ഇതിൽ ബോധ്യം വരുത്താവുന്നതാണ്. വേണമെങ്കിൽ ഇങ്ങനെ നിങ്ങൾക്ക് മനസ്സിലാക്കാം: സൃഷ്ടികൾ ദൈവവചനങ്ങളുടെ പ്രതിബിംബങ്ങളോ ദൈവത്തിന്റെ ശക്തിപ്രഭാവത്താൽ സൃഷ്ടിരൂപത്തിലുള്ള ദൈവവചനങ്ങൾതന്നെയോ ആകുന്നു. ഈ രണ്ടർഥത്തിലും ഗ്രഹിക്കത്തക്കവിധം പ്രവിശാലമാണ് വിശുദ്ധ ഖുർആനിലെ വചനങ്ങൾ. വിശുദ്ധ ഖുർആനിൽ ചിലയിടങ്ങളിൽ സൃഷ്ടികളെ ദൈവവചനങ്ങൾ എന്നു വിശേഷിപ്പിച്ചിരിക്കുന്നു. അവ *റുബൂബിയ്യത്തിന്റെ* ദിവ്യപ്രഭാവം മുഖേന ദിവ്യശക്തിപ്രഭാവത്താൽ പുതിയ ഗുണങ്ങളും സ്വഭാവവിശേഷങ്ങളും സ്വായത്തമാക്കിക്കൊണ്ട് നവസൃഷ്ടിയുടെ നിറം സമ്പൂർണമായി കൈവരിക്കുകയാണ് ചെയ്യുന്നത്. വാസ്തവത്തിൽ സൃഷ്ടിഗുണത്തിന്റെ രഹസ്യജ്ഞാനത്തിൽപ്പെട്ട ഒന്നത്രേ ഇത്. യുക്തിയുടെ മൂശയിലിട്ട് നല്ലപോലെ ഗ്രഹിക്കാനാവുകയില്ല. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം, ദൈവം സൃഷ്ടിക്കാനുദ്ദേശിച്ചതെല്ലാം ഉണ്ടായിയെന്നും എല്ലാം അവന്റെ സൃഷ്ടിയും അവനിൽനിന്ന് ഉദ്ഭവിച്ചതുമാണെന്നും തിരിച്ചറിയുന്നതാണ് ശരിയായ മാർഗം. എന്നാൽ ദിവ്യജ്ഞാനം സിദ്ധിച്ചവർക്ക് ജാഗ്രതാദർശനത്തിലൂടെ സൃഷ്ടിപ്പിന്റെ നിഗൂഢരഹസ്യം വെളിപ്പെടുന്നു. ഈ ആത്മാക്കളും ശരീരങ്ങളുമെല്ലാം സമ്പൂർണ യുക്തിജ്ഞാനം മുഖേന സൃഷ്ടിയുടെയും ഉദ്ഭവത്തിന്റെയും ഉടയാടയണിഞ്ഞ ദൈവവചനം തന്നെയെന്ന് ജാഗ്രതാദർശനത്തിൽ അവർ മനസ്സിലാക്കുന്നു. എന്നാൽ ഈ ജാഗ്രതാദർശനങ്ങളിൽനിന്നും യുക്തിബോധത്തിൽനിന്നും പൊതുവായ അംശം സ്വീകരിക്കുകയെന്ന അടിസ്ഥാനതത്ത്വമാണ് അവലംബിക്കുകയും നിലകൊള്ളുകയും ചെയ്യേണ്ടത്. അതായത്, ദൈവം സകലതിന്റെയും സ്രഷ്ടാവും കാരണഭൂതനുമാകുന്നു. അവനില്ലാതെ ഒരു വസ്തുവും, അത് ആത്മാക്കളാകട്ടെ ശരീരങ്ങളാകട്ടെ, ഉൺമ പ്രാപിച്ചിട്ടില്ല; പ്രാപിക്കുകയുമില്ല. ഇവിടെ ദൈവവചനത്തിന്റെ ശൈലീസമുച്ചയം ബഹുതലങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഓരോ വസ്തുവും അല്ലാഹുവിൽനിന്നാണ് ഉദ്ഭവിക്കുകയും ഉൺമപ്രാപിക്കുകയും ചെയ്തതെന്നും ഒരു വസ്തുവും അവനില്ലാതെ സൃഷ്ടിക്കപ്പെടുകയോ സ്വയം നിലനില്ക്കുകയോ ചെയ്തിട്ടില്ലെന്നുമാണ് വിശുദ്ധ ഖുർആൻ അസന്ദിഗ്ദ്ധമായും സുദൃഢമായും പ്രഖ്യാപിക്കുന്നത്. പ്രാഥമികാ

വസ്ഥയെ സംബന്ധിച്ചിടത്തോളം ഈ വിശ്വാസം പര്യാപ്തമാണ്. പിന്നീട് ദിവ്യജ്ഞാനത്തിന്റെ വിവിധ വിഹായസ്സുകളിലേക്ക് പ്രയാണം ചെയ്യാൻ ഭാഗ്യം സിദ്ധിച്ചവർക്ക് ആത്മീയപ്രയത്നങ്ങൾക്കുശേഷം ആ അവസ്ഥ സ്വയം തുറക്കപ്പെടും. അല്ലാഹു പറയുന്നു:

وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا

(വിശുദ്ധ ഖുർആൻ 29:70)

**(സുർമെ ചശ്മെ ആര്യ, റൂഹാനി ഖസായിൻ, വാള്യം.2, പേ.173-175 അടിക്കുറിപ്പ്)**

ഇവിടെ ഒരു സംഗതി കൂടി പരാമർശിക്കേണ്ടതുണ്ട്. കാര്യകാരണങ്ങളുടെ ആദികാരണവും സർവാസ്തിത്വങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുന്ന സത്തയുമായ അല്ലാഹു പ്രീതിയാലോ അപ്രീതിയാലോ എന്തെങ്കിലും സൃഷ്ടിക്കാൻ തുടങ്ങുകയോ അതിനായി തീരുമാനിക്കുകയോ ചെയ്യുമ്പോൾ ആ പ്രവൃത്തി പരമവും പൂർണവുമായ നിലയിലാണെങ്കിൽ സർവസൃഷ്ടികളെയും ബാധിക്കുന്നു. ഇനി ചില കാരണങ്ങളാൽ ആ പ്രവൃത്തി ഭാഗികമാണെങ്കിൽ അതനുസരിച്ച് പ്രപഞ്ചത്തിന്റെ ഒരുഭാഗം ചലിക്കാൻ തുടങ്ങുന്നു. ശരീരത്തിന് ജീവനോടെന്നതുപോലുള്ള ബന്ധമാണ് സകലമാന സൃഷ്ടികൾക്കും ലോകങ്ങൾക്കും ദൈവവുമായുള്ളത് എന്നതാണ് സത്യം. എല്ലാ അവയവങ്ങളും ആത്മാവിന്റെ കല്പനകൾക്ക് വിധേയപ്പെടുകയും ആത്മാവ് ചായുന്ന ദിശയിലേക്ക് തിരിയുകയും ചെയ്യുന്നുവല്ലോ. ഇതുതന്നെയാണ് അല്ലാഹുവും അവന്റെ സൃഷ്ടികളും തമ്മിലുള്ള ബന്ധം. *ഫുസൂസി*ന്റെ രചയിതാവിനെപ്പോലെ (ഹദ്റത്ത് മുഹ്‌യുദ്ദീനുബ്നു അറബി-വിവ.)

خَلَقَ الْاَشْيَآءَ وَهُوَ عَيْنُهَا

(അർഥം: അവൻ എല്ലാം സൃഷ്ടിച്ചു. എല്ലാം അവൻതന്നെയാകുന്നു) എന്നു ഞാൻ പറയുന്നില്ലെങ്കിലും

خَلَقَ الْاَشْيَآءَ وَهُوَ عَيْنُهَا ـ هٰذَا الْعَالَمُ كَصَرْحٍ مُمَرَّدٍ مِنْ قَوَارِيْرَ وَمَا الطَّاقَةُ الْعُظْمٰى يَجْرِىْ تَحْتَهَا وَيَفْعَلُ مَا يُرِيْدُ يُخَيَّلُ فِىْ عُيُوْنٍ قَاصِرَةٍ كَاَنَّهَا هُوَ ـ يَحْسَبُوْنَ الشَّمْسَ وَالْقَمَرَ وَالنُّجُوْمَ مُؤَثِّرَاتٍ بِذَاتِهَا وَلَا مُؤَثِّرَ اِلَّا هُوَ ـ

(അർഥം: അവൻ എല്ലാം സൃഷ്ടിച്ചു. എല്ലാറ്റിന്റെയും പ്രതിരൂപമാണവൻ. താഴെ ശക്തമായ അരുവികൾ ഒഴുകുന്ന, മിനുത്ത സ്ഫടികപാളികൾ പാകിയ മഹാമന്ദിരം പോലെയാണീ പ്രപഞ്ചം. അവൻ ഇച്ഛിക്കുന്നതെന്തോ അതവൻ ചെയ്യുന്നു. ദുർബലനേത്രങ്ങൾ ഇവ ദൈവമാണെന്ന് തെറ്റിദ്ധരിക്കുന്നു. സൂര്യചന്ദ്രക്ഷത്രാദികളെല്ലാം സ്വയം നിലനില്ക്കുന്നവയും സ്വതന്ത്രമായി പ്രഭാവം ചെലുത്തുന്നവയുമാണെന്ന് അവർ ധരിക്കുന്നു. എന്നാൽ ദൈവമല്ലാതെ സ്വതന്ത്രമായി നിലനില്ക്കുകയോ പ്രഭാവം ചെലുത്തുന്നതോ ആയി ആരുമില്ല.) എന്ന് തീർച്ചയായും പറയും. ആ കാരണഭൂതന്റെ പ്രവൃത്തികളെയും ഉദ്ദേശ്യങ്ങളെയും നടപ്പിൽ വരുത്തുന്നതിനുവേണ്ടി യഥാർഥത്തിൽ അവന്റെ അവയവങ്ങൾ പോലെയാണ് പ്രപഞ്ചത്തെ അതിന്റെ സർവാംശങ്ങളോടു കൂടി രൂപകല്പന ചെയ്തിരിക്കുന്നതെന്ന രഹസ്യം യുക്തിജ്ഞനായ അല്ലാഹു എനിക്കു വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അത് സ്വയം നിലനില്ക്കുന്ന ഒന്നല്ല. മറിച്ച്, ആ വിശ്രുതാത്മാവിനാൽ അതു സദാ ശക്തി സ്വായത്തമാക്കുകയാണ് ചെയ്യുന്നത്; ജീവനിലൂടെ ശരീരധർമങ്ങൾ നിർവഹിക്കപ്പെടുന്നതു പോലെ. ഈ മഹാസത്തയെ സംബന്ധിച്ചിടത്തോളം ഈ പ്രപഞ്ചത്തിന് ആലങ്കാരികമായി ശരീരാംഗങ്ങളുടെ സ്ഥാനമാണുള്ളത്. ആന്തരികവും ബാഹ്യവുമായ നിലയിൽ അവന്റെ ഇച്ഛകൾക്കനുസൃതമായി പ്രഭ ചൊരിയുന്ന വദനവെളിച്ചംപോലുള്ള ചില വസ്തുക്കളുണ്ട്. ചിലത് അവന്റെ കരങ്ങൾ പോലുള്ളതും ചിലത് അവന്റെ കാലുകൾ പോലുള്ളതും ചിലത് അവന്റെ നിശ്വാസം പോലുള്ളതുമാകുന്നു. ദൈവത്തെ സംബന്ധിച്ചിടത്തോളം ഈ പ്രപഞ്ചമഖിലവും ഒരു ശരീരം പോലെയാണെന്ന് ചുരുക്കം. അതിന്റെ മുഴുവൻ ജീവസ്സും ഓജസ്സും മുഴുജീവിതവും അതിനെ നിലനിർത്തുന്ന ആ വിശ്രുതാത്മാവിൽ നിന്നുള്ളതാണ്. നിയന്താവായ ആ സത്ത ഉദ്ദേശിക്കുന്ന അതേ ചലനങ്ങൾതന്നെ ആ ശരീരത്തിന്റെ മുഴുവൻ അംഗങ്ങളിലോ ചിലതിലോ അവൻ ഇച്ഛിക്കുന്നതുപ്രകാരം ഉയിർ കൊള്ളുന്നു.

മേൽ വിവരിച്ച സംഗതി ഒരു കാല്പനിക ചിത്രത്തിലൂടെ ഇങ്ങനെ സങ്കല്പിക്കാം: എണ്ണമറ്റ കൈകളും കാലുകളും അവയവങ്ങളുമുള്ളവനത്രേ സർവലോകങ്ങളുടെയും നിയന്താവായ ആ മഹാസത്ത. അപരിമിതമായ വീതിയും വ്യാപ്തിയുമുള്ളവനാണവൻ. ചിലന്തിയെപ്പോലെ, ആ മഹാസ്തിത്വത്തിനും വലകളുണ്ട്. ജീവലോകത്തിന്റെ നാനഭാഗത്തും അതു വ്യാപിച്ചു കൊണ്ട് ആകർഷണശക്തിപോലെ

പ്രവർത്തിക്കുന്നു. പ്രപഞ്ചമെന്ന് മറ്റുവാക്കുകളിൽ അറിയപ്പെടുന്ന ശരീരാംഗങ്ങളാണിവ. പ്രപഞ്ചനിയന്താവ് പൂർണമോ ഭാഗികമോ ആയി അനങ്ങാൻ തുടങ്ങുമ്പോൾ അവന്റെ ആ അനക്കങ്ങൾ അവയവങ്ങളിലും പ്രതിഫലിക്കുക അനിവാര്യമാണ്. അവൻ തന്റെ സകല ഇച്ഛകളെയും ഈ അവയവങ്ങളിലൂടെയാണ് വെളിപ്പെടുത്തുക; മറ്റൊരു രീതിയിലുമല്ല. സൃഷ്ടികളുടെ സർവഭാഗങ്ങളും ദൈവേച്ഛയ്ക്ക് വിധേയമാവുകയും വിശ്വസ്തനും വിനീതനുമായ ദാസനെപ്പോലെ അവന്റെ മറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങളെ സാക്ഷാത്ക്കരിക്കുകയും അങ്ങേയറ്റത്തെ അനുസരണത്തോടെ അവന്റെ ഇച്ഛയുടെ മാർഗത്തിൽ വിലയം പ്രാപിക്കുകയുമാണ് മഹത്തായ ഈ ആധ്യാത്മികസത്യത്തിന്റെ ലളിതമായ ഒരുദാഹരണം. ഈ അനുസരണം ഒരിക്കലുംതന്നെ കേവലം അധികാരത്തിലും ബലാത്ക്കാരത്തിലും അധിഷ്ഠിതമായ ഒന്നല്ല. മറിച്ച്, ഓരോ വസ്തുവിനും അല്ലാഹുവിനോട് ഒരു കാന്തികമായ ആകർഷണം കാണപ്പെടുന്നുണ്ട്. വിവിധ അവയവങ്ങൾ ശരീരത്തിന് വിധേയപ്പെട്ടിരിക്കുന്നതുപോലെ ഓരോ അണുവും നൈസർഗികമായി അവനിലേക്ക് ചാഞ്ഞിരിക്കുന്നതായി അനുഭവപ്പെടുന്നു. ആകയാൽ, ഈ പ്രപഞ്ചമഖിലവും ആ മഹാസത്തയുടെ അവയവങ്ങൾ പോലെയാണ് എന്നത് സത്യമാണ്; തികച്ചും സത്യമാണ്. ഇക്കാരണത്താലാണ് അവനെ സർവലോകനിയന്താവെന്ന് വിളിക്കുന്നത്. എന്തെന്നാൽ, ജീവൻ തന്റെ ശരീരത്തെ നിലനിർത്തുന്നതുപോലെ സകലസൃഷ്ടികളെയും അവൻ നിയന്ത്രിച്ചുപോരുന്നു. അതല്ലായിരുന്നെങ്കിൽ പ്രപഞ്ചസംവിധാനം തകിടംമറഞ്ഞേനെ. ആ നിയന്താവിന്റെ ഓരോ ഇച്ഛയും, അതു ബാഹ്യമോ ആന്തരികമോ ആകട്ടെ, ലൗകികമോ അലൗകികമോ ആകട്ടെ, സൃഷ്ടികളിലൂടെയാണ് വെളിപ്പെടുന്നത്. ഈ മാർഗങ്ങളിലൂടെയല്ലാതെ ഭൂമിയിൽ വെളിപ്പെടുന്ന ഒരു ഇച്ഛയുമില്ല. ആരംഭംതൊട്ട് നടന്നുവരുന്ന ചിരന്തന പ്രകൃതിനിയമമാണിത്.

**(തൗസീഹെ മറാം, റൂഹാനി ഖസായിൻ, വാള്യം.3, പേ.88-91)**

ജ്യോതിർഗോളങ്ങളിലും മൂലകണങ്ങളിലും കാണപ്പെടുന്ന ഭൗതികവും നശ്വരവുമായ സ്വഭാവവിശേഷങ്ങൾ ആത്മീയവും അനന്തവുമായ നിലയിൽ ദൈവത്തിൽ ഉണ്ടെന്നത് സുവിദിതമാണ്. സൂര്യചന്ദ്രാദികൾ തുടങ്ങിയവ അവയുടേതായ നിലയിൽ ഒന്നുമല്ലെന്ന് ദൈവം നമുക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അവന്റെ ശക്തിവിലാസമാകുന്ന

തിരശ്ശീലയ്ക്കു പിന്നിലാണ് ഓരോന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇരുളടഞ്ഞ ഹൃദയങ്ങളിൽ സ്വയം പ്രവേശിച്ച് അവയെ ഉദ്ദീപ്തമാക്കുകയും മനുഷ്യനോട് സ്വയം ഭാഷണം നടത്തുകയും ചെയ്യുന്നതുപോലെ, ചന്ദ്രനെ തന്റെ അസ്തിത്വത്തിന്റെ മറയാക്കി നിർത്തിക്കൊണ്ട് ഇരുൾമുറ്റിയ രാവുകൾക്ക് വെളിച്ചമേകുന്നതും അവൻതന്നെ. തന്റെ ശക്തികളിൽ സൂര്യന്റെ മറയിട്ടുകൊണ്ട് പകലിനെ മഹാപ്രകാശത്തിന്റെ പ്രതീകമാക്കുകയും വിവിധ കാലാവസ്ഥകളിൽ വ്യത്യസ്തമായ പ്രവൃത്തികൾ കാണിക്കുകയും ചെയ്യുന്നവനത്രേ അവൻ. ആകാശത്തുനിന്ന് പെയ്തിറങ്ങുന്നതും അവന്റെ ശക്തിയാകുന്നു. മഴയെന്ന് വിളിക്കപ്പെടുന്ന ഈ പ്രതിഭാസം വരണ്ട ഭൂമിയെ ഹരിതാഭമാക്കുകയും ദാഹിക്കുന്നവർക്ക് ദാഹശമനമേകുകയും ചെയ്യുന്നു. അവന്റെതന്നെ ശക്തിയാണ് അഗ്നിയിലൂടെ ദഹിപ്പിക്കുകയും വായുവിലൂടെ ശ്വസനത്തിന് ഉന്മേഷമേകുകയും പുഷ്പങ്ങളെ വിരിയിക്കുകയും മേഘങ്ങളെ ഉയർത്തുകയും ശബ്ദങ്ങളെ കാതുകളിലെത്തിക്കുകയും ചെയ്യുന്നത്. ഭൂമിയുടെ രൂപത്തിൽ പ്രത്യക്ഷനായി മനുഷ്യമൃഗാദികളെയെല്ലാം തന്റെ ചുമലിൽ വഹിക്കുന്നതും അവന്റെ ശക്തിയാണ്. എന്നാൽ ഈ വസ്തുക്കളെല്ലാം ദൈവമാണോ? അല്ലതന്നെ. അവയെല്ലാം അവന്റെ സൃഷ്ടികളത്രേ. അവയിൽ ദിവ്യശക്തി, പേനയോടൊപ്പം കരങ്ങളെന്നപോലെ ബന്ധിക്കപ്പെട്ടിരിക്കുന്നു. പേന എഴുതുന്നുവെന്ന് പറയാമെങ്കിലും പേന എഴുതുന്നില്ലല്ലോ. എഴുതുന്നത് കരങ്ങളാണ്. ഇരുമ്പുദണ്ഡ് അഗ്നിയിലിടുന്നതോടെ അതു അഗ്നിയായിമാറുന്നു. അതു ദഹിപ്പിക്കുകയും വെളിച്ചം നല്കുകയും ചെയ്യുന്നുവെന്ന് പറയാമെങ്കിലും വാസ്തവത്തിൽ അവ അതിന്റെ സ്വന്തം സവിശേഷതകളല്ല; അഗ്നിയുടെ സവിശേഷതകളാണ്. ഇതേപോലെ, ഗഹനദൃഷ്ട്യാ നോക്കുമ്പോൾ, ജ്യോതിർഗോളങ്ങളും ഭൂമിയിലെ മൂലകങ്ങളും എന്നല്ല ആകാശഭൂമികളിലുള്ള ദൃശ്യവും അനുഭവവേദ്യവുമായ കണങ്ങളെല്ലാം തന്നെ അവയിൽ കാണപ്പെടുന്ന വൈവിധ്യങ്ങളായ സ്വഭാവവിശേഷങ്ങൾ കാരണം ദൈവത്തിന്റെ നാമങ്ങളും അവന്റെ ഗുണങ്ങളുമാണെന്നതാണ് സത്യം. ദൈവത്തിന്റെ ശക്തിവിലാസമാണ് അവയിൽ ഗോപ്യമായ നിലയിൽ തേജോഭവിക്കുന്നത്. ആദിയിൽ ഇവയെല്ലാം അവന്റെ വചനങ്ങളായിരുന്നു. അവന്റെ ശക്തി അവയെ വിവിധരൂപത്തിൽ പ്രകടമാക്കുകയാണ് ചെയ്തത്. ദൈവവചനങ്ങൾ മൂർത്തമായതെങ്ങനെ? അവ ദൈവത്തിൽനിന്ന് വേർപെടുമ്പോൾ ദൈവം ശോഷിക്കുമോ? എന്ന് അജ്ഞനായ വ്യക്തി ചോദിക്കും. കോൺ

വെക്സ് ലെൻസ് സൂര്യനിൽനിന്ന് താപം സ്വീകരിക്കുമ്പോൾ അത് സൂര്യപ്രകാശത്തിൽ ഒരു കുറവും വരുത്തുന്നില്ലെന്ന് അവൻ ചിന്തിക്കട്ടെ. ഇതുപോലെ, ചന്ദ്രവെളിച്ചം കൊണ്ട് കായ്ക്കുന്ന ഫലങ്ങൾ ചന്ദ്രനെ ശോഷിപ്പിക്കുന്നുമില്ല. ലോകം സൃഷ്ടിക്കപ്പെട്ടത് ദൈവവചനങ്ങളാൽ തന്നെയാണെന്നത് സകല ആധ്യാത്മികവ്യവസ്ഥിതിയുടെ കേന്ദ്രബിന്ദുവും ദിവ്യജ്ഞാനത്തിലെ ഒരു രഹസ്യതത്ത്വവുമത്രേ.

**(നസീമെ ദഅ്വത്ത്, റൂഹാനി ഖസായിൻ, വാള്യം.19 പേ.423-424)**

അതിബൃഹത്തായ ഈ ഗോളങ്ങളെ ഞാൻ നിരീക്ഷിക്കുകയും അവയുടെ മഹത്ത്വത്തിലും അദ്ഭുതപ്രതിഭാസങ്ങളിലും വിചിന്തനം നടത്തുകയും ഇവയെല്ലാം ദൈവത്തിന്റെ നിശ്ചയത്താലും പദ്ധതികളാലുമാണ് ഉണ്ടായതെന്ന് തിരിച്ചറിയുകയും ചെയ്യുമ്പോൾ എന്റെ ആത്മാവ് അറിയാതെ ഇങ്ങനെ ഉരുവിട്ടു പോകുന്നു: 'സർവശക്തനായ നമ്മുടെ നാഥാ, നീ എത്രമാത്രം ശക്തിമാഹാത്മ്യങ്ങളുള്ളവനാണ്! എത്ര അദ്ഭുതകരവും യുക്ത്യാതീതവുമാണ് നിന്റെ പ്രവൃത്തികൾ! നിന്റെ ശക്തിപ്രഭാവങ്ങളെ നിഷേധിക്കുന്നവൻ അവിവേകിയാണ്. ഇവയൊക്കെ ഏതു ധാതുവിൽനിന്നാണ് അവൻ സൃഷ്ടിച്ചതെന്ന് നിന്നെപ്പറ്റി ആക്ഷേപമുതിർക്കുന്നവൻ വിഡ്ഢിയാകുന്നു.'

**(നസീമെ ദഅ്വത്ത്, റൂഹാനി ഖസായിൻ, വാള്യം.19, പേ.425, അടിക്കുറിപ്പ്)**

നമ്മുടെ ദൈവമെന്ന് അറിയപ്പെടുന്ന അല്ലാഹുവാണ് സർവാനുഗ്രഹങ്ങളുടെയും ഉറവിടമായ അസ്തിത്വമെന്നും അവന്റെ കരങ്ങളാലാണ് സർവതും ഉൺമ പ്രാപിച്ചതെന്നുമുള്ളതത്രേ അവന്റെ ദൈവത്വത്തിന്റെ അകപ്പൊരുൾ. ഇതാണ് അവനെ ആരാധനക്കർഹനാക്കുന്നത്. അവനു നമ്മുടെ ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും അധീനമാക്കാൻ അവകാശമുണ്ടെന്നതിൽ നാം സന്തോഷം കൊള്ളുന്നു. എന്തെന്നാൽ, ഒന്നുമല്ലാതിരുന്ന നമുക്ക് ഉൺമ തന്നരുളിയത് അവനാണ്. ആകയാൽ, ഇല്ലായ്മയിൽനിന്ന് നമ്മെ സൃഷ്ടിച്ച അവനാണ് നമ്മുടെ ഉടമസ്ഥനാവാൻ പൂർണ അധികാരം.

**(ശഹ്നയെ ഹഖ്, റൂഹാനിഖസായിൻ, വാള്യം.2, പേ. 428-429)**

ദൈവത്തെ ദൈവമെന്നു വിളിക്കാൻ യോഗ്യമാക്കുന്ന അവന്റെ ശക്തിവിലാസങ്ങളിലെ പ്രത്യേകതകളിലൊന്ന് ആധ്യാത്മികവും ശാരീരികവുമായ സവിശേഷതകൾ സൃഷ്ടിക്കാനുള്ള ശക്തിവിശേഷമാണ്. ഉദാഹരണത്തിന് അവൻ ജീവികൾക്ക് കണ്ണുകൾ പ്രദാനം

ചെയ്തു. ഈ പ്രവൃത്തിയിൽ അവൻ കണ്ണുകൾ സൃഷ്ടിച്ചു എന്നതല്ല അവന്റെ യഥാർഥ ഔന്നത്യം, മറിച്ച് ദർശനശക്തി സംജാതമാകാൻ വേണ്ട സൂക്ഷ്മകഴിവുകൾ ആദ്യമേതന്നെ അവൻ ശരീരകണങ്ങളിൽ സൃഷ്ടിച്ചു എന്നതാണ്. ആ കഴിവുകൾ സ്വയംഭൂവാണെങ്കിൽ പിന്നെ ദൈവം ഒന്നുമല്ലാതായിത്തീരും. തല്ലു മുഴുവൻ ചെണ്ടയ്ക്കും കാശു മുഴുവൻ മാരാർക്കും എന്ന ചൊല്ലു പ്രസിദ്ധമാണല്ലോ. അവയുടെ തന്നെ കഴിവുകളാണ് ദർശനശക്തി നല്കുന്നതെന്നും ദൈവത്തിനു ഇതിൽ ഒരു കാര്യവുമില്ലെന്നും പ്രപഞ്ചകണങ്ങൾക്ക് ആ കഴിവുകളി ല്ലായിരുന്നെങ്കിൽ ദൈവത്വം തന്നെ നിരർഥകമായി ഭവിക്കുമെന്നും പറയുന്നത് ശരിയല്ല. ആത്മാക്കളുടെയും പ്രപഞ്ചകണങ്ങളുടെയും സകല കഴിവുകളും അവൻതന്നെയാണ് സൃഷ്ടിച്ചതും സൃഷ്ടിച്ചു പോരുന്നതും എന്നതിലും അവൻ തന്നെയാണ് അവയിൽ വിവിധ ഗുണവിശേഷങ്ങൾ വച്ചിരിക്കുന്നതും വച്ചു പോരുന്നതും എന്നതി ലുമാണ് ദൈവത്വം അധിഷ്ഠിതമായിരിക്കുന്നതെന്നതെന്ന് സ്പ ഷ്ടം. അങ്ങനെ ഈ ഗുണങ്ങൾ യോജിപ്പിക്കുന്നതോടെ അവയുടെ അദ് ഭുതങ്ങൾ കാണിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ദൈവ ത്തിനു തുല്യനായി ഒരു ഉപജ്ഞാതാവ് ഉണ്ടാവുകയില്ല. എന്തെന്നാൽ, തീവണ്ടിയോ കമ്പിസന്ദേശമോ ഫോട്ടോഗ്രാഫിയോ അച്ചടിയന്ത്രമോ മറ്റെന്തെങ്കിലും ഉപകരണമോ കണ്ടുപിടിച്ച വ്യക്തിക്ക് താൻ ഏതൊക്കെ ശക്തികൾ ഉപയോഗിച്ചു കൊണ്ടാണോ ഈ ഉപകരണം നിർമ്മി ച്ചത് അവയുടെ ഉപജ്ഞാതാവല്ലെന്ന് സമ്മതിക്കേണ്ടി വന്നിരിക്കുക യാണ്. എല്ലാ ഉപജ്ഞാതാക്കളും നിലവിലുള്ള ശക്തികളാണ് ഉപ യോഗിക്കുന്നത്. ഉദാഹരണമായി, എഞ്ചിനുകൾ പ്രവർത്തിപ്പിക്കാൻ നീരാവിയുടെ ഊർജ്ജം ഉപയോഗിക്കുന്നു. അതിനാൽ ദൈവത്തിന് വസ്തുക്കളിൽ ഈ ശക്തികൾ സ്വയംസൃഷ്ടിക്കാൻ കഴിയുമെന്നും ഇത്തരം ആളുകൾക്ക് സ്വന്തമായി ശക്തികളും കഴിവുകളും സൃഷ്ടിക്കാൻ കഴിയില്ലെന്നുമുള്ള അന്തരമാണുള്ളത്. ആകയാൽ പ്രപഞ്ചത്തിലെ പരമാണുക്കളുടെയും ആത്മാക്കളുടെയും എല്ലാ കഴിവുകളും സൃഷ്ടി ച്ചത് ദൈവമാണെന്ന് ഏതുവരെ അംഗീകരിക്കപ്പെടുന്നില്ലയോ അവന്റെ ദൈവത്വം ഒരിക്കലും തെളിയിക്കപ്പെടുന്നതല്ല. ആ നിലയ്ക്ക് അവന് ഒരു ഭവനനിർമാണകന്റെയോ ആശാരിയുടെയോ കൊല്ലന്റെയോ കുശ വന്റെയോ പദവിയിൽ കവിഞ്ഞ സ്ഥാനം ഒരിക്കലും സ്ഥാപിതമാവു കയില്ല. സ്പഷ്ടവും അനിഷേധ്യവുമായ സംഗിതാണിത്.

**(നസീമെ ദഅ്വത്ത്, റൂഹാനി ഖസായിൻ, വാല്യം.19, പേ. 383-384)**

ആത്മാക്കളും പരമാണുക്കളും അവയുടെ സർവകഴിവുകളോടും കൂടി അനാദിയും സ്വയം നിലനില്ക്കുന്നവയും അസൃഷ്ടങ്ങളുമാണെന്ന ആര്യസമാജക്കാരുടെ സിദ്ധാന്തം ഒരിക്കലും സാധുവല്ലെന്ന് നാം തികഞ്ഞ വിശ്വാസത്തോടും സമ്പൂർണ തിരിച്ചറിവോടും സാക്ഷ്യം വഹിക്കുന്നു. ഇതു മുഖേന ദൈവവും അവന്റെ ദാസരും തമ്മിലുള്ള ബന്ധങ്ങളെല്ലാം വിച്ഛേദിക്കപ്പെടുകയാണ് ചെയ്യുന്നത്. പണ്ഡിറ്റ് ദയാനന്ദ സരസ്വതി മുന്നോട്ടു വെച്ച നൂതനവും അഹിതകരവുമായ സിദ്ധാന്തമാണിത്. ഈ സിദ്ധാന്തം വേദങ്ങളുമായി എത്രത്തോളം പൊരുത്തപ്പെടുന്നുവെന്ന് നമുക്കറിയില്ല. എങ്കിലും, ആര്യസമാജക്കാർ സ്വകരങ്ങളാൽ പ്രസിദ്ധീകരിച്ച ഈ സിദ്ധാന്തം പൂർണമായി അറിയുകയും വിചിന്തനം നടത്തുകയും ആലോചിക്കുകയും ചെയ്യുമ്പോൾ സാമാന്യബുദ്ധിക്ക് ഒരിക്കലും സ്വീകാര്യമല്ലെന്നാണ് നാം വാദിക്കുന്നത്. ഇതിനു നേർവിപരീതമായി, സനാതനധർമത്തിന്റെ തത്ത്വങ്ങളാകട്ടെ, അവയെ വേദാന്തത്തിന്റെ അത്യുക്തികൾ വികലമാക്കുകയും വേദാന്തികളുടെ അതിശയോക്തി നിരവധി ആക്ഷേപങ്ങൾക്ക് ഇടവരുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും അതിൽ സത്യത്തിന്റെ സ്ഫുലിംഗം സ്ഥിതി ചെയ്യുന്നുണ്ട്. ആ തത്ത്വദർശനങ്ങളിൽനിന്ന് അധികമായവ മാറ്റി നിർത്തിയാൽ ലഭിക്കുന്ന സംക്ഷിപ്തം സർവതും പരമേശ്വരന്റെ സൃഷ്ടികളാണെന്നത്രേ. അങ്ങനെ വരുമ്പോൾ, എല്ലാ സംശയങ്ങളും അകലുകയും ഈ ആത്മാക്കളും പരമാണുക്കളും ശരീരങ്ങളും അവയുടെ ശക്തികളും കഴിവുകളും ഗുണവിശേഷങ്ങളുമെല്ലാം ദൈവത്തിൽനിന്നുള്ളതാണ് എന്നതാണ് സനാതനധർമമനുസരിച്ചുള്ള വേദമതമെന്ന് വിശ്വസിക്കേണ്ടിവരികയും ചെയ്യുന്നു.

**(നസീമെ ദഅ്വത്ത്, റൂഹാനി ഖസായിൻ, വാല്യം.19, പേ.387)**

മനുഷ്യൻ അവന്റെ ആത്മാവും സമസ്ത കഴിവുകളും സത്തയുടെ സർവാംശങ്ങളുമടക്കം ദൈവത്തിന്റെ സൃഷ്ടിയാണെന്നാണ് വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്. അവയെ പടച്ചത് അവനത്രേ. അതുകൊണ്ടുതന്നെ വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ച് നാം അല്ലാഹുവിന്റെ അധീനവസ്തുക്കളാകുന്നു. ചോദിച്ചു വാങ്ങാവുന്നതോ നല്കാതിരിക്കുന്നതുകൊണ്ട് കുറ്റപ്പെടുത്താവുന്നതോ ആയ ഒരു അവകാശവും നമുക്ക് അവനിലില്ല. ആകയാൽ നമ്മോടു തുലനം ചെയ്തു നോക്കുമ്പോൾ ദൈവത്തെ നീതിമാൻ എന്നു വിളിക്കാൻ കഴിയില്ല.

തികച്ചും നിസ്സഹായരായതിനാൽ നാം അവനെ *റഹീം* എന്നു വിളിക്കുന്നു. ചുരുക്കത്തിൽ, അവനെതിരിൽ നമുക്ക് വല്ല അവകാശവുമുണ്ടെന്നും അതു ലഭിക്കാതിരിക്കുന്നതോടെ അവകാശങ്ങൾ ഹനിക്കുന്നവനാണെന്ന ആരോപണം അവനിൽ ഉന്നയിക്കപ്പെടാമെന്നുമാണ് നീതിമാൻ എന്നു വിളിക്കുന്നതിൽ ഒളിഞ്ഞിരിക്കുന്ന കുഴപ്പം.

**(ചശ്മയെ മഅ്രിഫത്ത്, റൂഹാനി ഖസായിൻ വാള്യം.23, പേ.36)**

എന്നാൽ വിശുദ്ധ ഖുർആൻ വേദങ്ങളെപ്പോലെ ഏകപക്ഷീയമായും അകാരണമായും അല്ലാഹു എല്ലാ ആത്മാക്കളുടെയും ശരീരത്തിലെ പരമാണുക്കളുടെയും ഉടമസ്ഥനല്ലെന്ന് പ്രസ്താവിക്കുന്നില്ല. അതിനൊരു കാരണം അതു വിവരിച്ചിരിക്കുന്നു. അവൻ പറയുന്നു:

لَهٗ مُلۡكُ السَّمٰوٰتِ وَالۡاَرۡضِ

(വിശുദ്ധ ഖുർആൻ 57:3)

وَخَلَقَ كُلَّ شَیۡءٍ فَقَدَّرَهٗ تَقۡدِیۡرًا

(വിശുദ്ധ ഖുർആൻ 25:3)

അതായത്, ആകാശഭൂമികളും അവയിലുള്ളതുമെല്ലാം അല്ലാഹുവിന്റെതാകുന്നു. എന്തെന്നാൽ, അവനാണ് അവയെല്ലാം സൃഷ്ടിച്ചത്. ഓരോ സൃഷ്ടിയുടെ കഴിവിനും അതു നിർവഹിക്കുന്ന ധർമത്തിനും പരിധി നിശ്ചയിച്ചിരിക്കുന്നു; പരിമിത വസ്തുക്കൾക്ക് പരിധിനിശ്ചയിച്ച അല്ലാഹുവിലേക്ക് സൂചന നല്കുന്നതിനു വേണ്ടി.

ശരീരങ്ങൾ തങ്ങളുടേതായ പരിധികളിൽ ബന്ധിതരും ആ പരിധിയിൽനിന്ന് പുറത്തുവരാനാവാത്തവരുമാണെന്ന പോലെ, ആത്മാക്കളും അവയുടേതായ പരിമിതികളിൽ ബന്ധിതമാണ്. തങ്ങളുടെ നിർണ്ണിത കഴിവിൽ കവിഞ്ഞ ശക്തി സൃഷ്ടിക്കാൻ അവയ്ക്കാവില്ല. ഇനി ശരീരങ്ങളുടെ പരിമിതികളെ സംബന്ധിച്ച് ചില ഉദാഹരണങ്ങൾ നാം നല്കാം. ചന്ദ്രൻ ഒരു മാസം അതായത് ഇരുപത്തൊമ്പതോ മുപ്പതോ ദിവസം കൊണ്ടാണ് അതിന്റെ ഭ്രമണം പൂർത്തിയാക്കുന്നത്. സൂര്യനാകട്ടെ, മുന്നൂറ്റി അറുപത്തിനാലു ദിവസംകൊണ്ട് ഭ്രമണം പൂർത്തിയാക്കുന്നുവെന്നാണ് മനസ്സിലാകുന്നത്. സൂര്യന് തന്റെ ഭ്രമണത്തെ ചന്ദ്രന്റെ കാലപരധിയോളം കുറയ്ക്കാനാനുള്ള കഴിവില്ല. അതുപോലെ, ചന്ദ്രന് സൂര്യന്റെ കാലപരിധിയോളം ഭ്രമണം വർദ്ധിപ്പിക്കാനും സാധ്യ

മല്ല. ഈ രണ്ടു പ്രകാശഗോളങ്ങളുടെയും ഭ്രമണങ്ങളിൽ വല്ല ഏറ്റക്കുറച്ചലും വരുത്താൻ മുഴുലോകവും ഐക്യപ്പെട്ടാലും അവർക്കൊരിക്കലും അതു ചെയ്യാൻ സാധ്യമല്ല. സൂര്യചന്ദ്രന്മാർക്കു തന്നെയും തങ്ങളുടെ ഈ കാലചക്രങ്ങളിൽ മാറ്റത്തിരുത്തലുകൾ വരുത്താനുള്ള കഴിവില്ല.

ആകയാൽ ഈ വാനഗോളങ്ങളെ തങ്ങളുടെ പരിധികളിൽ ഒതുക്കി നിർത്തുകയും അവയുടെ ചലനം നിയന്ത്രിക്കുകയും ചെയ്തിട്ടുള്ള അസ്തിത്വമാണ് അല്ലാഹു. മറ്റൊരുദാഹരണം, ആനയുടെയും മനുഷ്യന്റെയും ശരീരവലിപ്പത്തിലുള്ള വ്യത്യാസമാണ്. മനുഷ്യൻ ശക്തിയിലും വലുപ്പത്തിലും ആനയോളം ആയിത്തീരുന്നതിനായി ലോകത്തിലെ സമസ്ത ഡോകടർമാർ ഒന്നിച്ചു ചേർന്നാലും അവർക്കത് സാധിക്കുകയില്ല. ഇനി ആനയെ മനുഷ്യന്റെ വലിപ്പത്തോളം പരിമിതപ്പെടുത്തണമെന്നു വെച്ചാലും സാധ്യമല്ല. ഇവിടെയും പരിധികളുണ്ട്; സൂര്യചന്ദ്രന്മാരുടെ കാര്യത്തിലുണ്ടായിരുന്ന അതേ പരിധി. ഇത് പരിധിനിശ്ചയിച്ച ഒരുവനുണ്ടെന്നതിന് തെളിവാണ്. ആനയ്ക്കും മനുഷ്യനും വലിപ്പത്തിന്റെ വ്യത്യസ്ത തോതു നിശ്ചയിച്ച ഒരു അസ്തിത്വത്തെ കുറിക്കുന്നുവെന്നർഥം. ഭൗതിക വസ്തുക്കളിലെല്ലാം ദൈവത്തിന്റെ അദ്ഭുതകരമായ നിയന്ത്രണവും നിർണയവും മറഞ്ഞിരിക്കുന്നതായി ചിന്തിച്ചുനോക്കിയാൽ കാണാവുന്നതാണ്. സൂക്ഷ്മദർശിനികളാൽ മാത്രം കാണാൻ കഴിയുന്ന കൃമികളുടെ ആകാരം തൊട്ട് വലിയ കപ്പലുകളെപ്പോലും ചെറിയൊരു ഉരുള കണക്കെ വിഴുങ്ങുന്ന തിമിംഗലങ്ങളുടെ ആകാരം വരെയുള്ള ജന്തുശരീരങ്ങളിൽ ക്ലിപ്തതയുടെ അദ്ഭുതാവഹമായ ദൃശ്യം കാണാം. ഒരു ജീവിക്കും തന്റെ ശാരീരികമായ പരിധിയിൽനിന്നും പുറത്തുകടക്കാനാവില്ല. അതുപോലെ, വിണ്ണിലെ താരങ്ങൾക്കും തങ്ങളുടെ അതിർവരമ്പുകളെ ഭേദിക്കാനാവില്ല. ആകയാൽ, ഇവയ്ക്കു പരിധി നിശ്ചയിക്കുന്ന ഒരുവൻ തിരശ്ശീലയ്ക്കു പിന്നിലുണ്ടെന്നാണ് ഇതു തെളിയിക്കുന്നത്.

وَخَلَقَ كُلَّ شَيْءٍ فَقَدَّرَهُ تَقْدِيرًا

(വിശുദ്ധ ഖുർആൻ 25:3)

എന്ന ഉപര്യുക്തവചനത്തിന്റെ അർഥവും ഇതത്രേ. ഈ പരിമിതി ശരീരങ്ങളിൽ കാണപ്പെടുന്നതുപോലെത്തന്നെ ആത്മാക്കളിലും സ്ഥാപിതമാണ്. മനുഷ്യാത്മാവിന് പ്രകടിപ്പിക്കാൻ കഴിയുന്നത്ര ശ്രേഷ്ഠതകൾ അല്ലെങ്കിൽ അഭിവൃദ്ധി പ്രാപിക്കാൻ കഴിയുന്നത്ര ശ്രേഷ്ഠഗുണങ്ങൾ

ഒരു ആനയ്ക്ക് ആകാരവലിപ്പം ഉണ്ടെങ്കിൽ കൂടി കരസ്ഥമാക്കാൻ കഴിയില്ല. ഇതുപോലെ, ഓരോ ജീവിയുടെയും ആത്മാവ് തന്റെ കഴിവുകളും ശക്തികളുമനുസരിച്ച് ആ ജീവിവർഗത്തിന്റെ വൃത്തത്തിൽ ഒതുങ്ങി നില്ക്കുന്നു. ആ ജീവിവർഗത്തിന് നിർണയിച്ചിട്ടുള്ളതും വിധിച്ചിട്ടുള്ളതുമായ ശ്രേഷ്ഠതകളേ അവയ്ക്ക് കരസ്ഥമാക്കാനാവൂ. ശരീരങ്ങളുടെ പരിമിതിയിൽനിന്ന് അവയ്ക്ക് പരിധി നിർണയിച്ച ഒരു സ്രഷ്ടാവുണ്ടെന്ന് തെളിയുന്നതുപോലെ ആത്മാക്കളുടെ കഴിവുകൾക്കു പരിധി നിർണയിച്ചതിൽനിന്നും അവയ്ക്കും പരിധി നിർണയിച്ച ഒരു സ്രഷ്ടാവുണ്ടെന്ന് സ്ഥാപിതമാകുന്നു.

**(ചശമയെ മഅ്രിഫത്ത്, റൂഹാനി ഖസായിൻ, വാല്യം.23, പേ.17-19)**

## സൃഷ്ടിയിലെ വൈവിധ്യങ്ങൾ

ദൈവം വ്യത്യസ്ത സ്വഭാവപ്രകൃതികളെ സൃഷ്ടിച്ചതെന്തിന്? സമ്പൂർണ ഗ്രാഹ്യത്തിന്റെയും സമ്പൂർണ സ്നേഹത്തിന്റെയും സ്ഥാനത്ത് എത്തിച്ചേരത്തക്ക കഴിവുകൾ എല്ലാവർക്കും എന്തുകൊണ്ടു നല്കിയില്ല? ഇത്യാദി ചിന്തകൾ ഹൃദയത്തിൽ ഉടലെടുക്കുന്നെങ്കിൽ അത്തരം ചോദ്യങ്ങൾ ദൈവത്തിന്റെ പ്രവൃത്തികളിലുള്ള ഒരിക്കലും അനുവദിക്കാനാവാത്ത അനാവശ്യ കടന്നുകയറ്റമാണ്. സകല സൃഷ്ടിജാലങ്ങളെയും ഒരേ സ്ഥാനത്ത് വെയ്ക്കുക, എല്ലാവർക്കും ഉന്നതശ്രേഷ്ഠഗുണങ്ങൾ നല്കുക- ഇതെല്ലാം ദൈവം ചെയ്തേ തീരൂ എന്നില്ലെന്ന് ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാവുന്നതാണ്. അവന്റെ അനുഗ്രഹങ്ങളാണിവ. ഇഷ്ടമനുസരിച്ച് നല്കാനും നല്കാതിരിക്കാനുമുള്ള അധികാരം അവനുണ്ട്. ഉദാഹരണത്തിന്, ദൈവം നിങ്ങളെ മനുഷ്യരാക്കി; കഴുതകളെ മനുഷ്യരാക്കിയില്ല. നിങ്ങൾക്ക് ബുദ്ധിശക്തി നല്കി; അതിനത് നല്കിയില്ല. അല്ലെങ്കിൽ നിങ്ങൾക്ക് ജ്ഞാനം സിദ്ധിച്ചു; അതിന് ജ്ഞാനം സിദ്ധിച്ചില്ല. ഉടമസ്ഥന്റെ ഇച്ഛയാണിത്; നിങ്ങൾക്കുണ്ടായിരുന്നതും അതിനില്ലാതിരുന്നതുമായ വല്ല അവകാശവുമോ അല്ല. ചുരുക്കത്തിൽ, ദൈവസൃഷ്ടികളിൽ കാണപ്പെടുന്ന വ്യക്തമായ സ്ഥാനഭേദങ്ങളെ യുക്തിബോധമുള്ളവന് സമ്മതിക്കാതെ തരമില്ല. എന്നിരിക്കെ, അധികാരസ്ഥനായ ഉടമസ്ഥന്റെ മുൻപാകെ വലിയ സ്ഥാനം ലഭിക്കാനുള്ള അവകാശം പോയിട്ട് ഉൺമ പ്രാപിക്കാൻ പോലും അവകാശമില്ലാത്ത സൃഷ്ടികൾക്ക് വല്ല എതിർപ്പും പ്രകടിപ്പിക്കാനാവുമോ? ദാസർക്ക് അസ്തിത്വത്തിന്റെ ഉടയാട തന്നരുളിയത് ദൈവത്തിന്റെ ഉദാരതയും ദാനവുമത്രേ.

ഉദാരവാനും ദാതാവിനും താൻ ചെയ്യുന്ന ഉദാരതകളിലും ദാനങ്ങളിലും കുറവോ കൂടുതലോ വരുത്താമെന്നത് സ്പഷ്ടമാണല്ലോ. കുറവു വരുത്താനുള്ള അധികാരമില്ലെങ്കിൽ കൂടുതൽ നല്കാനുള്ള അധികാരവും ഉണ്ടാകുമായിരുന്നില്ല. അങ്ങനെ വരുമ്പോൾ അവന് തന്റെ ഉടമസ്ഥാധികാരം നടപ്പിൽ വരുത്താൻ കഴിയാതെ വരും. സൃഷ്ടികൾക്ക് സ്രഷ്ടാവിൽ വല്ല അവകാശവുമുണ്ടെന്ന് വരുന്നതായാൽ അത് അനുസ്യൂതമായ അവകാശവാദങ്ങൾക്കാകും ഇടയാക്കുക. എന്തെന്നാൽ, സ്രഷ്ടാവ് സൃഷ്ടിയെ ഏതൊരു സ്ഥാനത്തു വെച്ചാലും താൻ അതിലും ഉയർന്നസ്ഥാനത്തിനർഹനാണെന്ന് സൃഷ്ടിക്കു പറയാവുന്നതാണ്. ദൈവം അളവറ്റ സ്ഥാനങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ളവനാണല്ലോ. അവന്റെ സൃഷ്ടിമാഹാത്മ്യം കേവലം മനുഷ്യസൃഷ്ടിപ്പോടുകൂടി അവസാനിക്കുന്നില്ല താനും. അതുകൊണ്ടു തന്നെ സൃഷ്ടികളുടെ ഭാഗത്തുനിന്നുള്ള അവകാശവാദങ്ങൾ ഒരിക്കലും അവസാനിക്കുന്നതല്ല. ഓരോ സ്ഥാനം സൃഷ്ടിക്കുമ്പോഴും അതിലും ഉയർന്ന മറ്റൊന്നിലേക്ക് നോക്കി അതു ചോദിച്ചു വാങ്ങാനുള്ള അവകാശം ലഭിക്കുകയും അതങ്ങനെ തുടർന്നു പോരുകയും ചെയ്യും.

ഇനി ഈ സ്ഥാനഭേദങ്ങൾ വെച്ചതിലുള്ള യുക്തിയെന്താണെന്ന് അന്വേഷിക്കുന്ന പക്ഷം ഇതു സംബന്ധമായി വിശുദ്ധ ഖുർആൻ വിവരിച്ച മൂന്നു യുക്തികൾ ശ്രദ്ധേയമാണ്. യുക്തിപരമായി പ്രസ്പഷ്ടവും പ്രദീപ്തവുമായ ആ സംഗതികളെ യുക്തിബോധമുള്ള ആർക്കും നിഷേധിക്കാനാവില്ല. അവ സവിസ്തരം താഴെ ചേർക്കുന്നു. ഒന്നാമതായി, ലോകകാര്യങ്ങൾ അഥവാ സമൂഹത്തിന്റെ സംവിധാനം സുന്ദരമായ നിലയിൽ ക്രമബദ്ധമാകണം എന്നുള്ളതാണ്. അതു പറയുന്നു:

وَقَالُوا لَوْلَا نُزِّلَ هَٰذَا الْقُرْآنُ عَلَىٰ رَجُلٍ مِّنَ الْقَرْيَتَيْنِ عَظِيمٍ۔ أَهُمْ يَقْسِمُونَ رَحْمَتَ رَبِّكَ ۚ نَحْنُ قَسَمْنَا بَيْنَهُم مَّعِيشَتَهُمْ فِي الْحَيَاةِ الدُّنْيَا ۚ وَرَفَعْنَا بَعْضَهُمْ فَوْقَ بَعْضٍ دَرَجَاتٍ لِّيَتَّخِذَ بَعْضُهُم بَعْضًا سُخْرِيًّا ۗ وَرَحْمَتُ رَبِّكَ خَيْرٌ مِّمَّا يَجْمَعُونَ۔

(വിശുദ്ധ ഖുർആൻ43: 32,33)

അവിശ്വാസികൾ ചോദിക്കുന്നു: മക്കയിലെയും ത്വായിഫിലെയും സമ്പന്നരിലും ധനികരായ പ്രമാണിമാരിലും ഈ ഖുർആൻ എന്തുകൊണ്ടിറങ്ങിയില്ല? ഇത് അയാളുടെ പ്രമാണിത്തത്തിനു ഭൂഷണമാവുകയും,

അയാളുടെ പ്രതാപഗരിമയും നയതന്ത്രജ്ഞതയും പണമൊഴുക്കലും കൊണ്ട് ദ്രുതഗതിയിൽ മതം പ്രചരിക്കുകയും ചെയ്യുമായിരുന്നല്ലോ. പണവും സ്വത്തുമില്ലാത്ത ഒരുവനെ എന്തിനാണ് ഈ സ്ഥാനം നല്കി അനുഗ്രഹിച്ചിരിക്കുന്നത്?
ഇതിന്റെ ഉത്തരം ഇപ്രകാരം നല്കിയിരിക്കുന്നു:

أَهُمْ يَقْسِمُونَ رَحْمَتَ رَبِّكَ

അതായത്, അനാദിയായ ദൈവത്തിന്റെ കാരുണ്യങ്ങളെ വിതരണം ചെയ്യുക അവരുടെ അധികാരപരിധിയുള്ളതാണോ? ചിലരുടെ കഴിവുകളെയും പ്രാപ്തികളെയും പരിമിതപ്പെടുത്തിയെന്നത് യുക്തിജ്ഞനായ ദൈവത്തിന്റെ പ്രവൃത്തിയാണ്. അവർ ഐഹികജീവിതത്തിന്റെ ബാഹ്യമോടികളിൽ കുടുങ്ങുകയും പ്രമാണിമാരും സമ്പന്നരുമെന്ന് വിളിക്കപ്പെടുന്നതിൽ മതിമറന്ന് യഥാർഥ ലക്ഷ്യം വിസ്മരിക്കുകയും ചെയ്തു. ചിലർക്ക് അവൻ ആത്മീയാനുഗ്രഹങ്ങളും പാവനമായ വൈശിഷ്ട്യങ്ങളും തന്നരുളി. അവർ ആ യഥാർഥ പ്രേമഭാജനത്തോടുള്ള അനുരാഗത്തിൽ വിലയം പ്രാപിച്ച് അവന്റെ സമീപസ്ഥരും സുകൃതജനവുമായിത്തീർന്നു.
(തുടർന്ന് ഭിന്ന കഴിവുകളിലും വ്യത്യസ്ത ചിന്തകളിലും ഒളിഞ്ഞിരിക്കുന്ന യുക്തിജ്ഞാനത്തിലേക്ക് സൂചന നല്കിക്കൊണ്ട്പറഞ്ഞു:)

نَحْنُ قَسَمْنَا بَيْنَهُم مَّعِيشَتَهُمْ...

(വിശുദ്ധ ഖുർആൻ 43:32)

അതായത്, ചിലരുടെ ഗുണവും സേവനവും സുഗമമായിലഭിക്കുന്നതിനും ഒരു വിഭാഗത്തിൽ മാത്രം ഭാരം ചുമത്തപ്പെടാതിരിക്കുന്നതിനും വേണ്ടിയാണ് നാം ചിലരെ ധനികരും ചിലരെ ദരിദ്രരും ചിലരെ ഗുണമേന്മയുള്ളവരും ചിലരെ മന്ദപ്രകൃതരുമാക്കുകയും, ചിലരെ ഒരു പ്രത്യേകവൃത്തിയിലേക്കും മറ്റുചിലരെ മറ്റുവൃത്തികളിലേക്കും ആകൃഷ്ടരാക്കുകയും ചെയ്തത്. മനുഷ്യവർഗത്തിന്റെ ആവശ്യങ്ങൾ സുഗമമായി നടന്നു പോകാൻ വേണ്ടിയാണിത്. ഇക്കാര്യത്തിൽ ലൗകികസമൃദ്ധിയെക്കാളേറെ പ്രയോജനപ്രദം ദൈവികഗ്രന്ഥമാണെന്നും അവൻ അരുളി. ഇത് വെളിപാടിന്റെ ആവശ്യകതയിലേക്കു സൂക്ഷ്മമായ സൂചന നല്കുന്നു. ഇതിനെ കൂടുതൽ വിശദമായി ഇങ്ങനെ പറയാം: മനുഷ്യൻ സാമൂഹ്യജീവിയാണല്ലോ. അന്യോന്യം സഹാ

യിച്ചാൽ മാത്രമേ അവന്റെ കാര്യങ്ങൾ നിവർത്തിക്കപ്പെടുകയുള്ളൂ. ഉദാഹരണമായി, മനുഷ്യജീവിതത്തിന്റെ താങ്ങായി നില്ക്കുന്ന അപ്പത്തിന്റെ കാര്യമെടുക്കുക. അതു തയ്യാറാക്കുന്നതിന് എത്രമാത്രം സാമൂഹ്യസഹകരണം ആവശ്യമാണ്! ഭൂമിയിൽ വിളയിറക്കുന്നതുതൊട്ട് അപ്പം കഴിക്കാൻതക്ക വിധം വെന്തുപാകമാകുന്നതുവരെ നൂറുകണക്കിന് ജോലിക്കാരുടെ സഹായം ആവശ്യമത്രേ. ആകയാൽ, സമൂഹത്തിന്റെ പൊതുകാര്യങ്ങളിൽ എത്രമാത്രം സഹകരണവും സഹായവും വേണ്ടിവരുമെന്ന് ഇതിൽനിന്ന് സ്പഷ്ടമാണ്. ഈ ആവശ്യനിവൃത്തിക്കായിട്ടാണ് യുക്തിജ്ഞനായ അല്ലാഹു മനുഷ്യവർഗത്തെ വിവിധ സ്വഭാവപ്രകൃതിയിലും ശേഷിയിലും സൃഷ്ടിച്ചത്. ഒരോ വ്യക്തിക്കും തന്റേതായ കഴിവും വാസനയും അനുസരിച്ച് തനിക്കിഷ്ടപ്പെട്ട ജോലിയിലേർപ്പെടാമല്ലോ. ചിലർക്ക് കൃഷി ചെയ്യാം, ചിലർ കൃഷിക്കുവേണ്ട ഉപകരണങ്ങളുണ്ടാക്കാം, ചിലർക്ക് ഗോതമ്പു പൊടിക്കാം, ചിലർക്ക് വെള്ളമെത്തിക്കാം, ചിലർക്ക് അപ്പം ചുടാം, ചിലർക്ക് നെയ്ത്തുപണി ചെയ്യാം, ചിലർക്ക് വസ്ത്രം തയയ്ക്കാം, ചിലർക്ക് കട തുറക്കാം, ചിലർക്ക് കച്ചവടച്ചരക്ക് എത്തിക്കാം, ചിലർക്ക് ജോലി ചെയ്യാം ഇങ്ങനെ ഒരാൾ മറ്റൊരാളുടെ സഹായിയാവുകയും ചിലർ മറ്റു ചിലർക്ക് സഹായമെത്തിക്കുകയും ചെയ്തുകൊണ്ടേ പോകുന്നു. പരസ്പര സഹകരണം അനിവാര്യമാകുന്നതോടെ പരസ്പരം വ്യവഹരിക്കേണ്ടതായും വരുന്നു. വ്യവഹാരത്തിലും നഷ്ടപരിഹാരത്തിലും അകപ്പെടുമ്പോൾ ലൗകികകാര്യങ്ങളിൽ നിമഗ്നനാവുന്നതിന്റെ പരിണതഫലമായ അശ്രദ്ധയും ബാധിക്കുന്നു. ഈ സാഹചര്യത്തിൽ പ്രപഞ്ചസംവിധാനം അലങ്കോലപ്പെടാതിരിക്കാൻ അവരെ അക്രമം, അതിർലംഘനം, ശത്രുത, കുഴപ്പം, ദൈവകാര്യങ്ങളിലുള്ള അശ്രദ്ധ ഇവയിൽനിന്ന് തടയുന്ന നീതിയിലധിഷ്ഠിതമായ ഒരു നിയമം ആവശ്യമാണ്. എന്തെന്നാൽ, ജീവസന്ധാരണവും അർഹമായ നിലയിലുള്ള സാമൂഹ്യഉത്തരവാദിത്തപാലനവുമെല്ലാം നീതിനിഷ്ഠയെയും ഈശ്വരസാക്ഷാത്ക്കാരത്തെയുമാണ് ആശ്രയിച്ചിരിക്കുന്നത്. നീതിയുടെ സൂക്ഷ്മവശങ്ങളും ദിവ്യജ്ഞാനത്തിന്റെ യാഥാർഥ്യങ്ങളുമെല്ലാം ശരിയാംവണ്ണം രേഖപ്പെടുത്തിയ ഒരു നിയമം ഈ നീതിനിഷ്ഠയും ഈശ്വരസാക്ഷാത്ക്കാരവും ആവശ്യപ്പെടുന്നുണ്ട്. അറിഞ്ഞോ അറിയാതെയോ ഒരു വിധത്തിലുള്ള അന്യായമോ അബദ്ധമോ അതിൽ ഉണ്ടാവുകയും അരുത്. മറവി, അബദ്ധം, അന്യായം, അതിർലംഘനം ഇവയിൽനിന്ന് പൂർണമായും മുക്തനും അനുസരണയോഗ്യനും ആദരണീയനുമായ

ഒരസ്തിത്വത്തിനു മാത്രമേ ഇത്തരമൊരു നിയമസംവിധാനം നടപ്പിൽ വരുത്താൻ കഴിയൂ. എന്തെന്നാൽ, നിയമം നല്ലതാണെങ്കിലും അതു നടപ്പിൽ വരുത്തുന്ന, തന്റെ പദവിയനുസരിച്ച് സർവരുടെയും മേലധി കാരിയും അധികാരം ചെലുത്താൻ അവകാശവുമുള്ള, ആൾ അങ്ങ നെയല്ലാതാവുകയോ ലോകദൃഷ്ടിയിൽ അയാൾ അക്രമം, ദുർവൃത്തി, കുറ്റം, പിഴവ് ഇവയിൽനിന്ന് മുക്തനല്ലാതാവുകയോ ചെയ്യുന്ന പക്ഷം അത്തരം നിയമസംവിധാനം മുന്നോട്ടു പോവുകയില്ലതന്നെ. ഇനിയത് കുറച്ചുദിവസം നടന്നാൽതന്നെ പലവിധ കുഴപ്പങ്ങളും ഉണ്ടാവുകയും ഗുണത്തിനുപകരം ദോഷം വരുത്തിവെയ്ക്കുകയും ചെയ്യും. ഈ സംഗതികളെല്ലാം ദൈവികഗ്രന്ഥത്തിന്റെ ആവശ്യകതയാണ് വിളിച്ചോ തുന്നത്. സകല സദ്ഗുണങ്ങളും എല്ലാത്തരം ഉത്കൃഷ്ടഗുണങ്ങളും ദൈവികഗ്രന്ഥത്തിൽ മാത്രമേ കാണപ്പെടുകയുള്ളൂ.

സ്ഥാനഭേദങ്ങളിലെ രണ്ടാമത്തെ യുക്തി പരിശുദ്ധരും സദ്വൃ ത്തരുമായ ആളുകളുടെ സ്വഭാവവിശേഷങ്ങൾ പ്രകടമാവുകയത്രേ. കാരണം, താരതമ്യം ചെയ്യുമ്പോഴാണ് ഒരോ സവിശേഷതയും അറി യാൻ സാധിക്കുന്നത്. അവൻ പറയുന്നു:

إِنَّا جَعَلْنَا مَا عَلَى الْأَرْضِ زِينَةً لَّهَا لِنَبْلُوَهُمْ أَيُّهُمْ أَحْسَنُ عَمَلًا۔

(വിശുദ്ധ ഖുർആൻ 18:8)

അതായത്, ഭൂമിയിലുള്ള സകല വസ്തുക്കളെയും നാം അതിന് അലങ്കാര മാക്കിയിരിക്കുന്നു; ദുർവൃത്തരെ അപേക്ഷിച്ച് സദ്വൃത്തരുടെ കഴിവുകൾ വെളിപ്പെടുന്നതിനും പ്രാകൃതമായതിനെ കണ്ട് പരിഷ്കൃതമായതിന്റെ അനുഭൂതി പ്രകടമാകുന്നതിനും വേണ്ടി. എന്തെന്നാൽ, വിപര്യയങ്ങളുടെ യാഥാർഥ്യം അവ താരതമ്യം ചെയ്യുന്നതിലൂടെയാണ് തിരിച്ചറിയപ്പെടു ന്നത്. സത്കർമികളുടെ നിലയും വിലയും ദുഷ്കർമികളുമായി താര തമ്യം ചെയ്താലേ അറിയുകയുള്ളൂ.

സ്ഥാനഭേദങ്ങളിലുള്ള മൂന്നാമത്തെ യുക്തി വിവിധ തരം കഴി വുകൾ വെളിപ്പെടുത്തുകയും തന്റെ മഹത്ത്വത്തിലേക്കു ശ്രദ്ധ തിരി ക്കുകയും ചെയ്യുകയാണ്. അവൻ പറയുന്നു:

مَا لَكُمْ لَا تَرْجُونَ لِلّٰهِ وَقَارًا۔ وَقَدْ خَلَقَكُمْ أَطْوَارًا۔

(വിശുദ്ധ ഖുർആൻ 71:14,15)

അതായത്, ദൈവമഹത്ത്വം അംഗീകരിക്കാതിരിക്കാൻ നിങ്ങൾക്കെ

ന്തുണ്ടായി? അവനാകട്ടെ, തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിനു വേണ്ടി നിങ്ങളെ വിവിധ രൂപത്തിലും സ്വഭാവത്തിലും സൃഷ്ടിച്ചു. അതായത്, അവന്റെ മഹത്ത്വവും ശക്തിവിലാസവും തിരിച്ചറിയപ്പെടുന്നതിനുവേണ്ടിയത്രേ കഴിവുകളിലും സ്വഭാവപ്രകൃതികളിലും അവൻ വൈവിധ്യം വെച്ചത്. മറ്റൊരിടത്തും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

وَاللّٰهُ خَلَقَ كُلَّ دَآبَّةٍ مِّنْ مَّآءٍ ۚ فَمِنْهُمْ مَّنْ يَّمْشِيْ عَلٰى بَطْنِهٖ ۚ وَمِنْهُمْ مَّنْ يَّمْشِيْ عَلٰى رِجْلَيْنِ ۚ وَمِنْهُمْ مَّنْ يَّمْشِيْ عَلٰٓى اَرْبَعٍ ؕ يَخْلُقُ اللّٰهُ مَا يَشَآءُ ؕ اِنَّ اللّٰهَ عَلٰى كُلِّ شَيْءٍ قَدِيْرٌ۔

(വിശുദ്ധ ഖുർആൻ24:46)

അതായത്, ദൈവം സകലജീവജാലങ്ങളെയും ജലത്തിൽനിന്ന് സൃഷ്ടിച്ചു. ചില ജീവികൾ ഉദരങ്ങളിൽ ചലിക്കുന്നവയും ചിലത് ഇരുകാലികളും ചിലത് നാല്ക്കാലികളുമാണ്. ദൈവം താൻ ഇച്ഛിക്കുന്നത് സൃഷ്ടിക്കുന്നു. ദൈവം എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനത്രേ. ദൈവം വിവിധങ്ങളായ വസ്തുക്കളെ സൃഷ്ടിച്ചത് അവന്റെ വൈവിധ്യമാർന്ന ശക്തിവിലാസങ്ങൾ പ്രകടമാകാൻവേണ്ടിയാണെന്നാണ് ഈ സൂക്തം സൂചിപ്പിക്കുന്നത്. ചുരുക്കത്തിൽ,സൃഷ്ടികളുടെ സ്വഭാവപ്രകൃതിയിലടങ്ങിയിട്ടുള്ള വൈവിധ്യങ്ങളിലെ ദൈവികയുക്തി അവൻ മേൽവചനങ്ങളിൽ വിവരിച്ച മൂന്നു കാര്യങ്ങളിൽ നിലകൊള്ളുന്നു. ചിന്താർഹമായ കാര്യമാണിത്.

**(ബറാഹീനെ അഹ്മദിയ്യ, റൂഹാനി ഖസായിൻ, വാള്യം.1, പേ. 203-207 അടിക്കുറിപ്പ്.11)**

## ആര്യസമാജക്കാരുടെ അബദ്ധവിശ്വാസങ്ങൾ

പരമേശ്വരന് ആരുടെയും പാപം പൊറുത്തു കൊടുക്കാനാവില്ലെന്നും അങ്ങനെ ചെയ്താൽ അവൻ നീതിമാനാവുകയില്ലെന്നുമാണ് സത്യാർഥപ്രകാശം ഉർദുപതിപ്പിലെ 501 ാം പേജിൽ പണ്ഡിറ്റ് ദയാനന്ദ സരസ്വതി എഴുതിയിരിക്കുന്നത്. അങ്ങനെ പരമേശ്വരൻ കേവലമൊരു ജഡ്ജിയെപ്പോലെയാണെന്നും അവന് ഉടമസ്ഥാധികാരമില്ലെന്നും അദ്ദേഹം അംഗീകരിച്ചിരിക്കുകയാണ്. അതുപോലെത്തന്നെ, പരിമിതമായ കർമങ്ങൾക്ക് പരിധിയില്ലാത്ത പ്രതിഫലം നല്കാൻ പരമേശ്വരന് കഴിയില്ലെന്നും വിവർത്തനം ചെയ്യപ്പെട്ട തന്റെ കൃതിയുടെ 501- ാം പേജിൽ അദ്ദേഹം എഴുതി. ഉടമസ്ഥാധികാരം ഉള്ളവനാണ് അവനെങ്കിൽ പരിമിതമായ സേവനങ്ങൾക്ക് പരിധിയില്ലാത്ത പ്രതിഫലം നല്കുന്നതിലെന്താണ് പ്രശ്നം? എന്തെന്നാൽ, ഉടമസ്ഥന്റെ

പ്രവൃത്തികളെ നീതികൊണ്ട് അളക്കാവതല്ല. സ്വന്തമായി എന്തെങ്കിലുമൊക്കെയുള്ള നാം ചോദിക്കുന്നവർക്ക് കുറച്ചെന്തെങ്കിലും കൊടുക്കാമെന്നുവെച്ചാൽതന്നെ ഇന്ന വ്യക്തിക്ക് കൂടുതലും തനിക്ക് കുറവുമാണല്ലോ തന്നതെന്ന് സഹായം ചോദിക്കുന്നവന് പരാതിപ്പെടാൻ അവകാശമില്ലല്ലോ. ഇതേപോലെ, ഏതെങ്കിലും മനുഷ്യന് ദൈവത്തോട് നീതിനിഷ്ഠയോടെ വർത്തിക്കണമെന്ന് ആവശ്യപ്പെടാനുള്ള അവകാശവുമില്ല. മനുഷ്യനുള്ളതെല്ലാം ദൈവത്തിന്റെതാണെന്നിരിക്കെ, നീതിനിഷ്ഠയോടെ തീർപ്പ് തേടാനുള്ള അവകാശം അവനില്ല. ജനങ്ങൾ ദൈവത്തിൽനിന്ന് അവകാശങ്ങൾ ചോദിച്ചു വാങ്ങുന്ന തരത്തിലുള്ള സ്ഥാനം അവർക്ക് വകവെച്ചു കൊടുക്കുക എന്നതും അവന്റെ മഹത്ത്വത്തിനു നിരക്കാത്തതാണ്. ആകയാൽ, മനുഷ്യകർമങ്ങളുടെ പ്രതിഫലമായി ദൈവം നല്കുന്നതെല്ലാം കേവലം അവന്റെ ഔദാര്യവും ഉപഹാരവുമത്രേ. കർമങ്ങൾ ഒന്നുമല്ല. അല്ലാഹുവിന്റെ പിന്തുണയും അനുഗ്രഹവും കൂടാതെ കർമങ്ങൾ എങ്ങനെ അനുഷ്ഠിക്കാനാണ്? തന്നെയുമല്ല, അല്ലാഹുവിന്റെ പ്രകൃതിനിയമങ്ങളെ നാം നിരീക്ഷിക്കുന്നപക്ഷം ദൈവം തന്റെ ദാസർക്ക് നല്കിയിട്ടുള്ളതും നല്കുന്നതുമായ അനുഗ്രഹങ്ങൾ രണ്ടു വിധത്തിലുണ്ടെന്ന് വ്യക്തിമാകുന്നതാണ്.

ഒന്ന്, മനുഷ്യന്റെ ഉദ്ഭവത്തിനു മുൻപുള്ളവയും അവന്റെ കർമങ്ങൾ ഒരണുപോലും സ്വാധീനം ചെലുത്താത്തവയുമായ കൃപാവരങ്ങളാണ്. ഉദാഹരണത്തിന് അവൻ മനുഷ്യന്റെ സുഖത്തിനായി സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ഭൂമി, ജലം വായു, അഗ്നി ഇത്യാദി വസ്തുക്കളെ സൃഷ്ടിച്ചു. ഈ വസ്തുക്കളെല്ലാം മനുഷ്യന്റെ അസ്തിത്വത്തിനും അവന്റെ കർമങ്ങൾക്കും മുൻപുള്ളവയാണെന്ന കാര്യത്തിലും മനുഷ്യൻ ശേഷം വന്നതാണെന്ന കാര്യത്തിലും സംശയത്തിനു വകയില്ല. വിശുദ്ധ ഖുർആന്റെ സാങ്കേതികശൈലിയിൽ *റഹ്മാനിയ്യത്ത്* എന്നു വിളിക്കപ്പെടുന്ന കാരുണ്യമാണിത്. എന്നുവച്ചാൽ, മനുഷ്യന്റെ കർമഫലമായല്ലാതെ കേവലം അനുഗ്രഹമെന്നോണമുള്ള കൃപാകടാക്ഷങ്ങൾ.

ഖുർആന്റെ സാങ്കേതികശൈലിയിലുള്ള രണ്ടാമത്തെ കൃപാവരം *റഹീമിയ്യത്ത്* എന്നു വിളിക്കപ്പെടുന്നു. അതായത്, മനുഷ്യന് സത്കർമത്തിന്റെ പ്രതിഫലമെന്നോണം ചൊരിയപ്പെടുന്ന കൃപാകടാക്ഷം. മനുഷ്യന്റെയും അവന്റെ കർമങ്ങളുടെയും അടയാളം പോലുമില്ലാത്ത കാലത്ത് തന്റെ ദുർബല ദാസർക്കായി ആകാശഭൂമികൾ,സൂര്യൻ, ചന്ദ്രൻ ഇത്യാദികളെ സൃഷ്ടിച്ചുകൊണ്ട് ഉദാരവാനായ ഉടമസ്ഥനാണ്

താനെന്ന് കാണിച്ച ആ ദൈവത്തെക്കുറിച്ച് അവന് തന്റെ ദാസരുടെ ബാധ്യതകൾ മാത്രം കൊടുത്തുവീട്ടാനേ കഴിയൂ, അതിൽ കവിഞ്ഞൊന്നും ചെയ്യാനാവില്ലെന്ന് ചിന്തിക്കാനാവുമോ? അവൻ ആകാശഭൂമികളെ സൃഷ്ടിച്ചതും പരസഹസ്രം ജ്യോതിർഗോളങ്ങളെ ആകാശത്ത് നിർമിക്കുകയും ഭൂമിയിൽ ആയിരക്കണക്കിനു സുഖസൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്തതിൽ മനുഷ്യർക്ക് വല്ല അവകാശവുമുണ്ടായിരുന്നോ? നിരുപാധികം ഔദാര്യം ചെയ്ത ആ ദൈവത്തെ ജഡ്ജിയെപ്പോലെ കേവലം നീതികയ്യാളുന്നവനായി കാണുകയും ഉടമസ്ഥനെന്ന അവന്റെ സ്ഥാനത്തെയും മഹത്ത്വത്തെയും നിഷേധിക്കുകയും ചെയ്യുന്നത് എത്രമാത്രം നന്ദികേടാണ്!

**( ചശ്മയെ മഅ്രിഫത്ത്, റൂഹാനി ഖസായിൻ, വാള്യം.23, പേ. 26-28)**

ഉടമസ്ഥൻ എന്ന പദത്തിനു മുൻപാകെ എല്ലാ അവകാശങ്ങളും അറ്റുപോകുമെന്ന കാര്യം ഓർക്കേണ്ടതാണ്. ഈ പദം പൂർണമായും ദൈവത്തിൽ മാത്രമേ സാർഥകമാവുകയുള്ളു. എന്തെന്നാൽ, അവൻ മാത്രമാണ് സമ്പൂർണ ഉടമസ്ഥൻ. ഒരാൾ മറ്റൊരാളെ സംബന്ധിച്ച് അയാൾ തന്റെ ജീവന്റെ ഉടമയാണെന്ന് പറയുമ്പോൾ തന്റെ ജീവനിലും സ്വത്തിലും തനിക്ക് യാതൊരവകാശവുമില്ലെന്നും തന്റേതായി ഒന്നുമില്ലെന്നും എല്ലാം തന്റെ ഉടമയുടെതാണെന്നും സമ്മതിക്കുകയാണല്ലോ ചെയ്യുന്നത്. ആ നിലയ്ക്ക് ജീവന്റെയോ സ്വത്തിന്റെയോ കാര്യത്തിൽ തന്നോട് നീതിയോടെ വർത്തിക്കണമെന്ന് ഉടമയോടു പറയാൻ അയാൾക്ക് അനുവാദമില്ലാതാകുന്നു. കാരണം, നീതി അവകാശത്തെ ആവശ്യപ്പെടുന്നു. അവനാകട്ടെ, തന്റെ അവകാശങ്ങൾ വിട്ടൊഴിഞ്ഞിരിക്കുകയാണ് താനും. ഇതേപോലെ, മനുഷ്യൻ തന്റെ യഥാർഥ ഉടമസ്ഥന്റെ മുൻപാകെ ദാസനെന്ന് പേർ വെക്കുകയും

إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ۔

(വിശുദ്ധ ഖുർആൻ2:157)

എന്ന് അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. അതായത്, നമ്മുടെ സ്വത്തും ജീവനും ശരീരവും സന്താനങ്ങളുമെല്ലാം അല്ലാഹുവിന്റെ സ്വത്തുവകകളാണ്. അതുകൊണ്ട് ഈയൊരു ഏറ്റുപറച്ചിലിനുശേഷം അല്ലാഹുവിനോട് ചോദിച്ചു വാങ്ങാൻ അവന് ഒരവകാശവുമില്ല. ജ്ഞാനികളായ ആളുകൾ പരശ്ശതം കഠിനപ്രയത്നങ്ങളും ആരാധനകളും ദാനധർമങ്ങളും ചെയ്തിട്ടും എല്ലാം ദൈവകാരുണ്യത്തിൽ അർപ്പിക്കുകയും തങ്ങളുടെ കർമങ്ങൾ ഒന്നുമല്ലെന്ന് ഗണിക്കുകയും ചെയ്യുന്നത്

ഇക്കാരണത്താലത്രേ. തങ്ങൾക്ക് വല്ല അവകാശവുമുണ്ടെന്നോ വല്ല ബാധ്യതയും നിറവേറ്റിയെന്നോ അവർ വാദിക്കുന്നില്ല. എന്തെന്നാൽ, മനുഷ്യന് നന്മകൾ ചെയ്യാൻ കഴിവ് പ്രദാനം ചെയ്തവനാണ് വാസ്തവത്തിൽ സദ്ഗുണൻ. അതു ദൈവം മാത്രമാണ്. അതുകൊണ്ടുതന്നെ തന്റെ വ്യക്തിപരമായ ഏതെങ്കിലും കഴിവിന്റെയോ യോഗ്യതയുടെയോ അടിസ്ഥാനത്തിൽ മനുഷ്യന് ദൈവത്തോട് ഒരിക്കലും നീതി ആവശ്യപ്പെടാനാവില്ല. വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ച് ദൈവത്തിന്റെ പ്രവൃത്തികളത്രയും ഉടമസ്ഥൻ എന്ന നിലയിലുള്ളതാണ്. പാപങ്ങൾക്ക് അവൻ ചിലപ്പോൾ ശിക്ഷ നല്കുന്നതുപോലെ, ചിലപ്പോൾ അവൻ പാപങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുന്നു. *മാലിക്കിയ്യത്ത്* ആവശ്യപ്പെടുന്നതനുസരിച്ച് രണ്ടു തലങ്ങളിലും അവന്റെ ശക്തിവിലാസങ്ങൾ നടപ്പാക്കപ്പെടുന്നുവെന്ന് സാരം. പാപങ്ങൾക്ക് സദാ അവൻ ശിക്ഷ നല്കിയിരുന്നെങ്കിൽ പിന്നെ മനുഷ്യന് ഒരുരക്ഷയുമുണ്ടാകുമായിരുന്നില്ല. അവൻ പാപങ്ങൾ പ്രായേണ പൊറുത്തു കൊടുക്കുകയും അശ്രദ്ധനായ വ്യക്തി ജാഗരൂകനായി അവനിലേക്കു തിരിയുന്നതിനു വേണ്ടി ഒരു താക്കീതെന്നോണം ചില പാപങ്ങൾക്ക് ശിക്ഷ നല്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

وَمَآ اَصَابَكُمْ مِّنْ مُّصِيْبَةٍ فَبِمَا كَسَبَتْ اَيْدِيْكُمْ وَيَعْفُوْا عَنْ كَثِيْرٍ۔

(വിശുദ്ധ ഖുർആൻ 42:31)

അതായത്, നിങ്ങൾക്കു വന്നു ഭവിക്കുന്ന ആപത്തുകൾ ഒക്കെയും നിങ്ങളുടെ ദുഷ്ചെയ്തികളുടെ ഫലമാണ്. അല്ലാഹു പാപങ്ങൾ ഒരു പാട് പൊറുത്തു കൊടുക്കുകയും ചിലതിന് ശിക്ഷ നല്കുകയും ചെയ്യുന്നു.

അതേ അധ്യായത്തിൽ തന്നെ ഈ സൂക്തവും കാണാം:

وَهُوَ الَّذِىْ يَقْبَلُ التَّوْبَةَ عَنْ عِبَادِهٖ وَيَعْفُوْا عَنِ السَّيِّاٰتِ۔

(വിശുദ്ധ ഖുർആൻ 42:26)

അതായത്, നിങ്ങളുടെ ദൈവം തന്റെ ദാസരുടെ തൗബ സ്വീകരിക്കുകയും അവരുടെ പാപങ്ങൾ മാപ്പാക്കുകയും ചെയ്യുന്നവനത്രേ. വിശുദ്ധ ഖുർആനിൽ

وَمَنْ يَّعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَّرَهٗ۔

(വിശുദ്ധ ഖുർആൻ 99:9)

അതായത്, കടുകളവ് തിന്മ ചെയ്യുന്നവന് അതിന്റെ ശിക്ഷ ലഭിക്കുന്ന താണ് എന്ന വചനവും ഉള്ളതുകൊണ്ട് ആരും വഞ്ചിതരാകരുത്. ഈ വചനവും മറ്റു വചനങ്ങളും തമ്മിൽ വൈരുദ്ധ്യമില്ലെന്ന് ഓർക്കുക. എന്തെന്നാൽ, ഈ വചനത്തിൽ പ്രതിപാദിച്ചിരിക്കുന്ന തിന്മ കൊണ്ട് മനുഷ്യൻ പിന്മാറാതെയും പശ്ചാത്തപിക്കാതെയും ശാഠ്യം പിടിച്ച് നിലകൊള്ളുന്ന തിന്മകളാണ് ഉദ്ദേശിക്കപ്പെടുന്നത്. ഈ ഉദ്ദേശ്യം പരിഗ ണിച്ചാണ് ഇവിടെ *ദൻബ്* എന്ന പദമുപയോഗിക്കാതെ, *ശർറ്*എന്ന പദം പ്രയുക്തമായിരിക്കുന്നത്. ദ്രോഹിയായ മനുഷ്യൻ താൻ പിന്മാറാതെ അനുവർത്തിച്ചു വരുന്ന ദ്രോഹപ്രവർത്തനങ്ങളാണ് ഇവിടെ ഉദ്ദേശ്യം. അതല്ലാതെ, ഖേദം, പശ്ചാത്താപം, ശാഠ്യമില്ലായ്മ, പാപപ്പൊറുതി തേടൽ ഇവ മുഖേന പാപം പൊറുക്കപ്പെടുമെന്നത് വിശുദ്ധ ഖുർആ നിലുടനീളം നിറഞ്ഞിരിക്കുന്ന സംഗതിയാണ്. പശ്ചാത്തപിക്കുന്നവരെ ദൈവം സ്നേഹിക്കുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ അരുളുന്നു:

اِنَّ اللّٰهَ يُحِبُّ التَّوَّابِيْنَ وَيُحِبُّ الْمُتَطَهِّرِيْنَ۔

(വിശുദ്ധ ഖുർആൻ2:223)

അതായത്, പശ്ചാത്തപിക്കുന്നവരെയും പാപത്തിൽനിന്ന് പരിശുദ്ധി കൈവരിക്കാൻ പ്രയത്നിക്കുന്നവരെയും ദൈവം സ്നേഹിക്കുന്നു. എല്ലാ തിന്മയ്ക്കും ശിക്ഷ നല്കുന്നത് മാപ്പാക്കുക, വിട്ടുവീഴ്ച ചെയ്യുക എന്നീ ദൈവികഗുണങ്ങൾക്ക് നിരക്കാത്തതാണെന്ന് ചുരുക്കം. എന്തെ ന്നാൽ, അവൻ ഉടമസ്ഥനാണ്; കേവലമൊരു മജ്സ്ട്രേറ്റിനെപ്പോലെ യല്ല. വിശുദ്ധ ഖുർആനിലെ പ്രഥമ അധ്യായത്തിൽതന്നെ അവൻ തന്റെ നാമം ഉടമസ്ഥനെന്നു വെച്ചിരിക്കുന്നു. അവൻ പറയുന്നു: *മാലിക്കി യൗമിദ്ദീൻ*(ഫാത്തിഹ:4)അതായത്, അല്ലാഹു രക്ഷാശിക്ഷകളുടെ ഉട മസ്ഥനാകുന്നു. ഇഷ്ടമുള്ളപ്പോൾ ശിക്ഷിക്കാനും ഇഷ്ടമുള്ളപ്പോൾ വിട്ടയക്കാനുമുള്ള രണ്ടു നിലയിലുള്ള അധികാരമുള്ളവനെ മാത്രമേ ഉടമസ്ഥനെന്ന് പറയാൻ കഴിയൂ.

**(ചശ്മയെ മഅ്രിഫത്ത് റൂഹാനി ഖസായിൻ. 23, പേ.23-24)**

ആര്യസമാജക്കാരുടെ സിദ്ധാന്തമനുസരിച്ച് പരമേശ്വരനെ ഉടമസ്ഥ നെന്ന് വിളക്കാനാവില്ല. എന്തെന്നാൽ, ഒരുവന് അവകാശമില്ലെങ്കിൽ കൂടി അവന് തന്റെ പക്കലുള്ളത് ഔദാര്യമോ ഉപഹാരമോ ആയി

നല്കാൻ കഴിവില്ലാത്തവനാണവൻ. അതേസമയം, ഒരു സ്വത്തിന് ഉടമയായ വ്യക്തിക്ക് തന്റെ പക്കൽനിന്നും താൻ ഇച്ഛിക്കും പോലെ നല്കാൻ അധികാരമുള്ളതായി നാം കാണുന്നു. എന്നാൽ പരമേശ്വരനെ സംബന്ധിച്ച് ആര്യസമാജക്കാർ സിദ്ധാന്തിക്കുന്നത് അവന് പാപം പൊറുത്തുകൊടുക്കാനോ ഔദാര്യമെന്നോണം വല്ലതും നല്കിയനുഗ്രഹിക്കാനോ കഴിയില്ല എന്നാണ്. അവനങ്ങനെ ചെയ്യുന്ന പക്ഷം അതു അനീതിയായി ഭവിക്കുമെന്നാണ് അവരുടെ വിശ്വാസം. ആകയാൽ, പുനർജന്മത്തിൽ വിശ്വസിക്കുന്നവർക്ക് പരമേശ്വരൻ സൃഷ്ടികളുടെ ഉടമസ്ഥനാണെന്ന് പറയാൻ കഴിയില്ല. ഉടമസ്ഥനെ നീതിയുടെ നിബന്ധനകളിൽ ഒതുക്കി നിർത്തുന്നത് ശരിയല്ലെന്ന് നാം പലവട്ടം എഴുതിയിട്ടുള്ളതാണല്ലോ. അവൻ കരുണാനിധിയാണ്, അവൻ അനുഗ്രഹദാതാവാണ്, അവൻ ഉദാരവാനാണ്, അവൻ പാപം പൊറുക്കുന്നവനാണ് എന്നിങ്ങനെ ഉടമസ്ഥന്റെ മഹദ്ഗുണങ്ങൾ നമുക്കു പറയാമെങ്കിലും തന്റെ അടിമകളെയും കുതിരകളെയും ഗോക്കളെയും സംബന്ധിച്ച് നീതിമാനാണെന്ന് പറയാൻ കഴിയില്ല. എന്തെന്നാൽ, ഇരുഭാഗത്തു നിന്നും ഒരുവിധത്തിലുള്ള സ്വാതന്ത്ര്യം ലഭിക്കുമ്പോഴേ നീതി പ്രയോഗക്ഷമമാവുകയുള്ളു. ഉദാഹരണമായി, ഭൗതിക ഭരണാധികാരികളെ സംബന്ധിച്ച് അവർ നീതിനിഷ്ഠയുള്ളരും തങ്ങളുടെ പ്രജകളോട് നീതിയോടെ പെരുമാറുന്നവരുമാണെന്ന് പറയാവുന്നതാണ്. പ്രജകൾ അവരെ അനുസരിക്കുവോളം അവരുടെ അനുസരണത്തിന്റെയും കരംനല്കുന്നതിന്റെയും പ്രതിഫലമായി അവരുടെ ജീവനും സ്വത്തിനും സംരക്ഷണമേകാനും ആവശ്യം നേരിടുന്ന വേളകളിൽ സ്വധനത്തിൽ നിന്ന് അവരെ സഹായിക്കാനും നീതിതത്ത്വങ്ങൾ പ്രകാരം അവർ ബാധ്യസ്ഥരാണ്. അങ്ങനെ ഒരർഥത്തിൽ ഭരണാധികാരികൾ പ്രജകളെ ഭരിക്കുമ്പോൾ മറ്റൊരർഥത്തിൽ പ്രജകൾ ഭരണാധികാരികളെ ഭരിക്കുന്നു. ഈ രണ്ടർഥങ്ങളും സന്തുലിതമായി നടക്കുവോളം ആ രാജ്യത്ത് സമാധാനം നിലനില്ക്കും. ഭരണീയരിൽനിന്നോ ഭരണാധികാരികളിൽനിന്നോ അസന്തുലിതാവസ്ഥയുണ്ടാകുമ്പോഴാണ് രാജ്യത്തുനിന്ന് സമാധാനം തിരോഭവിക്കുന്നത്. ഭരണാധികാരികളെ യഥാർഥ ഉടമസ്ഥരെന്ന് പറയാനാവില്ലെന്ന് ഇതിൽനിന്നും വ്യക്തമാകുന്നു. എന്തെന്നാൽ, അവർക്കു പ്രജകളോടും പ്രജകൾക്ക് അവരോടും നീതിയിലധിഷ്ഠിതമായി കഴിയേണ്ടി വരുന്നു. അതേസമയം, ദൈവത്തെ നമുക്ക് അവൻ ഉടമസ്ഥനാണെന്നതിന്റെ അടിസ്ഥാനത്തിൽ *റഹീം* എന്നു വിളിക്കാമെങ്കിലും നീതിമാൻ എന്നു

വിളിക്കാൻ കഴിയില്ല. ഒരു വ്യക്തിക്കും അടിമയായിരിക്കെ ഉടമയോടു നീതി അവകാശമായി ആവശ്യപ്പെടാനാവില്ല; താഴ്മയോടും വിനയത്തോടും അപേക്ഷിക്കാവുന്നതാണ്. അല്ലാഹു വിശുദ്ധ ഖുർആനിലുടനീളം തന്റെ പേര് നീതിമാൻ എന്നു വെയ്ക്കാതിരുന്നതിന്റെ കാരണവും ഇതത്രേ. നീതി പരസ്പര തുല്യതയും സമത്വവുമാണ് ആവശ്യപ്പെടുന്നത്. മനുഷ്യരുടെ പരസ്പരമുള്ള അവകാശങ്ങളുടെ കാര്യത്തിൽ നീതി പാലിക്കുന്നുവെന്നർഥത്തിൽ അവൻ നീതിമാനാണെങ്കിലും ഒരു പങ്കാളിയെപ്പോലെ അവനോട് വല്ലതും അവകാശമായി ആവശ്യപ്പെടാമെന്ന അർഥത്തിൽ അവൻ നീതിമാനല്ല. എന്തെന്നാൽ, ദാസൻ ദൈവത്തിന്നധീനനാണ്. തന്റെ അധീനവസ്തുക്കളോട് താനിഷ്ടപ്പെടും പ്രകാരം പെരുമാറാനുള്ള അധികാരം അവനുണ്ട്. താനിച്ഛിക്കുന്നവരെ അവൻ ഭരണാധികാരികളാക്കുന്നു; താനിച്ഛിക്കുന്നവരെ ഭിക്ഷാംദേഹികളാക്കുന്നു; താനിച്ഛിക്കുന്നവർക്ക് അവൻ അല്പായുസ്സ് നല്കുന്നു; താനിച്ഛിക്കുന്നവർക്ക് അവൻ ദീർഘായുസ്സും നല്കുന്നു. നാം തന്നെയും ഏതെങ്കിലും സ്വത്തിന് ഉടമയാകുന്നതോടെ അതു സംബന്ധിച്ച പൂർണ സ്വാതന്ത്ര്യം നമുക്കുണ്ടല്ലോ. ദൈവം പക്ഷേ കരുണാനിധിയാണ്. എന്നല്ല, കാരുണ്യവാന്മാരിൽ വെച്ച് ഏറ്റവും കൂടുതൽ കരുണ കാണിക്കുന്നവനാണ്. അവൻ തന്റെ കരുണാതിരേകത്താലാണ് തന്റെ സൃഷ്ടികളെ പരിപാലിക്കുന്നത്; ഏതെങ്കിലും നീതിയുടെ അടിസ്ഥാനത്തിലല്ല. എന്തെന്നാൽ, ഉടമസ്ഥന്റെ ഗുണവിശേഷങ്ങൾ നീതിമാന്റെ ഗുണവിശേഷങ്ങൾക്ക് തികച്ചും വിപരീതമാണെന്ന് നാം പലവട്ടം പ്രതിപാദിച്ചിട്ടുള്ളതാണ്. നാം അവന്റെ സൃഷ്ടിയാണെന്നിരിക്കെ, അവനോട് നീതി അവകാശമായി ചോദിച്ചു വാങ്ങാൻ നമുക്ക് എന്ത് അർഹതയാണുള്ളത്? അവന്റെ കാരുണ്യത്തിനായി അങ്ങേയറ്റം വിനയത്തോടെ തീർച്ചയായും അപേക്ഷിക്കാവുന്നതാണ്. മനുഷ്യനെ സംബന്ധിച്ച പെരുമാറ്റകാര്യങ്ങളിൽ ദൈവത്തോട് നീതി അവകാശമായി ആവശ്യപ്പെടുന്നത് അവന്റെ ദുഷ്ടതയാണ്. മനുഷ്യപ്രകൃതത്തിന്റെ സർവതന്ത്രികളും ദൈവത്തിൽ നിന്നുള്ളതാകുന്നു. ആത്മീയവും ഭൗതികവുമായ കഴിവുകളത്രയും അവന്റെ വരദാനമത്രേ. അവന്റെ സഹായവും പിന്തുണയുമുണ്ടെങ്കിലേ ഓരോ സത്പ്രവൃത്തിയും വെളിപ്പെടുകയുള്ളുവെന്നിരിക്കെ, സ്വകർമങ്ങളിൽ വിശ്വാസമർപ്പിച്ച് അവനോട് നീതി അവകാശമായി ആവശ്യപ്പെടുന്നത് കൊടിയ അവിശ്വാസവും അജ്ഞതയുമാകുന്നു. അത്തരം അധ്യാപനങ്ങൾ യഥാർഥ ജ്ഞാനത്തിൽ അധിഷ്ഠിതമാ

ണെന്ന് നമുക്ക് പറയാനാവില്ല. മറിച്ച്, അവ സത്യജ്ഞാനം തീരെയില്ലാത്തതും അബദ്ധജടിലവുമായ അധ്യാപനങ്ങളാകുന്നു. മനുഷ്യനുമായി ബന്ധപ്പെട്ട് ദൈവത്തിന്റെ നാമം നീതിമാനെന്നു വെയ്ക്കുന്നത് പാപമാണെന്നു മാത്രമല്ല പ്രകടമായ അവിശ്വാസവും കൂടിയാണ് എന്നാണ് അല്ലാഹു തന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ നമ്മെ പഠിപ്പിച്ചിരിക്കുന്നത്.

**(ചശ്മയെ മഅ്രിഫത്ത്, റൂഹാനി ഖസായിൻ, വാല്യം.23, പേ.32-34)**

## ക്രിസ്ത്യാനികളുടെ അബദ്ധവിശ്വാസങ്ങൾ

നീതി ശിക്ഷ നല്കാനും, കരുണ വിട്ടുവീഴ്ച ചെയ്യാനും ആവശ്യപ്പെടുന്നതിനാൽ നീതിയും കരുണയും ദൈവികസത്തയിൽ ഒത്തുചേരുക സാധ്യമല്ലെന്ന അബദ്ധധാരണയാണ് വീണ്ടുവിചാരമില്ലാത്ത ക്രിസ്ത്യാനികളെ ചിന്താരാഹിത്യം മൂലം വഞ്ചനയിൽ അകപ്പെടുത്തിയത്. ദൈവത്തിന്റെ നീതിതന്നെയും ഒരു കാരുണ്യമാണെന്ന് അവർ ചിന്തിക്കുന്നില്ല. എന്തെന്നാൽ, അതു തികച്ചും മനുഷ്യന്റെ ഗുണത്തിനു വേണ്ടിയുള്ളതാണ്. ഉദാഹരണത്തിന്, ഒരു കൊലയാളിയെ സംബന്ധിച്ച് അയാൾ കൊല്ലപ്പെടണമെന്ന് നീതിയിലധിഷ്ഠിതമായി അല്ലാഹു തീരുമാനിച്ചാൽ അതവന്റെ ദൈവത്വത്തിന് ഒരു മെച്ചവും വരുത്തുകയില്ല. മനുഷ്യവർഗം പരസ്പരം കൊന്നൊടുക്കി നശിക്കരുതെന്നതുകൊണ്ടാണ് അവനങ്ങനെ ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ മനുഷ്യവർഗത്തെ സംബന്ധിച്ചിടത്തോളം ഇതു കാരുണ്യമാകുന്നു. ലോകത്തു ശാന്തി നിലനില്ക്കുന്നതിനും ഒരു വിഭാഗം മറ്റൊരു വിഭാഗത്തെ ദ്രോഹിച്ചുകൊണ്ട് ലോകത്തു കുഴപ്പങ്ങളുണ്ടാകാതിരിക്കാനും വേണ്ടിയത്രേ അടിയാറുകൾ തമ്മിലുള്ള ഈ അവകാശങ്ങൾ അല്ലാഹു സ്ഥാപിച്ചിരിക്കുന്നത്. ആകയാൽ, സ്വത്ത്, ജീവൻ, അഭിമാനം ഇവയെ സംബന്ധിച്ച ആ അവകാശങ്ങളും ശിക്ഷാനടപടികളും വാസ്തവത്തിൽ മനുഷ്യകുലത്തിനു കാരുണ്യമാകുന്നു....

നീതിയും കാരുണ്യവും തമ്മിൽ ഒരുവിധ സംഘട്ടനവുമില്ല. ഒന്നു മറ്റൊന്നിനോട് ഇടകലരാതെ സമാന്തരമായി ഒഴുകിക്കൊണ്ടിരിക്കുന്ന രണ്ട് അരുവികളാണവ. ലൗകിക ഭരണകൂടങ്ങളിലും നമുക്കിത് ദർശിക്കാൻ കഴിയും. കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നു; സത്പ്രവൃത്തികളാൽ സർക്കാറിനെ സന്തോഷിപ്പിക്കുന്നവർക്ക് സമ്മാനങ്ങളും പാരിതോഷികങ്ങളും ലഭിക്കുന്നു. കാരുണ്യമാണ് ദൈവത്തിന്റെ തനതായ ഗുണമെന്ന കാര്യവും ഓർക്കേണ്ടതാണ്. യുക്തി

ബോധവും നിയമവും സ്ഥാപിതമായതിനുശേഷമാണ് നീതിബോധം പ്രവർത്തിക്കാൻ തുടങ്ങുന്നത്. അതും വാസ്തവത്തിൽ മറ്റൊരു വിധത്തിൽ വെളിപ്പെടുന്ന ഒരു കാരുണ്യമത്രേ. മനുഷ്യന് യുക്തിബോധം പ്രദാനം ചെയ്യപ്പെടുകയും യുക്തിമുഖേന അല്ലാഹുവിന്റെ നിയമപരിധികളെ ഗ്രഹിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് അവൻ നീതിതത്ത്വങ്ങളുടെ പിടിയിലകപ്പെടുന്നത്. എന്നാൽ കാരുണ്യത്തെ സംബന്ധിച്ചിടത്തോളം യുക്തിബോധത്തിന്റെയും നിയമത്തിന്റെയും നിബന്ധനയില്ല. അല്ലാഹു കരുണ ചൊരിഞ്ഞുകൊണ്ട് മനുഷ്യർക്ക് ഏറ്റവുമധികം ശ്രേഷ്ഠത നല്കാൻ ഇച്ഛിച്ചിരുന്നതിനാൽ അവൻ അവർക്കായി നീതിതത്ത്വങ്ങളും പരിധികളും നിശ്ചയിക്കുകയാണുണ്ടായത്. ആകയാൽ, നീതിയും കാരുണ്യവും തമ്മിൽ വൈരുധ്യമുണ്ടെന്ന് വിചാരിക്കുന്നത് അജ്ഞതയാണ്.

**(കിത്താബുൽ ബരിയ്യ, റൂഹാനി ഖസായിൻ, വാള്യം.13, പേ.73-74)**

## ദൈവജ്ഞാനം

ദൈവം തന്റെ സമ്പൂർണ ജ്ഞാനത്താൽ ഓരോ അണുവിന്റെയും ആന്തരികവും ബാഹ്യവുമായ സംഗതികൾ എങ്ങനെ, ഏതുവിധേന അറിയുന്നുവെന്ന ഗഹനമായൊരു ചോദ്യം ഇവിടെ ഉയരുന്നുണ്ട്. ആ ജ്ഞാനത്തിന്റെ യഥാർഥ നിലയെന്തെന്ന് യുക്തിക്ക് ഗ്രഹിക്കാനാവില്ലെങ്കിലും മനുഷ്യചിന്തയ്ക്ക് ഉൾക്കൊള്ളാവുന്ന എല്ലാത്തരം ജ്ഞാനങ്ങളെക്കാളുമത് ശക്തവും സുദൃഢവും സമ്പൂർണവും സമഗ്രവുമാണെന്നതാണു സത്യം. നാം സ്വന്തം ജ്ഞാനസമ്പാദന മാർഗങ്ങളെയും അവയുടെ തരഭേദങ്ങളെയും പരിശോധിക്കുമ്പോൾ നമ്മുടെ സകലമാന ജ്ഞാനങ്ങളെക്കാൾ ദൃഢതരവും പ്രബലവുമായിട്ടുള്ളത് സ്വസത്തയെ സംബന്ധിച്ച ജ്ഞാനമാണെന്ന് നമുക്ക് അറിയാൻ കഴിയും. എന്തെന്നാൽ, സ്വസത്തയെ വിസ്മരിക്കാനും സംശയിക്കാനും നമുക്കെന്നല്ല ഒരു മനുഷ്യനും സാധ്യമല്ല. നമ്മുടെ യുക്തിക്ക് പ്രാപ്യമാകുവോളം ഇത്തരം ജ്ഞാനങ്ങളെ നാം ശക്തവും സുദൃഢവും സമ്പൂർണവും സമഗ്രവുമായിട്ടാണ് കാണുന്നത്. തന്റെ ദാസരെ സംബന്ധിച്ച ഈ നിലവാരത്തിലുള്ള അറിവ് ദൈവത്തിന് താരതമ്യേന കുറവാണെന്നത് അല്ലാഹുവിന്റെ സമ്പൂർണസത്തയ്ക്കു നിരക്കാത്തതാണെന്ന് നമുക്ക് കാണാം. എന്തെന്നാൽ, മനുഷ്യന്റെ ചിന്തയ്ക്ക് ഉൾക്കൊള്ളാവുന്ന ഉന്നത നിലവാരമുള്ള

ജ്ഞാനം ദൈവത്തിനുണ്ടാകാതിരിക്കുക എന്നത് വലിയ പോരായ്മ തന്നെയാണ്. ദൈവത്തിന്റെ ജ്ഞാനം ഉന്നത നിലവാരത്തിൽനിന്നും താണുപോയതെന്തുകൊണ്ട്? സ്വന്തം ഇച്ഛയാലാണോ അതോ വല്ല നിലയിലും നിർബന്ധിതനായോ? എന്നിങ്ങനെയുള്ള ആക്ഷേപങ്ങളും ഉന്നയിക്കപ്പെടാം. സ്വന്തം ഇച്ഛയാലാണെന്നു പറയുകയാണെങ്കിൽ അത് അംഗീകരിച്ചു കൊടുക്കാനാവില്ല. കാരണം, ആരും ആഗ്രഹിച്ചു കൊണ്ട് തനിക്കായി നഷ്ടം വരുത്തിവെയ്ക്കില്ലല്ലോ. ആ നിലയ്ക്ക്, ഉത്കൃഷ്ടഗുണങ്ങളെ സ്വയം ഇഷ്ടപ്പെടുന്ന അല്ലാഹു തന്നെപ്പറ്റി ഇത്തരം പോരായ്മകൾ എങ്ങനെ വകവെച്ചു കൊടുക്കും? ഇനിയവൻ ചില നിർബന്ധങ്ങൾക്ക് വഴങ്ങിപ്പോയി എന്നു പറയുകയാണെങ്കിൽ അങ്ങനെ നിർബന്ധം ചെലുത്തുന്നവൻ തന്റെ ശക്തിയിലും പ്രാപ്തിയിലും ദൈവത്തെ അതിജയിക്കുന്നവനാകണം. അപ്പോഴേ അവന് തന്റെ വർദ്ധിത ശക്തിയാൽ ദൈവത്തിന്റെ ഇച്ഛകളെ തടയാനാവൂ. എന്നാലിത് അസംഭവ്യമാണ്. എന്തെന്നാൽ, ദൈവത്തെ തടഞ്ഞു കൊണ്ട് അവനിൽ നിർബന്ധം ചെലുത്തുന്നവനായി ആരുമില്ല. ആകയാൽ, ദൈവത്തിന്റെ ജ്ഞാനം സമ്പൂർണമാണെന്നു തെളിഞ്ഞു. മനുഷ്യന് തന്റെ അസ്തിത്വത്തെ സംബന്ധിച്ചതുപോലുള്ള ജ്ഞാനമാണ് സമ്പൂർണവും സമഗ്രവുമായിട്ടുള്ളതെന്ന് നാം സ്ഥാപിച്ചു കഴിഞ്ഞുവല്ലോ. അതുകൊണ്ട്, തന്റെ സൃഷ്ടികളെ സംബന്ധിച്ച് ദൈവത്തിനുള്ള ജ്ഞാനം ഈ ജ്ഞാനത്തോട് സാദൃശ്യം പുലർത്തുന്നുവെന്ന് അംഗീകരിക്കേണ്ടതായി വരുന്നു. അതിന്റെ യഥാർഥ നില ഗ്രഹിക്കുക നമുക്ക് സാധ്യമല്ലെങ്കിലും ജ്ഞാതാവും ജ്ഞേയവും തമ്മിൽ ഒരുവിധ അകലമോ മറയോ ഇല്ലാത്ത പ്രബലവും സുദൃഢവുമായ ജ്ഞാനം ഇതുതന്നെയെന്ന് സ്വന്തം യുക്തിബോധത്താൽ ഗ്രഹിക്കാൻ നാം നിർബന്ധിതരാണ്. ആകയാൽ, ആ ജ്ഞാനം ഈ ഇനത്തിൽപ്പെട്ടതാകുന്നു. മനുഷ്യന് തന്റെ അസ്തിത്വത്തെക്കുറിച്ചറിയുന്നതിന് മറ്റു ജ്ഞാനസ്രോതസ്സുകളെ ആശ്രയിക്കേണ്ടതില്ല. സചേതനമാവുക, തന്നെക്കുറിച്ച് സചേതനമാണെന്ന് മനസ്സിലാക്കുക ഇവ രണ്ടും തലനാരിഴ വ്യത്യാസമില്ലാത്തവിധം പരസ്പരം അടുത്തിരിക്കുന്ന സംഗതികളാണ്. ഇതുപോലെ, മുഴുപ്രപഞ്ചത്തെക്കുറിച്ചും ദൈവത്തിന് അറിവുണ്ടായിരുക്കുക അനിവാര്യമത്രേ. ഇവിടെ ജ്ഞാതാവും ജ്ഞേയവും തമ്മിൽ ഒരുവിധ വ്യത്യാസമോ അകലമോ ഉണ്ടായിക്കൂടാ എന്നർഥം. അവനും അവന്റെ ജ്ഞേയങ്ങളും തമ്മിൽ മറ്റെല്ലാത്തിനുമുപരിയായ നിലയിൽ അടുപ്പവും ബന്ധവുമുണ്ടെന്ന്

ആദ്യം വിശ്വസിച്ചെങ്കിലേ അവന്റെ ദൈവത്വം സ്ഥാപിക്കുന്നതിനു വേണ്ട ഉന്നത നിലവാരത്തിലുള്ള ഈ ജ്ഞാനം അവനെ സംബ ന്ധിച്ച് അംഗീകരിച്ചു കൊടുക്കാനാവൂ. ജ്ഞാതാവിന്റെ ജ്ഞേയങ്ങ ളായ സർവവസ്തുക്കളും അവന്റെ ശക്തിവിലാസത്താൽ ഉൽഭൂതമാ വുകയും അവന്റെ സൃഷ്ടികളാവുകയും അവന്റെ അസ്തിത്വത്താൽ ഉൺമ പ്രാപിക്കുകയും ചെയ്യുമ്പോൾ മാത്രമേ ജ്ഞേയങ്ങളുമായി ആ സമ്പൂർണ ബന്ധം അവനുണ്ടാവുകയുള്ളു. അതായത്, യഥാർഥ അസ്തിത്വം അവന്റേതു മാത്രവും മറ്റുള്ളവയെല്ലാം അവനാൽ സൃഷ് ടിക്കപ്പെട്ടവയായിത്തീരുകയും അവന്റെ സഹായത്താൽ ഉപജീവനം കഴിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടാവണം. അവ സൃഷ്ടിക്കപ്പെട്ട തിനുശേഷവും സ്വസത്തയിൽ അവനെ ആശ്രയിക്കാതിരിക്കുകയോ അവനിൽനിന്ന് വേർപെടുകയോ ചെയ്യാതിരിക്കുക മാത്രമല്ല സർവ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടതിനുശേഷവും യഥാർഥത്തിൽ ജീവിച്ചിരി ക്കുന്നവനായിരിക്കണം അവൻ. മറ്റെല്ലാ ജീവിതങ്ങളും അവനാൽ സൃഷ് ടിക്കപ്പെട്ടതും അവന്റെ സഹായത്താൽ നിലനില്ക്കുന്നതുമാകണം. അവൻ ഒരുവൻ മാത്രമേ അപരിമിതനായുള്ളൂ. മറ്റു വസ്തുക്കളെല്ലാം, അത് ആത്മാക്കളാകട്ടെ ശരീരങ്ങളാകട്ടെ, അവൻ നിശ്ചയിച്ച അതി രുകളിൽ തടയപ്പെട്ടവരും അവന്റെ കരങ്ങളാൽ ബന്ധിതരും അവൻ നിശ്ചയിച്ച പരിമിതകൾക്ക് വിധേയരുമാകണം. അവൻ എല്ലാറ്റിനെയും വലയം ചെയ്യുകയും മറ്റെല്ലാ വസ്തുക്കളും അവന്റെ പരിപാലനത്താൽ വലയം ചെയ്യപ്പെടുകയും വേണം. അവന്റെ കരങ്ങളിൽനിന്നുൽഭൂതമാ കാത്തതും അവന്റെ പരിപാലനം ഉൾക്കൊള്ളാത്തതും അതല്ലെങ്കിൽ അവന്റെ സഹായംകൊണ്ട് നിലനില്ക്കാത്താതുമായ ഒന്നുമുണ്ടാവരുത്. ചുരുക്കത്തിൽ, ഈ സാഹചര്യം ഉണ്ടായെങ്കിൽ മാത്രമേ സമ്പൂർണ ജ്ഞാനത്തിന്റെ നിബന്ധനയായ സമ്പൂർണ ബന്ധം ജ്ഞേയങ്ങളിൽ ഉണ്ടാവുകയുള്ളു. ഈ സമ്പൂർണ ബന്ധത്തിലേക്കാണ് അല്ലാഹു വിശുദ്ധ ഖുർആനിലൊരിടത്ത് സൂചന നല്കുന്നത്. അവൻ പറയുന്നു:

وَنَحْنُ أَقْرَبُ إِلَيْهِ مِنْ حَبْلِ الْوَرِيدِ۔

(വിശുദ്ധ ഖുർആൻ 50:17)

അതായത്, നാം മനുഷ്യനോട് അവന്റെ ജീവനാഡിയേക്കാൾ അടു ത്തവനാകുന്നു.

അതുപോലെ, വിശുദ്ധ ഖുർആനിൽ മറ്റൊരിടത്ത് പറയുന്നു:

هُوَ ٱلۡحَيُّ ٱلۡقَيُّومُ
(വിശുദ്ധ ഖുർആൻ 2:256)

അതായത്, യഥാർഥമായ ജീവിതം അവനേയുള്ളു. മറ്റുള്ളവയെല്ലാം അവനാൽ സൃഷ്ടിക്കപ്പെട്ടവയും അവനെക്കൊണ്ട് ജീവിക്കുന്നവയുമാകുന്നു. അതായത്, എല്ലാ ജീവന്റെയും ജീവനും എല്ലാ ശക്തികളുടെയും ശക്തിയും വാസ്തവത്തിൽ അവനത്രേ.......

ആത്മാവ് സൃഷ്ടിയാണെന്നും ഉദ്ഭവമുള്ളതാണെന്നും സമ്മതിക്കാതിരിക്കുന്നപക്ഷം പരമേശ്വരനെന്ന് സാങ്കല്പിക പേരുള്ള,യാതൊരു ബന്ധവുമില്ലാത്ത ഒരുവന് ആത്മാവിന്റെ പൊരുളിനെപ്പറ്റി വല്ല അറിവുമുണ്ടെന്നും ആത്മാവിന്റെ ഉള്ളറകളോളം ആ അറിവ് എത്തിച്ചേർന്നിട്ടുണ്ടെന്നും അംഗീകരിക്കാൻ ഒരു ന്യായവുമില്ല. എന്തെന്നാൽ, ഒരു വസ്തുവിനെക്കുറിച്ച് പൂർണജ്ഞാനമുള്ള വ്യക്തിക്ക് അതു സൃഷ്ടിക്കാനും കഴിയും. അവനതിനു കഴിയില്ലെങ്കിൽ അവന്റെ അറിവിൽ തീർച്ചയായും എന്തെങ്കിലും പോരായ്മയുണ്ടായിരിക്കണം. പൂർണജ്ഞാനമില്ലെങ്കിൽ നിർമിക്കുന്നതുപോയിട്ട് സദൃശ്യവസ്തുക്കളെ വ്യവച്ഛേദിച്ചറിയുകപോലും പ്രയാസമാണ്. അതുകൊണ്ട് ദൈവം വസ്തുക്കളുടെ സ്രഷ്ടാവല്ലാതാകുന്നതോടെ അവൻ അപൂർണജ്ഞാനിയാണെന്ന ദോഷം മാത്രമല്ല കോടിക്കണക്കിന് ആത്മാക്കളെ അനുദിനം വ്യവച്ഛേദിച്ചറിയുന്നതിൽ അവന് ആശയക്കുഴപ്പമുണ്ടാവുകയും ഒരാളുടെ ആത്മാവിനെ മറ്റൊരാളായി ധരിച്ചുപോവുകയും ചെയ്യുന്നു എന്നു വന്നു. എന്തെന്നാൽ, അപൂർണജ്ഞാനത്തിന് ഇത്തരം ആശയകുഴപ്പങ്ങൾ തീർച്ചയായും ഉണ്ടാകാറുണ്ട്. ഇല്ലെന്നുപറയുന്നവർ അതിനുള്ള തെളിവ് സമർപ്പിക്കുകയാണ് വേണ്ടത്.

**(സുർമയെ ചശ്മയെ ആര്യ, റൂഹാനി ഖസായിൻ, വാല്യം.2, പേ.221-226. അടിക്കുറിപ്പ്)**

ഒരു വസ്തുവിനെ സംബന്ധിച്ച പൂർണമായ ജ്ഞാനം ലഭിക്കുന്നതോടെ ആ വസ്തു സൃഷ്ടിക്കാനുള്ള കഴിവു ലഭിക്കുമെന്നാണെങ്കിൽ അല്ലാഹുവിന് തന്നെ സംബന്ധിച്ച ജ്ഞാനം പരിപൂർണമായി ഉള്ള സ്ഥിതിക്ക് അല്ലാഹു തന്റെതന്നെ സ്രഷ്ടാവോ തന്നെപ്പോലെ മറ്റൊന്നിനെ സൃഷ്ടിക്കാൻ കഴിവുള്ളവനോ ആകേണ്ടതല്ലേ എന്ന ചോദ്യം ആരുടെയെങ്കിലും മനസ്സിലുദിച്ചേക്കാം. ഈ ചോദ്യത്തിന്റെ ആദ്യഭാഗത്തിനുള്ള മറുപടി ഇപ്രകാരമാകുന്നു: അല്ലാഹു തന്റെ അസ്തിത്വത്തിന്റെ സ്രഷ്ടാവാണെങ്കിൽ തന്റെ അസ്തിത്വത്തിനു

മുൻപു ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണല്ലോ. ഒരു വസ്തുവിനും തന്റെ അസ്തിത്വത്തിനു മുൻപേ ഉണ്ടായിരിക്കുക സാധ്യമല്ലെന്നത് വ്യക്തമാണ്. അസ്തിത്വത്തിനു മുൻപ് വസ്തു ഉണ്ടാവുക അസംഭ വ്യമത്രേ. അല്ലാഹുവിന് തന്റെ സത്തയെ സംബന്ധിച്ച് പൂർണജ്ഞാ നമുണ്ടെന്നു പറയുമ്പോൾ ഇവിടെ ജ്ഞാതാവ്, ജ്ഞാനം, ജ്ഞേയം ഇവ ഒന്നുതന്നെയാണെന്നും വേർതിരിക്കാനാവില്ലെന്നും ദ്വിതീയത യ്ക്ക് ഇടമില്ലെന്നുമാണ് അർഥമാക്കുന്നത്. അങ്ങനെ വരുമ്പോൾ ഇവിടെ സൃഷ്ടിയെന്നു പറയാവുന്ന വേറിട്ട വസ്തു ഉണ്ടാകുമോ? ദൈവത്തിന് തന്റെ അസ്തിത്വത്തെ സംബന്ധിച്ചുള്ള ജ്ഞാനത്തെ മറ്റു വസ്തുക്കളുമായി താരതമ്യം ചെയ്യാവതല്ല. സ്രഷ്ടാവായ ദൈവ ത്തിനുള്ള തന്റെ അസ്തിത്വത്തെ സംബന്ധിച്ച ജ്ഞാനം സ്രഷ്ടാ വും സൃഷ്ടിയുമെന്ന് വേർതിരിക്കുന്ന തരത്തിൽ ജ്ഞാതാവിനെ ജ്ഞേയത്തിൽ നിന്നും വേർപെടുത്താവുന്ന ഒന്നല്ല. അവന്റെ അസ് തിത്വം സൃഷ്ടിക്കപ്പെട്ടതാണെന്നു പറയുന്നതിനുപകരം മറ്റാരാലും സൃഷ്ടിക്കപ്പെട്ടതല്ലെന്ന് പറയുകയാണു വേണ്ടത്. അവൻ അനാദ്യ ന്തമായ നിലയിൽ സ്വയം വെളിപ്പെടുന്നു. ദൈവം എന്നതുകൊണ്ട് അർഥമാക്കുന്നതും ഇതുതന്നെ.

ആക്ഷേപത്തിന്റെ രണ്ടാം ഭാഗം ദൈവം തനിക്ക് സമാനനെ സൃഷ് ടിക്കാൻ കഴിവുള്ളവനെന്നു വരുമെന്ന് മേൽപ്രസ്താവന കൊണ്ടു വിവക്ഷിതമാകുമെന്നതാണല്ലോ. അതിനുള്ള ഉത്തരം ഇപ്രകാരമാ കുന്നു: ദൈവത്തിന്റെ അനാദ്യന്തമായ ഗുണങ്ങൾക്ക് വിരുദ്ധമല്ലാത്ത സംഗതികളിലേക്കാണ് അവന്റെ ശക്തി ചെന്നെത്തുന്നത്. ഏതൊരു വസ്തുവിനെക്കുറിച്ച് ദൈവത്തിന് സമ്പൂർണ ജ്ഞാനമുണ്ടോ അതു വേണമെങ്കിൽ സൃഷ്ടിക്കാൻ കഴിയുമെന്നുള്ളത് ശരിയും പ്രമാണ ബദ്ധവും യുക്തിസഹവുമാണെന്നിരിക്കിലും അവന് ചെയ്യാൻ കഴിവുള്ള സംഗതികളെല്ലാം തന്റെ സമ്പൂർണഗുണങ്ങളെ പരിഗണിക്കാതെ ചെയ്തു കാണിക്കണമെന്ന് ഒരിക്കലും നിർബന്ധമില്ല; അതൊട്ടും ശരിയുമല്ല. അവൻ തന്റെ സകലമാന ശക്തിവിലാസങ്ങൾ നടപ്പാ ക്കുമ്പോഴും താൻ ചെയ്യാനുദ്ദേശിക്കുന്ന കാര്യം തന്റെ സമ്പൂർണ ഗുണവിശേഷങ്ങൾക്ക് എതിരാകാതിരിക്കാൻ തീർച്ചയായും ശ്രദ്ധി ക്കുന്നു. ഉദാഹരണത്തിന് വലിയ സത്കർമിയും ഭക്തനുമായ ഒരുവനെ നരകാഗ്നിയിലിടാൻ അവനു കഴിയുമെങ്കിലും അവന്റെ കാരുണ്യവും നീതിയും പ്രതിഫലം നല്കുന്ന ഗുണവിശേഷങ്ങളും അങ്ങനെ ചെയ്യാൻ തടസ്സമായി നില്ക്കുന്നു. അതുകൊണ്ടുതന്നെ

അവനൊരിക്കലും അത്തരം പ്രവൃത്തി ചെയ്യുന്നതല്ല. ഇതുപോലെ, അവന്റെ ശക്തിവിലാസം അവനെ സ്വയം നശിപ്പിക്കാൻ പ്രേരിതനാക്കുകയില്ല. എന്തെന്നാൽ, അതവന്റെ അനാദ്യന്തമായ ജീവിതത്തിന് നിരക്കാത്തതത്രേ. ഈ രീതിയിൽ അവൻ തന്നെപ്പോലെ ഒരുവനെ സൃഷ്ടിക്കുകയുമില്ല. കാരണം, അനാദ്യന്തമായി അവനിൽ കാണപ്പെടുന്ന ഏകത്വം, നിരുപമൻ, നിസ്തുലൻ എന്നീ ഗുണങ്ങൾ അപ്രകാരം ചിന്തിക്കുന്നതിൽനിന്ന് അവനെ തടയുന്നു. ഒരു കാര്യം ചെയ്യാൻ കഴിവില്ലാതിരിക്കുക എന്നത് ഒരു കാര്യവും ചെയ്യാൻ കഴിവുണ്ടായിരിക്കെ തന്റെ മഹനീയ ഗുണങ്ങൾക്ക് വിരുദ്ധമായതിനാൽ അതിലേക്ക് ശ്രദ്ധിക്കാതിരിക്കുന്നത് മറ്റൊരു കാര്യവുമാണെന്ന് അല്പം കണ്ണു തുറന്ന് ഗ്രഹിക്കേണ്ടതാണ്.

**(സുർമെ ചശ്മെ ആര്യ, റൂഹാനി ഖസായിൻ, വാള്യം.2, പേ.230-233 അടിക്കുറിപ്പ്)**

തന്റെ വ്യക്തിപരമായ ശക്തിയും സവിശേഷതയുംകൊണ്ട് അദൃശ്യ കാര്യങ്ങൾ അറിയുക എന്നത് ദൈവത്തിന്റെ മാത്രം സവിശേഷതയാണ്. ദൈവമാകുന്ന ആ അനിവാര്യ സത്ത അദൃശ്യജ്ഞാനിയാണെന്നും മറ്റുള്ള അസ്തിത്വങ്ങൾക്ക് ഈ ജ്ഞാനം അന്യമാണെന്നുമാണ് സത്യാത്മാക്കളായ മഹത്തുക്കളുടെ പുരാതനകാലം തൊട്ടുള്ള വിശ്വാസം. അതായത്, ദൈവം അദൃശ്യജ്ഞാനിയായിരിക്കണമെന്നും അത് അവന്റെ പരമസത്തയ്ക്കു മാത്രമുള്ള ഗുണവിശേഷമാണെന്നുമാണ് അവർ വിശ്വസിക്കുന്നത്. നശ്വരവും സ്വന്തമായ നിലനില്പില്ലാത്തതുമായ മറ്റു വസ്തുക്കൾക്ക് ഈ ഗുണവിശേഷത്തിലും ഇതുപോലുള്ള മറ്റുഗുണങ്ങളിലും സ്രഷ്ടാവായ ദൈവവുമായി പങ്കാളിത്തമില്ല. സത്തയിൽ പങ്കാളിയുണ്ടാവുക അസംഭവ്യമാണെന്നതുപോലെ ഗുണവിശേഷങ്ങളിൽ പങ്കാളിയുണ്ടാവുക എന്നതും അസംഭവ്യമത്രേ. ആകയാൽ, മറ്റുള്ളവർക്ക്, അതു നബിയോ *മുഹദ്ദസോ വലിയോ* ആകട്ടെ, സ്വതസിദ്ധമായ നിലയിൽ അദൃശ്യജ്ഞാനം ഉണ്ടാവുക അസംഭവ്യമാണ്. എന്നാൽ, ദൈവത്തിന്റെ വരിഷ്ഠരും തിരഞ്ഞെടുക്കപ്പെട്ടവരുമായവർക്ക് വെളിപാടുകളിലൂടെ നിഗൂഢരഹസ്യങ്ങൾ സദാ ലഭിച്ചു പോന്നിട്ടുണ്ട്. ഇപ്പോഴും ലഭിച്ചു കൊണ്ടിരിക്കുന്നു. പക്ഷേ, നബി(സ)തിരുമേനിയെ പിൻപറ്റുന്നവർക്കേ ഈ അനുഗ്രഹം സിദ്ധിക്കുകയുള്ളു.

**(ഏക് ഈസായി കെ തീൻ സവാൽ ഔർ ഉൻകെ ജവാബ്, റൂഹാനി ഖസായിൻ, വാള്യം.4, പേ.453-454)**

ജീവിച്ചിരിക്കുന്നവനും എന്നെന്നും നിലനില്ക്കുന്നവനുമായ

ദൈവം നമ്മോട് ഒരാൾ മറ്റൊരാളോട് സംസാരിക്കുന്നതുപോലെ സംസാരിക്കുന്നു. നാം അവനോട് ഒരു കാര്യം ചോദിക്കുകയും പ്രാർഥിക്കുകയും ചെയ്യുമ്പോൾ അവൻ തന്റെ ശക്തിവിലാസങ്ങളാൽ നിർഭരമായ വാക്കുകളോടെ ഉത്തരം നല്കുന്നു. ഇത് ആയിരം വട്ടം തുടർന്നുകൊണ്ടിരുന്നാലും അതിനുത്തരം നല്കുന്നതിൽനിന്ന് അവൻ പിന്മാറുന്നതല്ല. തന്റെ വചനങ്ങളിൽ അവൻ അത്യദ്ഭുതങ്ങളായ സംഗതികൾ വെളിപ്പെടുത്തുകയും അനന്യസാധാരണമായ ശക്തിവിലാസങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഏതുവരെയെന്നാൽ, ദൈവമെന്ന് വിളിക്കപ്പെടേണ്ടവൻ അവൻ മാത്രമാണെന്ന് അവൻ ബോധ്യം വരുത്തുന്നു. അവൻ പ്രാർഥനകൾ സ്വീകരിക്കുകയും സ്വീകരിക്കുമെന്ന് അറിയിപ്പ് നല്കുകയും ചെയ്യുന്നു. വലിയ വലിയ പ്രയാസങ്ങൾ അവൻ പരിഹരിക്കുകയും മൃതതുല്യമായി രോഗികളായവരെ പ്രാർഥനാധിക്യത്താൽ ജീവിപ്പിക്കുകയും ചെയ്യുന്നു. അവൻ നിശ്ചയിച്ചുറപ്പിക്കുന്ന ഈ സംഗതികളെല്ലാം തന്റെ വചനങ്ങളിലൂടെ മുൻപേ തന്നെ അറിയിച്ചു കൊടുക്കുന്നു. അവൻ തന്നെയാണ് നമ്മുടെ യഥാർഥ ദൈവം. ഭവിഷ്യൽ കാര്യങ്ങളുൾക്കൊള്ളുന്ന ദൈവികവചനങ്ങളിലൂടെ അവൻ തന്നെയാണ് ആകാശഭൂമികളുടെ ദൈവമെന്ന് അവൻ നമുക്ക് തെളിയിച്ചു കാട്ടുന്നു. അവനെന്നെ അഭിസംബോധന ചെയ്തുകൊണ്ടു പറഞ്ഞു: 'ഞാൻ നിന്നെ പ്ലേഗുമരണത്തിൽ നിന്ന് രക്ഷിക്കുന്നതാണ്. അതുപോലെ, നിന്റെ വീട്ടിലുള്ള നല്ലവരും ഭക്തരുമായി ജീവിതം നയിക്കുന്ന എല്ലാവരെയും നാം രക്ഷിക്കുന്നതാണ്.'

ഇക്കാലഘട്ടത്തിൽ ഞാനല്ലാതെ മറ്റാരാണ് ഇതുപോലുള്ള വെളിപാട് പ്രസിദ്ധീകരിക്കുകയും സ്വാത്മാവിനെയും സ്വപത്നിയെയും സ്വസന്താനങ്ങളെയും ഈ നാലു ചുമരുകൾക്കുള്ളിൽ താമസിക്കുന്ന നല്ലവരായ മറ്റു മനുഷ്യരെയും സംബന്ധിച്ച ദൈവവികവാഗ്ദാനം വെളിപ്പെടുത്തുകയും ചെയ്തിട്ടുള്ളത്?

**(നസീമെ ദഅ്‌വത്ത്, റൂഹാനി ഖസായിൻ, വാല്യം.19, പേ.448-449)**

മനുഷ്യപ്രകൃതത്തിൽ രൂഢമൂലമായിരിക്കുന്ന ആ നൈസർഗിക സ്വഭാവങ്ങളിലൊന്നാണ് ഒരതീന്ദ്രിയ അസ്തിത്വത്തെ സംബന്ധിച്ച അന്വേഷണം. മനുഷ്യന്റെ ഹൃദയാന്തരാളങ്ങളിൽ അതിനായി ഒരു ആകർഷണമുണ്ട്. മാതാവിന്റെ ഗർഭപാത്രത്തിൽനിന്ന് കുഞ്ഞ് പുറത്തു വരുന്നതോടെ ആ അന്വേഷണം അനുഭവവേദ്യമാകാൻ തുടങ്ങുന്നു. എന്തെന്നാൽ, ജനിച്ചയുടനെ കുഞ്ഞ് തന്റെ മാതാവിലേക്കു തിരിഞ്ഞു

കൊണ്ടാണ് ആദ്യം തന്റെ ആത്മീയ സ്വഭാവം പ്രദർശിപ്പിക്കുന്നത്. കുഞ്ഞ് മാതാവിനോട് നൈസർഗികമായ നിലയിൽ സ്നേഹം പുലർത്തുന്നു. പിന്നീട് അതിന്റെ ഇന്ദ്രിയബോധങ്ങൾ വികസിക്കുകയും പ്രകൃതത്തിന്റെ പൂവിതളുകൾ വിടരുകയും ചെയ്യുന്നതിനനുസരിച്ച് അതിന്റെയുള്ളിൽ അന്തർലീനമായിരുന്ന പ്രസ്തുത സ്നേഹാകർഷണം വ്യക്തമായ നിലയിൽ ഉന്മീലമായിക്കൊണ്ടേ പോകുന്നു. മാതാവിന്റെ മടിയിലല്ലാതെ മറ്റെവിടെയും അതു സ്വാസ്ഥ്യം കണ്ടെത്തുകയില്ല. അതിന്റെ സുഖമത്രയും മാതാവിന്റെ സ്നേഹോഷ്മളതകളിലായിരിക്കും കുടികൊള്ളുന്നത്. മാതാവിൽനിന്ന് വേർപെടുത്തി ദൂരെ മാറ്റി നിർത്തുന്നതോടെ അതിന്റെ സന്തോഷം സന്താപമായി പരിണമിക്കുന്നു. അതിനു മുൻപിൽ സുഖസൗകര്യങ്ങളുടെ കൂമ്പാരം തന്നെ വെച്ചു കൊടുത്താലും മാതാവിന്റെ മടിയിലായിരിക്കും അതു തന്റെ യഥാർഥ സന്തോഷം കണ്ടെത്തുക. അതല്ലാതെ മറ്റൊരു വിധത്തിലും അതിനു സന്തോഷം ലഭിക്കുന്നതല്ല. അപ്പോൾ, അതിനു മാതാവിനോട് തോന്നുന്ന ഈ സ്നേഹാകർഷണമെന്താണ്? വാസ്തവത്തിൽ, യഥാർഥ ഭക്ത്യാരാധനയ്ക്കർഹനായ അല്ലാഹുവിലേക്ക് തിരിയുന്നതിന് ശിശുവിന്റെ പ്രകൃത്തിൽ വെച്ചിട്ടുള്ള ആകർഷണമാണിത്. മനുഷ്യൻ സ്നേഹബന്ധം പ്രകടിപ്പിക്കുന്നിടത്തെല്ലാം വാസ്തവത്തിൽ ഈ ആകർഷണമാണ് പ്രവർത്തിക്കുന്നത്. അവൻ കാണിക്കുന്ന ഈ സ്നേഹാവേശങ്ങളെല്ലാം പ്രസ്തുത സ്നേഹത്തിന്റെ പ്രതിബിംബമാകുന്നു. താൻ മറന്നു പോയ ഒരു വസ്തു കണ്ടെത്തുന്നതിനു വേണ്ടി വിവിധ വസ്തുക്കളെ എടുത്ത് പരിശോധിച്ചു നോക്കുന്നതുപോലെയാണത്. ആകയാൽ, സമ്പത്തിനോടും സന്താനങ്ങളോടും സ്വപത്നിയോടുമുള്ള മനുഷ്യന്റെ സ്നേഹവും സ്വരമധുരമായ സംഗീതത്തോടുള്ള അവന്റെ ആകർഷണവും യഥാർഥത്തിൽ നഷ്ടപ്പെട്ട ആ സ്നേഹഭാജനത്തെ സംബന്ധിച്ച അന്വേഷണമാണു സൂചിപ്പിക്കുന്നത്. അഗ്നിയെപ്പോലെ സർവതിലും വിലീനവും സൂക്ഷ്മാൽ സൂക്ഷ്മവും ഏവർക്കും ഗോപ്യവുമായ ആ അസ്തിത്വത്തെ ഭൗതികനേത്രങ്ങളാൽ കാണുവാനോ അപൂർണ യുക്തിയാൽ അവനെ പ്രാപിക്കാനോ സാധ്യമല്ലാത്തതിനാൽ അവനെ തിരിച്ചറിയുന്നതിൽ മനുഷ്യന് ഭീമാബദ്ധങ്ങൾ പറ്റിയിരിക്കുന്നു. ആ അബദ്ധങ്ങൾ കാരണമാണ് അവനുമാത്രം അവകാശപ്പെട്ട ആരാധന മറ്റുള്ളവർക്ക് അർപ്പിക്കപ്പെടുമാറായത്. ഇതുസംബന്ധമായി അല്ലാഹു വിശുദ്ധ ഖുർആനിൽ മികച്ചൊരുദാഹരണം നല്കിയിരിക്കുന്നു. ഈ ലോകം, നിലത്ത്

തെളിഞ്ഞ സ്ഫടികം പകുത്തിട്ടുള്ള സ്ഫടികസൗധം പോലെയാണ്. ആ സ്ഫടികഫലകങ്ങൾക്കു താഴെ ജലം ശക്തമായി പ്രവഹിച്ചുകൊണ്ടിരിക്കുന്നു. അതു കാണുന്ന ഓരോ വ്യക്തിയും സ്ഫടികനിലത്തെ വെള്ളമായി തെറ്റിധരിക്കുകയും വെള്ളത്തിലൂടെ നടക്കാൻ ഭയപ്പെടുന്നതുപോലെ അതിലൂടെ നടക്കാൻ ഭയപ്പെടുകയും ചെയ്യുന്നു. അതാകട്ടെ, തെളിമയാർന്ന സ്ഫടികമാണു താനും. ഇതുപോലെ, ഈ സ്ഫടികങ്ങളെപ്പോലെ മനുഷ്യൻ അബദ്ധത്തിൽ ആരാധിച്ചുവരുന്നവയാണ് സൂര്യൻ, ചന്ദ്രൻ എന്നിങ്ങനെ നാം കാണുന്ന വലിയ ഗോളങ്ങൾ. ആ സ്ഫടികങ്ങൾക്കു പിന്നിൽ ശക്തമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന മഹാശക്തി പ്രവർത്തിക്കുന്നുണ്ട്. അവയ്ക്കു പിന്നിൽ വർത്തിക്കുന്ന മഹാശക്തിയുടെ പ്രവർത്തനങ്ങളെ ആ സ്ഫടികങ്ങളിൽതന്നെ ആരോപിച്ചുകൊണ്ട് സൃഷ്ടിപൂജകർക്ക് ദൃഷ്ടിപരമായ പിഴവ് പറ്റിയിരിക്കുന്നു. ഇതുതന്നെയാണ്

قَالَ اِنَّهٗ صَرۡحٌ مُّمَرَّدٌ مِّنۡ قَوَارِيۡرَ۬

(വിശുദ്ധ ഖുർആൻ 27:45)

എന്ന വചനത്തിലടങ്ങിയ വിശദീകരണം.

## ദൃഢജ്ഞാനം കൈവരിക്കുന്നതിന് വെളിപാട് അനിവാര്യം

ചുരുക്കത്തിൽ, അത്യന്തം പ്രോജ്ജ്വലനാണെങ്കിലും അങ്ങേയറ്റം നിഗൂഢനാകുന്നു ദൈവം. അതുകൊണ്ട് അവനെ തിരിച്ചറിയുന്നതിനു കേവലം ഈ ഭൗതികസംവിധാനം പര്യാപ്തമല്ല. പ്രസ്തുത സംവിധാനത്തെ അധിഷ്ഠാനമാക്കിയവർ പരശ്ശതം അദ്ഭുതപ്രതിഭാസങ്ങളുൾക്കൊള്ളുന്ന തികഞ്ഞ ക്രമബദ്ധതയിൽ ആഴത്തിൽ ചിന്തിച്ചുകൊണ്ടിരിക്കുകയും ആകാശഭൂമികളിൽ നുഴഞ്ഞു കയറിയപോലെ ഖഗോളശാസ്ത്രത്തിലും ഭൗതികശാസ്ത്രത്തിലും തത്ത്വജ്ഞാനത്തിലും പ്രാവിണ്യം നേടുകയും ചെയ്തിട്ടും അവർക്ക് സംശയങ്ങളുടെയും സന്ദേഹങ്ങളുടെയും ഇരുട്ടിൽനിന്ന് മുക്തിനേടാനായില്ല. അവരിൽ മിക്കവരും വിവധങ്ങളായ അബദ്ധങ്ങളിൽ ചെന്നു ചാടി അയുക്തികമായ വിചിത്രകല്പനകളിൽ പെട്ട് ഉഴറുമാറായി. സ്രഷ്ടാവിന്റെ അസ്തിത്വത്തെ സംബന്ധിച്ച് അവർ ചിന്തിക്കുന്നെങ്കിൽ തന്നെ ഈ ഉന്നതവും ഉജ്ജ്വലവുമായ ക്രമസംവിധാനത്തെ കണ്ട് യുക്തിയുക്തമായ ഈ മഹത്തായ സംവിധാനശൃംഖലയ്ക്ക് ഒരു സ്രഷ്ടാവ് തീർച്ചയായും ഉണ്ടാകാം എന്ന ചിന്ത മാത്രമേ അവരുടെ

മനസ്സിലുദിക്കിന്നുള്ളൂ. ഈ ചിന്താഗതി വികലവും ഈ ഗ്രാഹ്യം അപൂർണവുമാണെന്നത് വ്യക്തമാണല്ലോ. എന്തെന്നാൽ, ഈ ഭൗതിക സംവിധാനത്തിന് ഒരു ദൈവം വേണ്ടതാണെന്നു പറയുന്നതും ആ ദൈവം വാസ്തവത്തിൽ ഉണ്ടെന്നു പറയുന്നതും ഒരിക്കലും സമമാവു കയില്ല. ഇതവരുടെ അനുമാനബദ്ധമായ ഗ്രാഹ്യമാണെന്നു ചുരുക്കം. ഹൃദയത്തിന് സംതൃപ്തിയും നിർവൃതിയും നല്കാനോ സംശയങ്ങളെ ഹൃദയത്തിൽനിന്ന് അശേഷം നിർമൂലനം ചെയ്യാനോ അതിനു സാധി ക്കുകയില്ല. മനുഷ്യപ്രകൃതത്തിലടങ്ങിയ സമ്പൂർണ ദിവ്യജ്ഞാനദാ ഹത്തെ ശമിപ്പിക്കാനുതകുന്ന പാനപാത്രവുമല്ലിത്. ഇത്തരം അപൂർ ണജ്ഞാനം അങ്ങേയറ്റം അപകടം നിറഞ്ഞതത്രേ. എന്തെന്നാൽ, വളരെ കോലാഹലങ്ങളെ തുടർന്ന് ഒടുവിലത് വ്യർഥവും ഫലശൂ ന്യവുമായി ഭവിക്കുന്നു.

ചുരുക്കത്തിൽ, ദൈവം തന്റെ അസ്തിത്വം കർമങ്ങളിലൂടെ പ്രകട മാക്കിയതുപോലെ ഏതുവരെ സ്വവചനങ്ങളിലൂടെയും വെളിപ്പെടു ത്തുന്നില്ലയോ അതുവരെ കേവലം കർമങ്ങളെ നിരീക്ഷിക്കുന്നത് തൃപ് തിദായകമാകുന്നില്ല. ഉദാഹരണമായി അകത്തുനിന്ന് പൂട്ടിയിരിക്കുന്ന ഒരു ഭവനം നാം കാണുമ്പോൾ കതക് അകത്തുനിന്ന് പൂട്ടിയ ഒരു മനുഷ്യൻ തീർച്ചയായും അതിലുണ്ടെന്നായിരിക്കും ആദ്യം ചിന്തിക്കുക. എന്തെന്നാൽ, പുറത്തുനിന്ന് അകത്തെ സാക്ഷയിടുക അസംഭവ്യമാണ്. എന്നാൽ, ഒരുകാലംവരെ എന്നല്ല വർഷങ്ങളോളം നിരന്തരം വിളിച്ചു ചോദിച്ചിട്ടും ആ വ്യക്തിയുടെ ഭാഗത്തുനിന്നും ഒരു ശബ്ദവും കേൾ ക്കാതിരുന്നാൽ അകത്ത് ആരെങ്കിലുമുണ്ടെന്ന നമ്മുടെ അഭിപ്രായം മാറുകയും ഉള്ളിലാരുമില്ലെന്നും ഏതെങ്കിലും സൂത്രപ്പണിയിലൂടെ അകത്തെ സാക്ഷയിട്ടതാണെന്നുമായിരിക്കും ചിന്തിക്കുക. ഇതുത ന്നെയാണ് ദൈവികപ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനപ്പുറത്തേക്ക് ഗ്രാഹ്യശക്തി കടന്നു ചെല്ലാത്ത തത്ത്വജ്ഞാനികളുടെയും അവസ്ഥ. മനുഷ്യന് ഖബറിനുള്ളിൽനിന്ന് പുറത്തെടുക്കേണ്ട ഒരു മൃതശരീരം പോലെയാണ് ദൈവമെന്ന് കരുതുന്നത് ഭീമാബദ്ധമാകുന്നു. മനുഷ്യ പ്രയത്നങ്ങളാൽ കണ്ടെത്താവുന്ന ഒന്നാണ് ദൈവമെങ്കിൽ അങ്ങനെ യൊരു ദൈവത്തെ സംബന്ധിച്ച നമ്മുടെ പ്രതീക്ഷകളെല്ലാം വ്യർ ഥമാണ്. അനാദികാലംതൊട്ട് 'ഞാൻ ഉണ്ട്'എന്നു പറഞ്ഞുകൊണ്ട് ജനതതിയെ സദാ തന്നിലേക്ക് ക്ഷണിക്കുന്നവനാണ് ദൈവം. അവനെ തിരിച്ചറിയുന്നതിൽ ദൈവം മനുഷ്യനോട് കടപ്പെട്ടിരിക്കുന്നുവെന്നും തത്ത്വജ്ഞാനികളില്ലായിരുന്നെങ്കിൽ അവൻ അജ്ഞാതനായിത്തീർന്നേ

നെയെന്നും ചിന്തിക്കുന്നത് വലിയ ധിക്കാരമായിരിക്കും. അതുപോലെ, ദൈവം സംസാരിക്കുന്നതെങ്ങനെ? അവന് നാവുണ്ടോ? ഇത്യാദി ചോദ്യങ്ങളും സാംഗത്യമില്ലാത്തവയാണ്. ഭൂമിയെയും സകലമാന വാനഗോളങ്ങളെയും കരങ്ങളില്ലാതെതന്നെ അവൻ സൃഷ്ടിച്ചില്ലേ? ഭൗതികനേത്രങ്ങളില്ലാതെ പ്രപഞ്ചത്തെയാകെ അവൻ കാണുന്നില്ലേ? ഭൗതിക കർണപുടങ്ങളില്ലാതെ നമ്മുടെ ശബ്ദം അവൻ കേൾക്കുന്നില്ലേ? അപ്പോൾ ഇതുപോലെ അവൻ സംസാരിക്കുകയും ചെയ്യേണ്ടതല്ലേ? മുൻകാലങ്ങളിൽ ദൈവം ഭാഷണം നടത്തിയിരുന്നുവെങ്കിലും ഭാവി യിൽ അവൻ സംസാരിക്കുകയില്ലെന്നു പറയുന്നത് തികച്ചും ശരിയല്ല. അവന്റെ വചനങ്ങളെയും അഭിസംബോധനകളെയും ഒരു നിശ്ചിത കാലത്തേക്കു മാത്രം നാം മുദ്രവെച്ച് പൂട്ടുന്നില്ല. മുൻപത്തെപ്പോലെ, ഇന്നും അന്വേഷിക്കുന്നവർക്ക് അവൻ തന്റെ ദിവ്യവെളിപാടാകുന്ന നീരുറവ നല്കിയനുഗ്രഹിക്കുന്നു. അവന്റെ അനുഗ്രഹങ്ങളുടെ കവാ ടങ്ങൾ മുൻകാലങ്ങളിലെന്നപോലെ ഇന്നും തുറക്കപ്പെട്ടിരിക്കുന്നു. ആവശ്യങ്ങൾ അവസാനിച്ചതോടെ ന്യായപ്രമാണങ്ങൾക്കും നിയമ തത്ത്വങ്ങൾക്കും പരിസമാപ്തി കുറിക്കുകയും എല്ലാ സന്ദേശവും പ്രവാചകത്വവും നബി(സ)തിരുമേനിയുടെ അസ്തിത്വമാകുന്ന ആ പരമബിന്ദുവിൽ ചെന്നവസാനിക്കുകയും ചെയ്തിരിക്കുന്നു.

**(ഇസ്‌ലാമീ ഉസൂൽ കീ ഫിലോസഫി ,റൂഹാനി ഖസായിൻ, വാല്യം.10, പേ. 363-367)**

തന്റെ വരിഷ്ഠ ദാസരോട് വ്യക്തമായി ഭാഷണം നടത്തുകയും, മഹനീയവും മധുരതരവുമായ തന്റെ വചനങ്ങളാൽ അവരെ സാന്ത്വ നിപ്പിക്കുകയും അവർക്ക് സമാധനമേകുകയും ചെയ്യുന്ന ആ സജീവ ദൈവത്തിലേക്കെത്തുകയും ചെയ്യുന്നതിലാണ് യഥാർഥ ഈശ്വര ജ്ഞാനം കുടികൊള്ളുന്നത്. അവൻ അവരോട് ഒരു വ്യക്തി മറ്റൊരു വ്യക്തിയോട് സംസാരിക്കുന്നതുപോലെ, എല്ലാ സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും മുക്തമായിക്കൊണ്ട് ദൃഢബോധ്യത്തോടെ സംസാരിക്കുന്നു; അവരുടെ കാര്യങ്ങൾ കേൾക്കുന്നു; അവർക്ക് ഉത്തരം നല്കുന്നു; അവരുടെ അർഥനകൾ കേട്ടുകൊണ്ട് അവ സ്വീകരിച്ചി രിക്കുന്നുവെന്ന് അവരെ അറിയിക്കുന്നു. ഒരു ഭാഗത്ത് മധുരതരവും മഹനീയവുമായ വചനങ്ങളാലും മറുഭാഗത്ത് ദിവ്യാദ്ഭുതപ്രവൃത്തി കളും ശക്തവും സുദൃഢവുമായ തന്റെ അടയാളങ്ങളും മുഖേന താൻ തന്നെയാണ് ദൈവമെന്ന് അവൻ സ്ഥാപിച്ചു കാണിക്കുന്നു. പ്രഥമ

മായി പ്രവചനമെന്നോണം അവൻ തന്റെ പിന്തുണയും സഹായവും സവിശേഷ സംരക്ഷണവും അവർക്ക് വാഗ്ദാനം ചെയ്യുന്നു. മറുഭാഗത്ത് തന്റെ വാഗ്ദാനങ്ങളുടെ മഹത്ത്വം വർദ്ധിപ്പിക്കുന്നതിനായി ഒരു ലോകത്തെ അവരുടെ എതിരാളികളാക്കുന്നു. ദൈവത്തിന്റെ വരിഷ്ഠ ദാസരോട് അവൻ ചെയ്ത വാഗ്ദാനങ്ങളെ പരാജയപ്പെടുത്തുന്നതിനു വേണ്ടി എതിരാളികൾ തങ്ങളുടെ സകലശക്തികളും സർവകുതന്ത്രങ്ങളും എല്ലാത്തരം ഗൂഢപദ്ധതികളും ആവിഷ്ക്കരിച്ചുകൊണ്ട് ശ്രമം നടത്തുകയും അല്ലാഹു ആ ശ്രമങ്ങളെയെല്ലാം തകിടം മറിക്കുകയും ചെയ്യുന്നു. അവർ കുഴപ്പങ്ങൾക്ക് വിത്തു പാകുന്നു; അല്ലാഹു അവയെ വേരോടെ പിഴുതെറിയുന്നു. അവർ തീ കൊളുത്തുന്നു; അല്ലാഹു അത് അണച്ചു കളയുന്നു. അവർ നഖശിഖാന്തം എതിർക്കുന്നു. ഒടുവിൽ ദൈവം അവരുടെ ഗൂഢപദ്ധതികളെ അവരിലേക്കുതന്നെ തിരിച്ചു വിടുന്നു. ദൈവത്തിന്റെ ഭക്തദാസർ ലളിതമാനസരും സത്പ്രകൃതക്കാരുമാകുന്നു. ദൈവത്തിനു മുൻപാകെ അവർ അമ്മയുടെ മടിത്തട്ടിലെ കുഞ്ഞുങ്ങളെപ്പോലെയാണ്. ലോകം അവരോട് ശത്രുത പുലർത്തുന്നു. കാരണം, അവർ ഈ ലോകത്തുള്ളവരല്ല. അവരെ ഉന്മൂലനം ചെയ്യാൻ പലവിധത്തിലുള്ള കുതന്ത്രങ്ങളും ചതിപ്രയോഗങ്ങളും ആവിഷ്ക്കരിക്കപ്പെടുന്നു. അവരെ ദ്രോഹിക്കാനായി സമൂഹങ്ങൾ ഒത്തു ചേരുന്നു. എല്ലാ ദുഷ്ടന്മാരും ഒരേ വില്ലിൽ നിന്ന് അവർക്കുനേരെ ശരങ്ങളുതിർക്കുന്നു. അവരെങ്ങെനെയെങ്കിലും നശിച്ചൊടുങ്ങി അടയാളം പോലും അവശേഷിക്കാതിരിക്കാൻ വേണ്ടി പലവിധ കള്ളങ്ങളും ദുരാരോപണങ്ങളും അവരുടെ മേൽ ചുമത്തപ്പെടുന്നു. ഒടുവിൽ അല്ലാഹു തന്റെ വാഗ്ദാനം അവരുടെ ജീവിതകാലത്തിനിടയിൽ പൂർത്തിയാക്കി കാണിക്കുന്നു. ഒരു ഭാഗത്ത് സത്യവും സ്പഷ്ടവും സുദൃഢവുമായ വചനങ്ങളാൽ അവർ അനുഗ്രഹിക്കപ്പെടുകയും മനുഷ്യകഴിവിന്നതീതമായ അദൃശ്യകാര്യങ്ങൾ സർവശക്തനായ അല്ലാഹു തന്റെ സുവ്യക്തമായ വചനങ്ങളിലൂടെ വെളിപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ മറുഭാഗത്ത് ആ വചനങ്ങളെ സാക്ഷാത്ക്കരിക്കുന്ന അദ്ഭുതപ്രവൃത്തികളാൽ അവരുടെ വിശ്വാസത്തെ ദൃഢതരവും പ്രകാശമാനവുമാക്കിത്തീർക്കുന്നു. യഥാർഥ ഈശ്വരസാക്ഷാത്ക്കാരത്തിന് ആവശ്യമായ ജ്ഞാനം വചനപരവും പ്രവൃത്തിപരവുമായ ദിവ്യതേജസ്സിലൂടെ അണുമാത്ര ഇരുട്ടു പോലും അവശേഷിക്കാതിരിക്കുമാറ് പൂർത്തിയാക്കപ്പെടുന്നു. ദൈവത്തിന്റെ പരസഹസ്രം അനുഗ്രഹങ്ങളുൾക്കൊള്ളുന്നതും ഹൃദയത്തെ ശക്തമായി സ്വാധീനിക്കുന്നതുമായ

വചനപരവും കർമപരവുമായ ഈ ദിവ്യജ്യോതിസ്സിനെ തുടർന്നാണ് മനുഷ്യന് യഥാർഥവും ജീവൻ തുടിക്കുന്നതുമായ വിശ്വാസം കൈവരുന്നത്. ദൈവവുമായി സത്യസന്ധവും പരിശുദ്ധവുമായ ബന്ധം സ്ഥാപിതമാകുന്നതോടെ ഇന്ദ്രിയാശകളുടെ മാലിന്യങ്ങൾ അകലുന്നു. എല്ലാ ദൗർബല്യങ്ങളും ദൂരീകരിക്കപ്പെട്ട് ദിവ്യവെളിച്ചത്തിന്റെ ഉഗ്രകിരണങ്ങളാൽ ഉള്ളകങ്ങളിലെ ഇരുട്ട് വിടപറയുകയും അദ്ഭുതാവഹമായ ഒരു പരിവർത്തനം വെളിപ്പെടുകയും ചെയ്യുന്നു. ആകയാൽ, ഈ ഗുണവിശേഷങ്ങൾ ഉൾക്കൊള്ളുന്ന ദൈവത്തെ അവതരിപ്പിക്കാതിരിക്കുകയും വിശ്വാസം കേവലം കിസ്സകളും കഥകളും, കാണുകയോ കേൾക്കുകയോ ചെയ്യാത്ത കാര്യങ്ങളുമായി ചുരുക്കുകയും ചെയ്യുന്ന മതം ഒരിക്കലും തന്നെ സത്യമതമല്ല. അങ്ങനെയുള്ള കാല്പനിക ദൈവത്തെ പിൻപറ്റുക എന്നത് ഒരു മൃതശരീരം ജീവനുള്ളവരെപ്പോലെ പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നതുപോലെയാണ്. തന്റെ അസ്തിത്വത്തെ നവചൈതന്യമുളവാക്കുന്ന തെളിവുകളാൽ സദാ സ്ഥാപിക്കാനാവാത്ത ദൈവം ഉണ്ടെങ്കിലും ഇല്ലെങ്കിലും സമമാണ്. മിണ്ടുകയോ കേൾക്കുകയോ ഉത്തരം നല്കുകയോ ഒരു തികഞ്ഞ നിരീശ്വരവാദിപോലും സംശയിക്കാത്ത വിധം തന്റെ ശക്തിവിലാസങ്ങളെ പ്രകടിപ്പിക്കുകയോ ചെയ്യാത്ത ഒരു വിഗ്രഹംപോലെയാണത്.

(ബറാഹീനെ അഹ്മദിയ്യ വാല്യം.5 റൂഹാനി ഖസായിൻ വാല്യം.21,പേജ്.31)

**ചോദ്യം:** ദൈവം മനുഷ്യനോട് സംസാരിക്കുമെന്ന് പറയുന്നത് ദൈവമഹത്ത്വത്തിന് നിരക്കാത്തതാണ്. നശ്വരനായ മനുഷ്യനെ അനാദ്യന്തനായ ദൈവവുമായി താരതമ്യം ചെയ്യുകയോ? ഒരു പിടി മണ്ണിന് വെളിച്ചവുമായി എന്തു സാദൃശ്യം?

**ഉത്തരം**: അടിസ്ഥാനരഹിതവും അന്ത:സാരശൂന്യവുമായ ചോദ്യമാണിത്. ഒരു കാര്യം ഗ്രഹിക്കുന്നതോടെ ഈ ചോദ്യം പിഴുതെറിയപ്പെടുന്നതാണ്. അതായത്, മനുഷ്യകുലത്തിലെ സമ്പൂർണ വ്യക്തിത്വങ്ങളുടെ ഹൃദയങ്ങളിൽ കൃപാവരനും കാരുണ്യവാനുമായ ദൈവം തന്നെ തിരിച്ചറിയാനുള്ള ഉത്ക്കടമായ ആവേശവമിടുകയും, അവർ സ്വാത്മാക്കളെപ്പറ്റി വിസ്മൃതിയിലാകുമാറ് തന്നോടുള്ള അനുരാഗത്തിലേക്കും സ്നേഹത്തിലേക്കും താത്പര്യത്തിലേക്കും വലിച്ചടുപ്പിക്കുകയും ചെയ്തിരിക്കെ ദൈവം അവരോടു സംസാരിക്കാനാഗ്രഹിക്കുന്നില്ലെന്ന് പറയുന്നത് ആ സ്നേഹാനുരാഗങ്ങളത്രയും വ്യർഥമാണെന്നും അവരുടെ എല്ലാ ആവേശങ്ങളും ഏകപക്ഷീയ

ചിന്തകളാണെന്നും പറയുന്നതിന് തുല്യമാണ്. അത്തരം ചിന്തകൾ തികഞ്ഞ അസംബന്ധമാകുന്നു. മനുഷ്യന് തന്റെ സാമീപ്യം സ്വായത്തമാക്കാനുള്ള കഴിവു നല്കുകയും തന്നോടുള്ള സ്നേഹാനുരാഗവികാരങ്ങളാൽ അവനെ അസ്വസ്ഥചിത്തനാക്കുകയും ചെയ്തവനാരോ അവന്റെ ഭാഷണമാകുന്ന അനുഗ്രഹാതിരേകങ്ങളിൽനിന്ന് അവനെ തേടുന്നവർ ഒഴിവാക്കപ്പെടുക സാധ്യമാണോ? ദൈവാനുരാഗം, ദൈവസ്നേഹം, ദൈവത്തിനു വേണ്ടി ഇന്ദ്രിയാശകളെ വെടിയുക, അവനിൽ വിലയം പ്രാപിക്കുക ഇവയെല്ലാം സാധ്യവും അനുവദനീയവും ദൈവമഹത്ത്വത്തിന് കളങ്കമേലക്കാത്തതുമാണെന്ന് വരുമ്പോൾ തന്റെ സത്യപ്രേമിയുടെ ഹൃദയത്തിൽ വെളിപാടിറങ്ങുന്നത് അസംഭവ്യവും അസാധ്യവും ദൈവമഹത്ത്വത്തിന് കളങ്കമേൽക്കുന്നതുമാണെന്ന് പറയുന്നത് ശരിയാകുമോ? ദൈവസ്നേഹത്തിന്റെ അനന്തസാഗരത്തിൽ മനുഷ്യൻ ആഴ്ന്നിറങ്ങുന്നുവെന്നതും എവിടെയും തങ്ങാതെ അനസ്യൂതം പ്രയാണം ചെയ്യുന്നുവെന്നതും തെളിയിക്കുന്നത് ആത്മാവാകുന്ന ഈ അദ്ഭുതസൃഷ്ടി ദൈവത്തെ തിരിച്ചറിയുന്നതിനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിക്കുന്നത് എന്നാണ്. ആകയാൽ, ഈശ്വരസാക്ഷാത്ക്കാരത്തിനായി സൃഷ്ടിക്കപ്പെട്ട സംഗതിക്ക് തിരിച്ചറിയാനുള്ള സമ്പൂർണമാർഗമായ വെളിപാട് പ്രദാനം ചെയ്യപ്പെടുന്നില്ലെങ്കിൽ ദൈവം തന്നെ തിരിച്ചറിയുന്നതിനുവേണ്ടിയല്ല അതിനെ സൃഷ്ടിച്ചതെന്നു പറയേണ്ടി വരും. സത്പ്രകൃതമുള്ള മനുഷ്യാത്മാവ് ദൈവത്തെ തിരിച്ചറിയാനായി കൊതിക്കുകയും ദാഹിക്കുകയും ചെയ്യുന്നുവെന്നത് ബ്രഹ്മസമാജക്കാർപോലും നിഷേധിക്കുന്നില്ല. ആകയാൽ, സത്പ്രകൃതക്കാരനായ മനുഷ്യൻ സ്വാഭാവികമായും ഈശ്വരസാക്ഷാത്ക്കാരത്തിനുവേണ്ടി അന്വേഷിക്കുകയും അതിനുള്ള സമ്പൂർണ മാർഗം ദിവ്യവെളിപാടല്ലാതെ മറ്റൊന്നുമല്ലെന്ന് തെളിയിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈശ്വരസാക്ഷാത്ക്കാരത്തിനുള്ള മാർഗം അപ്രാപ്യം എന്നല്ല അവനെ തേടുന്നതുതന്നെ ദൈവദൂഷണമായിത്തീരുന്നതോടെ തന്നെ തിരിച്ചറിയുന്നതിനു വേണ്ടിയുള്ള ആവേശം അവൻ മനുഷ്യന് പ്രദാനം ചെയ്തെങ്കിലും അതിനുള്ള മാർഗം നല്കിയില്ലെന്ന് ദൈവത്തിന്റെ യുക്തിജ്ഞാനത്തെ ചൊല്ലി ആക്ഷേപമുയരും. വിശപ്പടങ്ങാൻതക്ക അപ്പം നല്കാനോ ദാഹം ശമിക്കാൻ ആവശ്യമായ വെള്ളം നല്കാനോ ദൈവം കൂട്ടാക്കുന്നില്ലെന്നു വന്നു.  എന്നാൽ, ദൈവത്തിന്റെ അത്യുദാരമായ കാരുണ്യത്തെ തിരിച്ചറിയാൻ കഴിയാത്തതാണ് ഇത്തരം ചിന്തകൾക്ക്

വഴിവെക്കുന്നതെന്ന് വിവേകബോധമുള്ളവർക്ക് നല്ലവണ്ണം അറിയാം. മനുഷ്യൻ ദൈവത്വത്തിന്റെ പ്രഭാകിരണങ്ങൾ ഈ ലോകത്തുവെച്ചു തന്നെ പൂർണമായി ദർശിക്കുന്നതിലാണ് യുക്തിജ്ഞനായ ദൈവം അവന്റെ സർവസൗഭാഗ്യങ്ങളും വെച്ചിരിക്കുന്നത്. ആ മഹത്തായ ആകർഷണത്തിലൂടെ അവൻ ദൈവത്തിലേക്ക് അടുക്കുന്നതാണ്. ഇത്രമാത്രം കൃപാവരനും കാരുണ്യവാനുമായ ദൈവം മനുഷ്യനെ അവനു അവശ്യം ലഭിക്കേണ്ട സൗഭാഗ്യത്തിലേക്കും നൈസർഗിക മായ ലക്ഷ്യത്തിലേക്കും എത്തിക്കാൻ ആഗ്രഹിക്കുന്നില്ലെന്ന് സങ്കല് പിക്കുന്നത് ബ്രഹ്മസമാജക്കാരുടെ വിചിത്രയുക്തിയാകുന്നു.

**(ബറാഹീനെ അഹ്മദിയ്യ, റൂഹാനി ഖസായിൻ വാല്യം1. പേ. 230-232 അടിക്കുറിപ്പ് 11)**

ദൈവം മനുഷ്യരിൽ എന്തൊരു ലക്ഷ്യമാണോ ഉദ്ദേശിച്ചത് അതു പ്രാപിക്കാൻ വേണ്ട കഴിവുകളത്രയും നേരത്തെതന്നെ അവൻ സൃഷ് ടിച്ചിരിക്കുന്നു. ഉദാഹരണത്തിന് സ്നേഹിക്കാനുള്ള കഴിവ് മനുഷ്യാ ത്മാവിനുണ്ട്. ഒരു മനുഷ്യൻ അബദ്ധവശാൽ മറ്റാരെയെങ്കിലും സ്നേ ഹിക്കുകയോ ആരോടെങ്കിലും അനുരാഗബദ്ധനാവുകയോ ചെയ്തേ ക്കാമെങ്കിലും സ്നേഹിക്കാനുള്ള ഈ കഴിവ് ആത്മാവിൽ സന്നി വേശിക്കപ്പെട്ടിട്ടുള്ളത് അവൻ തന്റെ യഥാർഥ സ്നേഹഭാജനമായ ദൈവത്തെ പൂർണമനസ്സോടും പൂർണ ശക്തിയോടും പൂർണ ആവേ ശത്തൊടും സ്നേഹിക്കുന്നതിനുവേണ്ടിയത്രേ. മനുഷ്യാത്മാവിൽ അനന്തമായി അലയടിച്ചു കൊണ്ടിരിക്കുന്ന, അതിന്റെ തിരതല്ലലിൽ മനുഷ്യൻ തന്റെ ജീവൻ പോലും ത്യജിക്കാൻ സന്നദ്ധനാവുന്ന തര ത്തിൽ അവനിൽ കുടികൊള്ളുന്ന ഈ സ്നേഹശക്തി ആത്മാവിൽ സ്വയമേവ സംജാതമായതാണെന്ന് നമുക്ക് പറയാവുമോ? ഒരിക്കലു മില്ല. താനും മനുഷ്യനും തമ്മിൽ സ്നേഹബന്ധം സ്ഥാപിക്കുന്നതി നായി ദൈവം മനുഷ്യാത്മാവിൽ ഈ സ്നേഹശക്തി സ്വയം സൃഷ് ടിച്ചില്ലായിരുന്നെങ്കിൽ പരമേശ്വരന്റെ ഭാഗ്യത്തിന് മനുഷ്യാത്മാവിൽ സ്നേഹിക്കാനുള്ള കഴിവ് ഉടലെടുത്തത് ഒരു യാദൃച്ഛിക സംഭവമേ ആവുകയുള്ളു. ഇതിനു നേർവിപരീതമായി വല്ല യാദൃച്ഛികതയും സംഭവിച്ചാൽ അതായത് സ്നേഹിക്കാനുള്ള കഴിവ് കാണാതാവുന്ന തോടെ ജനങ്ങൾക്ക് പരമേശ്വരനെ സംബന്ധിച്ച ചിന്തതന്നെ വരുക യില്ല. പരമേശ്വരന് ഇതിൽ വല്ല പദ്ധതിയും ആവിഷ്ക്കരിക്കാനുമാവില്ല. എന്തെന്നാൽ, അവന് ഇല്ലായ്മയിൽനിന്ന് സൃഷ്ടിക്കാനാവില്ലല്ലോ. അതേസമയം, ഭക്തി, ആരാധന, സത്കർമം ഇവ അനുഷ്ഠിക്കണമെന്ന്

ദൈവം അനുശാസിക്കുന്നതിൽനിന്നും അവൻതന്നെയാണ് അനുരാഗത്തിന്റെയും അനുസരണത്തിന്റെയും കഴിവുകൾ മനുഷ്യാത്മാവിൽ സന്നിവേശിപ്പിച്ചത് എന്നതിനുള്ള തെളിവാണെന്നത് ശ്രദ്ധേയമാണ്. ആകയാൽ, മനുഷ്യനിൽ ഈ കഴിവുകൾ സൃഷ്ടിച്ച ദൈവത്തോടുള്ള അനുരാഗത്തിലും അനുസരണത്തിലും അവൻ വിലയം പ്രാപിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. അല്ലായിരുന്നുവെങ്കിൽ, ജനങ്ങൾ തന്നെ സ്നേഹിക്കണമെന്നും അനുസരിക്കണമെന്നും അവന്റെ ഇച്ഛയ്ക്കനുസരിച്ച് പ്രവർത്തിക്കുകയും പറയുകയും ചെയ്യണമെന്നും പരമേശ്വരൻ ആഗ്രഹിക്കുന്നതെന്തിന്?

**(നസീമെ ദഅ്വത്ത്, റൂഹാനി ഖസായിൻ, വാല്യം.19, പേ.385-386)**

## ആത്മശുദ്ധീകരണം അനിവാര്യം

قَدْ أَفْلَحَ مَنْ زَكّٰهَا

(വിശുദ്ധ ഖുർആൻ 91:10)

ആ പരിശുദ്ധ സത്തയെ സ്നേഹിക്കുന്നവൻ സ്വാത്മാവിനെ ശുദ്ധീകരിക്കട്ടെ; അപ്പോഴേ അവനെ പ്രാപിക്കുകയുള്ളൂ.

ദൈവത്തെ സ്നേഹിക്കുന്ന അനവധിയാളുകൾ തങ്ങളിലുണ്ടെന്ന് ഓരോ സമൂഹവും വാദിക്കുന്നു. എന്നാൽ ദൈവവും അവരെ സ്നേഹിക്കുന്നുണ്ടോ ഇല്ലയോ എന്നതാണ് അറിയേണ്ടതായിട്ടുള്ളത്. ദൈവസ്നേഹത്തിന്റെ ഒന്നാമത്തെ തെളിവ് ദൈവാസ്തിത്വത്തിലുള്ള ദൃഢബോധ്യത്തെ ആവരണം ചെയ്തിട്ടുള്ള മറകൾ ഹൃദയങ്ങളിൽ നിന്ന് അവൻ മാറ്റുന്നു എന്നതാണ്. ആ മറ കാരണമായി ദൈവാസ്തിത്വത്തിലുള്ള അവന്റെ ഗ്രാഹ്യം മങ്ങിയതും ഇരുണ്ടതുമായി ഭവിക്കുന്നു. പരീക്ഷണ നേരത്ത് ചിലപ്പോൾ അവൻ ദൈവാസ്തിത്വത്തെ തന്നെ നിഷേധിച്ചു കളയുന്നു. ദിവ്യഭാഷണത്തിലൂടെയല്ലാതെ മറ്റൊരു വിധത്തിലും ഈ മറ നീങ്ങുക സാധ്യമല്ല. ആകയാൽ, ദൈവം മനുഷ്യനെ അഭിസംബോധന ചെയ്തുകൊണ്ട്'ഞാൻ ഉണ്ട്' എന്ന് അവന് സുവിശേഷം നല്കുമ്പോഴാണ് വാസ്തവത്തിൽ അവൻ ഈശ്വരസാക്ഷാത്ക്കാരത്തിന്റെ നീരുറവയിൽ നീരാടുന്ന ദിവസം വന്നെത്തുന്നത്. മനുഷ്യന്റെ ജ്ഞാനം ആ ഘട്ടത്തിൽ കേവലം അഭ്യൂഹങ്ങളിലോ

വാദപ്രമാണങ്ങളിലോ പരിമിതപ്പെട്ടു നില്ക്കാതെ ദൈവത്തെ കാണുമാറ് മനുഷ്യൻ അവനിലേക്ക് അടുക്കുന്നു. ദൈവം തന്റെ അസ്തിത്വത്തെ സംബന്ധിച്ച് സ്വയം അറിയിക്കുന്ന ദിവസമാണ് മനുഷ്യന് ദൈവത്തിൽ പൂർണവിശ്വാസം കൈവരുന്നത് എന്നത് സത്യമാണ്; തികച്ചും സത്യമാണ്.

ദൈവസ്നേഹത്തിന്റെ രണ്ടാമത്തെ അടയാളം, തന്റെ വരിഷ്ഠ ദാസർക്ക് തന്റെ അസ്തിത്വത്തെ സംബന്ധിച്ച് അറിയിപ്പ് നല്കുന്നതു കൂടാതെ തന്റെ കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും അടയാളങ്ങൾ പ്രത്യേകമായ നിലയിൽ അവർക്കു വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു എന്നതാണ്. അവരുടെ വ്യക്തമായ പ്രതീക്ഷകൾക്ക് ഉപരിയായ നിലയിൽ പ്രാർഥനകൾ സ്വീകരിച്ചുകൊണ്ട് ദിവ്യവെളിപാടുകളും ദിവ്യവചനങ്ങളും മുഖേന അവർക്ക് അറിവ് നല്കുന്നു. നമ്മുടെ പ്രാർഥനകൾ കേട്ട് നമുക്ക് അറിവ് നല്കുകയും പ്രയാസങ്ങളിൽനിന്ന് നമുക്ക് മുക്തി തന്നനുഗ്രഹിക്കുകയും ചെയ്യുന്ന സർവശക്തനായ ദൈവമാണിതെന്ന് അവരുടെ ഹൃദയം ശാന്തിയടയുന്നത് അപ്പോഴാണ്. അന്നുമുതൽ മോക്ഷത്തിന്റെ തത്ത്വരഹസ്യമെന്തെന്ന് അവർ ഗ്രഹിക്കുകയും ദൈവാസ്തിക്യത്തെ സംബന്ധിച്ച് അവർക്ക് വിശ്വാസം വരികയും ചെയ്യുന്നു. മറ്റുള്ളവർക്കും ചിലപ്പോൾ ഉദ്ബോധനമോ താക്കീതോ എന്ന നിലയിൽ സത്യസ്വപ്നങ്ങൾ ഉണ്ടാകാമെങ്കിലും പ്രസ്തുത മാർഗത്തിന്റെ(ദിവ്യവെളിപാടിന്റെ) സ്ഥാനവും മഹത്ത്വവും അനുഭവവും തികച്ചും വ്യത്യസ്തമാണ്. തന്നോട് സവിശേഷമായ നിലയിൽ അടുത്തവരോടു മാത്രമേ അവൻ ഇങ്ങനെ ഭാഷണം നടത്തുകയുള്ളൂ. സമീപസ്ഥനായ മനുഷ്യൻ പ്രാർഥിക്കുമ്പോൾ ദൈവം തന്റെ ദിവ്യപ്രതാപത്തോടു കൂടി അവനിൽ വെളിപ്പെടുകയും തന്റെ ചൈതന്യം അവനിൽ ഇറക്കുകയും ചെയ്യുന്നു. അവന്റെ പ്രാർഥനകൾ സ്വീകരിക്കപ്പെട്ടിരിക്കുന്നുവെന്ന് സ്നേഹനിർഭരമായ വചനങ്ങളാൽ അവന് സുവിശേഷം നല്കുന്നു. ഈ ദിവ്യഭാഷണം ഏതൊരാളിൽ അധികമായി നടക്കുന്നുവോ അയാൾ നബി അല്ലെങ്കിൽ മുഹദ്ദസ് എന്നു വിളിക്കപ്പെടുന്നു.

**(ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനിൻ ഖസായിൻ, വാള്യം.6, പേ.42-43)**

ദാസൻ സത്പെരുമാറ്റം കാണിച്ചു കൊണ്ട് സത്യസമ്പൂർണമായ തന്റെ സ്നേഹം പ്രകടിപ്പിക്കുന്നുവെങ്കിലും അതിനോട് ദൈവം പ്രതികരിക്കുന്നത് വിസ്മയകരമായ നിലയിലാണെന്ന് ഓർക്കേണ്ടതാണ്.

ദാസന്റെ ദ്രുതഗതിയിലുള്ള ചുവടുകൾക്കനുസരിച്ച് മിന്നൽ വേഗത്തിൽ അവനിലേക്ക് ദൈവം പാഞ്ഞടുക്കുകയും ആകാശഭൂമികളിൽ നിന്ന് അവനുവേണ്ടി അടയാളങ്ങൾ വെളിപ്പെടുത്തുകയും അവന്റെ മിത്രങ്ങളുടെ മിത്രവും ശത്രുക്കളുടെ ശത്രുവുമായിത്തീരുകയും ചെയ്യുന്നു. അമ്പതുകോടി മനുഷ്യരും അവനെ എതിർക്കാനായി ഒരുങ്ങി വന്നാലും അവരെ ജീവനറ്റ കീടങ്ങൾ കണക്കെ അപഹാസ്യരും ആശ്രയമറ്റവരുമാക്കിമാറ്റുന്നു. ആ ഒരു വ്യക്തിക്കുവേണ്ടി മാത്രം ഒരു ലോകത്തെ തന്നെ അവൻ നശിപ്പിച്ചു കളയുകയും തന്റെ ആകാശഭൂമികളെ ആ വ്യക്തിയുടെ സേവനത്തിൽ വിടുകയും ചെയ്യുന്നു. അവന്റെ വാക്കുകളിൽ അനുഗ്രഹമിടുകയും അവന്റെ ഭവനത്തിലാകെ പ്രകാശം വർഷിക്കുകയും ചെയ്യുന്നു. അവന്റെ വസ്ത്രത്തിലും ഭക്ഷണത്തിലും അവന്റെ കാല്പാടുകൾ പതിയുന്ന മണ്ണിലും അനുഗ്രഹം ചൊരിയപ്പെടുന്നു. അവനെ പരാജിതനായി മരിപ്പിക്കുന്നതല്ല. അവനെതിരിൽ ഉന്നയിക്കപ്പെടുന്ന ഓരോ ആക്ഷേപത്തിനും ദൈവം സ്വയം മറുപടി നല്കുന്നു. ദൈവം അവൻ കാണുന്ന കണ്ണും അവൻ കേൾക്കുന്ന കാതും അവൻ സംസാരിക്കുന്ന നാവും അവൻ നടക്കുന്ന കാലും അവൻ ശത്രുക്കളെ ആക്രമിക്കുന്ന കരങ്ങളുമായിത്തീരുന്നു. അവന്റെ ശത്രുക്കളെ നേരിടാൻ ദൈവം സ്വയം ഒരുങ്ങിവരുകയും അവനെ ദ്രോഹിക്കുന്ന ദുഷ്ടജനങ്ങളുടെമേൽ സ്വയം വാളോങ്ങുകയും ചെയ്യുന്നു. എല്ലാ മേഖലകളിലും അവന് വിജയം നല്കിയനുഗ്രഹിക്കുകയും ദൈവവിധിയുടെ നിഗൂഢരഹസ്യങ്ങൾ അവനു പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, സത്പെരുമാറ്റത്തിനും വൈയക്തികമായ സ്നേഹത്തിനും ശേഷം സംജാതമാകുന്ന അവന്റെ ആത്മീയ സൗന്ദര്യവിശേഷങ്ങളുടെ ആദ്യ ഉപഭോക്താവ് ദൈവം തന്നെയാകുന്നു. ഇത്തരമൊരു കാലഘട്ടത്തിന് സാക്ഷിയാവുകയും സൂര്യൻ അവരിൽ ഉദിച്ചുയരുകയും ചെയ്തിട്ടും ഇരുട്ടിലിരിക്കുന്നവർ എത്ര ഭാഗ്യഹീനർ!

**(സമീമ ബറാഹീനെ അഹ്മദിയ്യ ഭാഗം5. റൂഹാനി ഖസായിൻ വാള്യം.21, പേ.225)**

ആത്മീയരൂപം സമ്പൂർണമായി കഴിഞ്ഞാൽ ദൈവത്തോടുള്ള വൈയക്തികമായ സ്നേഹത്തിന്റെ ജ്വാലകൾ മനുഷ്യഹൃദയത്തിൽ ഒരു ചൈതന്യം പോലെ നിലകൊള്ളുകയും അതിന് ശാശ്വതമായ സാന്നിധ്യത്തിന്റെ അവസ്ഥ നല്കപ്പെടുകയും ചെയ്യുന്നു. ആ മഹോന്നത സ്ഥാനത്ത് എത്തിച്ചേരുന്നതോടെ ആത്മീയ സൗ

ന്ദര്യം അതിന്റെ പൂർണചൈതന്യം പ്രകടമാക്കുന്നു. സത്പെരുമാറ്റമെന്ന് വിളിക്കാവുന്ന ഈ ആത്മീയ സൗന്ദര്യം അതിന്റെ തീവ്ര ആകർഷണശക്തി കാരണം ശരീരസൗന്ദര്യത്തേക്കാൾ ഉന്നതമത്രേ. എന്തെന്നാൽ, ശരീരസൗന്ദര്യം ഒന്നോ രണ്ടോ പേരുടെ നശ്വരമായ സ്നേഹത്തിനേ വിഷയമാവുകയുള്ളൂ. അതിന് അപകർഷം സംഭവിക്കുന്നതോടൊപ്പം അതിന്റെ ആകർഷണം എത്രയോ ദുർബലവുമായിരിക്കും. എന്നാൽ സത്പെരുമാറ്റമെന്ന് നാമകരണം ചെയ്യപ്പെട്ട ആ ആത്മീയസൗന്ദര്യം തന്റെ ആകർഷണശക്തിയിൽ ഒരു ലോകത്തെതന്നെ തന്നിലേക്ക് വലുച്ചടുപ്പിക്കത്തക്ക വിധം സുശക്തവും സമുജ്ജ്വലവുമാകുന്നു. ആകാശഭൂമികളിലെ ഓരോ അണുവും അതിലേക്ക് ആകർഷിക്കപ്പെടുന്നു. ഇതുതന്നെയാണ് വാസ്തവത്തിൽ ദുആ സ്വീകാര്യതയിലടങ്ങിയ തത്ത്വരഹസ്യവും. ദൈവസ്നേഹത്തിന്റെ ചൈതന്യം ഇത്തരത്തിൽ ഉള്ളിൽ പ്രവേശിച്ച് ആത്മീയസൗന്ദര്യം ഉൾക്കൊള്ളുന്ന മനുഷ്യൻ അസാധ്യവും അങ്ങേയറ്റം ആയാസകരവുമായ ഏതെങ്കിലും സംഗതിക്കായി പ്രാർഥിക്കുകയും ആ അർഥനയിൽ ഊന്നൽ നല്കുകയും ചെയ്യുമ്പോൾ അയാളുടെ സത്ത ആത്മീയസൗന്ദര്യം ഉൾക്കൊള്ളുന്നതാകയാൽ ഈ ലോകത്തിലെ ഓരോ കണവും ദൈവകല്പനായാൽ അയാളിലേക്ക് ആകർഷിക്കപ്പെടുന്നു. അങ്ങനെ അവന്റെ വിജയത്തിന് ആവശ്യമായ ഉപായങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നു. അങ്ങനെയുള്ള വ്യക്തിയോട് ലോകത്തിലെ ഓരോ കണത്തിനും നൈസർഗികമായ ഒരു സ്നേഹമുണ്ടെന്നാണ് അനുഭവവും ദൈവത്തിന്റെ പരിശുദ്ധഗ്രന്ഥവും സ്ഥാപിച്ചു കാണിക്കുന്നത്. അവന്റെ പ്രാർഥനകൾ ആ കണങ്ങളെയെല്ലാം കാന്തം ഇരുമ്പിനെയെന്നപോലെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. ഭൗതികശാസ്ത്രത്തിലും തത്ത്വജ്ഞാനത്തിലും പ്രതിപാദിക്കപ്പെടാത്ത അനിതരസാധാരണയായ സംഗതികൾ ഈ ആകർഷണം കാരണം വെളിപ്പെടുന്നു. സൈർഗികമായ ആകർഷണമാണത്. സ്രഷ്ടാവായ ദൈവം പരമാണുക്കളാൽ ഈ ശരീരലോകത്തെ ക്രമബദ്ധമാക്കിയതുമുതൽ ഓരോ കണത്തിലും ഈ ആകർഷണം സന്നിവേശിപ്പിച്ചിരിക്കുന്നു. ആത്മീയ സൗന്ദര്യത്തിന്റെ സത്യപ്രേമികളാണ് ഓരോ കണവും. ആത്മാക്കളുടെ കാര്യവും ഇതുപോലെത്തന്നെയാണ്. എന്തെന്നാൽ, അതു സത്യസാക്ഷാത്ക്കാരത്തിന്റെ സൗന്ദര്യമത്രേ.. ഈ സൗന്ദര്യത്തെ സംബന്ധിച്ചാണ്

اُسْجُدُوْا لِاٰدَمَ فَسَجَدُوْٓا اِلَّآ اِبْلِيْسَ۔

(വിശുദ്ധ ഖുർആൻ 2:35)

എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത്. ഈ സൗന്ദര്യത്തെ തിരിച്ചറിയാത്ത അനവധി ഇബ്‌ലീസുകളുണ്ടെങ്കിലും ആ സൗന്ദര്യം വലിയ കർമങ്ങൾ നിർവഹിച്ചിട്ടുണ്ട്. ഹദ്റത്ത് നൂഹ്നബി(അ)യിലുണ്ടായിരുന്ന ഈ സൗന്ദര്യത്തെ മാനിച്ചാണ് പ്രതാപവാനായ ദൈവം അദ്ദേഹത്തെ നിഷേധിച്ചവരെ പ്രളയദുരന്തത്താൽ നശിപ്പിച്ചത്. അനന്തരം ഹദ്റത്ത് മുസാനബി(അ) കൊണ്ടുവന്ന ആത്മീയ സൗന്ദര്യം ഏതാനും ദിവസത്തെ പ്രയാസത്തിനൊടുവിൽ ഫിർഔന്റെ നൗകയെ വെള്ളത്തിലാഴ്ത്തി. എല്ലാറ്റിനുമൊടുവിൽ പ്രവാചകപുംഗവനും മനുഷ്യകുലോത്തമനും നേതാവും യജമാനനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനി ഒരു മഹത്തായ ആത്മീയ സൗന്ദര്യവുമായി ആഗതരായി. അതിനെ പ്രകീർത്തിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ ഇപ്രകാരം പറയുന്നു:

دَنَا فَتَدَلّٰى ۔ فَكَانَ قَابَ قَوْسَيْنِ اَوْ اَدْنٰى ۔

(വിശുദ്ധ ഖുർആൻ 53:9,10)

അതായത്, ആ പ്രവാചകൻ ദൈവത്തിലേക്ക് വളരെ അടുക്കുകയും അനന്തരം മനുഷ്യകുലത്തിലേക്ക് കുനിയുകയും ചെയ്തുകൊണ്ട് ദൈവത്തോടും മനുഷ്യനോടുമുള്ള രണ്ടു കടമകളും നിർവഹിക്കുകയും രണ്ടു വിധത്തിലുമുള്ള ആത്മീയസൗന്ദര്യം പ്രകടിപ്പിക്കുകയും ചെയ്തു.

**(സമീമ ബറാഹീനെ അഹ്മദിയ്യ ഭാഗം. 5, റൂഹാനി ഖസായിൻ, വാല്യം.21, പേ.219-221)**

പ്രസ്തുത യോഗത്തിൽ വായിച്ചു കേൾപിച്ച പ്രബന്ധത്തിൽ പരമേശ്വരൻ കോപം, പക, വിദ്വേഷം, അസൂയ ഇവയിൽനിന്ന് മുക്തനാണെന്ന് പാരായണം ചെയ്തയാൾ പ്രതിപാദിച്ചിരിക്കുന്നു. വിശുദ്ധ ഖുർആനിൽ ദൈവത്തെ സംബന്ധിച്ച് 'കോപം' എന്ന പദം പ്രയുക്തമായിരിക്കുന്നു എന്നാവാം അതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത്. ദൈവത്തിന് കോപവും വരുമെന്ന പാഠം വിശുദ്ധ ഖുർആനെ അപേക്ഷിച്ച് വേദത്തിലില്ലത്രേ. ഇത് തികച്ചും അദ്ദേഹത്തിന്റെ തെറ്റിധാരണയാണ്. ഓർക്കുക, വിശുദ്ധ ഖുർആൻ അസംഗതവും അക്രമപരവുമായ കോപത്തെ അല്ലാഹുവിൽ ആരോപിക്കുന്നില്ല. മറിച്ച്, അങ്ങേയറ്റം പരിശുദ്ധനായതിനാൽ കോപത്തിന് സദൃശ്യമായ ഒരു ഗുണം ദൈവത്തിലുണ്ടെന്നും ദുഷ്പ്രവൃത്തികളിൽനിന്ന് പിന്മാറാത്ത ധിക്കാരികളെ ശിക്ഷിക്കണമെന്ന് അത് ആവശ്യപ്പെടുന്നുവെന്നും മാത്രമേ അർഥമാക്കുന്നുള്ളു. സ്നേഹത്തിനു സമാനമായ മറ്റൊരു ഗുണവും ദൈവത്തിനുണ്ട്. അനുസരിക്കുന്നവന്റെ അനുസരണത്തിന്

പ്രതിഫലം നല്കണമെന്ന് അതാവശ്യപ്പെടുന്നു. ഇതു ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ് ആദ്യത്തെ ഗുണവിശേഷത്തിന് കോപം എന്നും രണ്ടാമത്തേതിന് സ്നേഹമെന്നും നാമകരണം ചെയ്തിരിക്കുന്നത്. എന്നാൽ ആ കോപം മനുഷ്യന്റെ കോപംപോലെയോ ആ സ്നേഹം മനുഷ്യന്റെ സ്നേഹംപോലെയോ അല്ല. അല്ലാഹു തന്നെ വിശുദ്ധ ഖുർആനിൽ പറയുന്നു:

لَيْسَ كَمِثْلِهِ شَيْءٌ

(വിശുദ്ധ ഖുർആൻ 42:12)

അതായത്, ദൈവത്തിന്റെ സത്തയും ഗുണവിശേഷങ്ങളുംപോലെ ഒന്നുമില്ല. നാം ചോദിക്കട്ടെ, ആര്യസമാജികളുടെ വേദദർശനമനുസരിച്ച് അവരുടെ പരമേശ്വരൻ പാപികളെ ശിക്ഷിക്കുന്നതെന്തിന്? അവരെ മനുഷ്യജന്മങ്ങളിൽനിന്നും തരം താഴ്ത്തി പട്ടിയും പന്നിയും കുരങ്ങനും പൂച്ചയുമൊക്കെ ആക്കിത്തീർക്കുന്നുവല്ലോ. അപ്പോൾ ഈ കർമത്തിന് പ്രേരകമായ ഒരു ഗുണത്തിൽ വിശ്വസിക്കേണ്ടി വരുന്നു. ഈ ഗുണവിശേഷമാണ് വിശുദ്ധ ഖുർആനിൽ കോപം എന്ന് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്.....

പാപികളെ ശിക്ഷിക്കാൻ പ്രേരിപ്പിക്കുന്ന ഗുണം പരമേശ്വരനിൽ ഇല്ലെങ്കിൽ പരമേശ്വൻ ശിക്ഷ നല്കാൻ പ്രേരിതനാകുന്നതെന്തുകൊണ്ട്? പ്രതിക്രിയ ചെയ്യാനുള്ള ഗുണം ഉള്ളതുകൊണ്ടാണല്ലോ അതിന് പ്രേരിതനാകുന്നത്. ഈ ഗുണത്തിന്റെ പേരാണ് കോപം. എന്നാൽ ആ കോപം മനുഷ്യന്റെ കോപം പോലെയല്ല; ദൈവമഹത്ത്വത്തിന് അനുരൂപമായിട്ടുള്ളതാണ്. ഈ കോപത്തെക്കുറിച്ചാണ് വിശുദ്ധ ഖുർആൻപരാമർശിച്ചിരിക്കുന്നതും...സത്കർമം ചെയ്യുന്നവനുമേൽ അവൻ തന്റെ അനുഗ്രഹാതിരേകങ്ങൾ വർഷിക്കുമ്പോൾ ദൈവം അവനെ സ്നേഹിക്കുന്നുവെന്ന് പറയപ്പെടുന്നു. ദുഷ്കർമം ചെയ്യുന്നവനെ ശിക്ഷിക്കുമ്പോൾ ദൈവം അവനോട് കോപിക്കുന്നുവെന്ന് പറയപ്പെടുന്നു. ദൈവകോപത്തെക്കുറിച്ച് വേദങ്ങളിൽ പ്രതിപാദിക്കപ്പെട്ടതുപോലെത്തന്നെയാണ് വിശുദ്ധ ഖുർആനിലും വിവരിക്കപ്പെട്ടിരിക്കുന്നതെന്ന് ചുരുക്കം. വേദദർശനമനുസരിച്ച് ദൈവം മനുഷ്യർ ചെയ്ത പാപങ്ങളിൽ കോപംപൂണ്ട് അവരെ കീടങ്ങളും മറ്റുമാക്കിമാറ്റുന്നെങ്കിൽ വിശുദ്ധ ഖുർആന്റെ ദർശനമനുസരിച്ച് ദൈവകോപത്തെ ആ നിലയിലേക്ക് എത്തിക്കുന്നില്ല എന്ന വ്യത്യാസം മാത്രമേയുള്ളൂ. ദൈവം ശിക്ഷ നല്കിയാലും മനുഷ്യൻ മനുഷ്യനായിതന്നെ തുടരുമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. അവനെ മറ്റു

ജന്മങ്ങളിൽ ഇടുന്നില്ല. ഖുർആനികദർശനപ്രകാരം ദൈവസ്നേഹവും ദൈവകാരുണ്യവും ദൈവകോപത്തെ കവച്ചു നില്ക്കുന്നുവെന്നാണ് ഇതു തെളിയിക്കുന്നത്. വേദദർശനമനുസരിച്ചാകട്ടെ, പാപികളുടെ ശിക്ഷ പരിധിയില്ലാത്തതാണ്. പരമേശ്വരനിൽ കോപം മാത്രമേയുള്ളൂ. കാരുണ്യം കാണാൻ പോലുമില്ല. അതേസമയം, എല്ലാ നരകവാസിക ളോടും ദൈവം കരുണ കാണിക്കുന്ന കാലം വരുമെന്നാണ് വിശുദ്ധ ഖുർആനിൽനിന്ന് വ്യക്തമായി മനസ്സിലാകുന്നത്.

**(ചശ്മയെ മഅ്രിഫത്ത്, റൂഹാനി ഖസായിൻ, വാല്യം.23, പേ.46-50)**

## ആകാശഭൂമികളിലെ ദൈവികാധിപത്യം

ഇഞ്ചീലിൽ വന്നിരിക്കുന്നു: 'നിങ്ങൾ ഇപ്രകാരം പ്രാർഥിക്കുക, ആകാശത്തുള്ള ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമായിരി ക്കട്ടെ. നിന്റെ രാജവാഴ്ച ഇവിടെയും വരുമാറാകട്ടെ. നിന്റെ ഇച്ഛ ആകാശത്തുള്ളതുപോലെ ഭൂമിയിലും വരുമാറാകട്ടെ. ദിനേനയുള്ള ഞങ്ങളുടെ അപ്പം ഇന്ന് നീ ഞങ്ങൾക്ക് നല്കേണമേ. ഞങ്ങൾ കട ബാധ്യതയുള്ളവർക്ക് പൊറുത്തു കൊടുക്കുന്നതുപോലെ ഞങ്ങളുടെ കടബാധ്യതകളെ നീ പൊറുത്തുതരേണമേ. ഞങ്ങളെ പരീക്ഷണ ത്തിലിടരുതേ. എന്നല്ല, എല്ലാ തിയ്യകാര്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷപ്പെടുത്തേണമേ. കാരണം, രാജവാഴ്ചയും ശക്തിപ്രഭാവവും പ്രതാപവും എപ്പോഴും നിനക്ക് മാത്രമുള്ളതാകുന്നു.'

എന്നാൽ, ഭൂമി ദൈവത്തിന്റെ പരിശുദ്ധിയിൽനിന്ന് ശൂന്യമാണ് എന്നല്ല വിശുദ്ധ ഖുർആൻ പറയുന്നത്. മറിച്ച്, ആകാശത്തെപ്പോലെ ത്തന്നെ ഭൂമിയിലും അവന്റെ പരിശുദ്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവൻ അരുളുന്നു:

وَاِنْ مِّنْ شَیْءٍ اِلَّا یُسَبِّحُ بِحَمْدِہٖ

(വിശുദ്ധ ഖുർആൻ 17:45)

یُسَبِّحُ لِلّٰہِ مَا فِی السَّمٰوٰتِ وَمَا فِی الْاَرْضِ

(വിശുദ്ധ ഖുർആൻ 62:2)

അതായത് ആകാശഭൂമികളിലെ ഓരോ കണവും അല്ലാഹുവിനെ സ്തുതിക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവയിലുള്ളതൊക്കെയും സ്തുതിയിലും പ്രകീർത്തനത്തിലും വ്യാപൃതരാണ്. പർവതങ്ങൾ അവന്റെ സ്മരണയിൽ മുഴുകിയിരിക്കുന്നു. നദികൾ അവന്റെ സ്മൃതിയിൽ വ്യാപൃതരാണ്. വൃക്ഷലതാദികൾ

അവന്റെ ഓർമയിൽ ലയിച്ചിരിക്കുന്നു. അനവധി സത്യാത്മാക്കൾ അവന്റെ സ്മരണയിൽ നിമഗ്നരാണ്. ഹൃദയവും നാവുംകൊണ്ട് അവ നോടുള്ള സ്മരണയിൽ വിലീനമാകാത്തവനെയും ദൈവസമക്ഷം വിനയം അവലംബിക്കാത്തവനെയും വിവിധങ്ങളായ സമ്മർദ്ദങ്ങളാലും ശിക്ഷകളാലും നിയതിനിയമം വിനയാന്വിതരാക്കുന്നു. മലക്കുകളെ സംബന്ധിച്ച് അവർ അങ്ങേയറ്റത്തെ നിലയിൽ അനുസരിക്കുന്നവരാ ണെന്ന് വിശുദ്ധ ഖുർആനിൽ എഴുതിയിരിക്കുന്നു. ഭൂമിയിലെ ഓരോ ഇലയെയും ഓരോ കണികയെയും സംബന്ധിച്ച് അവയെല്ലാം ഇതേ നിലയിൽ അനുസരിക്കുന്നവയാണെന്ന് പ്രകീർത്തിക്കപ്പെട്ടിരിക്കുന്നു. അവന്റെ കല്പനയില്ലാതെ ഒരിലപോലും കൊഴിയുക സാധ്യമല്ല. അവന്റെ കല്പനയില്ലാതെ ഒരു മരുന്നിനും രോഗശാന്തി നല്കാനും കഴിയില്ല; ഒരാഹാരത്തിനും ഗുണമെത്തിക്കാനാവില്ല. എല്ലാ വസ് തുവും അങ്ങേയറ്റത്തെ കീഴ്‌വണക്കത്തിലും ദാസത്വത്തിലും അവന്റെ തിരുസന്നിധിയിൽ വീണുകിടക്കുകയും അവന്റെ അനുസരണത്തിൽ മുഴുകിയിരിക്കുകയുമാണ്. പർവതങ്ങളുടെയും ഭൂമിയുടെയും ഓരോ കണികയും നദികളിലെയും സമുദ്രങ്ങളിലെയും ജലത്തുള്ളികളത്രയും സസ്യലതാദികളുടെ ഓരോ ഇലയും അവയുടെ ഓരോ അംശവും മനുഷ്യമൃഗാദികളുടെ ഓരോ കണവും ദൈവത്തെ തിരിച്ചറിയുകയും അവനോട് അനുസരണം പുലർത്തുകയും ചെയ്യുന്നു. അവനെ സ്തു തിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നതിൽ അവ വ്യാപൃതരാണ്. അതുകൊണ്ടാണ് അല്ലാഹു പറയുന്നത്:

يُسَبِّحُ لِلّٰهِ مَا فِي السَّمٰوٰتِ وَمَا فِي الْاَرْضِ۔

(വിശുദ്ധ ഖുർആൻ 62:2)

അതായത് ആകാശത്തിലെ ഓരോ വസ്തുവും അല്ലാഹുവിനെ സ്തു തിക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നതുപോലെ ഭൂമിയിലുള്ള സകലവസ്തുക്കളും അവനെ സ്തുതിക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. ഭൂമിയിൽ ദൈവത്തെ സ്തുതി ക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നില്ലെന്നോ? ഒരു തികഞ്ഞ ജ്ഞാനിയുടെ വായിൽനിന്ന് ഇത്തരം വചനങ്ങൾ വരുക സാധ്യമല്ല. ഭൂമിയിലെ വസ്തുക്കളിൽ ചിലത് ശരീഅത്ത് വിധിക ളെ അനുസരിക്കുന്നെങ്കിൽ ചിലത് ദൈവവിധിയുടെ കല്പനകൾക്ക് കീഴിൽ വർത്തിക്കുന്നു. ചിലതാകട്ടെ ഇവ രണ്ടിനെയും അനുസരി ക്കുന്നതിൽ പ്രതിജ്ഞാബദ്ധരാണ്. മേഘം, വായു, അഗ്നി, ഭൂമി ഇവ യെല്ലാം ദൈവത്തെ അനുസരിക്കുന്നതിലും അവന്റെ പരിശുദ്ധിയെ

വാഴ്ത്തുന്നതിലും വിലീനരാണ്. ഏതെങ്കിലും വ്യക്തി ദൈവത്തിന്റെ ശരീഅത്ത് കല്പനകളെ ധിക്കരിക്കുന്നെങ്കിൽ തന്നെ ദൈവവിധിക്ക് അയാൾ കീഴ്പ്പെട്ടിരിക്കുന്നു. ഈ രണ്ടു കല്പനകളുടെയും അധികാരപരിധിക്കപ്പുറത്തായി ആരും തന്നെയില്ല. ദൈവികാധിപത്യത്തിന്റെ ഏതെങ്കിലും നുകം എല്ലാവരുടെയും കഴുത്തിലുണ്ട്. എന്നാൽ, മനുഷ്യഹൃദയം പരിഷ്ക്കരിക്കപ്പെടുകയും പിഴച്ചു പോകുകയും ചെയ്യുന്തോറും അശ്രദ്ധയും ദൈവസ്മരണയും ഊഴമനുസരിച്ച് ലോകത്ത് ആധിപത്യം പുലർത്തുന്നു. എങ്കിലും ദൈവികമായ യുക്തിയും കല്പനയുമില്ലാതെ ഈ ഉയർച്ചതാഴ്ച്ചകൾ സ്വയം സംഭവിക്കുകയില്ല. ഭൂമിയിൽ അങ്ങനെ സംഭവിക്കണമെന്ന് ദൈവം ഇച്ഛിച്ചതിനാൽ അതു സംഭവിച്ചു. ആകയാൽ, സന്മാർഗത്തിന്റെയും ദുർമാർഗത്തിന്റെയും കാലഘട്ടങ്ങൾ രാവും പകലും പോലെ ദൈവികനിയമവും ദൈവകല്പനയും അനുസരിച്ചാണ്, അല്ലാതെ സ്വന്തമായ നിലയിലല്ല, നടന്നു കൊണ്ടിരിക്കുന്നത്. എന്നിരുന്നാലും, ഓരോ വസ്തുവും അവന്റെ ശബ്ദം കേൾക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. എന്നാൽ, ഭൂമി ദൈവികപരിശുദ്ധിയെ വാഴ്ത്തുന്നതിൽ നിന്ന് ഒഴിഞ്ഞു കിടക്കുന്നു എന്നാണ് സുവിശേഷങ്ങൾ പറയുന്നത്. സുവിശേഷ പ്രാർഥനകളിലെ അടുത്ത വരിയിൽ അതിന്റെ കാരണവും സൂചനയെന്നോണം പറയുന്നുണ്ട്. ഭൂമിൽ ഇപ്പോൾ ദൈവരാജ്യം വന്നിട്ടില്ല എന്നതാണത്. അപ്പോൾ, ആധിപത്യമില്ലാത്തതിനാലാണ്, മറ്റൊന്നും കൊണ്ടല്ല, ദൈവേച്ഛ സ്വർഗലോകത്ത് നടപ്പാക്കപ്പെട്ടതു പോലെ ഭൂമിയിൽ നടപ്പാക്കാൻ സാധിക്കാതെ പോയത്. ഖുർആനിക പാഠമാകട്ടെ, ഇതിനു തികച്ചും എതിരാണ്. സ്വർഗലോകത്തുനിന്ന് ശക്തി നല്കപ്പെടാതെകണ്ട് ഒരു കള്ളനും കൊലപാതകിക്കും വ്യഭിചാരിക്കും നിഷേധിക്കും ദുർമാർഗിക്കും ധിക്കാരിക്കും കുറ്റവാളിക്കും ഒരുവിധ തിന്മയും ഭൂമിയിൽ ചെയ്യാനാവില്ലെന്ന് അത് വ്യക്തമായും പ്രസ്താവിക്കുന്നു. അപ്പോൾ സ്വർഗരാജ്യം ഭൂമിയിലില്ലെന്ന് പറയുന്നതെങ്ങനെ? ഭൂമിയിൽ ദൈവികനിയമങ്ങൾ നടപ്പാക്കുന്നത് തടയാൻ ഏതെങ്കിലും എതിരാളിക്ക് കഴിയുമോ? സുബ്ഹാനല്ലാഹ്! അങ്ങനെ ഒരിക്കലും സംഭവിക്കുകയില്ല. ദൈവം മലക്കുകൾക്കുവേണ്ടി വാനലോകത്ത് പ്രത്യേക നിയമവും ഭൂമിയിൽ മനുഷ്യർക്കായി പ്രത്യേക നിയമവുമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഉപരിലോകത്തെ തന്റെ ആധിപത്യത്തിൽ ദൈവം മലക്കുകൾക്ക് ഒരധികാരവും നല്കിയിട്ടില്ല. മറിച്ച്, അവരുടെ പ്രകൃതത്തിൽ തന്നെ അനുസരണത്തിന്റെ അംശമാണ്

സന്നിവേശിപ്പിച്ചിരിക്കുന്നത്. എതിർക്കുവാൻ അവർക്ക് സാധിക്കുക യേയില്ല. മറവി അവരെ ബാധിക്കുകയില്ല. മനുഷ്യപ്രകൃതത്തിനാകട്ടെ സ്വീകരിക്കാനും നിരസിക്കാനുമുള്ള അധികാരം നല്കപ്പെട്ടിരിക്കുന്നു. ഈ അധികാരം ഉപരിലോകത്തുനിന്ന് നല്കപ്പെട്ടതിനാൽ ദുർവൃത്ത നായ മനുഷ്യന്റെ സാന്നിധ്യംകൊണ്ട് ദൈവരാജ്യം ഭൂമിയിൽനിന്ന് പോയി മറഞ്ഞുവെന്ന് പറയാൻ കഴിയില്ല. ദൈവരാജ്യം എല്ലാവിധ ത്തിലും ഭൂമിയിലുണ്ട്. നിയമങ്ങൾ രണ്ടുവിധത്തിലുണ്ടെന്നു മാത്രം. ഒന്ന്, വാനലോകത്തെ മാലഖമാരെ സംബന്ധിച്ച ദൈവവിധിയുടെ നിയമമാണ്. അവർക്ക് തിന്മ ചെയ്യാനേ കഴിയില്ല. മറ്റൊന്ന്, ഭൂമിയിൽ മനുഷ്യർക്കായുള്ള ദൈവവിധിയെ സംബന്ധിച്ചുള്ളതാണ്. അതായത്, തിന്മ ചെയ്യാനുള്ള കഴിവ് വാനലോകത്തുനിന്ന് അവർക്ക് നല്കപ്പെട്ടി രിക്കുന്നു. എന്നാൽ, ദൈവത്തോട് ശക്തി തേടുന്ന പക്ഷം, അതായത് പാപപ്പൊറുതി തേടുന്നതായാൽ പരിശുദ്ധാത്മാവിന്റെ സഹായത്തോടെ അവരുടെ ദൗർബല്യങ്ങൾ അകലാവുന്നതാണ്. ദൈവത്തിന്റെ പ്രവാ ചകന്മാരെയും ദൂതന്മാരെയും പോലെ അവർക്ക് പാപത്തിൽനിന്ന് രക്ഷപ്പെടാവുന്നതാണ്. ഇനിയവർ പാപം ചെയ്തുപോയ കൂട്ടരാണെ ങ്കിൽ *ഇസ്തിഗ്ഫാർ*(പാപപ്പൊറുതി തേടൽ) മുഖേന പാപത്തിന്റെ ദോഷഫലങ്ങളിൽ നിന്ന്, എന്നുവെച്ചാൽ ശിക്ഷയിൽനിന്ന് രക്ഷപ്പെ ടുമെന്ന ഗുണവും ലഭിക്കുന്നു. എന്തെന്നാൽ, വെളിച്ചം വരുന്നതോടെ ഇരുട്ടിന് നിലയുറപ്പിക്കാനാവില്ലല്ലോ. അല്ലാഹുവിനോട് പാപപ്പൊറുതി തേടാത്ത, അതായത് ശക്തി തേടാത്ത കുറ്റവാളികൾ തങ്ങളുടെ ചെയ്തികൾക്കുള്ള ശിക്ഷയനുഭവിച്ചു കൊണ്ടിരിക്കും. നോക്കുക, ഇക്കാലത്ത് പ്ലേഗ് ശിക്ഷയെന്നോണം ഭൂമിയിൽ ഇറങ്ങിയിരിക്കുന്നു. ദൈവത്തെ ധിക്കരിച്ചവർ ഇതുമുഖേന മരിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ദൈവരാജ്യം ഭൂമിയിലില്ലെന്ന് പിന്നെങ്ങനെ പറയാനാവും? ഭൂമിയിൽ ദൈവരാജ്യമുണ്ടെങ്കിൽ പിന്നെന്തുകൊണ്ട് ജനങ്ങൾ കുറ്റ കൃത്യങ്ങൾ ചെയ്യുന്നുവെന്ന് ചിന്തിക്കരുത്. എന്തെന്നാൽ, കുറ്റകൃത്യ ങ്ങളും ദൈവവിധിക്ക് വിധേയമാണ്. അവർ ശരീഅത്ത് നിയമങ്ങളെ അതിർലംഘിക്കുന്നുവെങ്കിലും ദൈവവിധിയെ അവർക്ക് അതിർലം ഘിക്കാനാവില്ല. അപ്പോൾ കുറ്റവാളികളായ ആളുകൾ ദൈവരാജ്യ ത്തിന്റെ നുകം തങ്ങളുടെ കഴുത്തിലണിയുന്നവരല്ലെന്ന എങ്ങനെ പറയാൻ കഴിയും?................

ദൈവികനിയമം കഠിനമാവുകയും ഓരോ വ്യഭിചാരിയുടെ മേലും ഇടിത്തീ വീഴുകയും ഓരോ മോഷ്ടാവിനും കൈകൾ ചീഞ്ഞളിഞ്ഞു

കൊഴിഞ്ഞു പോകുന്ന രോഗം ബാധിക്കുകയും ദൈവത്തെയും അവന്റെ മതത്തെയും നിഷേധിക്കുന്ന ഓരോ ധിക്കാരിയും പ്ലേഗ് ബാധിച്ച് മരിക്കുകയും ചെയ്യുകയാണെങ്കിൽ ഒരാഴ്ച കഴിയും മുൻപേ മുഴുലോകവും സാത്വികതയുടെയും സത്യഭക്തിയുടെയും പുതപ്പണിഞ്ഞേനെ. ആകയാൽ, ഭൂമിയിൽ ദൈവരാജ്യമുണ്ടെന്നതാണ് സത്യം. ദൈവികനിയമങ്ങളിലെ മൃദുസമീപനം അവർക്ക് സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. അതുകൊണ്ടുതന്നെ അവർ ഉടനടി പിടിക്കപ്പെടുന്നില്ല. അവർക്ക് ശിക്ഷയും ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്. ഭൂകമ്പങ്ങളുണ്ടാകുന്നു. ഇടിമിന്നലുകളേല്ക്കുന്നു. അഗ്നിപർവത സ്ഫോടനം കാരണം ആയിരക്കണക്കിന് ജീവനുകൾ നശിച്ചൊടുങ്ങുന്നു. കപ്പലുകൾ മുങ്ങിത്താഴുന്നു. തീവണ്ടികൾ മുഖേന നൂറുകണക്കിന് ജീവനുകൾ നഷ്ടമാകുന്നു. കൊടുങ്കാറ്റുകൾ വന്നു ഭവനങ്ങൾ തകർന്നടിയുന്നു. സർപ്പദംശനമേല്ക്കുന്നു. വന്യമൃഗങ്ങൾ കടിച്ചു വലിക്കുന്നു. പകർച്ചവ്യാധികൾ പടരുന്നു. നശിപ്പിക്കാനാണെങ്കിൽ ഒന്നല്ല, ഒരായിരം കവാടങ്ങൾ തുറന്നിരിക്കുന്നു. കുറ്റവാളികളായ ആളുകളോട് പ്രതിക്രിയ ചെയ്യാൻവേണ്ടി ദൈവത്തിന്റെ പ്രകൃതിനിയമത്തിൽ വെച്ചിട്ടുള്ളവയാണിത്. പിന്നെങ്ങനെ ഭൂമിയിൽ ദൈവരാജ്യമില്ലെന്നു പറയും? ദൈവരാജ്യമുണ്ടെന്നതാണ് സത്യം. ഓരോ കുറ്റവാളിയുടെയും കൈകളിൽ വിലങ്ങുകളും കാലുകളിൽ ചങ്ങലകളുമുണ്ട്. എന്നാൽ, ആ വിലങ്ങുകളും ചങ്ങലകളും ഉടനടി സ്വാധീനം ചെലുത്താത്ത വിധം ദൈവികയുക്തി തന്റെ നിയമത്തിൽ ഇളവ് നല്കിയിരിക്കുന്നു. ഇനി മനുഷ്യൻ പിന്മാറുന്നില്ലെങ്കിൽ ശാശ്വത നരകത്തിലേക്ക് കൊണ്ടെത്തിക്കുകയും കുറ്റവാളി ജീവിക്കുകയോ മരിക്കുകയോ ചെയ്യാത്ത ശിക്ഷയിൽ കൊണ്ടിടുകയും ചെയ്യുന്നു.

ചുരുക്കത്തിൽ, നിയമം രണ്ടു വിധമുണ്ട്. ഒന്ന്, മലക്കുകളെ സംബന്ധിച്ചുള്ളതാണ്. അതായത്, അനുസരണത്തിനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടവരാണവർ. അവരുടെ അനുസരണം ചൈതന്യവത്തായ പ്രകൃതത്തിന്റെ സവിശേഷതയാണ്. അവർക്ക് പാപം ചെയ്യാനാവില്ല; നന്മയിൽ അഭിവൃദ്ധിപ്രാപിക്കാനുമാവില്ല. രണ്ട്, മനുഷ്യരുമായി ബന്ധപ്പെട്ടതാകുന്നു. അതായത്, പാപം ചെയ്യുവാനും നന്മയിൽ അഭിവൃദ്ധിപ്പെടാനുമുള്ള കഴിവ് മനുഷ്യപ്രകൃതത്തിൽ സന്നിവേശിക്കപ്പെട്ടിരിക്കുന്നു. ഈ രണ്ടു പ്രകൃതിനിയമങ്ങളും അലംഘനീയമാണ്. മലക്കുകൾക്ക് മനുഷ്യനാവാൻ സാധിക്കാത്തതുപോലെ മനുഷ്യർക്ക് മലക്കാകാനും കഴിയില്ല. ഈ രണ്ടു നിയമങ്ങളും മാറ്റപ്പെടുക സാധ്യ

മല്ല. ഇവ ശാശ്വതവും അലംഘനീയവുമാണ്. അതുകൊണ്ടുതന്നെ സ്വർഗലോകത്തെ നിയമം ഭൂമിയിലേക്കു വരുക സാധ്യമല്ല. ഭൂമിയിലെ നിയമം മലക്കുകൾക്കും ബാധകമല്ല. മനുഷ്യന്റെ തെറ്റുകുറ്റങ്ങൾ തൗബ(പാശ്ചാത്താപം) യോടുകൂടി അവസാനിക്കുന്നപക്ഷം മനുഷ്യനെ മലക്കുകളേക്കാൾ ശ്രേഷ്ഠനാക്കാൻ അതിനു കഴിയും. എന്തെന്നാൽ, മലക്കുകളിൽ അഭിവൃദ്ധിപ്രാപിക്കാനുള്ള കഴിവില്ല. മനുഷ്യന്റെ പാപം തൗബയിലൂടെ പൊറുക്കപ്പെടുന്നു. പാപം ചെയ്ത് തങ്ങളുടെ ദൗർബല്യങ്ങളെക്കുറിച്ച് ബോധവാനാവുകയും പിന്നീട് തൗബയിലൂടെ പൊറുക്കപ്പെടുകയും ചെയ്യുന്നതിനുവേണ്ടി ചിലരിൽ പാപം ചെയ്യാനുള്ള ത്വര നിലനിർത്തിയിരിക്കുന്നു. മനുഷ്യനുവേണ്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്ന നിയമമാണിത്. മനുഷ്യപ്രകൃതം ആവശ്യപ്പെടുന്നതും ഇതുതന്നെ. മറവി മനുഷ്യപ്രകൃതത്തിന്റെ സവിശേഷതയാണ്; മലക്കുകളുടേതല്ല. എന്നിരിക്കെ, മലക്കുകളെ സംബന്ധിച്ച നിയമം മനുഷ്യരിൽ നടപ്പാകുന്നതെങ്ങനെ? ദൈവത്തിൽ ദൗർബല്യം ആരോപിക്കുന്നത് തെറ്റാണ്. നിയമത്തിന്റെ ഫലങ്ങളാണ് ഭൂമിയിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്നത്. തന്റെ ഭരണവും ശക്തിവിലാസവും പ്രതാപഗരിമയും സ്വർഗലോകത്തു പരിമിതപ്പെടുത്താൻ മാത്രം ദൈവം ദുർബലനാണോ? *നഊദുബില്ലാഹ്*. അതല്ല, ഭൂമി കയ്യേറിയിരിക്കുന്ന മറ്റൊരു ദൈവം ഉണ്ടെന്നാണോ? സ്വർഗലോകത്തു മാത്രമാണ് ദൈവരാജ്യമുള്ളതെന്നും ഭൂമിയിൽ അതിനിയും വന്നിട്ടില്ലെന്നുമുള്ള കാര്യത്തിൽ ക്രിസ്ത്യാനികൾ ശാഠ്യം പിടിക്കുന്നത് നല്ലതല്ല. എന്തെന്നാൽ, സ്വർഗലോകം ഒന്നുമല്ല എന്നാണവരുടെ വിശ്വാസം. ദൈവഭരണമുള്ള സ്വർഗലോകം ഒന്നുമല്ലാതിരിക്കുകയും ഭൂമിയിൽ ഇനിയും ദൈവരാജ്യം വരുകയും ചെയ്തിട്ടില്ലെങ്കിൽ ദൈവരാജ്യം എവിടെയുമില്ലെന്നു വരും. തന്നെയുമല്ല, ദൈവത്തിന്റെ ഭരണം ഭൂമിയിലുള്ളതായി നാം സ്വന്തം കണ്ണുകളാൽ കാണുകയും ചെയ്യുന്നു. അവന്റെ നിയമപ്രകാരം നമ്മുടെ ആയുസ്സ് അവസാനിക്കുകയും നമ്മുടെ അവസ്ഥകൾ മാറിക്കൊണ്ടിരിക്കുകയും പരശ്ശതം സന്തോഷങ്ങളും സങ്കടങ്ങളും നാം ദർശിക്കുകയും ചെയ്യുന്നു. ദൈവികകല്പനപ്രകാരം ആയിരക്കണക്കിനാളുകൾ മരിക്കുകയും അനേകായിരം പേർ ജനിക്കുകയും ചെയ്യുന്നു. പ്രാർഥനകൾ സ്വീകരിക്കപ്പെടുന്നു. അടയാളങ്ങൾ വെളിപ്പെടുന്നു. ഭൂമി ദൈവകല്പനയാൽ ആയിരമായിരം സസ്യലതാദികളും പഴങ്ങളും പൂക്കളും ഉത്പാദിപ്പിക്കുന്നു. ഇവയെല്ലാം ദൈവരാജ്യമില്ലാതെയാണോ ഭൂമിയിൽ ഉണ്ടാകുന്നത്? ജ്യോതിർഗോളങ്ങളാകട്ടെ,

ഒരേ രൂപത്തിലും അവസ്ഥയിലുമാണ് ചലിച്ചു കൊണ്ടിരിക്കുന്നത്. ബാഹ്യമായ ഒരു മാറ്റവും അവയിൽ അനുഭവപ്പെടുന്നില്ല. ഭൂമിയാകട്ടെ, പരസഹസ്രം പരിവർത്തനങ്ങൾക്കും വിപ്ലവങ്ങൾക്കും മാറ്റങ്ങൾക്കും കുറിമാനമാകുന്നു. കോടിക്കണക്കിന് മനുഷ്യർ ദിവസംതോറും ഭൂമിയിൽനിന്ന് കഴിഞ്ഞു കടന്നു പോവുകയും കോടിക്കണക്കിന് ജനിച്ചു വീഴുകയും ചെയ്യുന്നു. എല്ലാ നിലയിലും സർവശക്തനായ ഒരു സ്രഷ്ടാവിന്റെ ഇടപെടലുണ്ടെന്നാണ് ഇതു ബോധ്യപ്പെടുത്തുന്നത്. ദൈവരാജ്യം ഇനിയും ഭൂമിയിലില്ലെന്ന് പറയാമോ? ഭൂമിയിൽ ഇനിയും ദൈവരാജ്യം വരാത്തതെന്തന്നതിന് സുവിശേഷങ്ങൾ ഒരു തെളിവും സമർപ്പിച്ചിട്ടില്ല. താൻ രക്ഷപ്പെടുന്നതിനായി തോട്ടത്തിൽ വെച്ച് യേശു രാത്രിമുഴുവൻ പ്രാർഥിക്കുകയും പ്രാർഥന സ്വീകരിക്കപ്പെടുകയും( എബ്രയാർ 5:7) ചെയ്തിട്ടും ദൈവത്തിന് അദ്ദേഹത്തെ രക്ഷിക്കാൻ കഴിയാതെ പോയത് ക്രിസ്ത്യാനികളുടെ വിശ്വാസപ്രകാരം അക്കാലത്ത് ദൈവരാജ്യം ഭൂമിയിലുണ്ടായിരുന്നില്ലെന്നതിന് തെളിവായിരിക്കാം. എന്നാൽ അവയെക്കാൾ വലിയ പരീക്ഷണങ്ങൾ കാണുകയും അവയിൽനിന്ന് മുക്തി നേടുകയും ചെയ്ത നമുക്കെങ്ങനെ ഭൂമിയിൽ ദൈവരാജ്യമുണ്ടെന്ന് നിഷേധിക്കാനാവും?

എനിക്കു വധശിക്ഷ ലഭിക്കുന്നതിനായി മാർട്ടിൻ ക്ലാർക്കിന്റെ ഭാഗത്തുനിന്ന് ക്യാപ്റ്റൻ ഡഗ്ലസ്സിന്റെ കോടതിയിൽ എനിക്കെതിരെ ഉന്നയിക്കപ്പെട്ട വധശ്രമക്കേസ് മേൽപ്പറഞ്ഞ കേസിനേക്കാൾ ചെറുതാണോ? യേശുവിനെതിരെ യഹൂദികളുടെ ഭാഗത്തുനിന്നും പിലാത്തോസിന്റെ കോടതിയിൽ നല്കപ്പെട്ട കേസ് മതപരമായ ഭിന്നിപ്പിന്റെ അടിസ്ഥാനത്തുലുള്ളതായിരുന്നു; ഏതെങ്കിലും കൊലക്കുറ്റം ആരോപിച്ചു കൊണ്ടുള്ളതായിരുന്നില്ല. എന്നാൽ, ദൈവം സ്വർഗത്തിന്റെയെന്നപോലെ ഭൂമിയുടെയും ഭരണാധികാരിയായതിനാൽ ഈ കേസുമായി ബന്ധപ്പെട്ട് ഇങ്ങനെയൊരു പരീക്ഷണം വരുമെന്നും ഞാൻ കുറ്റവിമുക്തനാക്കപ്പെടുമെന്നും എന്നെ നേരത്തെ അറിയിക്കുകയുണ്ടായി. ഞാനിക്കാര്യം മുൻപേതന്നെ നൂറുകണക്കിനാളുകളെ കേൾപ്പിച്ചിരുന്നു. ഒടുവിൽ ഞാൻ കുറ്റവിമുക്തനാക്കപ്പെടുകയും ചെയ്തു. ഇതാണ് ദൈവരാജ്യം. മുസ്‌ലിംകളും ഹിന്ദുക്കളും ക്രിസ്ത്യാനികളും ഒത്തുചേർന്ന് എനിക്കെതിരെ ഉന്നയിച്ച കേസിൽനിന്ന് അതെന്നെ രക്ഷപ്പെടുത്തി. ഒരിക്കലല്ല, നിരവധി തവണ ഞാനിങ്ങനെ ഭൂമിയിൽ ദൈവരാജ്യം കണ്ടിട്ടുണ്ട്.

(വിശുദ്ധ ഖുർആൻ 57:3)

അതായത്, അവന്റെ രാജ്യം ആകാശത്തിലും ഭൂമിയിലുമുണ്ട് എന്ന വചനത്തിൽ വിശ്വാസം വർദ്ധിക്കുകയും ചെയ്തു. അതുപോലെ,

إِنَّمَآ أَمْرُهُۥٓ إِذَآ أَرَادَ شَيْـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ۔

(വിശുദ്ധ ഖുർആൻ 36:83)

അതായത്, ആകാശഭൂമികളെല്ലാം അവനെ അനുസരിച്ചു കൊണ്ടിരിക്കുന്നു. ഒരു കാര്യം ഉണ്ടാകണമെന്ന് അവൻ ഇച്ഛിക്കുന്നതായാൽ 'ഉണ്ടാവുക' എന്നവൻ പറയുന്നു. അങ്ങനെ അതുണ്ടായിത്തീരുന്നു എന്ന വചനത്തിലും എനിക്ക് വിശ്വാസം വർദ്ധിച്ചു. വീണ്ടും അവൻ പറയുന്നു:

وَاللّٰهُ غَالِبٌ عَلٰٓى أَمْرِهٖ وَلٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ۔

(വിശുദ്ധ ഖുർആൻ 12:22)

അതായത്, അല്ലാഹു തന്റെ ഉദ്ദേശ്യത്തിൽ ആധിപത്യം പുലർത്തുന്നവനാകുന്നു. എന്നാൽ മിക്ക ആളുകളും അവന്റെ കോപത്തെയും ശക്തിവിലാസത്തെയും സംബന്ധിച്ച് അജ്ഞരാണ്.

മനുഷ്യരെ ദൈവകാരുണ്യത്തെ സംബന്ധിച്ച് നിരാശരാക്കുകയും, അവന്റെ രക്ഷാകർതൃത്വം, അനുഗ്രഹവായ്പ്, രക്ഷാശിക്ഷ ഇവയെ സംബന്ധിച്ച് ക്രിസ്ത്യാനികളെ ഗൗനിക്കാത്തവരാക്കുകയും, ഭൂമിയിൽ ദൈവികഭരണം വരുന്നതുവരെ അവൻ സഹായിക്കാൻ യോഗ്യനല്ലെന്ന് കരുതുകയും ചെയ്യുന്ന ഇഞ്ചീലിലുള്ള പ്രാർഥനയാനിണിത്. അതേസമയം, ദൈവം വിശുദ്ധ ഖുർആനിൽ മുസ്‌ലിംകളെ പ്രാർഥന പഠിപ്പിച്ചുകൊണ്ട് അവൻ ഭൂമിയിൽ അധികാരഭ്രഷ്ടരെപ്പോലെ ഒന്നും ചെയ്യാനില്ലാത്തവനല്ലെന്നും അവന്റെ രക്ഷാകർതൃത്വത്തിന്റെയും കാരുണ്യത്തിന്റെയും ദയാവായ്പ്പിന്റെയും പരമ്പര തുടർന്നുപോരുന്നുവെന്നും അവൻതന്നെ ആരാധിക്കുന്നവരെ സഹായിക്കാൻ കെല്പുള്ളവനും കുറ്റവാളികളെ തന്റെ കോപത്താൽ നശിപ്പിക്കാൻ കഴിവുള്ളവനുമാണെന്നും അവതരിപ്പിക്കുന്നു. ആ പ്രാർഥന ഇങ്ങനെയാണ്:

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ الرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

(വിശുദ്ധ ഖുർആൻ 1:2-7)

അതായത്, സകല സതുതികൾക്കും അർഹൻ അല്ലാഹു മാത്രമാകുന്നു.

അതായത്, അവന്റെ ഭരണവാഴ്ചയിൽ യാതൊരു ന്യൂനതയുമില്ല. ഇന്നില്ലാത്തതും നാളെയുണ്ടാകുമെന്നു പ്രതീക്ഷിക്കാവുന്നതുമായ ഒരു ഗുണവും അവനില്ല. വ്യർഥമായതൊന്നും തന്നെ അവന്റെ ഭരണത്തിലില്ല. അവൻ സർവലോകങ്ങളെയും പരിപാലിക്കുന്നവനാകുന്നു; കർമഫലമായിട്ടല്ലാതെയും കർഫലമായിക്കൊണ്ടും കരുണ ചെയ്യുന്നവനാകുന്നു; കൃത്യസമയത്തുതന്നെ രക്ഷാശിക്ഷകൾ നല്കുന്നവനാകുന്നു. അവനെ മാത്രം ഞങ്ങൾ ആരാധിക്കുകയും അവനോടു മാത്രം സഹായം തേടുകയും ചെയ്യുന്നു. സർവാനുഗ്രഹങ്ങളുടെയും മാർഗങ്ങൾ കാണിച്ചു തരികയും നിന്റെ കോപത്തിനും വഴികേടിനും പാത്രമാകുന്ന മാർഗങ്ങളിൽനിന്ന് ഞങ്ങളെ അകറ്റി നിർത്തുകയും ചെയ്യേണമേ എന്ന് പ്രാർഥിക്കുകയും ചെയ്യുന്നു.

*ഫാത്തിഹ* അധ്യായത്തിലെ ഈ പ്രാർഥന ഇഞ്ചീലിലെ പ്രാർഥനയ്ക്ക് തികച്ചും വിരുദ്ധമാണ്. എന്തെന്നാൽ, ഭൂമിയിൽ ഇപ്പോൾ ദൈവരാജ്യമുണ്ടെന്ന് ഇഞ്ചീൽ നിഷേധിക്കുന്നു. ഇഞ്ചീലനുസരിച്ച് ഭൂമിയിൽ ഇപ്പോഴും ദൈവരാജ്യം വന്നിട്ടില്ലാത്തതിനാൽ ദൈവത്തിന്റെ പരിപാലനമോ കാരുണ്യമോ ദയാവായ്പ്പോ രക്ഷാശിക്ഷയുടെ അധികാരമോ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. *ഫാത്തിഹ* അധ്യായത്തിൽ നിന്നും മനസ്സിലാകുന്നതാകട്ടെ, ഭൂമിയിൽ ദൈവരാജ്യമുണ്ടെന്നാണ്. അതുകൊണ്ടുതന്നെ ദൈവരാജ്യത്തിന്റെ എല്ലാ അനിവാര്യ ഘടകങ്ങളും *ഫാത്തിഹ* അധ്യായത്തിൽ പ്രതിപാദിക്കപ്പെട്ടു. ഒരു ഭരണാധികാരിക്ക് ജനങ്ങളെ പരിപാലിക്കാനുള്ള കഴിവുണ്ടായിരിക്കണമല്ലോ. അതിനാൽ ആ ഗുണം *ഫാത്തിഹ* അധ്യായത്തിൽ *റബ്ബുൽ ആലമീൻ* എന്ന നിലയിലാണ് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. ഭരണാധികാരിക്ക് ഉണ്ടായിരിക്കേണ്ട രണ്ടാമത്തെ ഗുണം, തന്റെ പ്രജകൾക്ക് നിവസിക്കാൻ അവശ്യം വേണ്ട സാധനങ്ങൾ യാതൊരു സേവനവും കാംക്ഷിക്കാതെ രാജകീയ അനുകമ്പയെന്നോണം നല്കുക എന്നതാണ്. അങ്ങനെ *റഹ്മാൻ* എന്ന പദംകൊണ്ട് ആ ഗുണവും സ്ഥാപിച്ചു കാണിച്ചു. പ്രജകൾ പരിശ്രമിച്ചിട്ടും പൂർത്തിയാക്കാൻ കഴിയാത്ത പ്രവർത്തനങ്ങളെ പൂർത്തികരിക്കുന്നതിൽ ഉചിതമായ നിലയിൽ സഹായിക്കുക എന്നതാണ് ഭരണാധികാരിക്ക് ഉണ്ടായിരിക്കേണ്ട മൂന്നാമത്തെ ഗുണം. *അർറഹീം* എന്ന പദം മുഖേന ഈ ഗുണം സ്ഥാപിച്ചിരിക്കുന്നു. ഭരണാധികാരിക്ക് ഉണ്ടായിരിക്കേണ്ട നാലാമത്തെ ഗുണം, സാമൂഹിക കെട്ടുറപ്പിന് ഇടിവ് പറ്റാതിരിക്കുന്നതിനുവേണ്ടി രക്ഷിക്കാനും ശിക്ഷിക്കാനുമുള്ള ശക്തിയുണ്ടായിരിക്കുക എന്നതാണ്. *മാലിക്കി യൗമി*

*ദ്ദീൻ* എന്ന പദംകൊണ്ട് ഈ ഗുണവിശേഷം പ്രകടമാക്കിയിരിക്കുന്നു. ചുരുക്കത്തിൽ, ഭൂമിയിൽ ദൈവരാജ്യവും അധികാരനിയന്ത്രണവും തെളിയിച്ചു കാട്ടുന്ന തരത്തിൽ അധികാരഭരണത്തിന്റെ അനിവാര്യ ഘടങ്ങൾ പ്രസ്തുത അധ്യായം അവതരിപ്പിച്ചിരിക്കുന്നു......

സ്വർഗലോകത്തിലെ ഓരോ അണുവും ദൈവികഭരണത്തിൽ ഉള്ള തുപോലെ ഭൂമിയിലെ ഓരോ തരിയും ദൈവത്തിന്റെ അധികാരനിയന്ത്ര ണത്തിലാണ്. ഇതുതന്നെയാണ് മഹാതിരിച്ചറിവെന്ന് കേൾക്കുകയും മനസ്സിലാക്കുകയും ചെയ്തു കൊള്ളുവിൻ. ഒരു മഹാദിവ്യചൈതന്യം സ്വർഗലോകത്തുള്ളതുപോലെ ഭൂമിയിലും മഹത്തായൊരു ചൈതന്യ മുണ്ട്. സ്വർഗലോകത്തെ ദിവ്യചൈതന്യം എന്നത് വിശ്വാസപരമായ സംഗതിയാണ്. സാധാരണ മനുഷ്യൻ സ്വർഗലോകത്തേക്ക് പോവു കയോ അതു ദർശിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഭൂമിയിലുള്ള ദൈവികഭരണത്തിന്റെ ചൈതന്യം ഓരോ വ്യക്തിയും സ്പഷ്ടമായി കാണുന്നു. ഓരോ മനുഷ്യനും, അവനെത്രതന്നെ സമ്പന്നനാണെ ങ്കിലും, താനിഷ്ടപ്പെടാത്ത നിലയിൽ മരണത്തിന്റെ പാനപാത്രം നുണയുന്നു. ആ യഥാർഥ പരമാധികാരിയുടെ കല്പന ഭൂമിയിൽ എങ്ങനെയാണ് ജ്വലിച്ചു നില്ക്കുന്നതെന്ന് നോക്കൂ. കല്പന വന്നാൽ ഒരു സെക്കന്റു നേരത്തേക്കുപോലും തന്റെ മരണത്തെ തടയാനാവില്ല. വെറുപ്പുളവാക്കുന്നതും ചികിത്സായോഗ്യമല്ലാത്തതുമായ ഏതൊരു രോഗം ബാധിച്ചാലും ഒരു ഡോക്ടർക്കും അതു ഭേദമാക്കാനാവില്ല. അതിനാൽ ദൈവകല്പന ലംഘിക്കപ്പെടാത്തവിധം ദൈവരാജ്യം ഭൂമിൽ ചൈതന്യവത്തായിരിക്കുന്നതെങ്ങനെയെന്ന് ചിന്തിക്കുവിൻ! ഭൂമിയിൽ ദൈവരാജ്യമില്ലെന്നും ഭാവിയിലെങ്ങോ ആയിരിക്കും വരുക എന്നും എങ്ങനെ പറയും? നോക്കുക, തന്റെ മസീഹിന് ഒര ടയാളമായിത്തീരാൻവേണ്ടി ഇക്കാലത്ത് സ്വർഗലോകത്തുനിന്നുള്ള ദൈവകല്പനയാൽ പ്ലേഗുരോഗം ഭൂമിയെ ഇളക്കിമറിച്ചിരിക്കുന്നു. അവനിച്ഛിക്കാതെ ഈ രോഗം ഇല്ലാതാക്കാൻ ആർക്കാണു സാധി ക്കുക? അപ്പോൾ ഭൂമിയിൽ ഇനിയും ദൈവരാജ്യം വന്നിട്ടില്ലെന്ന് പറയുന്നതെങ്ങനെ? ഒരു ദുർവൃത്തൻ തടവു പുള്ളിയെപ്പോലെയാണ് ഈ ഭൂമിയിൽ ജീവിതം കഴിക്കുന്നത്. താനൊരിക്കലും മരിക്കരുതെ ന്ന് അയാൾ ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ യഥാർഥ അധികാരവാഴ്ച അവനെ നശിപ്പിക്കുന്നു. ഒടുവിലവൻ മരണമാലാഖയ്ക്ക് പിടി കൊടുക്കുന്നു. എന്നിരിക്കെ ദൈവരാജ്യം ഇനിയും ഭൂമിയിൽ വന്നിട്ടില്ലെന്ന് എങ്ങനെ പറയും? നോക്കുക, ഭൂമി

യിൽ ദൈവകല്പനയാൽ ഒരേസമയം കോടിക്കണക്കിന് ആളുകളാണ് മരിക്കുന്നതും ജനിച്ചു വീഴുന്നതും. കോടിക്കണക്കിനാളുകൾ അവന്റെ ഇച്ഛയാൽ ദരിദ്രരിൽനിന്ന് ധനികരും ധനികരിൽനിന്ന് ദരിദ്രരും ആയിത്തീരുന്നു. അപ്പോൾ ഇതുവരെ ദൈവരാജ്യം ഭൂമിയിൽ വന്നിട്ടില്ലെന്ന് പറയാൻ കഴിയുന്നതെങ്ങനെ? സ്വർഗലോകത്ത് മലക്കുകൾ മാത്രമാണ് വസിക്കുന്നത്. ഭൂമിയിലാകട്ടെ, മനുഷ്യരുമുണ്ട് ദൈവത്തിന്റെ പ്രവർത്തകരും അവന്റെ ഭരണത്തിലെ സേവകരുമായ മലക്കുകളുമുണ്ട്. അവരെ മനുഷ്യരുടെ വിവിധ കർമങ്ങളുടെ സൂക്ഷിപ്പുകാരായി വിട്ടിരിക്കുകയാണ്. അവർ ദൈവത്തെ സദാ അനുസരിക്കുകയും തങ്ങളുടെ റിപ്പോർട്ടുകൾ അയച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നിരിക്കെ, ഭൂമിയിൽ ദൈവരാജ്യമില്ലെന്ന് എങ്ങനെ പറയാനാവും? ദൈവം ഏറ്റവും കൂടുതൽ തിരിച്ചറിയപ്പെടുന്നതുതന്നെ ഭൂമിയിലെ അധികാരവാഴ്ചയാലാണ്. എന്തെന്നാൽ, സ്വർഗലോകത്തെ രഹസ്യം അദൃശ്യവും അഗോചരവുമാണ് എന്നാണ് ഓരോ വ്യക്തിയും വിചാരിക്കുന്നത്. ഇക്കാലത്ത് ഏതാണ്ട് എല്ലാ ക്രിസ്ത്യാനികളും അവരുടെ ദാർശനികരും സ്വർഗലോകമുണ്ടെന്ന് വിശ്വസിക്കുന്നില്ല. സുവിശേഷപാഠമനുസരിച്ച് ദൈവരാജ്യം ആശ്രയിച്ചിരിക്കുന്നതും അതിലാണല്ലോ. എന്നാൽ, നമ്മുടെ കാല്ക്കീഴിലുള്ള ഒരു ഗോളമാണ് ഭൂമി. അനേകായിരം ദൈവവിധികൾ അതിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ പരിവർത്തനങ്ങളും സൃഷ്ടിസംഹാരങ്ങളുമെല്ലാം ഒരു പ്രത്യേക യജമാനന്റെ കല്പനയാലാണ് നടക്കുന്നതെന്നാണ് മനസ്സിലാക്കിത്തരുന്നത്. ആ സ്ഥിതിക്ക് ഭൂമിയിൽ ഇപ്പോൾ ദൈവരാജ്യമില്ലെന്ന പറയുന്നതെങ്ങനെ?..................

പ്രതാപവാനായ നമ്മുടെ അല്ലാഹു *ഫാത്തിഹ* അധ്യായത്തിൽ സ്വർഗത്തിന്റെയോ ഭൂമിയുടെയോ പേരു പരാമർശിക്കാതെ *റബ്ബുൽ ആലമീൻ* എന്നു പറഞ്ഞുകൊണ്ട് നമുക്ക് യാഥാർഥ്യം വിവരിച്ചുതന്നു. അതായത്, എല്ലാ ജനവാസങ്ങളുടെയും എല്ലാത്തരം സൃഷ്ടികളുടെയും, അവ ശരീരങ്ങളാകട്ടെ ആത്മാക്കളാകട്ടെ, സ്രഷ്ടാവും പരിപാലകനും ആയിട്ടുള്ളവനാണ് അല്ലാഹു. അവൻ സദാ പരിപാലിക്കുകയും അവയ്ക്ക് അനുയോജ്യമായ ഏർപ്പാടുകൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. സർവലോകങ്ങളിലും അവന്റെ രക്ഷാകർതൃത്വത്തിന്റെയും കാരുണ്യത്തിന്റെയും ദയാവായ്പ്പിന്റെയും രക്ഷാശിക്ഷയുടെയും ശൃംഖലയാണ് തുടർന്നു പോരുന്നത്. *സൂറ:ഫാത്തിഹ*യിലെ *മാലിക്കി യൗമിദ്ദീൻ* എന്ന വചനംകൊണ്ട് കേവലം പുനരുത്ഥാന

നാളിലെ രക്ഷാശിക്ഷയല്ല ഉദ്ദേശിക്കുന്നതെന്ന കാര്യം ഓർക്കേണ്ട താണ്. പുനരുത്ഥാനനാൾ എന്നത് മഹത്തായ രക്ഷാശിക്ഷയുടെ സന്ദർഭമാണെന്ന് വിശുദ്ധ ഖുർആൻ ആവർത്തിച്ച് വ്യക്തമാക്കിയി ട്ടുണ്ടെങ്കിലും ഈ ലോകത്തുവെച്ച് ഒരുവിധത്തിലുള്ള പ്രതിഫലം ആരംഭിക്കുന്നുണ്ട്. ഇതിലേക്കാണ്

يَجْعَلْ لَّكُمْ فُرْقَانًا۔

(വിശുദ്ധ ഖുർആൻ 8:30)

എന്ന വചനം സൂചന നല്കുന്നത്.

**(കിശ്തി നൂഹ്, റൂഹാനി ഖസായിൻ, വാല്യം.19, പേ.32-42)**

വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ച് ദൈവം ആകാശ ത്തിലും ഭൂമിയിലും ഉള്ളവനാകുന്നു. അവൻ പറയുന്നു:

وَهُوَ الَّذِىْ فِى السَّمَآءِ اِلٰهٌ وَّفِى الْاَرْضِ اِلٰهٌ۔

(വിശുദ്ധ ഖുർആൻ 43:85)

അതായത്, അവൻ തന്നെയാണ് ഭൂമിയിലെ ദൈവം; ആകാശത്തിലെ ദൈവവും അവൻതന്നെ. അവൻ പറയുന്നു: ഏതെങ്കിലും രഹസ്യാ ലോചനയിൽ മൂന്നാളുകൾ ഒത്തു ചേരുന്നില്ല, അവരിൽ നാലാമനായി ദൈവമില്ലാതെ.

അവൻ അപരിമിതനാണെന്നും അരുളുകയുണ്ടായി. ആ വിശുദ്ധ വചനം പറയുന്നു:

لَا تُدْرِكُهُ الْاَبْصَارُ وَهُوَ يُدْرِكُ الْاَبْصَارَ۔

(വിശുദ്ധ ഖുർആൻ 6:104)

അതായത്, കണ്ണുകൾക്ക് അവന്റെ പൂർണതയെ പ്രാപിക്കാനാവില്ല. അവനാകട്ടെ, കണ്ണുകളുടെ പൂർണതയിലേക്ക് എത്തിച്ചേരുന്നു. അതു പോലെ, അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

وَنَحْنُ اَقْرَبُ اِلَيْهِ مِنْ حَبْلِ الْوَرِيْدِ۔

(വിശുദ്ധ ഖുർആൻ 50:17)

അതായത്,നാം മനുഷ്യന്റെ ജീവനാഡിയേക്കാളും അവനോട് അടു ത്തുള്ളവനാകുന്നു. അല്ലാഹു സർവവസ്തുക്കളെയും വലയം ചെ യ്തിരിക്കുന്നുവെന്നും ഒരിടത്ത് പ്രസ്താവിച്ചിരിക്കുന്നു. കൂടാതെ,

اَنَّ اللّٰهَ يَحُوْلُ بَيْنَ الْمَرْءِ وَقَلْبِهٖ۔

(വിശുദ്ധ ഖുർആൻ 8:25)

എന്നും അരുളുകയുണ്ടായി. അതായത്, മനുഷ്യനും അവന്റെ ഹൃദയത്തിനുമിടയിലുള്ളവനാണ് ദൈവം. അവൻ പറയുന്നു:

اَللّٰهُ نُوْرُ السَّمٰوٰتِ وَالْاَرْضِ۔

(വിശുദ്ധ ഖുർആൻ 24:36)

അതായത്, ആകാശഭൂമികളിൽ ദൈവത്തിന്റെ മുഖചൈതന്യമാണുള്ളത്. അവനില്ലാതെ എല്ലാം ഇരുൾമയം.
ശേഷം പറയുന്നു:

كُلُّ مَنْ عَلَيْهَا فَانٍ۔ وَّيَبْقٰى وَجْهُ رَبِّكَ ذُو الْجَلٰلِ وَالْاِكْرَامِ۔

(വിശുദ്ധ ഖുർആൻ 55:27,28)

അതായത്, എല്ലാ വസ്തുക്കളും നാശോന്മുഖവും മാറ്റത്തിനു വിധേയവുമാണ്. ദൈവം മാത്രമാണ് ബാക്കിയാവുന്നത്. എല്ലാ വസ്തുക്കളും നാശത്തിനും മാറ്റത്തിനും വിധേയമാണെന്നർഥം. എന്നാൽ, എല്ലാം നശിച്ചു കഴിഞ്ഞാലും നാശമോ മാറ്റമോ ഏൽക്കാതെ സ്വന്തം അവസ്ഥയിൽ തുടരുന്ന ഒരു സത്ത ഈ പ്രപഞ്ചത്തിലുണ്ടെന്ന് അംഗീകരിക്കാൻ മനുഷ്യപ്രകൃതം നിർബന്ധിതനാണ്. അവനത്രേ അല്ലാഹു. ഭൂമിയിൽ പാപതിന്മകളും അവിശുദ്ധ പ്രവൃത്തികളും വെളിപ്പെടുന്നതോടെ ദൈവത്തെ ഭൂമിയിൽ മാത്രം പരിമിതപ്പെടുത്തുന്നവർ ഒടുവിൽ ഹിന്ദുക്കളെപ്പോലെ വിഗ്രഹാരാധകരും സൃഷ്ടിപൂജകരും ആയിത്തീരുന്നു.

## എന്താണ് അർശ്?

അതുകൊണ്ട് ഒരു ഭാഗത്ത് ദൈവത്തിന് തന്റെ സൃഷ്ടികളുമായി തീവ്രമായ ബന്ധമുണ്ടെന്നും അവൻ എല്ലാ ജീവന്റെയും ജീവനാണെന്നും അവന്റെ പിന്തുണയോടെയാണ് എല്ലാ വസ്തുക്കളും നിലനില്ക്കുന്നതെന്നും വിശുദ്ധ ഖുർആൻ പ്രതിപാദിക്കുമ്പോൾ മറുഭാഗത്ത് അവനു മനുഷ്യരോടുള്ള ഈ ബന്ധത്തെ വേദാന്തികളെപ്പോലെ മനുഷ്യൻതന്നെയാണ് ദൈവമെന്ന് ധരിക്കുന്ന നിലയിലേക്കെത്താതിരിക്കാൻവേണ്ടി അവൻ എല്ലാറ്റിനും അതീതവും സകലസൃഷ്ടികൾക്കും അപ്പുറവുമുള്ള സ്ഥാനത്താണെന്ന് പ്രതിപാദിക്കുകയുണ്ടായി. ഇതിനെയാണ് ശരീഅത്തിന്റെ സാങ്കേതികാർഥത്തിൽ '**അർശ്**' എന്നു

വിളിക്കുന്നത്. *അർശ്* സൃഷ്ടിക്കപ്പെട്ട വല്ല വസ്തുവുമല്ല; ഇന്ദ്രിയാ തീതമായ സ്ഥാനത്തിന്റെ കേവലം നാമമാണത്. ദൈവം മനുഷ്യനെ പ്പോലെ ഉപവിഷ്ടനായെന്ന് സങ്കല്പിക്കാവുന്ന സിംഹാസനമല്ലിത്. മറിച്ച്, സൃഷ്ടികളിൽനിന്ന് എത്രയോ അഗോചരവും പവിത്രവും പരിശുദ്ധവുമായ സ്ഥാനമത്രേ. അതിനെയാണ് *അർശ്* എന്നുവിളി ക്കുന്നത്. ദൈവം സകലതിനോടും സ്രഷ്ടാവിന്റെയും സൃഷ്ടിയു ടെയും ബന്ധം സ്ഥാപിച്ചതിനെ തുടർന്ന് *അർശിൽ* നിലകൊണ്ടു വെന്ന് വിശുദ്ധ ഖുർആനിൽ രേഖപ്പെട്ടുകിടക്കുന്നു. അതായത്, എല്ലാ ബന്ധങ്ങൾക്കുശേഷവും അവൻ വേറിട്ടുതന്നെ നില്ക്കുന്നു; സൃഷ്ടി കളുമായി കൂടിച്ചേരുന്നില്ല. ദൈവം മനുഷ്യനോടൊപ്പം ഉണ്ടെന്നതും സകലതിനെയും വലയം ചെയ്തിരിക്കുന്നുവെന്നതും അവന്റെ സദൃ ശ്യഗുണമാണെന്ന് ചുരുക്കം. മനുഷ്യനുമായുള്ള തന്റെ അടുപ്പം കാ ണിക്കുന്നതിനുവേണ്ടിയാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ ഈ ഗുണവിശേഷം പ്രതിപാദിച്ചിരിക്കുന്നത്. എല്ലാ സൃഷ്ടികൾക്കും അഗോചരനായിരിക്കുക, സകലതിനും അതീതനും ഉന്നതനും അപ്പു റവുമായിരിക്കുക, സൃഷ്ടികളിൽനിന്ന് വിദൂരമായിക്കൊണ്ട് '*അർശ്*' എന്ന പവിത്രവും പരിശുദ്ധവുമായ സ്ഥാനത്തിരിക്കുക- ഈ ഗുണവി ശേഷങ്ങളാണ് അതീന്ദ്രിയ ഗുണങ്ങളെന്ന് വിളിക്കപ്പെടുന്നത്. താൻ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നും സൃഷ്ടികളുടെ ഗുണ വിശേഷങ്ങളിൽനിന്ന് സ്വസത്ത വേറിട്ടു നില്ക്കുന്നുവെന്നും തെളി യിക്കുന്നതിനായിട്ടത്രേ അല്ലാഹു വിശുദ്ധ ഖുർആനിൽ ഈ ഗുണം പരാമർശിച്ചിരിക്കുന്നത്. മറ്റു സമൂഹങ്ങൾ ദൈവത്തിന്റെ സത്തയെ സംബന്ധിച്ച് അവന്റെ അതീന്ദ്രിയമായ ഗുണങ്ങളെ അവലംബിച്ചു കൊണ്ട് അവനെ ഒന്നുകിൽ നിർഗുണനെന്ന് വിളിക്കുന്നു അല്ലെങ്കിൽ അവനെ സഗുണനെന്ന് വിശ്വസിച്ച് പ്രപഞ്ചം തന്നെയാണ് ദൈവം എന്ന മട്ടിൽ അവനിൽ സാദൃശ്യം ആരോപിക്കുന്നു. ഇവ രണ്ടിനെയും യോജിപ്പിക്കുകയുണ്ടായില്ല. എന്നാൽ വിശുദ്ധ ഖുർആനിൽ അല്ലാഹു ഈ രണ്ടു ഗുണങ്ങളുടെയും ദർപ്പണത്തിൽ തന്റെ മുഖം പ്രതിഫലി പ്പിക്കുന്നു. ഇതുതന്നെയാണ് തൗഹീദിന്റെ മഹത്ത്വവും.

**(ചശ്മയെ മഅ്രിഫത്ത്, റൂഹാനി ഖസായിൻ, വാല്യം.23, പേ.97-99)**

ദൈവം ഉപവിഷ്ടനായിരിക്കുന്ന വല്ല ഭൗതികമോ സൃഷ്ടിക്കപ്പെ ട്ടതോ ആയ വസ്തുവാണ് *അർശ്* എന്ന് മുസ്ലിംകൾ വിശ്വസിക്കു ന്നില്ല. വിശുദ്ധ ഖുർആൻ ആദ്യന്തം പാരായണം ചെയ്യുന്നതായാൽ

പരിമിതവും സൃഷ്ടിക്കപ്പെട്ടതുമാണ് *അർശ്* എന്ന് ഒരിക്കലും കാണുകയില്ല. 'ഉൺമയുള്ള ഏതൊന്നിന്റെയും സ്രഷ്ടാവ് ഞാനാകുന്നു. ഭൂമി, ആകാശം, ആത്മാക്കൾ ഇവയുടെയും ഇവയുടെ സർവകഴിവുകളുടെയും സ്രഷ്ടാവും ഞാൻ തന്നെ. ഞാൻ സ്വയം നിലനില്ക്കുന്നവനാകുന്നു. സർവവും എന്നിലൂടെയാണ് നിലനില്ക്കുന്നത്. അസ്തിത്വമുള്ള ഓരോ കണവും വസ്തുവും എന്റെ സൃഷ്ടിയാണ്.' എന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. അതേസമയം, *അർശ്* വല്ല ഭൗതികവസ്തുവാണെന്നോ താൻ അതിന്റെ സ്രഷ്ടാവാണെന്നോ എവിടെയും പ്രതിപാദിച്ചിട്ടില്ല.......... വിശുദ്ധ ഖുർആനിൽ *അർശ്* എന്ന പദം പ്രയുക്തമായയിടങ്ങളിലൊക്കെ ദൈവത്തിന്റെ മഹത്ത്വവും പ്രതാപവും ഔന്നത്യവുമാണ് ഉദ്ദേശിക്കപ്പെടുന്നത്. സൃഷ്ടിക്കപ്പെട്ട വസ്തുക്കളിൽ അതിനെ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണവും അതാണ്. ദൈവത്തിന്റെ മഹത്ത്വത്തിനും പ്രതാപത്തിനും നാലു പ്രതീകങ്ങളുണ്ട്. വേദദർശനമനുസരിച്ച് നാലു ദേവന്മാർ എന്നാണ് അവ വിളിക്കപ്പെടുന്നത്. എന്നാൽ, വിശുദ്ധ ഖുർആന്റെ സാങ്കേതികപ്രയോഗമനുസരിച്ച് അവ മലക്കുകൾ എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു.

**(നസീമെ ദഅ്വത്ത്, റൂഹാനി ഖസായിൻ, വാല്യം.19, പേ. 453–456)**

സദൃശ്യ സ്ഥാനത്തെക്കാൾ ഉന്നതവും സർവലോകങ്ങൾക്കുമതീതവും അഗോചരവും പരിശുദ്ധവും ഇന്ദ്രിയാതീതവുമായ സ്ഥാനമാണ് *അർശ്* എന്ന് വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. കല്ല്, ഇഷ്ടിക തുടങ്ങിയ വസ്തുക്കൾക്കൊണ്ട് നിർമിക്കപ്പെട്ട് ദൈവം ഉപവിഷ്ടനായിരിക്കുന്ന സ്ഥാനമല്ലിത്. *അർശ്* സൃഷ്ടിയല്ലെന്ന് പറയുന്നതും അതുകൊണ്ടാണ്. വിശ്വാസിയുടെ ഹൃദയത്തിൽ അവൻ ചിലപ്പോൾ സ്വയം വെളിപ്പെടുന്നുവെന്ന് പറയുന്നതുപോലെ *അർശി*ലും വെളിപ്പെടുന്നുവെന്നും അവൻ അരുൾ ചെയ്യുന്നു. സകലതിനെയും താൻ താങ്ങി നിർത്തുന്നുവെന്ന് അവൻ വ്യക്തമായി പറയുന്നു. ഏതെങ്കിലും വസ്തു തന്നെ താങ്ങി നിർത്തുന്നുവെന്ന് അവൻ എവിടെയും അരുൾ ചെയ്തിട്ടില്ല. സർവലോകങ്ങൾക്കും അപ്പുറത്തുള്ള *അർശ്* എന്ന സ്ഥാനം ഇന്ദ്രിയാതീതഗുണങ്ങളുടെ പ്രതീകമാണ്. അനാദികാലംതൊട്ട് ദൈവത്തിന് രണ്ടു ഗുണവിശേഷങ്ങളുണ്ട് എന്ന് നാം പലവട്ടം പ്രസ്താവിച്ചു കഴിഞ്ഞു. ഒന്ന്, സദൃശ്യഗുണങ്ങൾ. മറ്റൊന്ന്, ഇന്ദ്രിയാതീതഗുണങ്ങൾ. ഈ രണ്ടു ഗുണങ്ങളെയും,

അതായത് സദൃശ്യമായവയും ഇന്ദ്രിയാതീതമായവയും ദൈവവചന ങ്ങളിൽ പ്രതിപാദിക്കുക അനിവാര്യമായിരുന്നു. അതുകൊണ്ട് സദൃ ശ്യഗുണങ്ങളെ പ്രകടിപ്പിക്കുന്നതിനായി തന്റെ കൈകൾ, കണ്ണുകൾ സ്നേഹം, കോപം തുടങ്ങിയ ഗുണവിശേഷങ്ങളെ വിശുദ്ധ ഖുർആ നിൽ പ്രതിപാദിച്ചു. പിന്നീട് പ്രപഞ്ചംതന്നെയാണോ ദൈവം എന്ന സംശയം ഇല്ലാതാക്കുന്നതിന്

لَيْسَ كَمِثْلِهٖ شَيْءٌ۔

(വിശുദ്ധ ഖുർആൻ 42:12)

എന്ന് പറയുകയും ചെയ്തു. ചില സ്ഥലങ്ങളിൽ അവർ അർശിൽ ഉപവിഷ്ടനായെന്നും വിവരിച്ചു. ഉദാഹരണമായി അവൻ പറയുന്നു:

اَللّٰهُ الَّذِيْ رَفَعَ السَّمٰوٰتِ بِغَيْرِ عَمَدٍ تَرَوْنَهَا ثُمَّ اسْتَوٰى عَلَى الْعَرْشِ۔

(വിശുദ്ധ ഖുർആൻ 13:3)

ആകാശങ്ങളെ സ്തൂപങ്ങളില്ലാതെ ഉയർത്തിയവനത്രേ നിങ്ങളു ടെ ദൈവം. നിങ്ങൾക്കതു കാണാവുന്നതാണ്. അനന്തരം അവൻ *അർശിൽ* ഉപവിഷ്ടനായി. ഈ വചനത്തിന്റെ ബാഹ്യാർഥം പരിഗ ണിക്കുമ്പോൾ ദൈവം മുൻപ് *അർശിൽ* ഉപവിഷ്ടനായിരുന്നില്ലേ എന്ന സംശയം ജനിക്കുന്നു. *അർശ്* വല്ല ഭൗതികവസ്തുവല്ല, മറിച്ച് അവന്റെ അഗോചരഗുണത്തിന്റെ ഒരവസ്ഥയാണിത് എന്നതാണ് ഇതിനുള്ള ഉത്തരം. ആകാശഭൂമികളെയും സകലവസ്തുക്കളെയും അവനാണ് സൃഷ്ടിച്ചത്. സൂര്യചന്ദ്രനക്ഷത്രാദികൾക്ക് സ്വപ്രകാശ ത്തിന്റെ പ്രതിഫലനമെന്നോണം പ്രകാശം അരുളി. ആലങ്കാരകിമായി പറഞ്ഞാൽ, മനുഷ്യനെയും സ്വരൂപത്തിൽ സൃഷ്ടിക്കുകയും തന്റെ പരിശുദ്ധ ഗുണങ്ങളെ അവനിൽ ഊതുകയും ചെയ്തു. അങ്ങനെ ഈ നിലയിൽ അവൻ തനിക്കായി ഒരു സാദൃശ്യത്തെ സ്ഥാപിക്കുക യുണ്ടായി. എന്നാൽ, അവൻ എല്ലാ സാദൃശ്യങ്ങളിൽനിന്നും സംശു ദ്ധനാകയാൽ 'അർശിൽ ഉപവിഷ്ടനായി' എന്ന പ്രയോഗത്തിലൂടെ താൻ അതീന്ദ്രിയനാണെന്ന് പ്രതിപാദിച്ചു. സകല വസ്തുക്കളുടെയും സ്രഷ്ടാവാണ് അവനെങ്കിലും അവൻ സൃഷ്ടിയല്ല, മറിച്ച് സർവ തിൽ നിന്നും വ്യതിരിക്തവും സർവാതീതവുമായ സ്ഥാനത്താണ് അവനുള്ളത് എന്നു ചുരുക്കം.

**(ചശ്മയെ മഅ്രിഫത്ത്, റൂഹാനി ഖസായിൻ, വാല്യം.23. പേ. 276-277)**

എതിരാളികൾ മറ്റൊരു ആക്ഷേപം കൂടി ഉന്നയിക്കാറുണ്ട്. അതായത്, പുനരുത്ഥാന നാളിൽ എട്ടു മലക്കുകൾ അർശിനെ വഹിക്കുന്നതായിരിക്കുമെന്ന് വിശുദ്ധ ഖുർആനിൽ ചിലിയിടങ്ങളിൽനിന്ന് തെളിയുന്നു. ഈ ലോകത്ത് നാലു മലക്കുകൾ *അർശി*നെ വഹിച്ചു കൊണ്ടിരിക്കുന്നുവെന്നാണ് ഇതു സൂചിപ്പിക്കുന്നത്. തന്റെ *അർശ്* ആരെങ്കിലും വഹിക്കുന്നതിൽനിന്ന് അല്ലാഹു പരിശുദ്ധനും ഉന്നതനുമാണെല്ലോ എന്ന ചോദ്യം ഇവിടെ ഉയരുന്നു. അതിനുള്ള ഉത്തരം ഇതാണ്: പൊക്കുകയോ വഹിക്കുകയോ ചെയ്യാവുന്ന ഒരു ഭൗതിക വസ്തുവല്ല *അർശ്* എന്ന് നിങ്ങൾ ശ്രവിച്ചിരിക്കുമല്ലോ. ഇന്ദ്രിയാതീതവും പരിശുദ്ധവുമായ സ്ഥാനത്തിന്റെ പേരാണ് *അർശ്*. അതു സൃഷ്ടിക്കപ്പെട്ടതല്ലെന്നു പറയുന്നതും അതുകൊണ്ടാണ്. ഒരു ഭൗതികവസ്തുവിന് ദൈവത്തിന്റെ സൃഷ്ടിഗുണത്തിൽനിന്ന് അപ്പുറമായിരിക്കാൻ കഴിയുന്നതെങ്ങനെ? *അർശി*നെ സംബന്ധിച്ച് പ്രതിപാദിക്കപ്പെട്ടിട്ടുള്ളതെല്ലാം ആലങ്കാരിക പ്രയോഗങ്ങളാണ്. ഇത്തരം ആക്ഷേപങ്ങൾ കേവലം മൗഢ്യമാണെന്ന് യുക്തിബോധമുള്ളവന് ഗ്രഹിക്കാൻ സാധിക്കും.

ഇനി മലക്കുകൾ വഹിക്കുന്നതിന്റെ യഥാർഥ വസ്തുതയെന്തെന്ന് പറഞ്ഞു തരാം. ദൈവം തന്റെ പരിശുദ്ധ സ്ഥാനത്ത്, അതായത് ഇന്ദ്രിയാതീതങ്ങളായ അവന്റെ ഗുണവിശേഷങ്ങൾ മറ്റെല്ലാ ഗുണങ്ങളെയും ആവരണം ചെയ്ത് അവനെ അതിനിഗൂഢനും സർവാതീതനുമാക്കി മാറ്റുന്ന സ്ഥാനത്ത്-വിശുദ്ധ ഖുർആന്റെ ശൈലിയിൽ അർശ് എന്നാണ് അത് അറിയപ്പെടുന്നത്-ദൈവം മനുഷ്യ ബുദ്ധിക്ക് അതീതനാകുന്നു. അവനെ കണ്ടെത്താൻ മനുഷ്യബുദ്ധിക്ക് കഴിവുണ്ടായിരിക്കുകയില്ല. ലോകത്ത് വെളിപ്പെട്ടിട്ടുള്ളതും നാലു മലക്കുകളുടെ നാമങ്ങളാൽ വിളിക്കപ്പെടുന്നതുമായ അവന്റെ നാലു ഗുണങ്ങൾ അപ്പോൾ അവയുടെ മറഞ്ഞസത്തയെ വെളിപ്പെടുത്തുന്നു.

**ഒന്ന്, റുബൂബിയ്യത്ത്**: ഇതിലൂടെ അവൻ മനുഷ്യന് ആധ്യാത്മികവും ശാരീരികവുമായ പൂർണത നല്കുന്നു. *റുബൂബിയ്യത്തി*ന്റെ ആവശ്യപ്രകാരമാണ് ആത്മാവും ശരീരവും വെളിപ്പെടുന്നത്. അതുപോലെ, ദൈവവചനമിറങ്ങുന്നതും ദിവ്യാടയാളങ്ങൾ വെളിപ്പെടുന്നതും ഈ *റുബൂബിയ്യത്ത്* എന്ന ഗുണ വിശേഷമനുസരിച്ചാണ്.

**രണ്ട്, ദൈവത്തിന്റെ റഹ്മാനിയ്യത്ത്** എന്ന ഗുണം. അതു വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതായത്, മനുഷ്യന്റെ കർമഫലമായിട്ടല്ലാതെ അവൻ തന്നരുളിയിട്ടുള്ള അസംഖ്യം അനുഗ്രഹങ്ങൾ. ഈ ഗുണവും അവന്റെ മറഞ്ഞസത്തയെ വെളിപ്പെടുത്തുന്നു.

**മൂന്ന്, ദൈവത്തിന്റെ റഹീമിയ്യത്ത്**: സത്കർമം ചെയ്യുന്നവർക്ക് ഒന്നാമതായി *റഹ്മാനിയ്യത്ത്* എന്ന ഗുണവിശേഷത്തിന്റെ അടിസ്ഥാനത്തിൽ സത്കർമം ചെയ്യാനുള്ള ശക്തി പ്രദാനം ചെയ്യുകയും അനന്തരം *റഹ്മാനിയ്യത്ത്* എന്ന ഗുണവിശേഷം മുഖേന സത്കർമങ്ങൾ ചെയ്യിച്ചുകൊണ്ട് അവരെ ആപത്തുകളിൽനിന്ന് രക്ഷിക്കുകയും ചെയ്യുന്നു. ഈ ഗുണവിശേഷവും അവന്റെ മറഞ്ഞസത്തയെ ഉന്മീലനം ചെയ്യുന്നു.

**നാല്, മാലിക്കി യൗമിദ്ദീൻ** എന്ന ഗുണ വിശേഷമാണ്. സദ്വൃത്തർക്ക് പ്രതിഫലവും ദുർവൃത്തർക്ക് ശിക്ഷയും നല്കുന്നതിലൂടെ ഈ ഗുണവും അല്ലാഹുവിന്റെ മറഞ്ഞസത്തയെ വെളിപ്പെടുത്തുന്നു. അവന്റെ *അർശി*നെ വഹിച്ചിരിക്കുന്ന നാലു ഗുണങ്ങളാണിവ. അതായത്, ഈ ഗുണങ്ങൾ മുഖേനയാണ് അവന്റെ മറഞ്ഞസത്തയെക്കുറിച്ച് ഇഹലോകത്ത് അറിവു ലഭിക്കുന്നത്. ഈ അന്തർജ്ഞാനം പരലോകത്ത് ഇരട്ടിയായി ഭവിക്കും. അതായത്, നാലിനു പകരം എട്ടു മലക്കുകളായിരിക്കും *അർശി*നെ വഹിക്കുക.

**(ചശ്മയെ മഅ്രിഫത്ത്, റൂഹാനി ഖസായിൻ, വാല്യം 23, പേ.278-279)**

തൗഹീദ് എന്നത് ബാഹ്യവും ആന്തരികവുമായ വ്യാജദൈവങ്ങളെ നിർമൂലനം ചെയ്യുന്നതോടെ ഹൃദയത്തിൽ സംജാതമാകുകയും മനുഷ്യന്റെ ഓരോ അംശത്തിലും പ്രവഹിക്കുകയും ചെയ്യുന്ന വെളിച്ചമാകുന്നു. അതു അല്ലാഹുവും അവന്റെ റസൂലും മുഖേനയല്ലാതെ സ്വന്തം കഴിവിനാൽ എങ്ങനെ പ്രാപ്തമാകാനാണ്! തന്റെ അഹംബോധത്തെ മരിപ്പിക്കുകയും താൻ അറിവു നേടിയവനാണെന്ന സാത്താനിക അഹന്ത ഉപേക്ഷിക്കുകയും ചെയ്യുക മാത്രമാണ് മനുഷ്യന്റെ ധർമം. തന്നെപ്പറ്റി പാമരനാണെന്ന് ചിന്തിച്ചുകൊണ്ട് അയാൾ പ്രാർഥനയിൽ മുഴുകട്ടെ. അപ്പോൾ അയാളിൽ ദൈവത്തിൽനിന്ന് തൗഹീദിന്റെ വെളിച്ചം ഇറങ്ങുന്നതാണ്. ഒരു പുതുജീവിതം അവന് നല്കപ്പെടും.

**(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനി ഖസായിൻ വാല്യം.22. പേ. 148)**

ലോകാരംഭംതൊട്ട്, ദൈവത്തെ തിരിച്ചറിയുക എന്നത് പ്രവാചകനെ തിരിച്ചറിയുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ നബി മുഖേനയല്ലാതെ തൗഹീദ് ലഭിക്കുക അസംഭവ്യവും അസാധ്യവുമാണ്. ദൈവരൂപം ദർശിക്കാനുള്ള ദർപ്പണമാണ് പ്രവാചകൻ. ഈ ദർപ്പണത്തിലൂടെയാണ് ദൈവത്തിന്റെ മുഖം ദർശിക്കുമാറാകുന്നത്. ദൈവം ലോകത്ത് വെളിപ്പെടാൻ ആഗ്രഹിക്കുമ്പോൾ തന്റെ ശക്തിപ്ര

ഭാവങ്ങളുടെ പ്രതീകമായ പ്രവാചകനെ ലോകത്തേക്ക് അയക്കുന്നു; അവനിൽ തന്റെ വെളിപാട് ഇറക്കുന്നു; തന്റെ *റുബൂബിയ്യത്തിന്റെ* ശക്തിവിലാസങ്ങൾ അവനിലൂടെ പ്രകടമാക്കുന്നു. അപ്പോൾ ദൈവ മുണ്ടെന്ന് ലോകം അറിയുന്നു. ആകയാൽ, ഏതൊരു കൂട്ടരെയാണോ ദൈവത്തിന്റെ ശാശ്വതനിയമപ്രകാരം ദിവ്യസാക്ഷാത്ക്കാരത്തിനുള്ള അനിവാര്യമാർഗമായി നിശ്ചയിച്ചിരിക്കുന്നത് അവരിൽ വിശ്വസിക്കുക എന്നത് തൗഹീദിന്റെ ഭാഗമാകുന്നു. ഈ വിശ്വാസമില്ലാതെ തൗഹീദ് പൂർണമാവുക സാധ്യമല്ല. എന്തെന്നാൽ, ദിവ്യാടയാളങ്ങളും അദ്ഭുതശ ക്തിപ്രഭാവങ്ങളും കാണിച്ചുകൊണ്ട് പ്രവാചകൻ ജനങ്ങളെ കൊണ്ടെ ത്തിക്കുന്ന ദിവ്യജ്ഞാനം കൂടാതെ സമ്പൂർണ ദൃഢജ്ഞാനത്തിൽ നിന്ന് നിർഗളിക്കുന്ന സംശുദ്ധ തൗഹീദ് കരഗതമാവുക സാധ്യമല്ല. ദൈവത്തെ കാണിച്ചു കൊടുക്കുന്ന ഒരു സംഘം ആളുകളാണവർ. അവരിലൂടെയാണ് അതിനിഗൂഢനും അഗോചരനും അതീന്ദ്രിയനു മായ ദൈവം വെളിപ്പെടുന്നത്. ദൈവം എന്നു വിളിക്കപ്പെടുന്ന ആ നിഗൂഢനിധി എപ്പോഴും പ്രവാചകരിലൂടെ മാത്രമേ തിരിച്ചറിയപ്പെ ട്ടിട്ടുള്ളു. ദൈവത്തെ സംബന്ധിച്ചിടത്തോളം കർമപരമായ നിലയിൽ സമ്പൂർണ വർണം ചാർത്തപ്പെട്ടതെന്ന് വിളിക്കപ്പെടുന്ന ആ തൗഹീദ് നബിയെ കൂടാതെ കരഗതമാകുക എന്നത് എപ്രകാരം യുക്തിവിരു ദ്ധമാണോ അപ്രകാരം തന്നെ മുൻകാല മഹത്തുക്കളുടെ അനുഭവ സാക്ഷ്യങ്ങൾക്ക് നിരക്കാത്തതുമാണ്.

**(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനി ഖസായിൻ വാല്യം.22. പേ. 115-116)**

ദൈവം നമ്മിൽനിന്ന് ആഗ്രഹിക്കുന്നതും മോക്ഷസിദ്ധിക്കായി ഏറ്റു പറയേണ്ടതുമായ യഥാർഥ തൗഹീദ് എന്നത് ദൈവത്തെ എല്ലാ വിധ ശിർക്കിൽനിന്നും, അതു വിഗ്രഹമോ മനുഷ്യനോ സൂര്യചന്ദ്രന്മാരോ അഹംബോധമോ ഒരുവന്റെ കൗശലമോ വഞ്ചനാകൃത്യങ്ങളോ ആകട്ടെ, പരിശുദ്ധനാണെന്ന് വിശ്വസിക്കലാണ്. അവനെതിരെ ആരെയും ശക്തനായി ഗണിക്കാതിരിക്കലാണ്; ഉപജീവനം നല്കുന്നവനായി ആരെയും അംഗീകരിക്കാതിരിക്കലാണ്; ആദരവും അനാദരവും നല് കുന്നവനായി ഒരുവനെയും ചിന്തിക്കാതിരിക്കലാണ്; സഹായിയും പിന്തുണയേകുന്നവനുമായി ആരുമില്ലെന്ന് ഏറ്റുപറയലാണ്. രണ്ടാ മതായി, തന്റെ സ്നേഹത്തെ അവനോടു മാത്രമായി സവിശേഷപ്പെ ടുത്തുകയും തന്റെ ആരാധനകളെ അവനുവേണ്ടി പ്രത്യേകപ്പെടു ത്തുകയും അവനോടു മാത്രം വിനയം കൈക്കൊള്ളുകയും തന്റെ

പ്രതീക്ഷകളെ അവനിൽ മാത്രം അർപ്പിക്കുകയും അവനെ മാത്രം ഭയപ്പെടുകയും ചെയ്യുക എന്നതാണ്. ആകയാൽ, മൂന്നുതരം സവിശേഷതകളില്ലാതെ ഒരു തൗഹീദും പൂർണമാകുന്നതല്ല.

ഒന്ന്, സത്തയുടെ അടിസ്ഥാനത്തിലുള്ള തൗഹീദ്. അതായത്, അവന്റെ സത്തയ്ക്കെതിരിൽ സകല വസ്തുക്കളെയും നാസ്തിയെന്ന വണ്ണം കണക്കാക്കുകയും എല്ലാം നശ്വരവും സ്വന്തമായി നിലനില്പ്പില്ലാത്തതുമാണെന്ന് ചിന്തിക്കുകയും ചെയ്യുക.

രണ്ട്, ഗുണങ്ങളുടെ അടിസ്ഥാനത്തിലുള്ള തൗഹീദ്. അതായത്, ദൈവത്വത്തിന്റെയും രക്ഷാപരിപാലനത്തിന്റെയും ഗുണങ്ങളെ സ്രഷ്ടാവായ അല്ലാഹുവിലല്ലാതെ മറ്റാരിലും ആരോപിക്കാതിരിക്കുകയും പരിപാലകരും അനുഗ്രഹദാതാക്കളുമായി ബാഹ്യദൃഷ്ട്യാ കാണപ്പെടുന്നവരെ ദൈവികകരങ്ങളാൽ സ്ഥാപിതമായ സംവിധാനത്തിന്റെ ഭാഗമായി വിശ്വസിക്കുകയും ചെയ്യുക.

മൂന്ന്, സ്നേഹം, സത്യസന്ധത, സമർപ്പണം ഇവയുടെ അടിസ്ഥാനത്തിലുള്ള തൗഹീദ്. അതായത്, സ്നേഹത്തിലും ആരാധനാകാര്യങ്ങളിലും ദൈവത്തിന് പങ്കുകാരെ നിശ്ചയിക്കാതിരിക്കുകയും അവനിൽതന്നെ വിലയം പ്രാപിക്കുകയും ചെയ്യുക.

**(സിറാജുദ്ദീൻ ഈസായി കെ ചാർ സവാലോം കാ ജവാബ്, റൂഹാനി ഖസായിൻ, വാല്യം.12,പേ.349-350)**

## ക്രിസ്ത്യാനികളും ഏകദൈവവിശ്വാസവും

ഏകദൈവവിശ്വാസവും ദൈവാസ്തിക്യവും ഇക്കാലത്ത് ശക്തമായ എതിർപ്പുകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികൾ തന്നെയും കഠിനമായി യത്നിക്കുകയും എഴുതുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവർ എഴുതിയതും പറഞ്ഞതുമെല്ലാം ഇസ്ലാമിലെ ദൈവത്തെ സംബന്ധിച്ചാണ്; മൃതനും ക്രൂശിതനും ദുർബലനുമായ ദൈവത്തെ കുറിച്ചല്ല. ദൈവാസ്തിക്യത്തിൽ ആര് തൂലിക ചലിപ്പിച്ചാലും, നാം ആത്മവിശ്വാസത്തോടെ പ്രഖ്യാപിക്കുന്നു, ഒടുവിൽ അയാൾക്ക് ഇസ്ലാം അവതരിപ്പിക്കുന്ന ദൈവത്തെ അവതരിപ്പിക്കേണ്ടി വരുന്നതാണ്. എന്തെന്നാൽ, നിയതിയുടെ ഏടുകളിലെ ഓരോ ഇലയും അവന്റെ അസ്തിത്വം വിളിച്ചോതുന്നു. പ്രകൃത്യാ ദൈവികമുദ്ര ഉൾക്കൊള്ളുന്നവനത്രേ മനുഷ്യൻ.

**(മൽഫൂസാത്ത് വാല്യം1 പേ.83)**

യേശു പുനരുത്ഥാനത്തിന് നിദർശനമായിരുന്നുവെന്നോ ക്രിസ്ത്യാനികൾ ഉയിർത്തെഴുന്നേറ്റുവെന്നോ അല്പം പോലും സ്ഥാപിത

മല്ലെന്ന് ക്രിസ്ത്യാനികൾ ഓർക്കേണ്ടതാണ്. അവർ മൃതരും മറ്റെല്ലാ മൃതരെക്കാൾ ഇടുങ്ങിയതും ഇരുൾ മുറ്റിയതുമായ ഒന്നാം കിട ഖബ റുകളിൽ കിടക്കുകയും ശിർക്കിൽ ചെന്നു വീഴുകയും ചെയ്തിരി ക്കുന്നു. വിശ്വാസചൈതന്യമോ വിശ്വാസചൈതന്യത്തിന്റെ അനുഗ്രഹ ങ്ങളോ അവരിലില്ല. എന്നല്ല, സൃഷ്ടിപൂജയിൽനിന്ന് വിട്ടുനില്ക്കുക എന്ന ഏറ്റവും താഴ്ന്ന നിലയിലുള്ള തൗഹീദു പോലും അവർക്കു ലഭിക്കാതെ പോയി. തന്നെപ്പോലെ ദുർബലനും നിസ്സഹായനുമായ ഒരുവനെയാണ് അവർ ആരാധിക്കുന്നത്.

തൗഹീദിന് മൂന്നു ശ്രേണികളുണ്ടെന്ന കാര്യം ഓർക്കേണ്ടതാണ്. കല്ല്, അഗ്നി, മനുഷ്യൻ, നക്ഷത്രങ്ങൾ തുടങ്ങിയ തന്നെപ്പോലുള്ള സൃഷ്ടികളെ ആരാധിക്കാതിരിക്കുക എന്നതാണ് ഏറ്റവും താഴെ പടിയിലുള്ള തൗഹീദ്. രണ്ടാമത്തെ ശ്രേണിയിലുള്ള തൗഹീദ്, ദൈവ ത്തിന്റെ പരിപാലനപ്രക്രിയയിൽ സ്ഥിരമായി ഇടപെടുന്നവരാണെന്ന മട്ടിൽ ഭൗതികമാർഗോപാധികൾക്ക് കീഴ്പ്പെടാതിരിക്കുക എന്നതാണ്. ആ ഉപാധികൾക്ക് കാരണഭൂതനായവനിലാണ്, ഭൗതികോപാധിക ളിലല്ല, ശ്രദ്ധിപതിപ്പിക്കേണ്ടത്. തൗഹീദിന്റെ മൂന്നാമത്തെ ശ്രേണി, ദിവ്യചൈതന്യങ്ങളെ സമ്പൂർണമായി ദർശിച്ചുകൊണ്ട് താനുൾപ്പെടെ ഇതര സത്തകളെല്ലാം നാസ്തിയാണെന്ന് കാണുക. സമ്പൂർണ ഗുണ ങ്ങളോടു കൂടിയ ദൈവത്തിന്റെ സത്തയല്ലാതെ, മറ്റെല്ലാ വസ്തുക്കളും നശ്വരമായി കാണപ്പെടുക എന്നു ചുരുക്കം. ആധ്യാത്മിക ജീവിതം എന്നാൽ തൗഹീദിന്റെ ഈ മൂന്നു ശ്രേണികളും സ്വായത്തമാക്കു കയാണ്. ഇനി ചിന്തിച്ചു നോക്കുക, ആധ്യാത്മിക ജീവിതത്തിന്റെ അനശ്വര അരുവികളെല്ലാം ഈ ലോകത്ത് വന്നത് മുഹമ്മദ്നബി(സ) തിരുമേനിയിലൂടെ മാത്രമാണ്. അവർ(മുസ്ലിംകൾ) പ്രവാചകന്മാരല്ല, എങ്കിലും പ്രവാചകന്മാരെപ്പോലെ ദൈവവുമായി ഭാഷണം നടത്തുന്ന സമുദായമാകുന്നു. അവർ ദൂതന്മാരല്ല, എങ്കിലും ദൂതന്മാരെപ്പോലെ ജ്വലിക്കുന്ന അടയാളങ്ങൾ അവരുടെ കരങ്ങളാൽ വെളിപ്പെടുകയും ആധ്യാത്മിക ജീവിതത്തിന്റെ മഹാസാഗരം അവരിലൂടെ ഒഴുകാൻ തുടങ്ങുകയും ചെയ്യുന്നു. അവരെ എതിരിടാൻ ആരാലും സാധ്യമല്ല. ദിവ്യാടയാളങ്ങളും ദിവ്യാനുഗ്രഹങ്ങളും കാണിക്കുന്ന കാര്യത്തിൽ നമ്മെ വെല്ലുവിളിച്ച് നമ്മുടെ ഈ വാദത്തിന് മറുപടി പറയുന്നവ രായി ആരെങ്കിലുമുണ്ടോ!!!!

**(ആയിനെ കമാലാത്തെ ഇസ്ലാം, റൂഹാനി ഖസായിൻ ,വാള്യം.5,പേ. 223-224)**

## ശിർക്കിന്റെ ദോഷഫലങ്ങൾ

ദൈവേതരരിലേക്ക് ചായുന്നതിന്റെ ദോഷവശങ്ങൾ വിവരിക്കുന്ന വാക്കുകൾ ലഭിക്കാത്തതിൽ ഞാൻ ദു:ഖിക്കുന്നു. ജനങ്ങൾ മറ്റുള്ള വർക്കു മുൻപിൽ കേഴുകയും അവർക്ക് സ്തുതിപാടുകയും ചെയ്യുന്നു. ദൈവത്തിന്റെ അഭിമാനബോധത്തെ ആളിക്കത്തിക്കുന്ന സംഗതിയാണിത്. എന്തെന്നാൽ, അതു ജനങ്ങളോടുള്ള നമസ്ക്കാരമാകുന്നു. അതുകൊണ്ട് അവൻ അതിൽനിന്ന് അകലുകയും അവയെ ദൂരെ കളയുകയും ചെയ്യുന്നു. വ്യക്തമായ വാക്കുകളിൽ ഞാൻ അത് വിവരിക്കാം. ഈ സംഗതി ഇപ്രകാരമല്ലെങ്കിലും നല്ലപോലെ ഗ്രഹിക്കാൻ സാധിക്കുന്നതാണ്. തന്റെ ഭാര്യ മറ്റൊരാളുമായി ബന്ധം സ്ഥാപിക്കുന്നത് കാണാൻ അഭിമാനബോധമുള്ള ഒരു ഭർത്താവിന് സഹിക്കാൻ കഴിയില്ല. ആ സാഹചര്യത്തിൽ ഭർത്താവ് ആ മോശം സ്ത്രീയെ വധാർഹയായി ഗണിക്കുന്നു. അത്തരം ദുരന്തങ്ങളും ചിലപ്പോൾ ഉണ്ടാകാറുണ്ട്. ഇതുപോലുള്ള അഭിമാനബോധവും ആവേശവുമാണ് ദൈവത്വത്തെ സംബന്ധിച്ചുമുള്ളത്. ആരാധനയും പ്രാർഥനയും അവനുവേണ്ടി സവിശേഷമാക്കപ്പെട്ടിരിക്കുന്നു. മറ്റാരെയെങ്കിലും ആരാധിക്കുകയോ വിളിച്ചു പ്രാർഥിക്കുകയോ ചെയ്യുന്നത് അവന് ഇഷ്ടപ്പെടാനാവില്ല. അതുകൊണ്ട് നല്ലവണ്ണം ഓർത്തുകൊള്ളുവിൻ! വീണ്ടും ഓർത്തുകൊള്ളുവിൻ! ദൈവേതരരിലേക്ക് ചായുക ദൈവത്തിൽനിന്ന് ബന്ധം വിച്ഛേദിക്കലാണ്. നമസ്ക്കാരത്തിലും തൗഹീദിലും-തൗഹീദിന്റെ പ്രായോഗികമായ ഏറ്റു പറച്ചിലാണല്ലോ നമസ്ക്കാരം-വിനയത്തിന്റെയും താഴ്മയുടെയും ചൈതന്യവും ഏകാഗ്രമായ മനസ്സും ഇല്ലെങ്കിൽ അത് അനുഗ്രഹരഹിതവും നിഷ്പ്രയോജനകരവുമായിത്തീരുന്നു.

**(മൽഫൂസാത്ത്, വാല്യം.1 പേ. 167)**

ശിർക്ക് പലവിധത്തിലുണ്ട്. ഹിന്ദുക്കളും ക്രിസ്ത്യാനികളും യഹൂദികളും മറ്റു വിഗ്രഹാരാധകരും അകപ്പെട്ടിട്ടുള്ള വ്യക്തവും സ്പഷ്ടവുമായ ശിർക്കാണ് ഒന്ന്. അവർ മനുഷ്യനെയോ കല്ലുകളെയോ, ജീവനില്ലാത്ത വസ്തുക്കളെയോ ശക്തികളെയോ, സാങ്കല്പിക ദേവീദേവന്മാരെയോ ദൈവങ്ങളാക്കിയിരിക്കുന്നു. ഈ ശിർക്ക് ഇപ്പോഴും ലോകത്തുണ്ടെങ്കിലും ഇത്തരം ശിർക്കുകളെ മനുഷ്യബുദ്ധി വെറുപ്പോടെ നോക്കിക്കാണാൻ തുടങ്ങിയിരിക്കുന്ന പ്രബുദ്ധതയുടെയും വിജ്ഞാനത്തിന്റെയും കാലഘട്ടമാണിത്. സ്വന്തം നാടിന്റെ മതമെന്ന നിലയിൽ പ്രത്യക്ഷ്യാ ഈ മൂഢവിശ്വാസത്തെ ഇവർ പുലർത്തുന്നുവെങ്കിലും ഹൃദയാന്തരാളങ്ങളിൽ ആളുകൾ അവയെ വെറുത്തു

കൊണ്ടിരിക്കുകയാണ്. അതേസമയം, വിഷം കണക്കെ ആരുമറിയാതെ ബാധിച്ചു കൊണ്ടിരിക്കുന്ന ഒരുതരം ശിർക്കുണ്ട്. ഇക്കാലഘട്ടത്തിൽ അത് വളരെയേറെ വർദ്ധിച്ചിരിക്കുന്നു. ദൈവത്തിലുള്ള വിശ്വാസവും ഭരമേല്പിക്കലും നഷ്ടിപ്പെട്ടിരിന്നു എന്നതാണത്.

ലൗകികമാർഗോപാധികളെ തീർത്തും വിട്ടുകളയണമെന്നതല്ല എന്റെ മതം. അങ്ങനെ ഞാനൊരിക്കലും പറയുന്നുമില്ല. എന്തെന്നാൽ, അനിവാര്യമായ അളവോളം ലൗകികോപാധികളെ അവലംബിക്കാനും ദൈവം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ആ നിലയിൽ അവയെ അവലംബിക്കാതിരിക്കുന്നത് മാനുഷികകഴിവുകളെ അനാദരിക്കലും മഹത്തായ ദൈവികകർമങ്ങളെ നിന്ദിക്കലുമാണ്. എന്തെന്നാൽ, ലൗകികോപാധികളെ അനുവർത്തിക്കാതിരിക്കുന്ന സാഹചര്യത്തിൽ ദൈവം മനുഷ്യന് തന്നരുളിയിരിക്കുന്ന കഴിവുകളെയത്രയും ഉപയോഗിക്കാതെ നിഷ്പ്രയോജനകരമായി തള്ളേണ്ടി വരും. അവയിൽനിന്ന് ഗുണമെടുക്കാതെ തള്ളിക്കളയുന്നത് ദൈവികപ്രവൃത്തികളെ നിഷ്പ്രയോജനങ്ങളായി കരുതുന്നതിനു തുല്യമാണ്. അതിനാൽ അതു വലിയൊരു പാപമായിത്തീരും. ഭൗതികോപാധികളെ തികച്ചും പരിഗണിക്കരുതെന്ന കാഴ്ചപ്പാട് നമുക്കൊരിക്കലുമില്ല. ഭൗതികോപാധികൾ ഒരളവോളം അനിവാര്യവുമാണ്. പരലോകത്തെ സംബന്ധിച്ചും ഉപാധികളുണ്ടല്ലോ. ഈ ലോകത്തും പരലോകത്തും സൗഖ്യം ലഭിക്കുന്നതിനുവേണ്ടിയാണ് ദൈവകല്പനകളെ പാലിക്കുകയും തിന്മകളെ വർജിക്കുകയും നന്മകളെ സ്വായത്തമാക്കുകയും ചെയ്യുന്നത്. ആ നിലയ്ക്ക് നന്മകൾ ഭൗതികോപാധികളുടെ പകരക്കാരായി. ഇതുപോലെ ലൗകികാവശ്യങ്ങൾ നിവർത്തിക്കുന്നതിനായി ലൗകികോപാധികൾ അവലംബിക്കുന്നതിനെ ദൈവം വിലക്കിയിട്ടില്ല. തന്റെ കുടുംബത്തോടും സന്താനങ്ങളോടും മറ്റു ബന്ധുക്കളോടും സ്വാത്മാവിനോടുമുള്ള കടമകൾ നിർവഹിക്കുന്നതിന് പൊതുസേവകന് പൊതുസേവനം ചെയ്യാം; കർഷകന് കൃഷിപ്പണി ചെയ്യാം; തൊഴിലാളികൾക്ക് തൊഴിൽ ചെയ്യാം. ആകയാൽ, ഒരു നിശ്ചിത പരിധിവരെ ഇവയെല്ലം അനുവദിക്കപ്പെട്ടിരിക്കുന്നു; വിലക്കിയിട്ടില്ല. എന്നാൽ മനുഷ്യൻ പരിധി ലംഘിച്ചുകൊണ്ട് ലൗകികോപാധികളിൽതന്നെ വിശ്വാസമർപ്പിക്കുകയും എല്ലാ കാര്യത്തിലും ലൗകികോപാധികളെ മാത്രം നിദാനമാക്കുകയും ചെയ്യുകയാണെങ്കിൽ അത് ശിർക്കാണ്. അത് മനുഷ്യനെ അവന്റെ പരമലക്ഷ്യത്തിൽനിന്ന് അകറ്റി കളയുന്നു. ഉദാഹരണമായി, ഇന്നമാർഗം ഇല്ലായിരുന്നെങ്കിൽ താൻ വിശന്നു മരിച്ചേനെ

അല്ലെങ്കിൽ ഇന്ന സ്വത്തുക്കളോ ജോലിയോ ഇല്ലായിരുന്നെങ്കിൽ തന്റെ അവസ്ഥ മോശമായേനെ, ഇന്ന സുഹൃത്തില്ലായിരുന്നെങ്കിൽ താൻ പ്രയാസത്തിലായേനെ എന്നൊക്കെ ഒരാൾ പറയുന്നുവെന്നിരിക്കട്ടെ. സ്വത്തുക്കളിലും മാർഗങ്ങളിലും സുഹൃത്തുക്കളിലും ഇത്തരത്തിൽ അല്ലാഹുവിൽനിന്ന് പൂർണമായും അകന്നുപോകുന്നവിധം വിശ്വാസ മർപ്പിക്കുന്നത് അവൻ ഒരിക്കലും ഇഷ്ടപ്പെടാത്ത സംഗതികളാണ്. വിശുദ്ധ ഖുർആന്റെ പാഠങ്ങൾക്കു നിരക്കാത്ത അപകടകരമായ ശിർ ക്കാണിത്. അല്ലാഹു പറയുന്നു:

وَفِي السَّمَاءِ رِزْقُكُمْ وَمَا تُوعَدُونَ

(വിശുദ്ധ ഖുർആൻ 51:23)

വീണ്ടും പറയുന്നു:

وَمَنْ يَتَوَكَّلْ عَلَى اللَّهِ فَهُوَ حَسْبُهُ

(വിശുദ്ധ ഖുർആൻ 65:4)

വീണ്ടും പറയുന്നു:

وَمَنْ يَتَّقِ اللَّهَ يَجْعَلْ لَهُ مَخْرَجًا - وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ

(വിശുദ്ധ ഖുർആൻ 65:3,4)

മറ്റൊരിടത്ത് പറയുന്നു:

وَهُوَ يَتَوَلَّى الصَّالِحِينَ

(വിശുദ്ധ ഖുർആൻ7:197)

അല്ലാഹു മുത്തഖീങ്ങളുടെ കാവലാളും മേൽനോട്ടക്കാരനുമാണെന്ന വചനങ്ങളാൽ നിർഭരമാണ് വിശുദ്ധ ഖുർആൻ. എന്നിരിക്കെ, മനുഷ്യൻ ലൗകികോപാധികളെ മാത്രം ആശ്രയിക്കുകയും വിശ്വാസമർപ്പിക്കു കയും ചെയ്യുന്നതിലൂടെ അവയിൽ ദൈവികഗുണങ്ങൾ ആരോപിക്കു കയും അവനെ കൂടാതെ മറ്റൊരു ദൈവത്തെ തനിക്കായി സ്വീകരി ക്കുകയുമാണ് ചെയ്യുന്നത്. അവൻ ഒരു വശത്തേക്കു ചായുമ്പോൾ ശിർക്കിലേക്ക് ചുവടു വെയ്ക്കുന്നു. ഭരണാധികാരികളിലേക്ക് ചായു ന്നവർ അവരിൽനിന്ന് ഉപഹാരങ്ങളും സ്ഥാനപ്പേരുകളും നേടുന്നു. അവരുടെ ഹൃദയങ്ങളിൽ ഭരണാധികാരികളെപ്പറ്റി ദൈവതുല്യമായ ആദരവ് കടന്നു കൂടി ആരാധകരായി മാറുന്നു. തൗഹീദിനെ വേരോടെ പിഴുതെറിയുന്ന സംഗതിയാണിത്. മനുഷ്യനെ അവന്റെ യഥാർഥ ലക്ഷ്യത്തിൽനിന്ന് അത് അകറ്റി കളയുന്നു. ഭൗതികോപാധികളും

തൗഹീദും തമ്മിൽ വൈരുധ്യമുണ്ടാകരുതെന്നും ഓരോ സംഗതിക്കും അവയുടെതായ സ്ഥാനം നല്കണമെന്നും അന്തിമലക്ഷ്യം തൗഹീദായിരിക്കണമെന്നുമാണ് പ്രവാചകന്മാർ പഠിപ്പിക്കുന്നത്. എല്ലാ ബഹുമാനങ്ങളുടെയും എല്ലാ സുഖങ്ങളുടെയും എല്ലാ ആവശ്യങ്ങളുടെയും മേൽനോട്ടക്കാരൻ ദൈവം മാത്രമാണെന്ന് അവൻ മനുഷ്യരെ പഠിപ്പിക്കാനഗ്രഹിക്കുന്നു. അവനെതിരെ മറ്റാരെയെങ്കിലും പ്രതിഷ്ഠിക്കുന്നപക്ഷം രണ്ട് എതിർസംഗതികൾ തമ്മിലുള്ള സംഘർഷത്താൽ ഒന്ന് നശിക്കുമെന്നത് സ്പഷ്ടമാണ്. അതുകൊണ്ടുതന്നെ ദൈവത്തിന്റെ ഏകത്വം മുന്തിക്കപ്പെടേണ്ടതുണ്ട്. ലൗകികോപാധികളെ അവലംബിച്ചു കൊള്ളുക; അവയെ ദൈവമാക്കരുത്. നേട്ടവും കോട്ടവും ദൈവത്തിന്റെ കരങ്ങളിലാണെന്നും അവൻതന്നെയാണ് യഥാർഥ ഔദാര്യവാനെന്നും ഓരോ തരിയും അവനിൽ നിന്നുള്ളതാണെന്നും ഇടനിലക്കാരായി ആരുമില്ലെന്നും മനുഷ്യൻ ഗ്രഹിക്കുമ്പോൾ ഈ തൗഹീദ് മുഖേന ദൈവത്തോട് ഒരുതരം സ്നേഹം ജന്മം കൊള്ളുന്നു. മനുഷ്യൻ പരിശുദ്ധമായ ഈയവസ്ഥ കരസ്ഥമാക്കുന്നതോടെ അവൻ ഏകദൈവവിശ്വാസി എന്നു വിളിക്കപ്പെടുന്നു. ചുരുക്കത്തിൽ, മനുഷ്യൻ കല്ലുകളെയും മനുഷ്യരെയും മറ്റേതെങ്കിലും വസ്തുവിനെയും ദൈവമാക്കാതിരിക്കുന്നത് തൗഹീദിന്റെ ഒരു അവസ്ഥയാണ്. അവയെ ദൈവമാക്കുന്നതിനോട് വെറുപ്പും അറപ്പും അവർ കാണിക്കുന്നു. രണ്ടാമത്തെ അവസ്ഥ, ലൗകികോപാധികൾക്ക് അളവിൽ കവിഞ്ഞ പ്രാധാന്യം നല്കാതിരിക്കുകയാണ്. മൂന്നാമത്തെ അവസ്ഥയാകട്ടെ, തന്റെ അഹംബോധത്തെയും സ്വാർഥലക്ഷ്യങ്ങളെയും ഇടയിൽനിന്നുയർത്തിക്കൊണ്ട് അവയെ നിർമൂലനം ചെയ്യുക എന്നതാണ്. താൻ ഇന്ന നന്മ സ്വന്തം കഴിവുകൊണ്ട് ചെയ്തുവെന്നും അതിനുള്ള ഗുണവും കഴിവും തനിക്കുണ്ടെന്നും മിക്ക സമയങ്ങളിലും മനുഷ്യൻ വിചാരിക്കുന്നു. എല്ലാ പ്രവൃത്തികളെയും സ്വന്തം കഴിവിൽ മാത്രം ആരോപിക്കുകയും ആ കഴിവുകളെ അവൻ ആശ്രയിക്കുകയും ചെയ്യുന്നു. മനുഷ്യൻ തന്റെ കഴിവുകളെ നിഷേധിക്കുമ്പോഴാണ് അവൻ യഥാർഥ ഏകദൈവവിശ്വാസിയാകുന്നത്.

**(അൽഹക്കം 1902 ജൂലായ് 31, പേ.5,6 മൽഫൂസാത്ത്, വാല്യം.2. പേ.56 എഡിഷൻ 2003)**

ത്രിയേകത്വത്തിലും പാപപരിഹാരസിദ്ധാന്തത്തിലും വിശ്വസിക്കാത്തവർ ശാശ്വത നരകത്തിലേക്ക് തള്ളപ്പെടുമെന്നാണ് ക്രിസ്ത്യൻ സഹോദരങ്ങൾ വിശ്വസിക്കുന്നത്......അപരിമേയനായ ദൈവത്തെ

മൂന്നോ നാലോ പങ്കാളികളിൽ പരിമിതപ്പെടുത്തുക, അവയിൽ ഓരോന്നും സ്വയം പരിപൂർണനാണെങ്കിലും കൂടിച്ചേർന്നു നില്ക്കാൻ നിർബന്ധിതരാണെന്ന് വിശ്വസിക്കുക, ആദിയിൽ ദൈവം വചനമായിരുന്നുവെന്നും ദൈവമായിരുന്ന ആ വചനം മറിയമിന്റെ ഉദരത്തിൽ വന്ന് അവളുടെ രക്തത്താൽ രൂപംപ്രാപിച്ചുകൊണ്ട് അങ്ങനെ സാധാരണ നിലയിൽ ജന്മമെടുക്കുകയും മനുഷ്യനെ ബാധിക്കുന്ന വസൂരി, പല്ലുവേദന എന്നിങ്ങനെയുള്ള സകല ക്ലേശങ്ങളും സഹിക്കുകയും ഒടുവിൽ യുവാവായപ്പോൾ പിടിച്ച് ക്രൂശിക്കപ്പെടുകയും ചെയ്തു എന്ന് അംഗീകരിക്കുക- ഇത് അത്യന്തം മ്ലേച്ഛകരമായ ശിർക്കാകുന്നു. ഇതിൽ മനുഷ്യനെ ദൈവമാക്കുകയാണ് ചെയ്യുന്നത്. ആരുടെയെങ്കിലും ഉദരത്തിൽ വന്ന് രൂപംപ്രാപിക്കുകയും ശത്രുക്കളുടെ കൈകളാൽ പിടിക്കപ്പെടുകയും ചെയ്യുന്നതിൽനിന്ന് ദൈവം പരിശുദ്ധനത്രേ. ദൈവം ഇത്തരം പീഡനങ്ങളേല്ക്കുകയും ദുരിതങ്ങൾ പേറുകയും ചെയ്യുമെന്ന് മനുഷ്യപ്രകൃതത്തിന് ഉൾക്കൊള്ളാനാവില്ല. സകല മഹത്ത്വങ്ങളുടെ ഉടമയും സർവാദരങ്ങളുടെ പ്രഭവകേന്ദ്രവുമായ അവൻ ഈ നിന്ദ്യതകളെല്ലാം വകവെച്ചു കൊടുക്കുമെന്ന് അംഗീകരിക്കാനാവില്ല. ദൈവം അപമാനം പേറിയ ആദ്യസന്ദർഭമാണിതെന്നും ഇത്തരത്തിലുള്ള നിന്ദ്യത ദൈവത്തിനു മുൻപൊരിക്കലും ചുമക്കേണ്ടി വന്നിട്ടില്ലെന്നുമാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. മനുഷ്യനെപ്പോലെ ദൈവവും സ്ത്രീയുടെ ഉദരത്തിൽ ബീജസങ്കലനത്തിലേർപ്പെട്ട് ഗർഭമായതായ സംഭവം ഒരിക്കലുണ്ടായിട്ടില്ല. ജനങ്ങൾ ദൈവനാമം കേൾക്കുന്നതുതൊട്ട് മനുഷ്യനെപ്പോലെ അവനും സ്ത്രീയുടെ വയറ്റിൽനിന്ന് ജന്മമെടുത്തതായി അവർ കേട്ടിട്ടില്ല. ക്രിസ്ത്യാനികൾ സ്വയം സമ്മതിക്കുന്ന സംഗതികളാണിവ. ദൈവത്തിലെ ഈ മൂന്നു പങ്കുകാർക്കും ആദ്യം വെവ്വേറെ ശരീരങ്ങളില്ലായിരുന്നെങ്കിലും 1896 വർഷം മുൻപുള്ള ഒരു പ്രത്യേക കാലംതൊട്ട് ഈ മൂന്നു പങ്കാളികൾക്കും പ്രത്യേകം പ്രത്യേകം ശരീരങ്ങൾ നിശ്ചയിക്കപ്പെടുകയുണ്ടായി. പിതാവായ ദൈവത്തിന് ആദാമിന്റെ രൂപമാണ്. കാരണം, അവൻ ആദാമിനെ സ്വന്തം രൂപത്തിലാണല്ലോ സൃഷ്ടിച്ചത്( ഉത്പത്തി 1:27). പുത്രനായ ദൈവം യേശുവിന്റെ രൂപത്തിൽ പ്രത്യക്ഷനായി(യോഹന്നാൻ 1:1). പരിശുദ്ധാത്മാവാകട്ടെ, പ്രാവിന്റെ രൂപം സ്വീകരിക്കുകയും ചെയ്തു.(മത്തായി 3:16)

മൂർത്തങ്ങളായ ഈ മൂന്നു ദൈവങ്ങളും എന്നെന്നും മൂർത്തങ്ങളും എന്നെന്നേക്കും പ്രത്യേക അസ്തിത്വങ്ങളുള്ളവയുമാണെന്നതാണ്

ക്രിസ്തീയ സങ്കല്പം. ഇങ്ങനെയൊക്കെയാണെങ്കിലും ഇവ മൂന്നും ചേർന്നാണ് ഒരു ദൈവമാകുന്നത്. ശാശ്വതമായ നിലയിൽ മൂർത്തവും മാറ്റമുള്ളതുമായ ഈ മൂന്നും ഒന്നാകുന്നതെങ്ങനെയെന്ന് ആർക്കെങ്കിലും പറഞ്ഞു തരുവാൻ കഴിയുമെങ്കിൽ നന്നായിരുന്നു. ഡോക്ടർ മാർട്ടിൻ ക്ലാർക്കിനെയും പാതിരി ഇമാമുദ്ദീനെയും പാതിരി ഠാക്കുർ ദാസിനെയും അവരുടെ ശരീരത്തെ വെവ്വേറെ നിലനിർത്തിക്കൊണ്ടു തന്നെ ആരെങ്കിലും യോജിപ്പിച്ചു കാണിക്കട്ടെ. ഈ മൂന്നുപേരെയും അടിച്ചു ശരിയാക്കി അവരിൽ ചിലരുടെ മാംസങ്ങളെ കൂട്ടിച്ചേർത്താൽ പോലും ദൈവം മൂന്നായി സൃഷ്ടിച്ചവരെ ഒന്നാക്കാൻ ഒരിക്കലുമാവില്ലെന്ന് നമുക്ക് ദൃഢമായും പറയാൻ സാധിക്കും. തന്നെയുമല്ല, മാറ്റത്തിനും വിഘടനത്തിനും സാധ്യതയുണ്ടായിട്ടും ഈ നശ്വരശരീരം ഒന്നാവുക സാധ്യമല്ലെന്നിരിക്കെ ക്രിസ്ത്യൻ വിശ്വാസപ്രകാരം തന്നെ മാറ്റത്തിനും വിഘടനത്തിനും അനുവദനീയമല്ലാത്ത ഈ മൂന്നു മൂർത്തങ്ങൾ ഒന്നാകുന്നതെങ്ങനെ?

ക്രിസ്ത്യാനികളുടെ ഈ മൂന്നു ദൈവങ്ങളും ഒരു കമ്മിറ്റിയിലെ മൂന്നംഗങ്ങളെപ്പോലെയാണെന്നു പറയുന്നത് അസ്ഥാനത്താകില്ല. ഈ മൂന്നുപേരുടെയും ഐകകണ്ഠേനയുള്ള അഭിപ്രായത്താൽ ആയിരിക്കും ഓരോ കല്പനയും നടപ്പാക്കപ്പെടുന്നത്. അല്ലെങ്കിൽ ഭൂരിപാക്ഷാഭിപ്രായത്താൽ തീരുമാനിക്കപ്പെടുകയായിരിക്കും ചെയ്യുന്നത്. അങ്ങനെ ദൈവത്വവും ഒരു റിപ്പബ്ലിക്കൻ ഗവൺമെന്റുപോലെയായി. ദൈവത്തിന് സ്വന്തമായി ഭരണം നടത്താനാവതെ എല്ലാ കാര്യത്തിനും കൗൺസിലിനെ ആശ്രയിക്കേണ്ടി വന്നിരിക്കുന്നു. ഇതാണ് ക്രിസ്ത്യാനികളുടെ സങ്കരദൈവമെന്ന് ചുരുക്കം. ഇതാർക്കും പരിശോധിച്ചു നോക്കാവുന്നതാണ്.

**(അഞ്ചാമെ ആഥിം,റൂഹാനി ഖസായിൻ, വാള്യം.11,പേ.34-36)**

ക്രിസ്തുമതം ഏകദൈവതത്ത്വത്തിൽ നിന്നന്യവും ശൂന്യവുമായി ഭവിച്ചിരിക്കുന്നു. ഇവർ സത്യദൈവത്തിൽനിന്ന് മുഖം തിരിച്ചുകൊണ്ട് ഒരു ഇസ്രായീലീ വനിതയുടെ മകനായ ഒരുവനെ പുതിയ ദൈവമാക്കി മാറ്റിയിരിക്കുകയാണ്. സർവശക്തനായ സാക്ഷാൽ ദൈവത്തെപ്പോലെ അവരുടെ ഈ പുതിയ ദൈവവും സർവശക്തനാണോ? ഇതു തീർപ്പാക്കുന്നതിന് അദ്ദേഹത്തിന്റെ സ്വന്തം ചരിത്രംതന്നെ സാക്ഷിയാണ്. എന്തെന്നാൽ, അദ്ദേഹം സർവശക്തനായിരുന്നെങ്കിൽ യഹൂദികളുടെ കൈകളാൽ മർദ്ദിക്കപ്പെടുമായിരുന്നില്ല; റോമൻ ഭരണകൂടത്തിന്റെ

തടവിൽ വെയ്ക്കപ്പെടുമായിരുന്നില്ല; കുരിശിൽ തറയ്ക്കപ്പെടുമായി രുന്നില്ല; കുരിശിൽനിന്ന് സ്വയം ഇറങ്ങി വന്നാൽ തങ്ങൾ ഇപ്പോൾ തന്നെ വിശ്വസിച്ചു കൊള്ളാമെന്നു യഹൂദികൾ പറഞ്ഞപ്പോൾ അന്നേരം തന്നെ ഇറങ്ങി വന്നേനെ. എന്നാൽ അദ്ദേഹം ഒരവസരത്തിലും തന്റെ ശക്തിവിലാസം കാണിക്കുകയുണ്ടായില്ല. അദ്ദേഹം കാണിച്ച ദിവ്യാ ദ്ഭുതങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ ആ ദിവ്യാദ്ഭുതങ്ങൾ മറ്റു പ്രവാചകന്മാരുടെതിനെ അപേക്ഷിച്ച് തുലോം കുറവാണ്. ഉദാ ഹരണത്തിന്, ഒരു ക്രിസ്ത്യാനി ബൈബിളിൽ സവിസ്തരം പ്രതി പാദിക്കപ്പെട്ട ഏലിയാ പ്രവാചകന്റെ ദിവ്യാദ്ഭുതങ്ങളെ- അവയിൽ മരിച്ചവരെ ജീവിപ്പിച്ചതും ഉൾപ്പെടുന്നു- മസീഹിബ്നുമറിയമിന്റെ ദിവ്യാദ്ഭുതങ്ങളുമായി താരതമ്യം ചെയ്യുന്നതായാൽ ഏലിയാ പ്രവാ ചകന്റെ ദിവ്യാദ്ഭുതങ്ങൾ മഹത്ത്വത്തിലും ശ്രേഷ്ഠതയിലും ആധി ക്യത്തിലും മസീഹിബിനു മറിയമിന്റെ ദിവ്യദ്ഭുതങ്ങളെക്കാൾ വളരെ മുന്നിട്ടു നില്ക്കുന്നവയാണെന്ന് സമ്മതിക്കുക തന്നെ ചെയ്യും. യേശു അപസ്മാര രോഗികളിൽനിന്ന് ദുരാത്മാക്കളെ പുറത്തെടുക്കാറുണ്ടാ യിരുന്നെന്ന് സുവിശേഷം ആവർത്തിച്ചു പറയുന്നുണ്ട് എന്നത് ശരി തന്നെ. വലിയൊരു ദിവ്യാദ്ഭുതമായാണ് അത് ഗണിക്കപ്പെടുന്നത്. എന്നാൽ ഗവേഷണപടുക്കൾ അവയെ പരിഹാസ്യമായ കാര്യങ്ങളാ യാണ് കാണുന്നത്. തലച്ചോറിലെ ചില തകരാറു മൂലമാണ് അപസ് മാര രോഗം ഉടലെടുക്കുന്നതെന്ന് ഇക്കാലത്തെ ഗവേഷണങ്ങളിൽ നിന്ന് തെളിഞ്ഞിരിക്കുന്നു. ചിലപ്പോൾ തലച്ചോറിൽ വല്ല മുഴയും സംജാതമാകുന്നതിന്റെ ഫലമായോ മറ്റേതെങ്കിലും രോഗത്താലോ ഇതുണ്ടായേക്കാം. പക്ഷേ, ദുരാത്മാക്കളാണ് ഇവയ്ക്കു കാരണമെന്ന് ഈ ഗവേഷകന്മാർ എവിടെയും എഴുതിയിട്ടില്ല.......

യേശുവിന്റെ ദിവ്യാദ്ഭുതങ്ങളിലോ ജനനത്തിലോ അദ്ദേഹം ദൈവമാണെന്ന് തെളിയിക്കുന്നതായി ഒന്നുമില്ല. ഇതു സൂചിപ്പിക്കു ന്നതിനുവേണ്ടിയാണ് യേശുവിന്റെ ജനനത്തെ യഹ്യാനബി(അ) യുടെ ജനനത്തോടൊപ്പം പരാമർശിച്ചത്. യഹ്യാനബി(അ)യുടെ അനന്യസാധാരണ ജനനം അദ്ദേഹത്തെ മനുഷ്യവർഗത്തിനുപരിയായി കണക്കാത്തതുപോലെ യേശുവിന്റെ ജനനവും അദ്ദേഹത്തെ ദൈവ മാക്കുന്നില്ല......

യേശു ഒരുകാര്യത്തിനും ഒരിക്കലും കഴിവുള്ളവനായിരുന്നില്ല. കേലം ദുർബലനായ മനുഷ്യനായിരുന്നു അദ്ദേഹം. മാനുഷികമായ ദൗർ ബല്യങ്ങളും അജ്ഞതയും അദ്ദേഹത്തിനുണ്ടായിരുന്നു. അദൃശ്യ

ജ്ഞാനം അദ്ദേഹത്തിനുണ്ടായിരുന്നില്ലെന്ന് ബൈബിൾ വ്യക്തമാക്കുന്നു. എന്തെന്നാൽ, അദ്ദേഹം അത്തിമരത്തിനടുത്തേക്ക് ഫലം കഴിക്കാൻ ചെന്നപ്പോൾ ആ മരത്തിൽ ഫലങ്ങളില്ലെന്ന് അറിയാൻ സാധിച്ചില്ല. അന്ത്യനാളിനെ കുറിച്ച് തനിക്കറിയില്ലെന്ന് അദ്ദേഹം സ്വയം സമ്മതിക്കുന്നുമുണ്ട്. അദ്ദേഹം ദൈവമായിരുന്നെങ്കിൽ അന്ത്യനാളിനെക്കുറിച്ച് തീർച്ചയായും അറിഞ്ഞിരിക്കണമായിരുന്നു. അതുപോലെ, ദൈവത്വത്തിന്റെ ഒരു ഗുണവും അദ്ദേഹത്തിലുണ്ടായിരുന്നില്ല. മറ്റുള്ളവരിൽ കാണപ്പെടാത്തതൊന്നും അദ്ദേഹത്തിൽ കാണപ്പെട്ടിരുന്നില്ല. അദ്ദേഹം മരിച്ചുവെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ദൈവം തന്നെ മരിച്ചു പോയ ഒരു പ്രസ്ഥാനം എത്ര ഭാഗ്യംകെട്ടതാണ്! പിന്നീടദ്ദേഹം ഉയിർത്തെഴുന്നേറ്റുവെന്നു പറയുന്നത് ഒരു തൃപ്തിയും നല്കുകയില്ല. താൻ മരിക്കുമെന്ന് തെളിയിച്ചു കാണിച്ചവന്റെ ജീവിതത്തെ വിശ്വസിക്കാനാവുമോ?

**(നസീമെ ദഅ്വത്ത്, റൂഹാനി ഖസായിൻ, വാള്യം.19, പേ.378-382)**

മനുഷ്യനെപ്പോലെ വാർധ്യക്യം ബാധിച്ച് ചില കഴിവുകൾ പ്രവർത്തനരഹിതമാകുന്ന ദൈവം എന്തിനു കൊള്ളാം. കാലം കഴിയുന്തോറും അവന്റെ ചില കഴിവുകൾ കൊള്ളൊരുതാത്തതാവുമെന്ന് പറയാൻ കഴിയുമോ? അതുപോലെത്തന്നെ മരത്തടികളിൽ കെട്ടിയും ചാട്ടവാറടിച്ചും മുഖത്ത് തുപ്പിയും കുറച്ചുദിവസം തടവിൽ വെച്ചും ഒടുവിൽ കുരിശിലേറ്റുകയും ചെയ്യുന്നതുവരെ തന്റെ ദാസരുടെ പാപങ്ങളെ പൊറുത്തു കൊടുക്കാത്ത ദൈവം കൊണ്ട് എന്തു പ്രയോജനം? ഭരണം നഷ്ടപ്പെട്ട് നിന്ദ്യരായിത്തീർന്ന യഹൂദികളുടെ ഒരു സമൂഹം പരാജയപ്പെടുത്തിയ ദൈവത്തെ നാം തീർത്തും വെറുക്കുന്നു. മക്കയിലെ നിർധനനും നിസ്സഹായനുമായ ഒരുവനെ തന്റെ നബിയായി അയച്ചുകൊണ്ട് തന്റെ ശക്തിപ്രഭാവത്തിന്റെയും ആധിപത്യത്തിന്റെ ദിവ്യജ്യോതിസ്സ് അക്കാലത്തു തന്നെ മുഴുലോകങ്ങൾക്കും കാണിച്ചു കൊടുത്ത ആ സത്യദൈവത്തിലാണ് നാം വിശ്വസിക്കുന്നത്. നമ്മുടെ നബി(സ)തിരുമേനിയെ പിടികൂടാനായി പേർഷ്യൻ രാജാവ് തന്റെ സൈനികരെ അയച്ചപ്പോൾ 'ഇന്നലെ രാത്രി എന്റെ ദൈവം നിങ്ങളുടെ ദൈവത്തെ വധിച്ചിരിക്കുന്നുവെന്ന് സൈനികരെ അറിയിക്കുക' എന്ന് സർവശക്തനായ ദൈവം തന്റെ ദൂതനെ അറിയിച്ചു. ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. ഒരുഭാഗത്ത് ഒരാൾ ദൈവമാണെന്ന് വാദിക്കുന്നു. തത്ഫലമായി

റോമൻ ഭരണകൂടത്തിലെ ഒരു ശിപായി അയാളെ പിടിച്ച് ഒന്നുരണ്ടു മണിക്കൂറിനുള്ളിൽ തടവിലാക്കുകയും രാത്രിയിലുടനീളം അയാൾ ചെയ്ത പ്രാർഥനകൾ ഫലം കാണാതെ വരികയും ചെയ്യുന്നു. മറുഭാഗത്ത് താൻ പ്രാവചകനാണെന്ന് മാത്രം വാദിക്കുന്ന വ്യക്തി. ദൈവം അദ്ദേഹത്തിനെതിരിൽ വരുന്ന രാജാക്കന്മാരെ നശിപ്പിക്കുന്നു. ഒരു സത്യാന്വേഷിയെ സംബന്ധിച്ചിടത്തോളം *യാറെ ഗാലിബ് ശൂ കെ താ ഗാലിബ് ശുവി*( സാർവാധിപനായ ദൈവത്തെ കൂട്ടുപിടുക്കുക; നിങ്ങളും സർവാധിപനായി മാറും) എന്ന പേർഷ്യൻ ചൊല്ല് വളരെ ഫലപ്രദമാണ്. നിർജീവമായ മതം നമുക്ക് എന്തുഗുണം ചെയ്യാൻ. നിർജീവമായ ഗ്രന്ഥത്തിൽനിന്ന് നമുക്ക് എന്തുഫലം എടുക്കാൻ കഴിയും? നിർജീവദൈവത്തിന് നമുക്ക് എന്ത് അനുഗ്രഹം എത്തിക്കാനാണ് കഴിയുക?

**(ചശ്മയെ മസീഹി, റൂഹാനി ഖസായിൻ വാല്യം. 20. പേ. 353)**

അങ്ങേയറ്റം നിന്ദ്യമായ ചിന്താഗതിയിലേക്കും ലജ്ജാകരമായ വിശ്വാസത്തിലേക്കുമാണ് അവർ ക്ഷണിക്കുന്നത്. മനുഷ്യന്റെ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്ന ഒരു ദുർബലസൃഷ്ടിയെ ദൈവമെന്നു വിളിക്കാൻ യുക്തിപരമായി കഴിയുമോ? സൃഷ്ടി സ്രഷ്ടാവിനെ ചാട്ടവാറടിക്കുകയും ദൈവദാസർ സർവശക്തനായ തന്റെ ദൈവത്തിന്റെ മുഖത്ത് തുപ്പുകയും അവനെ തടവിലാക്കുകയും കുരിശിലേറ്റുകയും ദൈവമായ അവന് അവരെ നേരിടാൻ കഴിയാതെ വരുകയും ചെയ്യുമെന്ന് യുക്തിബോധം അംഗീകരിക്കുമോ? ദൈവമെന്ന് വിളിക്കപ്പെടുന്ന ഒരാൾ രാത്രിമുഴുവൻ പ്രാർഥനയിൽ മുഴുകുകയും അയാളുടെ പ്രാർഥന സ്വീകരിക്കാതിരിക്കുകയും ചെയ്യുക എന്നത് ആർക്കെങ്കിലും ഗ്രഹിക്കാവുന്ന കാര്യമാണോ? ദുർബലരായ കുഞ്ഞുങ്ങളെപ്പോലെ ദൈവവും ഒമ്പതു മാസം ഗർഭാവസ്ഥയിൽ കഴിയുകയും ഗർഭാശയരക്തത്താൽ വികസിക്കുകയും ഒടുവിൽ കരഞ്ഞുകൊണ്ട് സ്ത്രീയുടെ ഗുഹ്യഭാഗത്തിലൂടെ പുറത്തു വരുകയും ചെയ്യുമെന്നത് ഏതെങ്കിലും ഹൃദയത്തിനു തൃപ്തിയേകുമോ? എണ്ണമറ്റ, ആരംഭമില്ലാത്ത ഒരു കാലഘട്ടത്തിനുശേഷം ദൈവം ശരീരം പൂണ്ടുവെന്നും അതിലൊരുഭാഗം മനുഷ്യരൂപം സ്വീകരിക്കുകയും മറ്റൊരു ഭാഗം പ്രാവിന്റെ രൂപം കൈക്കൊള്ളുകയും ചെയ്തുവെന്നും ഈ ശരീരങ്ങൾ എന്നെന്നേക്കുമായി അവനോടൊപ്പം ഉണ്ടാകുമെന്നും ബുദ്ധിയുള്ള ഒരുവന് സ്വീകരിക്കാനാവുമോ?

(കിതാബുൽ ബരിയ്യ, റൂഹാനി ഖസായിൻ, വാല്യം.13, പേ.86-87)

## പദ്യശകലങ്ങൾ (ഗദ്യവിവർത്തനം)

***ഈശ്വരകീർത്തനങ്ങൾ(ഉർദു)***

ആ പ്രകാശസ്രോതസ്സിലെ വെളിച്ചം എത്ര പ്രകടം!
പ്രപഞ്ചമാകെയും കണ്ണുകൾക്ക് കണ്ണാടിയായി മാറുകയാണ്.

ഇന്നലെ ചന്ദ്രനെ കണ്ട ഞാൻ അത്യന്തം ആഗ്രഹചിത്തനായി കാരണം, എൻ പ്രിയന്റെ സൗന്ദര്യശകലങ്ങൾ അതിലുണ്ടായിരുന്നു.

സൗന്ദര്യത്തിന്റെ ആ നിത്യവസന്തത്തിനായി എൻ മനസ്സ് ആവേശത്തിമിർപ്പിലാണ്. തുർക്കിയെയോ താത്താറിയെയോ സംബന്ധിച്ച് നമ്മോട് ഒന്നും പറയല്ല.

പ്രിയനേ,നിന്റെ ശക്തിവിലാസങ്ങളുടെ അദ്ഭുതജ്യോതിസ്സുകളാണ് എങ്ങും
എവിടെ തിരിഞ്ഞാലും നിന്നെ ദർശിക്കുന്ന വഴികളേയുള്ളു.

സൂര്യന്റെ പ്രകാശധാരയിൽ നിന്റെ വെളിച്ചം അത്യുജ്ജ്വലമായി ഒളി വിതറുന്നു. ഓരോ താരകത്തിലും നിന്റെ പ്രഭാചന്തം പ്രകടമാണ്.

നീ തന്നെ സ്വകരങ്ങളാൽ സ്വയം ആത്മാക്കളിൽ ഉപ്പു പാകി.
അതുമുഖേന സ്നേഹിച്ചു ഗതിമുട്ടിയവരിൽ അനുരാഗധ്വനികൾ ഉയരുകയായി.

ഓരോ കണികയിലും എത്ര അദ്ഭുതകരമായ സവിശേഷതകളാണ് നീ വെച്ചിരിക്കുന്നത്. അതിരില്ലാത്ത ആ നിഗൂഢരഹസ്യങ്ങളെ ആർക്ക് വായിച്ചെടുക്കാനാവും?

നിന്റെ അനന്തശക്തിവിലാസങ്ങളുടെ ആഴമറിയാൻ ആർക്കുമാവില്ല. സങ്കീർണതകളാൽ പ്രയാസമേറിയ ഈ കുരുക്ക് ആർക്കും അഴിക്കാനുമാവില്ല.

നിന്റെ സൗന്ദര്യമാണ് ഓരോ സുന്ദരമുഖത്തിനും അഴകേകുന്നത്.

ഓരോ പൂവിന്റെയും പൂന്തോപ്പിന്റെയും വർണപ്പൊലിമയും നിന്റെ സൗന്ദര്യത്തിന്റെ പ്രതിഫലനമത്രേ.

സ്നേഹമസൃണമായ ഓരോ സുന്ദരനയനവും സദാ നിന്നെ ഓർമിപ്പിക്കുന്നു. ഓരോ ചുരുണ്ട മുടിയിഴയും നിന്നിലേക്ക് വിരൽ ചൂണ്ടുന്നു.

കണ്ണുണ്ടായിട്ടും കാണാത്തവനു മുന്നിൽ പരശ്ശതം മറകൾ തടസ്സമായി നില്ക്കുന്നു. അല്ലാത്തപക്ഷം, നിന്റെ സുന്ദരവദനം തന്നെ വിശ്വാസിയുടെയും അവിശ്വാസിയുടെയും ശ്രദ്ധാകേന്ദ്രമായേനെ.

നിന്റെ ഹൃദ്യമിഴികൾ, എൻഹൃദയ നാഥാ, മൂർച്ചയേറിയ വാളാകുന്നു. അന്യരോടുള്ള കൂറും സ്നേഹവുമെല്ലാം അതു മുഖേന ഛേദിക്കപ്പെടുന്നു.

നിന്നെ പുൽകാനായി നാം മണ്ണിൽ ലയിച്ചു ചേർന്നു; ഈ
വിരഹവേദനയ്ക്ക് അല്പമൊന്ന് ആശ്വാസം ലഭിക്കുമല്ലോ.

നീ കൂടെയില്ലാതെ ഞാൻ ഒരു നിമിഷവും സ്വസ്ഥനല്ല. രോഗിയുടെ ഹൃദയം വീർപ്പുമുട്ടുന്നതുപോലെ എന്റെ പ്രാണൻ പിടയുകയാണ്.

നിന്റെ ഇടവഴികളിലെ ഈ ബഹളം എന്താണ്? ഉടനെ അന്വേഷിക്കുവിൻ. പ്രണയബദ്ധനായ ഏതെങ്കിലും പ്രേമി അറിയാതെ കൊല്ലപ്പെടരുതല്ലോ.

**(സുർമയെ ചശ്മയെ ആര്യ,റൂഹാനി ഖസായിൻ, വാല്യം.2, പേ.52)**

### *ആത്മസമർപ്പണം(ഉർദു)*

എന്റേതെല്ലാം ഇപ്പോൾ സ്നേഹഭാജനത്തിന്റേതായി കഴിഞ്ഞിരിക്കുന്നു. ഇന്ന് നാം പ്രിയതമന്റേതും പ്രിയതമൻ നമ്മുടെതും ആയിക്കഴിഞ്ഞു.

ജനഹൃദയം കല്ലായിത്തീർന്നെങ്കിലെന്ത്? ആ അമൂല്യ രത്നം ലഭിച്ചതിൽ അല്ലാഹുവിനു നന്ദി.

**(ഇസാലെ ഔഹാം,റൂഹാനി ഖസായിൻ, വാല്യം.3, പേജ്. 459)**

### *എന്നെ കണ്ടു കൊണ്ടിരിക്കുന്നവൻ എത്ര പരിശുദ്ധൻ!(ഉർദു)*

സ്തുതിയും സ്തോത്രവും ആ അനശ്വര അസ്തിത്വത്തിനാകുന്നു. അവനു സമാനനായോ അവനെപ്പോലെ രണ്ടാമതൊരാളായോ ആരുമില്ല.

അവൻ മാത്രമാണ് അവിനാശം നിലനില്ക്കുന്നവൻ. മറ്റെല്ലാം നശ്വ രങ്ങളാകുന്നു. മറ്റുള്ളവരെ സ്നേഹിക്കുന്നത് വ്യർഥ കഥകളാണ്.

എല്ലാവരും അന്യരാണ്. അവൻ മാത്രമാണ് എന്റെ ഹൃദയത്തിന്റെ സ്നേഹഭാജനം. 'എന്നെ കണ്ടു കൊണ്ടിരിക്കുന്നവൻ എത്ര പരി ശുദ്ധൻ' എന്നേ എൻ ഹൃദയം മൊഴിയുന്നുള്ളു.

അവന്റെ ദിവ്യശക്തിപ്രഭാവങ്ങൾ പരിശുദ്ധമാണ്. അവൻ മാത്ര മാണ് മഹത്ത്വമുടയവൻ. അവനു സമീപസ്ഥരായവർ നടുക്ക ത്തിലും മലക്കുകൾ സംഭ്രമത്തിലുമാണ്.

അവന്റെ കാരുണ്യം സാർവത്രികമാണ്. ഈ അനുഗ്രഹങ്ങൾക്ക് എങ്ങനെ നന്ദി കാണിക്കാനാകും? അവന്റെ സൃഷ്ടികളായ നാം ഏവരും അവനെ സ്നേഹിക്കുക തന്നെ വേണം.

അന്യരെ സ്നേഹിക്കാൻ അവന്റെ അഭിമാനബോധം അനുവ ദിച്ചു തരുന്നതെങ്ങനെ? ഈ ദിനം അനുഗ്രഹപൂർണമാക്കേണമേ. എന്നെ കണ്ടു കൊണ്ടിരിക്കുന്നവൻ പരിശുദ്ധനത്രേ.

നാം അനുഭവിക്കുന്ന സുഖസൗകര്യങ്ങളൊക്കെയും അവന്റെ ഔദാര്യവും ഉപഹാരവുമാണ്. ഹൃദയം അവനോട് പ്രതിജ്ഞാ ബദ്ധവും ഹൃദയാന്തരാളങ്ങൾ മഹത്ത്വനിർഭരവുമാണ്.

അവനു കീഴ്പ്പെടുന്നതാണ് ഉത്തമം. സൗഭാഗ്യം സമർപ്പണത്തി ലാണ് കുടികൊള്ളുന്നത്. ഈ ദിനം അനുഗ്രഹപൂർണമാക്കേ ണമേ. എന്നെ കണ്ടു കൊണ്ടിരിക്കുന്നവൻ പരിശുദ്ധനത്രേ.

അവൻ മാത്രമാണ് എല്ലാറ്റിനും താങ്ങായുള്ളവൻ. അവന്റെ കാ രുണ്യം വളരെ പ്രകടമാണ്. എനിക്ക് പ്രിയങ്കരനും എൻ പ്രേമ ഭാജനവും അവൻ തന്നെ.

അവനില്ലാതെ കഴിച്ചു കൂട്ടുക സാധ്യമല്ല. അവനൊഴികെയുള്ള തെല്ലാം വ്യാജം. ഈ ദിനം അനുഗ്രഹപൂർണമാക്കേണമേ. എന്നെ കണ്ടു കൊണ്ടിരിക്കുന്നവൻ പരിശുദ്ധനത്രേ.

നാഥാ, നിന്റെ ഔദാര്യങ്ങളിൽ നിൻ സമക്ഷം ഞാൻ ബലിയാ കുന്നു. വിശ്വാസം നല്കിയത് നീയാണ്. സദാ സംരക്ഷകനും

നീ തന്നെ.

നിന്റെ അനുഗ്രകടാക്ഷം അനുനിമിഷം ഞാൻ അനുഭവിക്കുന്നു. നീ കാരുണ്യവാനും കരുണാമയനുമാകുന്നു. ഈ ദിനം അനുഗ്രഹപൂർണമാക്കേണമേ. എന്നെ കണ്ടു കൊണ്ടിരിക്കുന്നവൻ പരിശുദ്ധനത്രേ.

നിന്നോടെങ്ങനെ ഞാൻ നന്ദി കാണിക്കും. എന്റേതെല്ലാം നിന്റേതല്ലയോ. എന്റെ ഭവനത്തെ നീ സർവാനുഗ്രഹങ്ങളാൽ നിറച്ചിരിക്കുന്നു.

നിൻ വെളിച്ചം ആഗതമായതോടെ ഇരുട്ട് പോയ് മറഞ്ഞു. ഈ ദിനം അനുഗ്രഹപൂർണമാക്കേണമേ. എന്നെ കണ്ടു കൊണ്ടിരിക്കുന്നവൻ പരിശുദ്ധനത്രേ.

**(മഹ്മൂദ് കി ആമീൻ,റൂഹാനി ഖസായിൻ, വാല്യം.12, പേ.319–320)**

### *അനുസ്മരണം(ഉർദു)*

സുന്ദരനും സുശീലനും കരളിന്റെ കഷ്ണവുമായിരുന്ന മുബാറക് അഹ്മദ്. ഇന്നെൻ മനസ്സിനെ ദു:ഖത്തിലാഴ്ത്തി നമ്മെ വിട്ടു പോയി.

എനിക്കുറക്കം വന്നു എന്നവൻ പറഞ്ഞതായിരുന്നു അന്ത്യമൊഴി. പക്ഷേ പിന്നെയവൻ ഉണർന്നില്ല, നാം വിളിച്ചുണർത്തി കുഴഞ്ഞു പോയി.

ദൈവവിളി വന്നണഞ്ഞപ്പോൾ എട്ടു വയസ്സും ഏതാനും മാസവും ആയിരുന്നു പ്രായം. വിളിക്കുന്നവൻ ഏറെ പ്രിയങ്കരനാണ്, എൻ ഹൃദയമേ സ്വജീവനെ അവനിൽ തന്നെ ബലിയാക്കുവിൻ

**(ദുർറെ സമീൻ)**

### *അവനെ മാത്രം തേടുക സുഹൃത്തുക്കളേ!*

നിങ്ങൾ മറ്റുള്ളവരിലേക്ക് മനസ്സ് തിരിക്കുന്നതെന്തേ? അവൻ കാണുന്നുണ്ട്. നിങ്ങൾ വിഗ്രഹങ്ങളിൽ കാണുന്ന എന്തൊന്നാണ് അവനിലില്ലാത്തത്?

സൂര്യനിൽ ഗാഢമായി ചിന്തിച്ചിട്ടും ആ വെളിച്ചം നാം കണ്ടില്ല. ചന്ദ്രനെ നോക്കിയപ്പോഴും അത് ആ പ്രിയനെപ്പോലെയല്ല

ഏകൻ, പങ്കുകാരനില്ലാത്തവൻ, പതനമേല്ക്കാത്തവനാണവൻ. ഏവരും മരണത്തിനിരയാകുന്നു; അവനു നാശമില്ല.

അവനോട് ഹൃദയത്തെ കോർത്തിണക്കുന്നതിലാണ് എല്ലാ നന്മകളും. അവനെ തന്നെ തേടുവിൻ സുഹൃത്തുക്കളേ, ബിംബങ്ങൾ ചതിക്കും

ഈ അഗ്നികുണ്ഠത്തോട് ഹൃദയത്തെ ചേർത്തുവെച്ചിരിക്കുന്നതെന്തിന്?നരകമാണ് ഈ സ്ഥലം; ഹരിതാഭമായ പൂങ്കാവനമല്ല.

(ദുർറെ സമീൻ)

***എന്റെ ശത്രുക്കളെ നിഷ്പ്രഭനാക്കിയവനെത്ര പരിശുദ്ധൻ!***

എല്ലാ ശക്തിയും ശേഷിയും നിനക്കാണ് നാഥാ!
നിന്നെ ദർശിച്ചതോടെ സർവാഭിലാഷങ്ങളും സാർഥകമായി

ഓരോ പ്രേമിയും തനിക്കായൊരു ബിംബത്തെ കൊത്തി വെച്ചിരിക്കുന്നു.നമ്മുടെ ഹൃദയത്തെ പക്ഷേ ഈ പ്രിയൻ കവർന്നിരിക്കുകയാണ്.

ആത്മാവിന്റെ നിർവൃതിയും ഹൃദയശാന്തിയും അവൻ തന്നെ.
സൃഷ്ടികളുടെ പരിപാലകനെന്നാണ് അവനെ വിളിക്കുന്നത്

അവൻ തന്റെ അനുഗ്രഹങ്ങളാൽ എന്നിൽ വെളിപ്പെട്ടു.
എന്റെ ശത്രുക്കളെ നിഷ്പ്രഭനാക്കിയവനെത്ര പരിശുദ്ധൻ!

എന്റെ ജീവൻ ആ സ്നേഹഭാജനത്തിൽ ബന്ധിതമാണ്.
സ്വർഗവും ശാന്തിഗേഹവും അവൻ തന്നെ.

അവനെ വർണിക്കാൻ ഞാൻ എവിടുന്നാണ് കരുത്ത് തേടേണ്ടത്
ഹൃത്തടങ്ങളിൽ ഒരു സ്നേഹസാഗരം ഒഴുകുകയാണ്.

നിന്റെ ഔദാര്യങ്ങൾ എത്ര മഹത്തരം, അല്ലയോ സന്മാർഗദായകാ!
എന്റെ ശത്രുക്കളെ നിഷ്പ്രഭനാക്കിയവനെത്ര പരിശുദ്ധൻ!

നിന്റെയനുഗ്രഹങ്ങൾക്ക് ഒരറുതിയുമില്ല;
അതില്ലാത്ത ഒരു നിമിഷവുമില്ല.

അവന്റെ കൃപയും കാരുണ്യവും അളവറ്റതാണ്.
എനിക്കിനി നന്ദി കാണിക്കാൻ ശക്തിയില്ല.

നിന്റെ ഔദാര്യങ്ങൾ എത്ര മഹത്തരം, അല്ലയോ സന്മാർഗദായകാ!
എന്റെ ശത്രുക്കളെ നിഷ്പ്രഭനാക്കിയവനെത്ര പരിശുദ്ധൻ!

നിന്റെ ഇടനാഴിയിലേക്ക് ഏതുമാർഗേണയാണ് ഞാൻ വരേണ്ടത്?
നീ പ്രാപ്യമാകുന്ന ആ സേവനമേതാണ്?

സ്നേഹം ഒന്നുമാത്രമാണ് നിന്നിലേക്ക് എന്നെ അടുപ്പിക്കുന്നത്; ദൈവം മുഖേന മാത്രമാണ് ഞാൻ അഹംബോധത്തെ ഇല്ലാതാക്കുന്നത്.

സ്നേഹമെന്തെന്ന് ഞാനാരോടു പറയും?
വിശ്വസ്തതയുടെ രഹസ്യം ഞാനാരെ കേൾപ്പിക്കും?

ഈ കൊടുങ്കാറ്റിനെ ഇനി ഞാനെങ്ങനെ മറച്ചുവെയ്ക്കും?
പകരം സ്വന്തം ചാരം കാറ്റിൽ പരത്തുന്നതാവും ഭേദം

ഭൗതികലോകത്തിൽ നിന്ന് നാമെത്ര വിദൂരം!
എന്റെ ശത്രുക്കളെ നിഷ്പ്രഭനാക്കിയവനെത്ര പരിശുദ്ധൻ!

(ദുർറെ സമീൻ)

### *സകല സ്തുതികളും സർവശക്തനായ അല്ലാഹുവിന്(പേർഷ്യൻ)*

സ്തുതിയും നന്ദിയും ഉടയതമ്പുരാനായ ദൈവത്തിനാകുന്നു.
അവൻ കാരണമാണ് സർവാസ്തിത്വങ്ങളും വെളിപ്പെട്ടത്.

ഈ ലോകം കേവലം അവന്റെ തിരുമുഖത്തിന്റെ ദർപ്പണമാകുന്നു.
ഏതൊരു കണികയും വഴിയൊരുക്കുന്നത് അവനിലേക്കാണ്.

ആകാശഭൂമികളുടെ ദർപ്പണത്തിൽ അവൻ
തന്റെ അനുപമ മുഖം ഉന്മീലനം ചെയ്തു.

ഓരോ പുൽക്കൊടിയും അവന്റെ സത്തയെ ആഴത്തിലറിയുന്നു.
ഓരോ മരച്ചില്ലയും അവന്റെ വഴി കാണിക്കുന്നു.

സൂര്യചന്ദ്രന്മാരുടെ വെളിച്ചം അവന്റെ പ്രകാശത്തിന്റെ പ്രതിഫലനമത്രേ. ഓരോ വസ്തു വെളിപ്പെടുന്നതും അവന്റെ തിരുകല്പനയാലാണ്.

ഓരോ മസ്തിഷ്കവും അവന്റെ നിഗൂഢരഹസ്യങ്ങളിൽപ്പെട്ടതാണ്.
ഓരോ ചുവടും അവന്റെ മഹത്തരമായ കവാടം അന്വേഷിക്കുന്നു.

അവന്റെ മുഖസൗന്ദര്യമാണ് ഓരോ ഹൃദയവും ലക്ഷ്യം വെയ്ക്കുന്നത്. വഴിപിഴച്ചവൻ പോലും തേടുന്നത് അവന്റെ ഇടനാഴിയെയാണ്.

സൂര്യചന്ദ്രനക്ഷത്രാദികളെയും ഭൂമിയെയും സൃഷ്ടിച്ച അവൻ പരസഹസ്രം സൃഷ്ടികളെയും വെളിപ്പെടുത്തി.

ഈ സൃഷ്ടികളൊക്കെയും അവന്റെ സൃഷ്ടിവൈഭവത്തിന്റെ രേഖകളാണ്. അവന്റെ അളവറ്റ രഹസ്യങ്ങൾ അവയിലടങ്ങിയിരിക്കുന്നു.

പ്രകൃതിയുടെ ഈയേടുകൾ അവൻ നമ്മുടെ കൺമുൻപാകെ വെച്ചിരിക്കുന്നു; സന്മാർഗത്തിലേക്കുള്ള മാർഗം നാം ഓർക്കുന്നതിനു വേണ്ടി.

ലൗകികരോടും ലോകത്തോടും യാതൊരു സാദൃശ്യവും പുലർത്താത്ത ആ പരിശുദ്ധ ദൈവത്തെ തിരിച്ചറിയുന്നതിനു വേണ്ടി.

അനേകായിരം വചനങ്ങളിൽ നിന്നും നിന്റെ സ്നേഹഭാജനത്തിന്റെ വെളിപാടുകളെ തിരിച്ചറിയാനുള്ള അളവുകോലായി തീരുന്നതിനു വേണ്ടി.

വഞ്ചനയുടെ ഒരു വഴിയും തുറക്കപ്പെടാതാവുകയും
വെളിച്ചം ഇരുട്ടിൽ നിന്നകലുകയും ചെയ്യുന്നതിനു വേണ്ടി.

അങ്ങനെ ദൈവം ആഗ്രഹിച്ചതു തന്നെ സംഭവിച്ചു
അവന്റെ പ്രവൃത്തികൾ അവന്റെ വചനങ്ങൾക്ക് സാക്ഷിയായി.

വിഗ്രഹാരാധകരുടെ ഒഴികഴിവുകളെ ഈ സാക്ഷ്യങ്ങൾ
കൂരമ്പുകളാൽ തുളച്ചു കയറ്റുന്നു.

മറ്റാരെയെങ്കിലും കൃപാവരനായ ദൈവം എന്നു നിങ്ങൾ വിളിച്ചാൽ ആകാശവും ഭൂമിയും നിങ്ങളുടെ മുഖത്ത് തുപ്പും.

ഏകനായ അവനു നിങ്ങൾ വല്ല മകനെയും കല്പിച്ചാൽ
ഉന്നതർക്കിടയിൽനിന്നും താഴേക്കിടയിൽ നിന്നും ശാപം വർഷിക്കും.

ദൈവം ഏകനും പരിപാലകനും പങ്കുകാരനില്ലാത്തവനുമെന്ന്
ഈ ലോകം സ്വാനുഭവത്തിലൂടെ വിളിച്ചു പറയുന്നു.

പിതാവോ പുത്രനോ പത്നിയോ അവനില്ല.
അനാദികാലം തൊട്ട് അവനൊരു മാറ്റവുമില്ല.

അവന്റെ അനുഗ്രഹവർഷം ഒരു നിമിഷത്തേക്കെങ്കിലും കുറഞ്ഞാൽ
സകല ജീവികളും ഭൂമിയും തകിടം മറിയുന്നതാണ്.

.

പ്രകൃതിനിയമത്തെ ഒരു നോക്കു കാണുവിൻ
സർവലോക നാഥന്റെ മഹത്ത്വം നീ തിരിച്ചറിയും.

**(സിയാഉൽ ഹഖ്, റൂഹാനി ഖസായിൻ, വാല്യം.9, പേ.251-252)**

### *പ്രപഞ്ചസ്രഷ്ടാവിനോടൊരു പ്രാർഥന(പേർഷ്യൻ)*

ആകാശഭൂമികളുടെ സ്രഷ്ടാവേ, കാരുണ്യകവാടങ്ങൾ
എനിക്ക് തുറന്നു തന്നാലും.
മറ്റുള്ളവരിൽ നിന്ന് ഞാൻ മറയ്ക്കുന്ന
ആ വേദന അറിയുന്നവൻ നീയല്ലോ

എന്റെ സ്നേഹഭാജനമേ, വളരെസൂക്ഷ്മനാണു നീ.
എന്റെ ജീവനാഡികളിൽ പ്രസരിച്ചാലും,
എന്നിൽ നിന്നെ ഞാൻ ദർശിക്കുമ്പോൾ
എൻ ഹൃദയം ആരാമത്തെക്കാൾ പ്രസന്നമാകുന്നു.

ഈ അർഥനകളെ, അല്ലയോ സദ്ഗുണനായുള്ളവനേ,
നീ തിരസ്കരിക്കുകയാണെങ്കിൽ നിന്റെവിരഹത്താൽ
ഞാൻ ജീവൻ വെടിയുന്നതും ഒരുലോകത്തെ തന്നെ
കരയിക്കുമാറ് ഞാൻ കരഞ്ഞുതീർക്കുന്നതുമാണ്.

പരിഭവത്താൽ നീയെന്നെ അകറ്റിയാലും!
പരമകാരുണ്യത്താൽ നിൻ മുഖംകാണിച്ചുതന്നാലും!
നീയെന്നെ കൊന്നാലും കൊല്ലാതെവിട്ടാലും!
എനിക്കെങ്ങനെ നിന്നെ സ്നേഹിക്കാതിരിക്കാനാവും?

**(ബറാഹീനെ അഹ്മദിയ്യ, റൂഹാനി ഖസായിൻ വാല്യം.1 പേ.613)**

### *എനിക്ക് ആത്മശാന്തിയേകുന്ന നാഥാ!(പേർഷ്യൻ)*

ദൈവമേ, ഞങ്ങളുടെ ദു:ഖങ്ങൾക്ക് പരിഹാരം നീ മാത്രമാണ്
ഞങ്ങളുടെ വിലാപങ്ങൾക്കുള്ളഔഷധവും നീ തന്നെ

മുറിവേറ്റഞങ്ങളുടെ ജീവനുകളിൽ സുഗന്ധലേപനം പുരട്ടുന്നവൻ
രോഗാതുരമായ ഞങ്ങളുടെ ഹൃദയങ്ങൾക്ക് ആശ്വാസമരുളുന്നവൻ

നീ സ്വന്തം ദയാവായ്പ്പിനാൽ ഞങ്ങളുടെ ഭാരമെല്ലാം പേറിയിരിക്കുന്നു. ഞങ്ങളുടെവൃക്ഷങ്ങൾ കായ്ക്കനികൾ നല്കുന്നതും നിന്റെയനുഗ്രഹത്താലത്രേ.

ദയയും ഔദാര്യവുംകൊണ്ട് ഞങ്ങളെ കാത്തുകൊണ്ട് ന്യൂനതകളെ മറയ്ക്കുന്നവൻ. അങ്ങേയറ്റം കൃപാകടാക്ഷത്താൽ അഗതികൾക്ക് അനുകമ്പയേകുന്നവൻ.

നിസ്സഹായതയാൽ തന്റെ ദാസൻ ദു:ഖിതനാകുമ്പോൾ
അവന്റെ ദുരിതത്തിന് പൊടുന്നനെ പരിഹാരം കാണുന്നവൻ

വല്ല ദുർബലനെയും വഴിയിൽ ഇരുട്ട് മൂടുമ്പോൾ
ഉടനടി അവനായി ശതക്കണക്കിന് സൂര്യചന്ദ്രന്മാരെ സൃഷ്ടിക്കുന്നവൻ.

സൗന്ദര്യവും സദ്ഗുണങ്ങളും സഹൃദയത്വവും നിന്നിൽ അവസാനിക്കുന്നു. നിന്നെ കണ്ടുമുട്ടുന്നതോടെ മറ്റുള്ളവയെല്ലാം നിഷ്പ്രഭം.

നിന്നോടുള്ള സ്നേഹത്തിൽ ഉന്മാദിയാകുന്നവനാണ് വിവേകി. നിന്റെ അനുരാഗി സദസ്സിലെ വിളക്കാകുന്നു.

ആരുടെ ജീവനിലും ഹൃദയത്തിലും നിൻ അനുരാഗം സന്നിവേശിക്കുന്നുവോ അവന്റെ വിശ്വാസം പൊടുന്നനെ ജീവനുള്ളതായിമാറുന്നു.

അവന്റെ വദനത്തിൽ നിന്നോടുള്ള അനുരക്തി വെളിപ്പെടുന്നു. അവന്റെ ഭവനത്തിൽ നിന്ന് നിന്റെ പരിമളം ഉയരുന്നു.

അനേകായിരം അനുഗ്രഹങ്ങൾ ഔദാര്യപൂർവം നീയവന് നല്കുന്നു. സൂര്യചന്ദ്രന്മാരെ അവനു മുൻപാകെസാഷ്ടാംഗം പ്രണമിപ്പിക്കുന്നു

അവന്റെ സഹായത്തിനായി നീ സ്വയം ഒരുങ്ങിവരുന്നു.
അവനെയൊന്നു കാണുമ്പോൾ നിൻ മുഖം ഓർമ വരുന്നു.

ഒട്ടനവധി അദ്ഭുതകൃത്യങ്ങൾ ഈ ലോകത്ത്
അവനെ ആദരിക്കാനായി നീ വെളിപ്പെടുത്തുന്നു.

നീ സ്വയം ചെയ്യുകയും ചെയ്യിക്കുകയും
സ്വയം തന്നെ ഈ രംഗത്തെ ശോഭനമാക്കുകയും ചെയ്യുന്നു.

മണ്ണിനെ പൊടുന്നനെ (അമൂല്യ)വസ്തുവാക്കുന്നവൻ നീ
അത് വെളിപ്പെടുന്നതോടെ സൃഷ്ടിജാലങ്ങൾ വെളിച്ചം സ്വായ ത്തമാക്കുന്നു.

നീ ആർക്കെങ്കിലും വല്ല ഔദാര്യവും ചെയ്യുമ്പോൾ
അവനെ ലൗകികനിൽ നിന്ന് അലൗകികനാക്കി മാറ്റുന്നു.

**(ബറാഹീനെ അഹ്മദിയ്യാ, റൂഹാനി ഖസായിൻ, വാള്യം.1, പേ.613 അടിക്കുറിപ്പ്.3)**

## *ദിവ്യാനുരാഗം(പേർഷ്യൻ)*

നിന്നോടുള്ള സ്നേഹം ഒരായിരം രോഗങ്ങൾക്കുള്ള ഔഷധമാണ്.
നിന്റെ തിരുമുഖമാണ! ഈ സ്നേഹതടങ്കൽ തന്നെയാണ് യാഥാർഥ സ്വാതന്ത്ര്യം

നിൻ അഭയം തേടുക ഭ്രാന്തന്മാരുടെ മാർഗമല്ല,
നിന്റെ തണലിൽ വരുന്നതു തന്നെയാണ് പരമമായ വിവേകം

നിന്റെ സ്നേഹസമ്പത്ത് ഞാൻ ഒരിക്കലും മറച്ചു വെക്കില്ല.
നിൻ അനുരാഗം മൂടി വെയ്ക്കുന്നതു തന്നെ വിശ്വാസവഞ്ചനയാണ്.

മനസ്സും ജീവനും നിനക്കായി ബലിയർപ്പിക്കാൻ ഞാൻ ഒരുക്കമാണ്.
ജീവൻ സ്വപ്രിയനെ ഏല്പ്പിക്കുന്നതു തന്നെയല്ലേ യഥാർഥ സൗഹൃദം.

**(ആയിനെ കമാലാത്തെ ഇസലാം, റൂഹാനി ഖസായിൻ വാള്യം.5. പേ.1)**

## *എന്റെ സ്നേഹഭാജനം(പേർഷ്യൻ)*

ഒരു രാജാവിനെപ്പറ്റിയും എന്നോടു പറയണ്ട,
എന്റെ പ്രതീക്ഷകൾ മറ്റൊരു പടിവാതിക്കൽ അർപ്പിതമാണ്.

ലോകത്തിനു ജീവനേകുന്ന ആ ദൈവമാണ്
കാരണഭൂതനും സ്രഷ്ടാവും പരിപാലകനുമായവൻ.

ഔദാര്യവാനും ശക്തനും പ്രയാസങ്ങളെ ദൂരികരിക്കുന്നവനുമാണ്;
കാരുണ്യവാനും കൃപാവരനും ആവശ്യങ്ങൾ നിവർത്തിക്കുന്ന വനുമാണ്

അവന്റെ വാതില്ക്കൽ ഞാൻ വന്നു കിടക്കുകയാണ്,
ഒരു സംഗതിയിൽനിന്ന് മറ്റൊന്ന് തെളിയുന്നുവെന്ന ചൊല്ല് പ്രസി ദ്ധമാണല്ലോ.

ആ ആത്മാർഥ പ്രിയനെ ഞാനോർക്കുമ്പോഴൊക്കെ
സകല ബന്ധുക്കളെയും സുഹൃത്തുക്കളെയും ഞാൻ മറക്കുന്നു.

അവനെ വിട്ട് മറ്റാരെയെങ്കിലും സ്നേഹിക്കാൻ എനിക്കെങ്ങനെ
കഴിയും?അവനില്ലാതെ ഞാനേറെ അസ്വസ്ഥനാണ്.

എൻ ഹൃദയത്തെ മുറിവേറ്റ നെഞ്ചിൽ തിരയാതിരിക്കൂ.
അതൊരു സ്നേഹഭാജനത്തിന്റെ മടിശ്ശീലയിൽ ബന്ധിതമാണ്.

എൻ പ്രിയന്റെ സിംഹാസനമാണെൻ ഹൃദയം.
എന്റെ സുഹൃത്തിന്റെ വഴിയിൽ ബലിയാണെൻ ശിരസ്സ്.

അവനെന്നിൽ ചൊരിയുന്ന അനുഗ്രഹങ്ങളെ ഞാനെങ്ങനെ വിവ
രിക്കും? നിലയില്ലാക്കയമാണവന്റെ അനുഗ്രഹങ്ങൾ.

അവന്റെ വരപ്രസാദങ്ങളെ ഞാനെണ്ണുന്നതെങ്ങനെ?
ഗണനാതീതമാണ് അവന്റെ കൃപാവരങ്ങൾ

എന്റെ പ്രിയനോട് എനിക്കുള്ള ബന്ധത്തെ
ഗ്രഹിക്കുക ആരാലും സാധ്യമല്ല.

സ്ത്രീ അനുഭവിക്കുന്ന പേറ്റുനോവു പോലെ,
അവന്റെ വാതിപ്പടിക്കൽ ഞാൻ കരയുന്നു.

എന്റെ സമയങ്ങളത്രയും അവനോടുള്ള സ്നേഹത്താൽ നിർഭര
മാണ്. അതെത്ര സന്തോഷപ്രദമായ കാലം! എത്ര അനുഗൃഹീത
ദിനങ്ങൾ!

എൻ പ്രിയന്റെ പൂങ്കാവനമേ, നിന്നെ ഞാനെങ്ങനെ സ്തുതിക്കും?
ഐഹിക ആരാമങ്ങളിൽനിന്നും വസന്തത്തിൽ നിന്നും നീയെന്നെ
സ്വതന്ത്രനാക്കി.

**(ഹുജ്ജത്തുല്ലാഹ്,റൂഹാനി ഖസായിൻ, വാല്യം.12, പേ.149)**

### *ഭക്തി*

എൻ പ്രാണനാഥാ, നീയെത്ര സുന്ദരൻ
നിന്റെ ഗുണങ്ങളെത്ര മധുരമയം അല്ലയോ എൻ ജീവാനുരാഗമേ

നിന്റെ മുഖം ദർശിച്ചതോടെ ഞാനെന്റെ ഹൃദയം നിന്നിലർപ്പിച്ചു.
നീയല്ലാതെ ഈലോകത്തെനിക്ക് മറ്റാരുമില്ലാതായി.

ഇരുലോകങ്ങളും ഞാനുപേക്ഷിക്കാം, പക്ഷേ
നിന്റെ വിരഹം എന്റെ അസ്ഥികളെരിയും പോലെയാണ്.

ശരീരത്തെ  അഗ്നിയിലിടാൻ എളുപ്പമാണ് ,പക്ഷേ
നിന്റെ വേർപാടിൽ എൻ ജീവൻ നൊമ്പരത്തോടെ പുറത്തു വരുന്നു.

**(ഹഖീഖത്തുൽ വഹ്യ്, റൂഹാനി ഖസായിൻ, വാല്യം.22, പേ.355-356)**

### *ഈ യുദ്ധം പക്ഷേ നിന്റെ യശസ്സിനു വേണ്ടിയാണ്*

അനാദിയായ എൻ സുഹൃത്തേ, എനിക്ക് നിന്റെ തിരുമുഖം മതി.
ആയിരം സ്വർഗങ്ങളെക്കാൾ എനിക്ക് നല്ലത് നിന്റെ ഇടനാഴിയാണ്.

ഏതോ കാര്യം സാധിക്കാനായി മറ്റെവിടെക്കോ നോക്കുന്നുവെ
ന്നല്ലാതെ നിന്നിലേക്കാണ് ഞാൻ സദാ കണ്ണും നട്ടിരിക്കുന്നത്.

എന്റെ അഭിമാനത്തെ ആരെങ്കിലും ആക്രമിച്ചാൽ
നിന്നെപ്പോലെ സഹനം തന്നെയാണ് എന്റെയും ശീലം.

ഞാനാര്? എനിക്കെന്തഭിമാനം? ഈ യുദ്ധം
പക്ഷേ നിന്റെ യശസ്സിനു വേണ്ടിയാണ്.

**(ബറാഹീനെ അഹ്മദിയ്യ വാല്യം.5, റൂഹാനി ഖസായിൻ വാല്യം.21. പേ 153)**

•••